KOTTAYAM PUBLIC LIBRARY

ന

Call No. 412 Acc. No. RD1124

Author: വേദബന്ധു

Title: അർത്ഥ വിജ്ഞാനം

# അർത്ഥവിജ്ഞാനം

Malayalam
**ARTHAVIJNANAM**
(SEMANTICS)

VEDABANDHU

First Published: June 1972

Copies: 2000

Printed at the Vijnana Mudranam Press
Trivandrum

Price: Rs. 2.25

Publishers:
State Institute of Languages, Trivandrum-1

© State Institute of Languages, Trivandrum-1

*Published under the scheme for production of University level literature in Indian Languages with the assistance of the Ministry of Education and Social Welfare, Government of India.*

SIL/97

1194

# അർഥവിജ്ഞാനം

KOTTAYAM PUBLIC LIBRARY
KOTTAYAM.

വേദബന്ധു

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ജനറൽ എഡിറ്റർ

എൻ. വി. കൃഷ്ണവാരിയർ

ചീഫ് എഡിറ്റർ

പ്രൊഫ. എസ്. ഗുപ്തൻ നായർ

സാങ്കേതിക എഡിറ്റർ

ഡോക്ടർ കെ. എൻ. എഴുത്തച്ഛൻ

പ്രൂഫ്

കെ. എ. വാസുക്കുട്ടൻ

# ആമുഖം

സർവകലാശാലാനിലവാരത്തിലുള്ള പുസ്തകങ്ങൾ മലയാളത്തിൽ നിർമിക്കുന്നതിനു് കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടെ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടിയിൽ ഉൾപ്പെടുത്തിയാണു് "അർഥവിജ്ഞാനം" പ്രസിദ്ധം ചെയ്യുന്നതു്. മുഖ്യമായും ഭാഷാശാസ്ത്രവിദ്യാർഥികളെയും ബിരുദാനന്തരതലത്തിലുള്ള ഭാഷാവിദ്യാർഥികളെയും ഉദ്ദേശിച്ചു രചിക്കപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം, ഭാഷാശാസ്ത്രത്തിൽ താല്പര്യമുള്ള സാധാരണ വായനക്കാർക്കും പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

1786-ൽ സർ വില്യം ജോൺസ് കൽക്കത്തയിൽ വെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ സംസ്കൃതത്തിനും യൂറോപ്യൻഭാഷകൾക്കും തമ്മിലുള്ള ഐക്യം ചൂണ്ടിക്കാണിച്ചതിനെത്തുടർന്നു് പിൽക്കാലത്തു പ്രസിദ്ധമായ ഭാഷാതാരതമ്യവിജ്ഞാനീയം ഉടലെടുത്തു. 19-ാം ശതകത്തിൽ ഭാഷാശാസ്ത്രത്തിലെ പല വമ്പിച്ച കണ്ടുപിടിത്തങ്ങളും നടന്നു. ഭാഷോൽപത്തി, ഇൻഡോ-യൂറോപ്യൻ ഭാഷകളുടെ പരസ്പരബന്ധം, ധ്വനിവിഷയകമായ പരിണാമങ്ങൾ മുതലായവയായിരുന്നു അന്നത്തെ പ്രധാന ചർച്ചാവിഷയങ്ങൾ. ഈ ചർച്ചകളുടെ ഫലമായി ഭാഷയുടെ ചരിത്രപരമായ വളർച്ചയെപ്പററിയും മററും വളരെയധികം കാര്യങ്ങൾ മനസ്സിലാക്കാൻ പണ്ഡിതന്മാർക്കു കഴിഞ്ഞു. ഭാഷാശാസ്ത്രപരമായ സാമാന്യവിഷയങ്ങളും—ധ്വനിവിജ്ഞാനം, രൂപപ്രക്രിയ, അർഥവിജ്ഞാനം, നിരുക്തി തുടങ്ങിയ ഭാഗങ്ങളും—ചർച്ചചെയ്യപ്പെട്ടു.

എന്നാൽ ഭാഷാശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ അധികവും പതിഞ്ഞതു് ഭാഷകളുടെ ചരിത്രപരമായ പഠനത്തിലാണു്. മുഖ്യമായ അവലംബം ഇൻഡോ-യൂറോപ്യൻ, സെമിററിക് തുടങ്ങിയ സംസ്കാരസമ്പന്നമായ ഭാഷകളിലെ ലിഖിതഗ്രന്ഥങ്ങളായിരുന്നു. ബോപ്പ്, ഗ്രിം, മാക്സ്മുള്ളർ തുടങ്ങിയവരുടെ കാലമായിരുന്നു ഇതു്.

ഇരുപതാം ശതകം ഭാഷാശാസ്ത്രപഠനത്തിൽ വമ്പിച്ച പുരോഗതിയുണ്ടാക്കി. ചരിത്രപരമായ പഠനത്തിന്റെ സ്ഥാനത്തു വിവരണാത്മകമായ പദ്ധതി അവതരിപ്പിക്കപ്പെട്ടു. ജീവൽഭാഷയെ അപഗ്രഥിച്ചു് അതിന്റെ ഘടനയെയും പ്രവർത്തനങ്ങളെയും പററി മനസ്സിലാക്കാനാണു് ശ്രമം നടന്നതു്. ബ്ലൂംഫീൽഡ് തുടങ്ങിയ പ്രശസ്ത ഭാഷാശാസ്ത്രജ്ഞന്മാർ ഇതിൽ മാർഗനിർദേശം നൽകി. ലോകത്തിലെ അപരിഷ്കൃത ജനവർഗങ്ങൾ സംസാരിക്കുന്ന നിരവധി ഭാഷകളുമായി

ബന്ധപ്പെട്ടതിന്റെ ഫലമായി പണ്ഡിതന്മാരുടെ ഇടയിൽ പുതിയ കാഴ്ചപ്പാടുകളും ചിന്താഗതികളും ഉണ്ടായിത്തീർന്നു. വിവരണാത്മകഭാഷാശാസ്ത്രം ചരിത്രാത്മകപഠനത്തെ സ്ഥാനഭ്രഷ്ടമാക്കിയെന്നു പറഞ്ഞുകൂടാ. അതതു കാലത്തെ ഭാഷയെ സൂക്ഷ്മമായി പഠിച്ച് അതിൽ നിന്നു കിട്ടുന്ന വിശദജ്ഞാനത്തിന്മേൽ മാത്രമേ ചരിത്രം നിർമിക്കാൻ സാധിക്കുകയുള്ളു എന്നതിനാൽ വിവരണാത്മകഭാഷാശാസ്ത്രത്തിനു പ്രാധാന്യം കൊടുത്തുവെന്നേ ഉള്ളു. വിവരണാത്മകപഠനത്തിൽ വർണവിഷയകകാര്യങ്ങൾക്കു സ്ഥാനം വലുതാകയാൽ 20-ാം ശതകത്തിൽ സ്വനിമസിദ്ധാന്തം അവതരിപ്പിക്കപ്പെട്ടു. രൂപപ്രക്രിയ, വാക്യഘടന തുടങ്ങിയ ഭാഗങ്ങളിൽ കൂടുതൽ ശാസ്ത്രീയമായ പദ്ധതികളും സങ്കേതങ്ങളും ആവിഷ്കൃതങ്ങളായി.

എന്നാൽ ഈ വിവരണാത്മകമായ പദ്ധതി കുറെയേറെ യാന്ത്രികത്വത്തിലേക്കു നീങ്ങി. പദത്തിന്റെ ഘടനാദികളെപ്പററിയുള്ള നിഷ്കർഷയ്ക്കുള്ളിൽ ഭാഷയുടെ അടിക്കല്ലായ അർഥത്തിന്റെ കാര്യം പിന്നോക്കം തള്ളപ്പെട്ടു. ഭാഷയെ മനശ്ശാസ്ത്രത്തിലെ അഗാധതത്ത്വങ്ങളുമായി ബന്ധിപ്പിക്കാതിരിക്കുന്നിടത്തോളം കാലം പഠനം ഉപരിപ്ലവമായിരിക്കുകയേ ഉള്ളു എന്ന സത്യം അംഗീകരിക്കപ്പെടാൻ തുടങ്ങിയിരിക്കുകയാണിപ്പോൾ. വിവരണാത്മക വ്യാകരണത്തിനു് ഒരു തിരിച്ചടി എന്നോണം ചോംസ്കിയുടെ പ്രജനകവ്യാകരണം പ്രചാരത്തിൽ വന്നിരിക്കുന്നു. എന്നാൽ ഭാഷാശാസ്ത്രപഠനത്തിനു ആഴവും പരപ്പും കൂടുന്നതിനാൽ ഈ വിഭിന്ന ശാഖകളെയെല്ലാം പരസ്പരപൂരകങ്ങളായി ഗണിക്കുന്നതാണു് ഉത്തമമെന്നു സ്പഷ്ടമാണു്.

ആശയവിനിമയത്തിനുള്ള ഏററവും വലിയ ഉപാധി ഭാഷയാണു്; മനുഷ്യന്റെ മൗലിക സമ്പത്താണതു്. അതിന്റെ ഘടകങ്ങൾ പദങ്ങളാകയാൽ അവയുടെ അർഥത്തെ സംബന്ധിച്ച പഠനം വളരെ മുഖ്യമാണെന്നു വ്യക്തമാകുന്നു. എന്നിട്ടും ആധുനിക ഭാഷാശാസ്ത്രത്തിൽ അർഥവിജ്ഞാനത്തിന്റെ (സെമാൻറിക്സിന്റെ) ശാഖ താരതമ്യേന ദുർബലമാണു്. ഇതിനുള്ള യഥാർഥ കാരണം വിഷയത്തിന്റെ പ്രാധാന്യക്കുറവല്ല; അതിന്റെ ദുർഘടത്വമത്രേ. ദാർശനികന്മാരും കവികളും സാധാരണക്കാരും ശാസ്ത്രജ്ഞന്മാരും എല്ലാം ഉപയോഗിക്കുന്ന കരുക്കളാണ് പദങ്ങൾ. സമുദായശാസ്ത്രം, നരവംശശാസ്ത്രം, മനശ്ശാസ്ത്രം, തത്ത്വശാസ്ത്രം, ഭൗതികശാസ്ത്രം, കല, മതം, സംസ്കാരം എന്നു തുടങ്ങിയ എപ്പേർപ്പെട്ട ജ്ഞാനവിജ്ഞാനശാഖകൾക്കും പദങ്ങളെപ്പററി പലതും പറയാനുണ്ടു്. മാത്രമല്ല പ്രതിദിനം ജനിച്ചും മരിച്ചും പരിണാമം പ്രാപിച്ചും വരുന്ന ഭാഷാഘടകങ്ങളാണു് അവ. സ്ഥലം, കാലം, പ്രകരണം തുടങ്ങിയ പലതുമാണു് പദത്തിന്റെ അർഥം നിർണയിക്കുന്നതു്. വെറും സ്വരവ്യത്യാസം കൂടി പദത്തിന്റെ അർഥം മാററുന്നു; തികച്ചും എതിരായ അർഥം ധ്വനിപ്പിക്കുക കൂടി ചെയ്യുന്നു. സ്ഥിതി ഇത്രയും വിഷമമാകയാൽ, കുറെക്കൂടി ഉറപ്പുള്ള നിലത്തു നിൽക്കാൻ ഭാഷാശാസ്ത്രജ്ഞന്മാർ പദത്തിനു് ക്ളിപ്തമായ അർഥമേ ഇല്ലെന്നു കല്പിച്ച് മററു കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങിയതു തെററാണെന്നു പറഞ്ഞു കൂടാ.

എങ്കിലും ശബ്ദാർഥപഠനം അതിപ്രധാനവും അതിരസാവഹവും ആയ ഒരു വിഷയമാണെന്നതിൽ സംശയമില്ല. പ്ലാറേറാ മുതൽക്കിങ്ങോട്ടുള്ള പാശ്ചാത്യചിന്തകന്മാർ ഇതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടു്. പല പ്രശസ്ത കൃതികളും പുറത്തു വന്നിട്ടുമുണ്ടു്.

ലോകത്തിലെ ഭാഷാശാസ്ത്രപഠനത്തിന്റെ ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം ഒന്നാമത്തേതാണു്. ഇന്നും പാശ്ചാത്യഭാഷാശാസ്ത്രജ്ഞന്മാരുടെ ബഹുമാനാദരങ്ങൾക്കു പാത്രീഭവിച്ചുനിൽക്കുന്ന വൈയാകരണനാണു് പാണിനി. വിവരണാ

ത്മകവ്യാകരണത്തിൽ പാണിനീയത്തെ കവിഞ്ഞു നിൽക്കുന്ന ഒരു കൃതി ഇന്നു വരെ ഉണ്ടായിട്ടില്ല. യാസ്കൻ, പതഞ്ജലി, ഭർത്തൃഹരി തുടങ്ങിയവർ ആവിഷ്ക്കരിച്ച ഭാഷാശാസ്ത്രസിദ്ധാന്തങ്ങൾക്ക അവയുടേതായ മൂല്യം ഏതു കാലത്തും നിലനിൽക്കും. ഇന്ത്യയിൽ മീമാംസകന്മാർ, നൈയായികന്മാർ, ബൗദ്ധദാർശനികന്മാർ തുടങ്ങിയ പലർക്കും ശബ്ദാർഥവിഷയകമായി ധാരാളം പറയാനുണ്ട്. ഈ ചിന്താഗതികളുമായി പരിചയം സമ്പാദിക്കുന്നതു നമ്മുടെ പാരമ്പര്യത്തെപ്പററിയുള്ള വിശദജ്ഞാനം ഉണ്ടാകാൻ ഉപകരിക്കും. അലങ്കാരശാസ്ത്രം, ദർശനങ്ങൾ ഇവയിൽ ഉപരിപഠനം നടത്തുന്നവർക്കും ഇന്ത്യൻ അർഥവിജ്ഞാനത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ അവശ്യം അറിയേണ്ടതുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ശ്രീ വേദബന്ധു ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്.

അർഥവിജ്ഞാനത്തിൻെറ പ്രധാന്യം, ശബ്ദാർഥങ്ങൾ, അവയുടെ സംബന്ധം, അതിനെപ്പററിയുള്ള വിവിധ വാദങ്ങൾ, അർഥബോധപ്രക്രിയ, ശബ്ദശക്തിവിചാരം, അർഥപരിവർത്തനത്തിൻെറ സമ്പ്രദായം, കാരണം മുതലായ വിവിധ വിഷയങ്ങൾ ഒമ്പതു ഖണ്ഡങ്ങളായി തിരിച്ചു വിവരിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നതു്. പൗരസ്ത്യാചാര്യന്മാരിൽ ഒട്ടുവളരെ പ്രാമാണികന്മാരെ അദ്ദേഹം ഉദ്ധരിക്കുകയും അവരുടെ ആശയങ്ങളെ വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, കഴിയുന്നിടത്തോളം പാശ്ചാത്യചിന്തകന്മാരുടെ സമാനാശയങ്ങളെ എടുത്തു ചേർക്കുകയും ചെയ്തിരിക്കുന്നു. ഇതിൽ നിന്നു നമ്മുടെ പൗരാണികന്മാർ ചിന്തിച്ചിട്ടുള്ള പലതും ഇന്നും പുതുമ പോകാതെ നിൽക്കുന്നുണ്ടെന്നു തെളിയുന്നു. എന്നാൽ ഈ ഗ്രന്ഥം വിഷയത്തിൻെറ ഒരു സമ്പൂർണ്ണ പഠനമല്ല; അതിലേയ്ക്കുള്ള പ്രവേശകം മാത്രമാണെന്നു് എടുത്തു പറയേണ്ടതുണ്ട്.

ഈ ലഘുകൃതിയുടെ കർത്താവായ ശ്രീ വേദബന്ധു പണ്ഡിതലോകത്തിനു സുവിദിതനാണ്. അരിസ്റ്റോട്ടൽ, ഹൊറേസ്, ലോങ്ഗിനസ് തുടങ്ങിയവരുടെ കൃതികൾ അദ്ദേഹം അനുകരണാർഹമായ നിലയിൽ മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുണ്ട്. വേദശാസ്ത്രാദികളിലുള്ള അഗാധമായ അവഗാഹം, പാശ്ചാത്യ ഗ്രന്ഥങ്ങളുമായ പരിചയം, വിവിധഭാഷാജ്ഞാനം തുടങ്ങിയവ അദ്ദേഹത്തിൻെറ കൃതികൾക്കു് അപൂർവമായ ആധികാരികത്വം നൽകുന്നു.

ഈ ഗ്രന്ഥത്തിലുള്ള കുറവുകളും തെറുകളും ചൂണ്ടിക്കാണിക്കുന്നവരോട് ഞങ്ങൾ കൃതജ്ഞരായിരിക്കും. കൂടുതൽ മെച്ചപ്പെട്ട രണ്ടാംപതിപ്പ് തയ്യാറാക്കുമ്പോൾ അത്തരം വിമർശനങ്ങൾ സഹായിക്കുമല്ലോ.

കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്,
തിരുവനന്തപുരം,
2 ജൂൺ, 1972.

എൻ. വി. കൃഷ്ണവാരിയർ
കെ. എൻ. എഴുത്തച്ഛൻ

## ഉള്ളടക്കം


| | | |
|---|---|---|
| 1 | വിഷയപ്രവേശം | 1 |
| 2 | അർഥവിജ്ഞാനമെന്നതെന്ത് ? | 5 |
| 3 | ശബ്ദവും അർഥവും | 12 |
| 4 | ശബ്ദാർഥസംബന്ധം | 18 |
| 5 | ശബ്ദാർഥസംബന്ധത്തെപ്പററി വിവിധ വാദങ്ങൾ | 22 |
| 6 | അർഥാവബോധത്തിൻെറ സാധനവും പ്രക്രിയയും | 29 |
| 7 | ശബ്ദശക്തിവിചാരം | 41 |
| 8 | അർഥപരിവർത്തനം | 49 |
| 9 | അർഥപരിവർത്തനത്തിൻെറ കാരണങ്ങൾ | 63 |

# 1. വിഷയപ്രവേശം

## ഒരു വൈദികോപാഖ്യാനം

ഭരദ്വാജോ ഹ ത്രിഭിരായുർഭിർ ബ്രഹ്മചര്യമുവാസ. തം ഹ ജീർണ്ണിം സ്ഥവിരം ശയാനം ഇന്ദ്ര ഉപവ്രജ്യോവാച. ഭരദ്വാജ, യത്തേ ചതുർഥമായുർ ദദ്യാം, കിമേതേന കുര്യാ ഇതി. ബ്രഹ്മചര്യമേതേന ചരേയമിതി ഹോവാച. തം ഹ ത്രീൻ ഗിരിരൂപാനവിജ്ഞാതാനിവ ദർശയാഞ്ചകാര. തേഷാം ഹൈകൈകസ്മാൻ മുഷ്ടിമാദദേ. സ ഹോവാച, ഭരദ്വാജേത്യാമന്ത്ര്യ, വേദാ വാ ഏതേ. അനന്താ വൈ വേദാഃ ഏതദ്വാ ഏതൈസ്ത്രിഭിരായുർഭിരന്വവോചഥാഃ. അഥ ഇതരദനനൂക്തമേവ. ഏഹീമം വിദ്ധി, അയം വൈ സർവവിദ്യേതി[1].

നമ്മിൽ പലരും കണ്ടിട്ടുള്ളതായ നാലു വേദസംഹിതയും ചേർന്നാൽ തന്നെയും മഹാഭാരതത്തിന്റെ വലുപ്പം അവയ്ക്കില്ല. അപ്പോൾ വേദം അനന്തമാകുന്നതെങ്ങനെ? വേദമന്ത്രങ്ങൾ ശബ്ദങ്ങളുടെ സമാഹാരമായാണ് സാധാരണമായി നാം അറിയുന്നതു്. അവയിൽ എല്ലാ വിദ്യയുമുണ്ടെന്നു് ഇന്ദ്രൻ പറഞ്ഞതിന്റെ താത്പര്യമെന്തു്? സ്പഷ്ടമായ ഭാഷയിൽ, വേദമന്ത്രങ്ങളിലെ ശബ്ദങ്ങളുടെ അർഥം മുഴുവൻ ഗ്രഹിക്കുക അനന്തജ്ഞാനം നേടുകയാണെന്നതാണു് ഇന്ദ്രന്റെ അഭിപ്രായം. അനന്തമായ ജ്ഞാനം നേടാൻ ശ്രമിക്കുകയല്ലാതെ അനന്തജ്ഞാനം നേടുക സാന്തനായ മനുഷ്യനു കഴിവുള്ള കാര്യമല്ലാത്തതിനാൽ ജന്മജന്മാന്തരങ്ങൾ അതിനു വേണ്ടി വരുന്നു. ഭരദ്വാജനു ശബ്ദത്തിന്റെ അർഥം പൂർണമായി ഗ്രഹിച്ചു കളയാമെന്ന

---

1 തൈത്തിരീയബ്രാഹ്മണം, 3. 10. 11. 3—4. ഭരദ്വാജൻ മൂന്നു ജന്മം തുടർച്ചയായി തപസ്സും വേദാധ്യയനവും ചെയ്തു. അങ്ങനെ തളർന്നു കിടന്ന വൃദ്ധർഷിയെ ഇന്ദ്രൻ സമീപിച്ചിട്ടു ചോദിച്ചു: "ഭരദ്വാജ, അങ്ങേക്കു നാലാമതു ജന്മം തരാം. അതിനാലങ്ങു് എന്തു ചെയ്യും?" വേദാധ്യയനവും തപസ്സും തുടരുമെന്നു ഋഷി ഉത്തരമോതി. അപ്പോൾ അവിടെ മുമ്പു കണ്ടിട്ടില്ലാത്ത മൂന്നു വൻമല കാണാറായി. ഓരോന്നിലും നിന്നു് ഇന്ദ്രൻ ഒരു പിടി മണ്ണു വാരിയെടുത്തു. എന്നിട്ട്, "ഭരദ്വാജ" എന്നു വിളിച്ചിട്ടു പറഞ്ഞു: "ആ മലകൾ പോലെയാണു് വേദങ്ങൾ. വേദങ്ങൾ അനന്തമാണു്. ഈ മൂന്നുണ്ട മണ്ണു പോലെ അതിതുച്ഛമാണു്, മൂന്നു ജന്മം കൊണ്ടു് അങ്ങു് അറിഞ്ഞതു്. ബാക്കി അത്ര ഏറെ അറിയാൻ കിടക്കുകയാണു്. വേദം എല്ലാ ജ്ഞാനവുമാണെന്നു് അറിയുക".

വ്യാമോഹമില്ല; എങ്കിലും അർത്ഥമന്വേഷിക്കുക എന്ന പരിശ്രമം തുടരുന്നതിലാണ് സംതൃപ്തി അനുഭവപ്പെടുന്നത്.

വൈദികമായാലും ലൗകികമായാലും ശബ്ദത്തിന്റെ പ്രയോജനം അർത്ഥപരിജ്ഞാനമാകുന്നു. അർത്ഥത്തിന്റെ തെളിമയാണ് നേരായ ജ്ഞാനം[2]. അർത്ഥം മുഴുവൻ വെളിപ്പെടാതെ ജ്ഞാനം സിദ്ധിക്കയില്ല. ഇന്ദ്രന്റെ കഥനം ഒരു സങ്കേതമാണ്. വേദാധ്യയനം എത്ര കാലം തുടർന്നാലും വേദാർത്ഥം ഗ്രഹിക്കാതെ കഴിയും വരെ അതു നിഷ്ഫലമായിരിക്കയേ ഉള്ളു. യാസ്കൻ നിരുക്തത്തിൽ രണ്ടു പ്രാചീനവചനങ്ങൾ ഉദ്ധരിച്ച് ഈ സത്യം വിശദമാക്കുന്നു (നിരുക്തം. 1.18).

യദ്ഗൃഹീതമവിജ്ഞാതം
നിഗദേനൈവ ശബ്ദ്യതേ
അനഗ്നാവിവ ശുഷ്കൈധോ
ന തജ്ജ്വലതി കർഹിചിത്

സ്ഥാണുരയം ഭാരഹാരഃ കിലാഭൂ-
ദധീത്യ വേദം ന വിജാനാതി യോഽർത്ഥം
യോഽർത്ഥജ്ഞ ഇത് സകലം ഭദ്രമശ്നുതേ
നാകമേതി ജ്ഞാനവിധൂതപാപ്മാ.

(അർത്ഥമറിയാതെ വേദമോതി അലയുന്നവൻ വെറുതെ പുലമ്പുകയാണു ചെയ്യുന്നത്. തീ ഇല്ലാത്ത അടുപ്പിൽ ഉണക്കവിറക് നിറച്ചാൽ അത് പ്രകാശിക്കാത്തതു പോലെ, അർത്ഥജ്ഞാനമില്ലാതെ ഉച്ചരിക്കുന്ന ശബ്ദം വ്യർത്ഥമാകുന്നു. വേദം പഠിച്ചിട്ടും അർത്ഥമറിയാത്തവൻ ഭാരം ചുമക്കുന്ന വെറും തൂണാണ്. അർത്ഥമറിഞ്ഞവനാകട്ടെ ജ്ഞാനം കൊണ്ട് എല്ലാ തിന്മകളും കഴുകിക്കളഞ്ഞിട്ട് നന്മ മുഴുവൻ അനുഭവിച്ചു കൊണ്ട് സുഖധാമം പ്രാപിക്കുന്നു).

## അർത്ഥബോധം മുഖ്യമാണ്

അർത്ഥബോധം മുഖ്യമാണെന്നതാണ് ഉപാഖ്യാനത്തിന്റെ താത്പര്യം. അതു തന്നെയല്ല, അർത്ഥത്തിന്റെ പരപ്പ് ഏറെ വലുതാകുന്നു. ശബ്ദഗ്രഹണം വഴിക്ക്, മാനസസരസിൽ മുറസ്സുവ്യാപിച്ചു വളരുന്ന അർത്ഥതരംഗം ജ്ഞാനം വർധിപ്പിച്ച് തത്ത്വജ്ഞാനത്തിൽ എത്തുന്നു. ശബ്ദം ഉച്ചരിക്കുന്ന വക്താവ് ചേതനതായുക്തനായ വ്യക്തിയാണല്ലോ. ചേതനമായ ആത്മാവിന്റെ ഭാവപ്രേഷകമായ ക്രിയയാണ് ശബ്ദവ്യാപാരം. അതിനാൽ ശബ്ദം ചേതനതയുടെ തുടർച്ചയാണെന്നു സിദ്ധിക്കുന്നു[3]. ആ നിലയ്ക്കു് ശബ്ദത്തിൽ ചൈതന്യം ലീനമാണെന്നു കരുതാം. അതാണ് അർത്ഥം. ചേതനതായുക്തമായ ദേഹത്തിനു പൊതുവെ മനുഷ്യൻ എന്നു പേരിട്ടിരിക്കും പോലെ സാർത്ഥകമായ ശബ്ദത്തിന്റെ പേരാണ് 'വാക്'. വാക്തത്ത്വം ഭാരതീയ ഋഷികളുടെ പ്രധാനമായ ചിന്തനത്തിനു വിഷയമായിട്ടുണ്ട്. മഹത്ത്വമുററ ഈ ചർച്ച ഋഗ്വേദം തൊട്ട് മുറസ്സു തുടരുന്നതായി ഭാരതീയ വാങ്മയവുമായി വേഴ്ച ഉള്ളവർക്കു ജ്ഞാതവുമാണ്.

വാഗ്വിജ്ഞാനം ഭാരതീയഋഷികൾക്കു ഒരേ സമയം ശാസ്ത്രവും ദർശനവും സാധനയുമാകുന്നു. അതിന്റെ ശാസ്ത്രീയരൂപം വ്യാകരണത്തിലും നിരുക്തത്തിലും

---

2 അർത്ഥപരിജ്ഞാനഫലാ ഹി വാക്
സമ്യഗ്ജ്ഞാനം ഹി പ്രകാശനമർത്ഥസ്യ.
—നാഗേശന്റെ ഉദ്യോതം—പാതഞ്ജലമഹാഭാഷ്യം. 1. 1.

3 .........an extension of mind, and subject to human mind.
—Joshua Whatmough, Language (1957) U. S. A, p. 68

കാണാം. അതിന്റെ ദാർശനികരൂപം വേദത്തിലും അനന്തരവാങ്മയമായ പാണിനീയത്തിലും പാതഞ്ജലമഹാഭാഷ്യത്തിലും ഭർത്തൃഹരിയുടെ വാക്യപദീയത്തിലും ആർഷദർശനങ്ങളിലും ചിതറിക്കിടക്കുന്നുണ്ട്. അതിന്റെ സാധന വേദമന്ത്രങ്ങളുടെ വിനിയോഗസാഹിത്യമായ ബ്രാഹ്മണോപനിഷത്തുക്കളിൽ ഉപദേശിക്കുന്നു. ഈ പ്രകാരങ്ങൾക്കെല്ലാം ആധാരം, ഉച്ചരിച്ച ശബ്ദത്തിന്റെ അർഥജ്ഞാനം തരുന്ന ശക്തി (വൃത്തി) വിശേഷമാകുന്നു. തദ്ദ്വാരാ വെളിപ്പെടുന്ന ദീപ്തിക്കു പ്രതിഭ എന്നാണ് ദാർശനികരായ വൈയാകരണന്മാർ കൊടുക്കുന്ന പേര്. വാക്തത്ത്വം അഥവാ പ്രതിഭ ബ്രഹ്മം പോലെ സർവത്ര വ്യാപിച്ചിരിക്കുന്നു. അതു ഭാഷയാകുന്ന രഥത്തിലൂടെ വക്താവിൽ നിന്നു ശ്രോതാവു വരെ സഞ്ചരിക്കുന്നു. എപ്രകാരം സൂര്യന്റെ പ്രകാശം സർവവ്യാപകമാണെന്നിരുന്നിട്ടും ആവശ്യവും ഗ്രഹണസൗകര്യവും പോലെ അതിന്റെ ഒരംശം മാത്രം ഗ്രഹീതാവ് ഉപയോഗിക്കുന്നുവോ അപ്രകാരം അനന്തമായ പ്രതിഭയുടെ സാന്തമായ വികാരം മാത്രം പ്രേഷകൻ (വക്താ) ഗ്രഹീതാ (ശ്രോതാ) വിൽ എത്തിക്കുന്നു. ഇതാണ് അർഥബോധത്തിന്റെ വ്യാവഹാരികമായ വശം.

ഓക്സ്ഫോർഡ് സർവകലാശാലയിലെ ഭാഷാശാസ്ത്രാചാര്യനായ പ്രൊഫസർ സേയ്സ് ഏതാണ്ട് സമാനമായ ഒരു പ്രസംഗത്തിൽ യൂറോപ്പുകാരായ ഭാഷാതത്ത്വഗവേഷകരുടെ ശ്രദ്ധ ഋഗ്വേദത്തിലെ ഒരു സൂക്തത്തിലേക്കു[4] ക്ഷണിക്കുന്നു. ആ സൂക്തം വാഗ്ദേവിയുടെ ഉത്തമപുരുഷരൂപത്തിലുള്ള ആത്മവിവേചനമാണ്. അതിൽ മുഗ്ധനായ പ്രൊഫസർ സയ്സ് അതിലെ ദൂരദർശിതാപൂർണവും ഗംഭീരവും സർവഥാ സത്യവുമായ ചിന്തനം ഭാഷാശാസ്ത്രജ്ഞന്മാർക്ക് അത്യന്തം സംതൃപ്തികരമായ അറിവു നൽകുന്നുവെന്ന് ഉറപ്പിച്ചു പറയുന്നു.[5] ആ സൂക്തത്തിലെ അഞ്ചാം ഋക്ക് ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നു :

അഹമേവ സ്വയമിദം വദാമി
ജുഷ്ടം ദേവേഭിരുത മാനുഷേഭിഃ
യം കാമയേ തം തമുഗ്രം കൃണോമി
തം ബ്രഹ്മാണം തമൃഷിം തം സുമേധാം.

പ്രതിഭാരൂപിണിയായ വാഗ്ദേവി അരുളുന്നു: "ഞാൻ തന്നെയാണ് ദേവന്മാർക്കും മനുഷ്യർക്കും പ്രിയമായ ഈ വാസ്തവം പറയുന്നത്. കേൾപ്പിൻ! ആരെ ഞാൻ അനുഗ്രഹിക്കുന്നുവോ അവനെ ഞാൻ തേജസ്വിയും ഓജസ്വിയുമാക്കുന്നു, എല്ലാ വേദങ്ങളുടെയും ജ്ഞാതാവാക്കുന്നു, ഋഷിയാക്കുന്നു, പ്രതിഭാവാനാക്കുന്നു".

എന്താണീ വാക്തത്ത്വം (പ്രതിഭ)?. ഋഗ്വേദം സ്വയം ഓതുന്നു: ആയിരമായിരം തരത്തിൽ വ്യാപ്തമാണ് വാക്. ദ്യൗവും ഭൂമിയും എവിടെ വരെ പരന്നു കിടന്നുവോ അവിടെ വരെ വാക്കുമുണ്ട്[6]. ബ്രഹ്മത്തോടൊത്തു വാക്കും വ്യാപ്തമാണ്. വാക്കിനു ശബ്ദബ്രഹ്മമെന്നു പേരുണ്ടായതു് ഇതിൽ നിന്നാവാം. ശബ്ദബ്രഹ്മം അനാദ്യനന്തവും അവിനാശിയുമാകുന്നു. ബ്രഹ്മത്തിൽ നിന്ന് വസ്തുരൂപമായ ജഗത്ത് വികാരം പ്രാപിച്ചതു പോലെ, പ്രതിഭയിൽ (വാക്കിൽ)

---

4 ഋഗ്വേദം. 10. 125.

5 Prof. A. H. Sayce: The Science of Language Vol. I, p. 1.

6 സഹസ്രധാ പഞ്ച ദശാന്യക്ഥാ യാവദ്ദ്യാവാപൃഥിവീ താവദിത് തത്
സഹസ്രധാ മഹിമാനഃ സഹസ്രം യാവദ് ബ്രഹ്മ വിഷ്ഠിതം താവതീ വാക്
—ഋഗ്വേദം 10. 114. 8

നിന്നു് അർഥരൂപേണ വികാരം നേടിയതാണിതെല്ലാം[7]. വാക്‌തത്ത്വത്തെ ബ്രഹ്മമാക്കി അങ്ങനെ ശബ്ദോപാസനയിലേർപ്പെടുന്നവൻ വാക്കിലൂടെ വെളിപ്പെടുന്ന എല്ലാ അർഥ (വസ്തു)വും അടക്കി ഭരിക്കുന്നു[8]. ഉപാസകന്മാർ ശബ്ദത്തെ ഉടച്ചു് അകത്തു കടന്നു്, പരമാർഥം ദർശിക്കുന്ന വിമർശത്തിലേർപ്പെടുമ്പോഴും പദാർഥങ്ങളുടെ സാരമായ പ്രതിഭ നേടുന്നു[9]. ഈ സാധനയിൽ നിരതനായ ശബ്ദോപാസകന്റെ മുമ്പാകെ പ്രതിഭ സ്വയം വന്നു നിന്നു് ആത്മസമർപ്പണം ചെയ്യുമെന്നു് വേദം പ്രതിജ്ഞ ചെയ്യുന്നുമുണ്ടു്[10].

## അർഥജ്ഞാനവും പ്രതിഭാദർശനവും

വാക്‌തത്ത്വമെന്ന പ്രതിഭയുടെ സാക്ഷാത്‌കാരം എങ്ങനെ സാധിക്കാമെന്നതാണു് സാരവത്തായ പ്രശ്‌നം. മഹാഭാരതത്തിൽ (വനപർവം, 2. 29) ഈ പ്രശ്‌നത്തിനു സമാധാനം കാണുന്നു :

ശുശ്രൂഷാ ശ്രവണം ചൈവ
ഗ്രഹണം ധാരണം തഥാ
ഊഹാപോഹോഽർഥവിജ്ഞാനം
തത്ത്വജ്ഞാനം ച ധീഗുണാഃ

പ്രതിഭ എന്നാൽ ദീപ്തിയാണു്. വക്താവിൽ നിന്നു പുറപ്പെട്ടു ശ്രോതാവിൽ പ്രവേശിക്കുന്ന ശബ്ദം ശ്രോതാവിന്റെ ബുദ്ധിയിൽ ഉണ്ടാക്കുന്ന ദീപ്തിയാണു്,

---

7 അനാദിനിധനം ബ്രഹ്മ
ശബ്ദതത്ത്വം യദക്ഷരം
വിവർത്തതേഽർഥഭാവേന
പ്രക്രിയാ ജഗതോ യതഃ

—വാക്യപദീയം 1. 1

8 സ യോ വാചം ബ്രഹ്മേതി ഉപാസ്തേ യാവദ് വാചോ ഗതം തത്രാസ്യ യഥാകാമചാരോ ഭവതി.

—ബൃഹദാരണ്യകോപനിഷദ് 7. 2. 2

9 യേയം വിമർശരൂപേണ പരമാർഥചമത്‌കൃതിഃ സൈവ സാരം പദാർഥാനാം. . . . . .

—വാക്യപദീയം—പ്രകീർണം.

10 ഉത ത്വഃ പശ്യന്ന ദദർശ വാച-
മുത ത്വഃ ശൃണ്വന്ന ശൃണോത്യേനാം
ഉതോ ത്വസ്മൈ തന്വം വിസസ്രേ
ജായേവ പത്യ ഉശതീ സുവാസാഃ

[ഒരുവൻ എപ്പോഴും വാക്കു് നോക്കിക്കൊണ്ടിരുന്നിട്ടും (വാക്‌തത്ത്വം) കാണുന്നില്ല. മറെറാരുവൻ വാക്കു് കേട്ടു കൊണ്ടിരുന്നിട്ടും കേൾക്കുന്നില്ല. വേറൊരുവൻ (അർഥമറിഞ്ഞവൻ) അനുഗൃഹീതനാകുന്നു. അവന്നായിട്ടു് വാഗ്ദേവി, ഋതുകാലത്തു് പ്രിയതമനെ പ്രാപിക്കാൻ വെമ്പൽ കൊള്ളുന്ന പതിവ്രതയായ പത്നി തന്റെ പതിക്കായെന്ന പോലെ തന്റെ പൂർണസ്വരൂപം (പ്രതിഭ) തുറന്നു കാട്ടി സമർപ്പിക്കുന്നു].

—ഋഗ്വേദം, 10. 714.

പ്രതിഭ[11]. ഇതു് ബുദ്ധിയുടെ ഗുണമാകുന്നു—ബുദ്ധിയല്ല. തദ്വാരാ തത്ത്വജ്ഞാനം സിദ്ധിക്കുന്നു. അതു് സോപാനക്രമത്തിൽ കൈവരുന്ന ഒരു സിദ്ധിയാണെന്നതാണു് സത്യം. ആ ക്രമം ഇവിടെ വിവരിക്കുന്നു. (1) ശുശ്രൂഷ =ശബ്ദത്തിന്റെയും അർഥത്തിന്റെയും ഗുണമെന്തെന്ന ജിജ്ഞാസ. (2) ശ്രവണം=ശബ്ദത്തിന്റെയും അർഥത്തിന്റെയും സ്വരൂപം കേൾക്കുക. (3) ഗ്രഹണം=ശബ്ദത്തിന്റെയും അർഥത്തിന്റെയും ഗുണവും സ്വരൂപവും അറിയുക. (4) ധാരണം=ശബ്ദവും അർഥത്തെപ്പററി അറിഞ്ഞതും ആത്മസാത്കരിക്കുക. (5) ഊഹാപോഹം=ശബ്ദത്തെയും അർഥത്തെയും പററി അന്വേഷിക്കുക, അവയെ വിശകലനം ചെയ്യുക, വിവേചിക്കുക. (6) അർഥവിജ്ഞാനം=അർഥതത്ത്വത്തിന്റെ വാസ്തവമായ ജ്ഞാനം വിവേകപൂർവം നേടുക. (7) തത്ത്വജ്ഞാനം=അന്തിമതത്ത്വം (തത്=അതു്, ത്വം=അതാണെന്ന സ്ഥിതി) അറിയുക. ഇത്രയും ബുദ്ധി കൊണ്ടു നേടിയാൽ പ്രതിഭയുടെ അനുഭൂതി ആത്മാവിനു കിട്ടിക്കൊള്ളും.

അർഥമറിയുക പ്രതിഭാദർശനത്തിനു മുമ്പുള്ള സാധനയാണു്—പ്രതിഭാദർശനമല്ല. വ്യവഹാരത്തിൽ സാധുത കിട്ടിയ അർഥം ശബ്ദത്തിന്റെ പരമമായ അർഥമായേ തീരൂ എന്നു ധരിച്ചു പോകരുതു്. വേദത്തിൽ തന്നെ ഈ സിദ്ധാന്തം വിശദമാക്കുന്നുണ്ടു് (ഋ. 10. 85. 3).

സോമം മന്യതേ പപിവാൻ
സംപിബന്തി നവൗഷധിം
സോമം യം ബ്രഹ്മാണോ വിദുഃ
ന തദശ്നാതി പാർഥിവാഃ

"പച്ചമരുന്നു് ഇടിച്ചുപിഴിഞ്ഞ രസമാണു് സോമം എന്നു പൊതുവെ ധരിച്ചു വരുന്നു. അതാണു സാധാരണ മനുഷ്യർ കുടിക്കുന്നതു്. എന്നാൽ വേദജ്ഞന്മാർ അറിയുന്ന സോമം സാധാരണ മനുഷ്യർ ആസ്വദിക്കാറില്ല," അതായതു്, സോമശബ്ദത്തിന്റെ ലൗകികാർഥമല്ല വേദത്തിലെ സോമശബ്ദം തരുന്നതു്. സോമശബ്ദത്തിന്റെ ഈ പരമമായ അർഥമറിയാൻ മഹാഭാരതകാരൻ നിഷ്കർഷിച്ച സോപാനക്രമത്തിൽ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഇപ്രകാരം അർഥവിജ്ഞാനം വഴിക്കു് പ്രതിഭാദർശനം നേടാം.

## 2. അർഥവിജ്ഞാനമെന്നതെന്തു് ?

അർഥം വസ്തുവിന്റെ പര്യായമാകുന്നു. ശബ്ദം ഏതു വസ്തുവിനെ കുറിക്കുന്നുവോ അതാണു് ആ ശബ്ദത്തിന്റെ അർഥം. അതു കൊണ്ടു് ശബ്ദം അഭിധേയമാകുന്നു. വിജ്ഞാനത്തിനു പല നിർവചനവുമുണ്ടു്. എങ്കിലും ഇവിടെ ഇണ

11 പ്രേക്ഷാ, പ്രജ്ഞാ, പ്രതിഭാ, ധീർ, ധിഷണാ, ശേമുഷീ, മനീഷാ ച
ബുദ്ധിർമതിശ്ച, മേധാ, സംഖ്യാ, സംവൃത്തിരുപലബ്ധിഃ
—എന്നു ഹലായുധം.

സൂക്ഷ്മം സാധു സമുദ്ദിഷ്ടം
നിയതം ബ്രഹ്മലക്ഷണം
പ്രതിഭാ തപസ്സി മേ കാചിൽ,
താം ബ്രൂയാമനുമാനതഃ —മഹാഭാരതം, 12. 259. 1

പ്രതി+ഭാ (അതശ്ചോപസർഗേ ഇതി ആങ്) = ദീപ്തിഃ പ്രത്യുത്പന്നമതിത്വം (പ്രതിഭാ=പ്രതിഭാതി ശോഭതേ ഇതി. പ്രതി+ഭാ+കഃ ടാപ്=ബുദ്ധി).

ങ്ങുന്ന അർഥം ശാസ്ത്രമെന്നതാണ്[12]. അർഥബോധമുണ്ടാക്കുന്ന ശാസനമാണ് അർഥവിജ്ഞാനം[13].

കുമാരിലഭട്ടന്റെ ശ്ലോകവാർത്തികത്തിൽ ഇങ്ങനെ ഒരു സന്ദർഭമുണ്ട് (ശബ്ദ ഖണ്ഡം. 13).

യഥാ ച ചോദനാശബ്ദോ
വൈദിക്യാമേവ വർത്തതേ
ശബ്ദജ്ഞാനാർഥവിജ്ഞാന—
ശബ്ദൗ ശാസ്ത്രേ തഥാ സ്ഥിതൗ.

"ചോദനാലക്ഷണോഽർഥോ ധർമഃ" എന്ന ജൈമിനീയസൂത്രത്തിന്റെ വ്യാഖ്യാനമാണ് പ്രസംഗം. ധർമത്തിന്റെ ലക്ഷണം ചോദനാരൂപമായ അർഥമാകുന്നു. ചോദനാ=പ്രേരണാ, കർമണ്യതാ, പ്രതിഭാശക്തിയുടെ ഉദ്ബോധനം. ധർമം=ലക്ഷ്യം, ഉദ്ദേശ്യം, സാധ്യം. വേദഭാഷയിൽ ചോദനാ ശബ്ദം സാങ്കേതികമാകുന്നു. അതു പോലെ ശബ്ദജ്ഞാനം, അർഥവിജ്ഞാനം എന്ന രണ്ടു ശബ്ദവും പ്രസ്തുതശാസ്ത്രത്തിൽ സാങ്കേതികമാണ്. ശബ്ദജ്ഞാനം= വേദമന്ത്രജ്ഞാനം. അർഥവിജ്ഞാനം=മന്ത്രങ്ങളെ കർമവുമായി ഇണക്കി, വിനിയോഗിച്ച് പ്രയോജനം നേടുക. വെങ്കടമാധവന്റെ ഋഗ്വേദഭാഷ്യത്തിൽ (1.3) "യജുഷാമർഥവിജ്ഞാനം നാകർമജ്ഞസ്യ സിധ്യതി" (യജുർമന്ത്രങ്ങളുടെ അർഥവിജ്ഞാനം കർമത്തിലൂടെ മാത്രമേ തെളിയൂ) എന്നു പറയുന്നു. ശബ്ദത്തിന്റെ അർഥം വേറൊരു ശബ്ദമോ വാക്യമോ കൊണ്ടു പൂർണമായി മനസ്സിലാക്കാനാവില്ല. അതു് ക്രിയ കൊണ്ടു സാക്ഷാത്കൃതമായാലേ വിദിതമാകയുള്ളു.

അർഥത്തിന്റെ താത്പര്യം വസ്തുവാണെന്ന പോലെ പ്രയോജനവുമാണ്. ശബ്ദം പ്രയോഗിക്കുന്നതു് പ്രയോജനം ഉദ്ദേശിച്ചാണ്. ഒരാളെക്കൊണ്ട് എന്തെങ്കിലും ചെയ്യിക്കുവാനോ ചെയ്യിക്കാതിരിക്കുവാനോ ശബ്ദം പ്രയോഗിക്കുക പതിവാകുന്നു. ചെയ്യിക്കുക പ്രവൃത്തിയും ചെയ്യരുതെന്നു വിലക്കുക നിവൃത്തിയുമാണ്. ശബ്ദത്തിന്റെ പ്രവൃത്തിനിമിത്തവും നിവൃത്തിനിമിത്തവും ക്രിയയാണെന്നതാണിതിനർഥം. നാമം പോലും ക്രിയയുടെ പരിണാമമാകുന്നു എന്നു ശാകടായനൻ പറയുന്നു. ഉപക്രമം തൊട്ട് അപവർഗം വരെ ക്രിയ ഗമിച്ചിട്ട് സത്ത്വമായുറയ്ക്കുന്നു എന്നാണ് ആ മതം. അഭിധേയത്തിന്റെ സാങ്കേതികമായ സ്വരൂപം പുരസ്കരിച്ചു നോക്കിയാൽ അതിന്റെ അർഥം (വസ്തു, ക്രിയ, പ്രയോജനം) ഗ്രഹിക്കാതെ തദ്ദ്വാരാ കിട്ടേണ്ടതായ ജ്ഞാനം പൂർണമാകയില്ല. സാർഥകമായ ശബ്ദം, വസ്തുവിനെയും ക്രിയയെയും പ്രയോജനത്തെയും

12 വിശിഷ്ടം ജ്ഞാനം, വിവിധം ജ്ഞാനം, വിഭേദേന ജ്ഞാനം വാ വിജ്ഞാനം

—ഭാരതീയസുധാനിധി:

തർക്കോഽപി നൈവോത്സഹതേ
യത്ര തജ്ജ്ഞാനമർജ്ജന
പ്രപഞ്ചോന്യത്ത്ര വിജ്ഞാന-
മജ്ഞാനം തത്ര സത്യധീഃ

—ഗീതാ, ജ്ഞാനേശ്വരീ 18. 20

13 മോക്ഷേ ധീർജ്ഞാനമന്യത്ര
വിജ്ഞാനം ശില്പശാസ്ത്രയോഃ

—അമരകോശം 56

ഉരംക്കൊള്ളാൻ സാമർഥ്യമുള്ള വാക്ക്, ലോകത്തിന്റെ നിലനില്പിന് ആശ്രയമാകുന്നു. മനുഷ്യന് മനുഷ്യനോടുള്ള വേഴ്ച സാർഥകമായ ശബ്ദത്തിന്റെ ആദാനത്തെയും പ്രദാനത്തെയും അവലംബിക്കുന്നു. മനുഷ്യനോടു മാത്രമല്ല, മുഴുവൻ ജഗത്തിനോടും മനുഷ്യൻ പുലർത്തുന്ന സംബന്ധം സാർഥകശബ്ദത്തിൽ അധിഷ്ഠിതമാണ്. ശബ്ദത്തിന്റെയും അർഥത്തിന്റെയും സംബന്ധം ആദികാലം തൊട്ടു തന്നെ ദാർശനികന്മാരുടെയും ചിന്തകന്മാരുടെയും ഏകാഗ്രമായ സമീക്ഷയ്ക്കും അന്വേഷണത്തിനും വിഷയമായി തുടരുന്നുണ്ട്.

ശബ്ദവാരിധി അപാരമാണ്. അർഥം അനന്തമാകുന്നു. അവ തമ്മിലുള്ള സംബന്ധം ബഹുവിധവും ഗൂഢവും ദുർജ്ഞേയവുമാകുന്നു. ലോകവ്യവഹാരവും വിശാലമായ സാഹിത്യവും ശാസ്ത്രവുമെല്ലാം ശബ്ദത്തിന്റെയും അർഥത്തിന്റെയും സംബന്ധത്തിന്റെ ജ്ഞാതമായ ദൃഷ്ടാന്തമാണ്. ഈ സംബന്ധത്തെപ്പററി യഥാതഥമായ ബോധമില്ലെന്നതാണ് ലോകത്തിലെ മതഭേദങ്ങൾക്കും ശാസ്ത്രഭേദങ്ങൾക്കും വാദവിവാദങ്ങൾക്കും കലഹത്തിനും എല്ലാം കാരണം. അർഥപരിജ്ഞാനം പക്വവും ശുദ്ധവുമാണെങ്കിൽ മനുഷ്യന്റെ വിശ്വവുമായുള്ള സംബന്ധം സ്വരസംഗവും ലയവും തികഞ്ഞതായിരിക്കും. അതു കൊണ്ടു സ്വമതത്തിൽ കുടുങ്ങിക്കിടക്കാതെ വിവിധമായ ദർശനങ്ങളും ശാസ്ത്രങ്ങളും മനുഷ്യവർഗങ്ങളുടെ വേറെ വേറെ ഭാഷകളും വ്യവഹാരങ്ങളും പരിശോധിച്ച് ശബ്ദത്തിന്റെ ഗുണവും സ്വരൂപവും അർഥവും വ്യവഹാരവുമെല്ലാം സ്വമതവുമായി തുലനം ചെയ്ത് തദ്ദ്വാരാ അനുഭവപ്പെടുന്ന പ്രതിഭ ദർശിക്കയാണ് വേണ്ടതു[14]. അർഥവിജ്ഞാനത്തിന്റെ പ്രക്രിയ ഇതാകുന്നു. അർഥവിജ്ഞാനത്തിന്റെ പരമാചാര്യനായ യാസ്കനും അദ്ദേഹത്തിന്റെ വ്യാഖ്യാതാവായ ദുർഗനും ജീവിതകാലം മുഴുവൻ ശബ്ദവാരിധിയിൽ മുങ്ങി നീന്തിയിട്ടും ശബ്ദാർഥങ്ങളുടെ അന്തം കണ്ടില്ല[15]. ആ നിലയ്ക്ക് അല്പശ്രുതരായ അസ്മാദൃശന്മാർക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് പലരും ചോദിച്ചേക്കാം. എങ്കിലും അർഥാന്വേഷണത്തെക്കാൾ ആനന്ദസന്ദായകമായി ഒന്നും ഇല്ലെന്ന് ഓർത്തിരിക്കേണ്ടതാണ്.

ഗംഭീരവും ഗഹനവും ബഹുവിഷയനിക്ഷേപകവുമായ ഈ അർഥതത്ത്വശാസ്ത്രമാണ് അർഥവിജ്ഞാനം.

## അർഥവിജ്ഞാനവും മററു ശാസ്ത്രങ്ങളും

ഭാരതീയവാങ്മയത്തിൽ ശബ്ദശാസ്ത്രമെന്ന സംജ്ഞ അത്യന്തം വ്യാപകമായ അർഥമാണ് വെളിപ്പെടുത്താറുള്ളതു്. വാക്ക് എന്ന ആദിതത്ത്വത്തിന്റെ വ്യവഹാരത്തിലുള്ള രണ്ടു വശങ്ങൾ ശബ്ദവും അർഥവുമാണല്ലോ. ഇന്ന് പടിഞ്ഞാറൻ നാടുകളിൽ പ്രചാരത്തിലിരിക്കുന്ന ''ലിങ്ഗ്വിസ്റ്റിക്സ്'' എന്ന ശാസ്ത്രരൂപം ശബ്ദശാസ്ത്രത്തിന്റെ ഏകദേശം മാത്രമാണ്. വാഗ്വിജ്ഞാനവും ശബ്ദവിജ്ഞാനവും അർഥവിജ്ഞാനവും ശബ്ദശാസ്ത്രത്തിന്റെ പര്യായം

---

14 പ്രജ്ഞാ വിവേകം കുരുതേ
ഭിന്നൈരാഗമദർശനൈഃ
കിയദ്വാ ശക്യമുന്നേതും
സ്വതർക്കമനുധാവതാ —വാക്യപദീയം 2. 492

15 അഹം ച ഭാഷ്യകാരശ്ച
കുശാഗ്രധിഷണൗ ബുധൗ
നൈവ ശബ്ദാംബുധേഃ പാരം
കിമന്യേ ലഘുബുദ്ധയഃ —ദുർഗന്റെ നിരുക്തടീകാ.
ഭാഷ്യകാരഃ = നിഘണ്ടുവിന് നിരുക്തമെന്ന ഭാഷ്യമെഴുതിയ യാസ്കൻ.

പോലെ ഭാരതീയർ പ്രയോഗിക്കാറുമുണ്ട്. ആരംഭത്തിൽ യൂറോപ്പുകാർ ഭാഷാ ശാസ്ത്രത്തിനിട്ട പേരു് "ഫിലോളജി" എന്നാണ്. ഫിലോളജി രൂപമെടുത്തതു ജർമനിയിലായിരുന്നു. ആ സംജ്ഞയുടെ അന്നത്തെ അർഥം എല്ലാ തരം വാങ്മയത്തെയും ഉൾക്കൊള്ളുമാറു് പരപ്പേറിയതായിരുന്നു. "ജ്ഞാതമായതിന്റെ ജ്ഞാനമാണ് ഫിലോളജി"[16]. ഏറെ വിചിത്രമായ ഈ നിർവചനത്തിൽ മതം, സാഹിത്യം, സദാചാരം, രാജനീതി മുതലായ എല്ലാ വിഷയങ്ങളും അന്തർ ഭവിക്കും.

റോമാസാമ്രാജ്യശക്തിയുടെ ഛത്രഛായയ്ക്കു കീഴിൽ വളർന്നു വന്ന ക്രിസ്തുമത പ്രചാരണം യൂറോപ്പിലും പടിഞ്ഞാറൻ ഏഷ്യയിലും വ്യാപിച്ചു വരവേ, ഏതാനും വിദ്യാവ്യസനികളായ പാതിരിമാർ ഹിബ്രൂഭാഷയ്ക്കും ഗ്രീക്ക്–ലത്തീനുകൾക്കും സഗോത്രത്വം കണ്ടു പിടിക്കാൻ ശ്രമിച്ചു. ഹിബ്രൂഭാഷയിലാണ് ബൈബിളിന്റെ പൂർവഭാഗമായ പഴയ നിയമം. ബൈബിൾ ക്രിസ്ത്യാനികളുടെ ദൈവ വാങ്മയമാകുന്നു. അതിനാൽ ഹിബ്രൂഭാഷ ദിവ്യഭാഷയാണ്. ഹിബ്രൂവിനും ഗ്രീക്ക്—ലത്തീനുകൾക്കും ഏകഗോത്രബന്ധമുണ്ടെന്നു വന്നാൽ റോമാക്കാരുടെ ലോകഭാഷയായ ലത്തീനിന്നും സംസ്കാരഭാഷയായ ഗ്രീക്കിനും ദിവ്യത്വം കിട്ടാമല്ലോ. ഇതായിരുന്നു മൂന്നു ഭാഷകളുടെയും താരതമ്യപഠനത്തിനു പ്രേരകമായതു്. ഈ വിദ്വാന്മാർ മൂന്നു ഭാഷകളിലെയും ശബ്ദങ്ങളുടെ ധ്വനിസാമ്യവും രൂപ സാമ്യവും അർഥസാമ്യവും അന്വേഷിച്ചു തുടങ്ങി. ഈ അന്വേഷണത്തിനു് അവർ മൂന്നു ഭാഷകളുടെയും വ്യാകരണമാണ് ഉപയോഗിച്ചതു്. ഏതാണ്ട് ഈ യുഗ ത്തിന്റെ മൂന്നാംപാദത്തിൽ യൂറോപ്പുകാർക്കു് ഭാരതീയരുടെ വേദഭാഷ (പ്രാചീനസംസ്കൃതം) അറിയാൻ ഇടയായി. അപ്പോഴാണ് ഹിബ്രൂവിനു ഗ്രീക്ക്—ലത്തീനുകളോടു സഗോത്രബന്ധമില്ലെന്നും, വേദഭാഷയ്ക്കാണ് അവയോടു ബന്ധമുള്ള തെന്നും മനസ്സിലായതു്. ഭാഷകളുടെ ഈ പഠനം വ്യാകരണപരമായ തുലനമാക കൊണ്ട് ഫിലോളജി എന്നതിനു പകരം "കംപാരെററിവ് ഗ്രാമർ" എന്ന സംജ്ഞ നടപ്പിൽ വന്നു. ക്രമേണ അധ്യയനക്ഷേത്രം വിസ്താരം നേടി വരവേ, ഈ പേരും അപര്യാപ്തമാണെന്നു കണ്ടു. അപ്പോൾ ചിലർ "സയൻസ് ഓഫ് ലാങ്ഗേജ്" (ഭാഷയുടെ ശാസ്ത്രം) എന്ന പേരു് പ്രയോഗിക്കാൻ തുടങ്ങി. അതും പോരെന്ന മതം പൊന്തി വന്നപ്പോൾ, "ലിങ്ഗ്വിസ്റ്റിക്സ്" എന്ന സംജ്ഞ ആവിഷ്കൃതമായി. "ലിങ്ഗ്വിസ്റ്റ്" എന്ന നാമശബ്ദത്തിന്റെ നേരായ അർഥം തന്റെ ഭാഷയോടൊന്നിച്ച് മററു ഭാഷകൾ കൂടി കൈകാര്യം ചെയ്യുന്നവൻ എന്നാകുന്നു. അതിനെ തുടർന്നു് "ലിങ്ഗ്വിസ്റ്റിക് സയൻസ്" (സ്വഭാഷയും ഇതരഭാഷകളും തുലനം ചെയ്യുന്ന ശാസ്ത്രം) എന്ന പേരു് പ്രചരിക്കാനിടയായി. പിന്നീട് അതിന്റെ സംക്ഷേപമായിട്ടു്, വിശേഷണത്തെ നാമമാക്കി ബഹുവചനരൂപേണ "ലിങ്ഗ്വിസ്റ്റിക്സ്" എന്ന സംജ്ഞ സ്വീകൃതമായി. ഇന്നു ഭാഷാശാസ്ത്രത്തിനു പൊതുവേ ഈ പേരാണ് നടപ്പുള്ളതു്.

ലിങ്ഗ്വിസ്റ്റിക്സിന്റെ നവീനതമവും മുഖ്യവുമായ പിരിവാണ് "സിമാന്റിക്സ്".

---

[16] Philip August Boekh: Encyklopadie und Methodologie der Philologischen Wessenschaften (Leipzig 1877). Philology ക്കു് "Knowledge of the Known" എന്നാണ് ഇതിൽ നിർവചനം. ആ ധാരണ ഇന്നും തുടരുന്നുണ്ട്. Modern philology, Philological Quarterly, Studies in Philology മുതലായ വിശ്വവിഖ്യാതമായ ആനുകാലികപ്രകാശനങ്ങളിൽ പ്രതിപാദിക്കാത്ത വിഷയമൊന്നുമില്ല. ഫിലോളജിയുടെ സ്വീകൃതമായ അർഥമിതല്ലല്ലോ.

(അർഥവിജ്ഞാനം)[17]. പൊതുവെ സിമാന്റിക്സ് വസ്തു(വിഷയ)വുമായി ചിഹ്നത്തിനു് (സങ്കേതത്തിനു്)ഉള്ള ബന്ധമാണു് വിവേചിക്കാറുള്ളതു്. സിമാന്റിക്സിന്റെ ഒരു പിരിവു് വാക്യാർഥവിചാരം (സിന്റാക്ടിക്സ്) ആണു്. വേറൊരു വിഭാഗം വാക്സങ്കേതങ്ങളുടെ വ്യാവഹാരിക (പ്രാഗ്മാററിക്) പരിണാമമാകുന്നു.

സിമാന്റിക്സ് എന്ന പേരു് ഫ്റഞ്ചിൽ നിന്നു് ഇംഗ്ലീഷിലേക്കു വന്നതാണു്. സീമ (⟶സെമ) എന്ന ഗ്രീക്കുമൂലത്തിൽ നിന്ന "സെമതോസ്" എന്ന ഗ്രീക്കു ശബ്ദമുണ്ടായി. ഇതിന്റെ അർഥം ചിഹ്നം അഥവാ സങ്കേതമെന്നാകുന്നു. സിമാന്റിക്സിന്റെ പര്യായമാണു് സിമടോളജി, സിമന്റോളജി, സിമസിയോളജി, രെമടോളജി മുതലായവ. സെമതോസ് തന്നെയാണു് സിമടോളജിയുടെയും മൂലം."സങ്കേതം കൊണ്ടു ഭാവം വെളിപ്പെടുത്തുന്ന ശാസ്ത്ര"മാണു് സിമടോളജി. "സെമാസിആ" (അർഥം, സാഭിപ്രായാർഥം, അഭിപ്രായം, ശബ്ദശക്തി) എന്നതിൽ നിന്ന "സിമാസിഓളജി" നിഷ്പന്നമായി. ഗ്രീക്കിലെ "സെമാന്റികോസ്" എന്നതിൽ നിന്നാണു് ഫ്റഞ്ചിൽ സിമാന്റിക്സ് കടന്നു കൂടിയതു്. നിഷ്കൃഷ്ടമായ അർഥം അഥവാ ശബ്ദത്തിന്റെ സങ്കേതശക്തി വഴിക്കു് തെളിയുന്ന ഭാവം എന്നതാണു് "സെമാന്റികോസി"നർഥം. ഡോക്ടർ പോസ്റ്റ്ഗേററ് ആവിഷ്കരിച്ചതാണു് "രെമടോളജി" എന്ന സംജ്ഞ. രെമ=വിചാരത്തിന്റെ (ഭാവത്തിന്റെ) അഭിവ്യക്തി അഥവാ അർഥബിംബം (ഭാവപ്രതിമ). അർഥബിംബത്തിന്റെ സവിശേഷമായ അധ്യയനമാണിതു്. എന്നാൽ ഈ പേരുകളെല്ലാം തന്നെ അപ്രസിദ്ധമായി വരുകയാണു്. കേവലം "സിമാന്റിക്സ്" ആണു് പ്രചാരത്തിലിരിക്കുന്ന പേരു്. എങ്കിലും മററു പേരുകളിൽ അന്തർഭവിക്കുന്ന എല്ലാ ഭാവങ്ങളെയും സിമാന്റിക്സിൽ തിരുകിക്കയററാൻ വിദ്വാന്മാർ മടിച്ചിട്ടില്ല[18].

യൂറോപ്പുകാർക്കും അമേരിക്കക്കാർക്കും സിമാന്റിക്സ് പുതിയ ശാസ്ത്രമാണെന്നിരിക്കെ,ഭാരതീയർക്കു് അതു് ഏററെ പഴയ അനുശാസനമാണെന്നു മുമ്പു തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. വേദം മുതൽക്കു് അലങ്കാരശാസ്ത്രം വരെ പരന്നു കിടക്കുന്ന നമ്മുടെ ശബ്ദരാശി (വാങ്മയം) അർഥവിജ്ഞാനത്തിന്റെ ആകരമാകുന്നു. സംസ്കൃതവാങ്മയത്തിൽ ശബ്ദത്തിന്റെ അർഥപ്രകാശനശക്തിയെപ്പററി ഗഹനവും ശാസ്ത്രീയവുമായ വിവേചനം സമൃദ്ധമാണു്. ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്ന ആറു വേദാങ്ഗങ്ങളും, ദർശനങ്ങളും, അലങ്കാ

---

17 Semantics proper involves the reference of a sign to its object. It is a subdivision of the general study of linguistic signs, which is semiotic. The other subdivisions of semiotic are the syntactical, having to do with the relations of linguistic signs to one another and pragmatic, having to do with the practical effects of such signs.
—Charles W. Morris: Foundations of the Theory of signs, Vol.I, No. 2. Encyclopaedia of Unified Science., U.S.A, 1938.

18 Semantics (ഇംഗ്ലീഷ്), Semantique (ഫ്റഞ്ച്), Semantikos (ഗ്രീക്ക്). Semantology, Sematology, Semasiology ഇവ സിമാന്റിക്സിന്റെ പര്യായം. Rhematology = Rheme = വിചാരത്തിന്റെ(ഭാവത്തിന്റെ)അഭിവ്യക്തി (പ്രകാശനം). Rheme ⟶ റെഹ്മിററികോസ് (അർഥരൂപം) Semanteme (ഭാവപ്രതിമ) എന്നു് ഓക്സ്ഫോഡ് ഡിക്ഷ്നറി.
Dr. Postgate ന്റെ മതമറിവാൻ നോക്കുക:
Michel Breal: Essai de Seamatique,
(English Edition 1900) Preface viii.

രങ്ങളും മുതലായ ശാസ്ത്രാന്തരങ്ങളും ശബ്ദത്തെയും അർത്ഥത്തെയും അവ തമ്മിലുള്ള സംബന്ധത്തെയും പററി സൂക്ഷ്മമായി വിവേചിക്കുന്നുണ്ട്. കല്പവും ജ്യോതിഷവും ശബ്ദത്തിന്റെ അർത്ഥം സാമാജികവും ആചാരപരവുമായ സാഹചര്യത്തിൽ, പ്രയോഗവും പ്രയോജനവും ലാക്കാക്കി, പ്രതിപാദിക്കയാണു ചെയ്യുന്നതെന്നു് ഗ്രഹിക്കാൻ കഴിയും.

ഏകാർത്ഥകങ്ങളായ അനേകം പദങ്ങളും അനേകാർത്ഥകങ്ങളായ ഏകപദങ്ങളും ഭാഷയിലുണ്ടു്. ഇവയുടെ രൂപവും അർത്ഥശക്തിയും അങ്ങേ അററം വരെ വിശ്ലേഷണം ചെയ്യുന്ന നിർവചനവിദ്യ അർത്ഥവിജ്ഞാനത്തിന്റെ പ്രഥമബിന്ദുവാണു്. നിരുക്തത്തിന്റെ വിഷയമാണിതു്. ശബ്ദങ്ങൾ എങ്ങനെ രൂപമെടുത്തു എന്നു് അറിയുക നിർവചനത്തോടൊത്തു പോകേണ്ടതായ പ്രക്രിയയാകുന്നു. ഇതു വ്യാകരണത്തിന്റെ വിഷയമാണു്. ശബ്ദത്തിനും അർത്ഥത്തിനും തമ്മിൽ എന്താണു സംബന്ധമെന്നും, ആ ബന്ധത്തിനു് കാരണമെന്താണെന്നും, വക്താവിന്റെ മനോഗതമായ ഭാവവും ശ്രോതാവിന്റെ ഗ്രഹണത്തിലെത്തുന്ന ഭാവവും സർവഥാ അഭിന്നമാണോ, പൂർണമാണോ എന്നും അറിയുക ഒരേ സമയം മനശ്ശാസ്ത്ര (ദർശന) ത്തിന്റെയും സമുദായശാസ്ത്രത്തിന്റെയും വിഷയമാണു്. ശബ്ദത്തിന്റെ അർത്ഥം പ്രകരണം വഴിക്കാണു് ഗൃഹീതമാവുക. സമുദായത്തിലെ വ്യവഹാരമെന്ന കർമത്തിന്റെ മറെറാരു പേരാണു് പ്രകരണം. ശബ്ദത്തിന്റെ സ്വരൂപം സ്ഫുടമാകുന്നതു് ഉച്ചാരണം വഴിക്കാകുന്നു. ഇതു ശിക്ഷാശാസ്ത്രത്തിന്റെ വിഷയമാണു്. ഉച്ചാരണത്തിലുണ്ടാകുന്ന പരിവർത്തനം ശബ്ദത്തെയും അർത്ഥത്തെയും സാരമായി ബാധിക്കും. അർത്ഥവിസ്താരം, അർത്ഥസങ്കോചം, അർത്ഥോത്കർഷം, അർത്ഥാപകർഷം, ശബ്ദശക്തിയുടെ വിവിധമായ കാര്യങ്ങൾ മുതലായവ അലങ്കാരശാസ്ത്രത്തിന്റെ വിഷയമാണു്. ഇവ ദർശനങ്ങളിലും പ്രതിപാദിക്കുന്നുണ്ടു്.

ധ്വനി, രൂപം, വാക്യം ഇവ ഭാഷയുടെ ബാഹ്യാകാരമാണു്—ശരീരമാണു്. വൈയാകരണന്മാർ ഇവയെപ്പററി ഗംഭീരമായി പര്യാലോചിച്ചിട്ടുണ്ടു്. നൈരുക്തികർ അർത്ഥമെന്തെന്നു് അന്വേഷിക്കുന്നു. അതിനാൽ അർത്ഥവിജ്ഞാനം ആത്മാവെന്തെന്നു അന്വേഷിക്കുന്നു എന്നു പറയാം. അർത്ഥവിജ്ഞാനം അങ്ങനെ വ്യുത്പത്തിശാസ്ത്രമായി വരുന്നു. യാസ്കന്റെ നിരുക്തം (നിർവചനശാസ്ത്രം) വ്യുത്പത്തിശാസ്ത്രമാണു്. അതു വ്യാകരണമല്ല, വ്യാകരണത്തിനു പൂർണത കൊടുക്കുന്ന സ്വതന്ത്രവിദ്യയാണു്[19]. യാസ്കന്റെ നിരുക്തവും പാണിനീയസൂത്രങ്ങളിന്മേൽ പതഞ്ജലി എഴുതിയ മഹാഭാഷ്യവും ഭർത്തൃഹരിയുടെ വാക്യപദീയവും ശബ്ദത്തിന്റെ ഗതിയുടെ ഇതിഹാസവും അർത്ഥത്തിന്റെ വികാസസങ്കോചാദികളും വിവരിക്കുന്നു.

ധ്വനിശാസ്ത്രം (ശിക്ഷ) ധ്വനിപരിവർത്തനത്തിന്റെ നിയമം പഠിപ്പിക്കുന്നു. ഉച്ചാരണത്തിന്റെ ശുദ്ധിയെപ്പററിയുള്ള അറിവു പോലെ, ധ്വനിക്കു് കാലദേശങ്ങളെ ആശ്രയിച്ചുണ്ടാകുന്ന മാററത്തെപ്പററിയ ജ്ഞാനവും അർത്ഥഗ്രഹണത്തിനു്

---

19 തദിദം വിദ്യാസ്ഥാനം വ്യാകരണസ്യ കാർത്സ്ന്യം, സ്വാർത്ഥസാധകം ച
—നിരുക്തം 1.15

തദിദം നിരുക്താഖ്യം വിദ്യാസ്ഥാനം വ്യാകരണസ്യ കാർത്സ്ന്യം കരോതീതി വാക്യശേഷഃ. അഥവാ കാർത്സ്ന്യം കരോതീതി ണിച്, ണിജന്താത് കപിപ് കാർത്സ്ന്യകരമിത്യർഥഃ (നിരുക്തടീകാ, സ്കന്ദസ്വാമീ),

തസ്മാത് സ്വതന്ത്രമേവേദം വിദ്യാസ്ഥാനം അർഥനിർവചനം; വ്യാകരണന്തു ലക്ഷണപ്രധാനമിതി വിശേഷഃ.

—ദുർഗടീകാ

ആവശ്യമാണ്. യൂറോപ്പിലെ ഭാഷാശാസ്ത്രജ്ഞന്മാർ ധ്വനിനിയമം (ഫൊണെററിക് കറസ്പോണ്ടൻസ്) ആവിഷ്ക്കരിച്ചിട്ട് ഭാഷാഗോത്രനിർണയം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ആ നിയമം സാർവത്രികമായി പ്രയോഗിക്കാനാവാതെ വരുക നിമിത്തം അപവാദങ്ങളുടെ പട്ടിക മുറയ്ക്കു നീട്ടേണ്ട ഗതികേടിലാണ് അവർ എത്തിച്ചേരുന്നത്. ഭാരതീയാചാര്യന്മാരായ ആപിശലി, പാണിനി മുതലായവരുടെ ധ്വനിശാസ്ത്രം വർണങ്ങളുടെ പരിവർത്തനത്തെപ്പററി ചെയ്യുന്ന വിസ്മയകരമായ ശാസനം ഇന്നും മൗലികവും തഥ്യവുമാണെന്നു പറയാതെ തരമില്ല[20]. ധ്വനിശാസ്ത്രവുമായി ഛന്ദസ്സിനുള്ള വേഴ്ച വിഗണിക്കാനാവില്ല. ഛന്ദഃശാസ്ത്രം ധ്വനിയുടെ സന്ധ്യാത്മകമായ മാററത്തെയാണു മുഖ്യമായി സ്പർശിക്കുന്നത്. അർഥവിജ്ഞാനത്തിൽ ഈ നിയമത്തിന്റെ പ്രയോഗം ശബ്ദത്തിന്റെ ശുദ്ധരൂപമറിയാൻ കൂടിയേ തീരൂ[21]. വർണോച്ചാരണത്തിനും സന്ധ്യാത്മകമായ ധ്വനിവികാരത്തിനും തമ്മിലുള്ള ബന്ധമറിയാതെ സംഹിതാപാഠത്തിന്റെ പദം തിരിച്ചുള്ള പദപാഠം ഉച്ചരിക്കാനാവില്ലെന്നു വൈദികാചാര്യന്മാർ താക്കീതു നൽകാറുണ്ട്. മന്ത്രസംഹിതകൾ ഛന്ദോരൂപമാണെന്നു പറയേണ്ടതില്ലല്ലോ. ഈ നിലയ്ക്കു ഛന്ദസ്സ് അർഥജ്ഞാനത്തിനോടു ബന്ധപ്പെട്ടതാണെന്നു വിസ്തരിക്കേണ്ടതില്ല.

കല്പമെന്ന വേദാങ്ഗത്തിന്റെ പ്രയോജനം ക്രിയാവിധിയാണ് (കല്പം =

---

20 "In phonetics, we all too rarely look back beyond the great names of the nineteenth century . . We do justly by tracing it back to Aristotle but generally speaking the expression of ancient phonetic thought in the west has little to repay our attention or deserve our respect, whereas Indian sources as ancient and even more ancient are infinitely more rewarding.

—Allen, Phonetics in Ancient India (London, 1953) p. 2

The description made of Sanskrit by the grammarian Panini about 300 B. C. surpasses in minuteness of detail anything that has been done in modern times.

—Joshua Whatmough: Language (U. S. A, 1957) p. 221

21 ഇംഗ്ലീഷിൽ ഛന്ദസ്സിനു പ്രോസോഡി എന്നാണല്ലോ പേരു്. ഒരു വാക്യമുച്ചരിക്കുമ്പോൾ അതിൽ ശാസ്ത്രീയമായി രണ്ടു തത്ത്വം അനുഭവപ്പെടും. ഒന്ന് ശുദ്ധധ്വനിരൂപം, മററത്ത് പ്രോസൊഡിക്. പ്രോസൊഡിക് സന്ധ്യാത്മകമാക കൊണ്ട് ധ്വനിയുടെ വികാരമാണ്. അതു് അഖണ്ഡമായ വാക്യഗതിയാണ്. സന്ധി, സമാസം, വ്യാകരണഗതമായ ഘടന, സ്വരം മുതലായവ നിമിത്തം ഉണ്ടാകുന്നതാണത്. തെക്ററികുസ് ഹെരോദിഎനുസ് എന്ന വിദ്വാൻ ഗ്രീക്കിൽ "കെതോലികേ പ്രോസൊദിയാ" എന്ന ഒരു ഗ്രന്ഥമെഴുതി. സ്വരങ്ങളുടെ ഉച്ചനീചത്വം, ഹ്രസ്വീകരണം, ദീർഘീകരണം, വ്യഞ്ജനങ്ങളുടെ സന്ധ്യാത്മകമായ മാററം മുതലായവയ്ക്കു "പ്രോസോഡിക്" എന്ന പേരിട്ടു. ദിക് + ഗജഃ = ദിഗ് + ഗജഃ = ദിഗ്ഗജഃ, സത് + മാർഗം = സന്മാർഗം മുതലായവയിൽ ക, ഗ; ത്, മ ഒന്നിച്ചു വരവേ പൂർവവർണത്തിന്റെ രൂപം മാറുന്നു. ഇതു ഛന്ദസ്സിലാണ്—സംഹിതാപാഠത്തിലാണ്—വ്യക്തമാകുന്നത്. വർണങ്ങളുടെ സംഘാതം പദവും അവയുടെ സംഘാതം വാക്യവുമാണല്ലോ. വാക്യം ഇടയ്ക്കു നിറുത്താതെ ചേർത്തു പാടുമ്പോൾ ഈ മാററം വരുന്നു. നോക്കുക: J. R. Firth: Sounds and Prosodies—Transactions of Philological Society, 1948.

അർഥബോധം തരുവാനായി പ്രയോഗം കൊണ്ടു ദൃഷ്ടാന്തം കാണിക്കുന്ന കല്പന). ഒരു ദൃഷ്ടാന്തം എടുക്കാം. ''പുരുഷമേധം'' എന്ന യജ്ഞകല്പന വഴിയ്ക്കു് ''മേധ'' ശബ്ദത്തിൻെറ അർഥം ദൃഷ്ടാന്തീകരിക്കുന്നു. പുരുഷശബ്ദം സൃഷ്ടി നടത്തുന്ന ഈശ്വരനെ കുറിക്കുന്നു. മേധശബ്ദം പൂജാർഥകമാണു്. എന്നാൽ ഈ പൂജ വഴിക്കു് പുരുഷൻെറ ക്രിയാകലാപം എങ്ങനെ ഗ്രഹിക്കാം? മേധശബ്ദം എന്തു പ്രയോജനമാണു് ലക്ഷ്യമാക്കുന്നതു്? തദ്ഗൃഹീതമായ അർഥം (വസ്തു) എന്തു്? ഇതെല്ലാം ദൃഷ്ടാന്തരൂപമായ കല്പന (കല്പശാസ്ത്രത്തിലെ വിധിരൂപം) വ്യക്തമാക്കുന്നു. ഈ വിഷയം സമുദായത്തിലെ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധമുള്ളതാണല്ലോ. ജ്യോതിഷത്തിൻെറ പ്രയോജനം ഏതു കർമം ഏതു കാലത്തു് ഫലപ്രദമാകുമെന്നു് മുൻകൂട്ടി അറിയുകയാണു്. യജ്ഞം കൊണ്ടു് മഴയുണ്ടാക്കാമെന്ന വിധി കല്പസൂത്രത്തിൽ ഉണ്ടെങ്കിലും, ഏതു ഋതുവിൽ ആ യജ്ഞം സഫലമാകുമെന്നു പറയുക ജ്യോതിഷത്തിൻെറ കടമയാണു്. യജ്ഞത്തിൻെറ വസ്തുരൂപം, ക്രിയാരൂപം, പ്രയോജനം എന്നിവ യജ്ഞത്തിൻെറ അർഥഗ്രഹണത്തിൻെറ സാധനമാണു്. ഇതെല്ലാം സമുദായത്തിൻെറ ആചാരാനുഷ്ഠാനപരമായ വിഷയമാണല്ലോ[22]. വ്യാകരണവും നിരുക്തവും സാക്ഷാൽ അർഥജ്ഞാനത്തിനുള്ള സാധനമാണെന്നു സുവിദിതമാകുന്നു.

ഭാരതീയാചാര്യന്മാരുടെ ധാരണയനുസരിച്ചു് അനാദിയും അനന്തവും അക്ഷരവുമായ വാക്തത്ത്വം (പ്രതിഭ) ശബ്ദരൂപത്തിൽ വികാരം പ്രാപിച്ചു്, അർഥഭാവത്തിൽ സാദിയും സാന്തവും ക്ഷരവുമായി, വ്യാവഹാരികലോകത്തിൽ ഭാഷയും വാങ്മയവുമായി പരന്നു. നാമറിയുന്നതും കൈകാര്യം ചെയ്യുന്നതുമതാണു്. അതിനാൽ അർഥവിജ്ഞാനവുമായി വേഴ്ച ഇല്ലാത്ത ഒരൊററ ശാസ്ത്രവുമില്ല. ആ വേഴ്ച നേരിട്ടാവാം, പാരമ്പര്യേണയുമാവാം. അനവച്ഛിന്നമായ വാക്തത്ത്വത്തിൻെറ വിവർത്തമാണു് എല്ലാ ശാസ്ത്രവുമെന്നതുകൊണ്ടു് അർഥവിജ്ഞാനത്തിൻെറ അന്തിമമായ പ്രയോജനം ശബ്ദാർഥങ്ങളുടെ മൂലം അഥവാ പ്രതിഭ കണ്ടെത്തുകയാണു്. അതിനുതകുന്ന എല്ലാ ശാസ്ത്രവും അർഥവിജ്ഞാനത്തിൻെറ സാധനമാകുന്നു.

## 3. ശബ്ദവും അർഥവും

ശബ്ദം, അർഥം, ഇതു രണ്ടും തമ്മിലുള്ള സംബന്ധം—ഈ മൂന്നു വിഷയവും നമ്മുടെ വൈയാകരണരുടെയും മീമാംസകരുടെയും വിശേഷമായ വിവേചനത്തിനു വിഷയമായിട്ടുണ്ടു്. വിവേച്യമായ മൂന്നും ചേർന്നാലേ ഭാഷ അർഥവും പ്രയോജനവുമുള്ളതാകയുള്ളൂ. ഭാഷയുടെ ഉത്പത്തിയെപ്പററി ഇന്നു വരെ യൂറോപ്പിലും അമേരിക്കയിലും അനേകം മതങ്ങൾ വിദ്വാന്മാർ പ്രചരിപ്പിച്ചിട്ടുണ്ടെങ്കിലും അവയിൽ ഒന്നു പോലും യുക്തമോ പ്രമാണപുഷ്ടമോ അനിഷേധ്യമോ ആണെന്നു പറഞ്ഞു കൂടാ. ഭാരതീയാചാര്യന്മാരുടെ മതത്തിൽ ശബ്ദവും അർഥവും അവയുടെ സംബന്ധവും അനാദിയാണു്—സ്വാഭാവികമാണു്, അപൗരുഷേയമാണു്. എന്നാൽ (ശബ്ദവും അർഥവും) ശബ്ദാർഥസംബന്ധവും അപൗരുഷേ

[22] Semantics is therefore at the very heart and core not merely of Language but human civilization.

—Mario Pei: The Story of Language, p. 148.

യവും അനാദിയുമാണെന്നു പറഞ്ഞു വിടും പോലെ അത്ര ലഘുവല്ല ശബ്ദവും
അർത്ഥവും അവയുടെ സംബന്ധവും എന്താണെന്നു വിവരിക്കുന്നതു്. "മനുഷ്യവർഗ
ത്തിന്റെ മുഴുവൻ ഇതിഹാസത്തിൽ ശബ്ദാർത്ഥസംബന്ധത്തെപ്പററിയുള്ള ഗവേ
ഷണം പോലെ അത്ര വ്യസ്തവും സങ്കുലവും വിധ്വംസകവുമായ ജടിലതകൾ
നിറഞ്ഞ വേറൊരു പ്രശ്നവുമില്ല. എങ്കിലും അർത്ഥവിജ്ഞാനത്തിന്റെ മുഖ്യ
മായ ഉന്നം ശബ്ദാർത്ഥങ്ങളുടെ സംബന്ധത്തിന്റെ സഹജമായ സ്ഥിതി അറിയു
കയും, ശബ്ദത്തിന്റെയും അർത്ഥത്തിന്റെയും പ്രയോഗം വ്യാപകമായ വിധം
എത്ര കണ്ടു സഫലമായി നടക്കുന്നു എന്നു് അന്വേഷിക്കയും ആകുന്നു"[23]. ഈ
കഥനത്തിന്റെ താത്പര്യം, ശബ്ദാർത്ഥസംബന്ധം ദാർശനികവും മനഃശാസ്ത്രീ
യവുമായ അധ്യയനവിഷയമാണെന്നാകുന്നു.

### ഭാഷയുടെ ( ശബ്ദത്തിന്റെ ) ഉത്പത്തി

ശബ്ദം ( ഭാഷ ) സർഗത്തിനു മുമ്പ് ഉള്ളതാണെന്നതാണ് ഭാരതീയമതം.
യൂറോപ്പുകാരായ അർവാചീനരുടെ സിദ്ധാന്തം നേരെ മറിച്ചാകുന്നു. ഭാഷ വ്യർ
ത്ഥമായ ധ്വനിയിൽ നിന്നു മുറസ്സു് വികസിച്ചു് സാർത്ഥകമായ രൂപത്തിൽ നമുക്കു്
കിട്ടിയെന്നതാണവരുടെ വാദം. അതിനു് ഒരു കാരണമുണ്ടു്. കേവലം പ്രാണി
ശാസ്ത്രത്തിനു വേണ്ടി ഡാർവിൻ ആവിഷ്കരിച്ച ക്രമവികാസസിദ്ധാന്തവും സമർത്ഥ
തമത്തിന്റെ അതിജീവനവാദവും മറ്റെല്ലാ ശാസ്ത്രവിചാരത്തിലും ഹഠപൂർവം കട
ത്തിവിടുവാനുള്ള ഒരു തരം കമ്പം യൂറോപ്പിലെ വിദ്വാന്മാരെ പിടികൂടി. മററു
ശാസ്ത്രങ്ങളിലെ നില എന്തോ ആയിക്കൊള്ളട്ടെ—ഭാഷയുടെ വിഷയത്തിൽ
ഡാർവിൻസിദ്ധാന്തം ഒരു തരത്തിലും സംഗതമാകയില്ലെന്നു് അന്നു തന്നെ വി
ദ്വാന്മാർ സ്ഥാപിച്ചിട്ടുണ്ടു്[24]. ഭാഷ മനുഷ്യനിർമിതമല്ലെന്നതാണു് മാക്സ്മുള്ള
രുടെ സുചിന്തിതമായ സിദ്ധാന്തം[25]. ഭാഷാശാസ്ത്രക്കാരുടെ വ്യർത്ഥമായ വാദ
കോലാഹലം കഴിഞ്ഞിട്ടു് ഉപലബ്ധമായ തെളിവുകൾ ഒന്നുമേ ഭാഷയുടെ ഉത്പ
ത്തിയെപ്പററി നിർണയത്തിലെത്തുവാൻ പര്യാപ്തമാകുന്നില്ലെന്നു് തീരുമാനിക്കാൻ
വിദ്വാന്മാർ നിർബന്ധിതരായി[26]. മനുഷ്യൻ കൈക്കുറിയും ആങ്ഗ്യവും കാണി

---

23 Throughout the whole history of human race, there have been no questions which have caused more heart-searchings, tumults, and devastations than questions of correspondence of words and facts·····Now, it is the investigation of the nature of correspondence between words and facts, to use these terms in the widest sense, which is the proper and highest problem of the science of meaning.
—Dr. Astgate quoted by Ogden and Richards: The Meaning of Meaning (1949), p. 17

24 Schleicher: Darwinism tested by the Science of Language: English translation from German by Dr. Al. V. W. H. Bekkers, (1869).

25 "It is the object of these lectures to prove that Language is not the work of human art."
—Max Muller: Lectures on the Science of Language, Vol. I, p. 401

26 After much futile discussion linguists have reached the conclusion that the data with which they are concerned yield little or no evidence about the Origin of Language.
—Edger Stutevant: An Introduction to Linguistic Science (1948), p. 40.

കുന്നതിനോടൊന്നിച്ച് അവന്റെ ധ്വനിയന്ത്രം ചെയ്യുന്ന സ്വാഭാവികാനുകരണമാണ് ഭാഷ എന്നു വരെ ഡാർവിൻ തട്ടിവിട്ടു[27]. ശാസ്ത്രീയവിചാരത്തിൽ നിരർത്ഥകകല്പനയ്ക്കു കിട്ടിയ മാന്യത നോക്കൂ! വാസ്തവത്തിൽ മനുഷ്യൻ മനഃപൂർവം ചമച്ചതല്ല ഭാഷ. അവന്റെ ആത്മാവിൽ നിന്നു് ആവശ്യമനുസരിച്ച് സഹജമായി പുറപ്പെട്ടതാണതു്[28]. വിചാരങ്ങളിൽ (ഭാവങ്ങളിൽ) ചിലതു് കണ്ണടച്ചും കൈവിടർത്തിയും വെളിപ്പെടുത്താമെന്നതു ശരി തന്നെ[29]. എന്നാൽ ഹോമറുടെ മഹാകാവ്യമോ വാല്മീകിവ്യാസാദികളുടെ പുരാണേതിഹാസങ്ങളോ ബൈബിളോ വേദമോ കാന്റിന്റെ ദർശനമോ മാർക്സിന്റെ ക്യാപിററലോ താദൃശമായ മററു വാങ്മയമോ ആങ്ഗ്യാഭിനയം വഴിക്കു് വെളിപ്പെടുത്താനാവില്ല. അതിനു സാർത്ഥകമായ ശബ്ദങ്ങളല്ലാതെ വേറെ സാധനമില്ല.

ശബ്ദം (ഭാഷ), ഭാവം (വിചാരം) ആണെന്നതാണ് പരമാർത്ഥം. വിചാരം കരചരണാദികളുടെ ക്രിയയല്ല; ആത്മാവിന്റെ ഗുണമാണതു്. വിചാരത്തിനുള്ള സങ്കല്പം ആത്മാവിൽ ഉയരുമ്പോൾ അന്തരിന്ദ്രിയമായ മനസ്സ് പ്രവൃത്തിയിലേർപ്പെടുന്നു. മനസ്സിൽ നിന്നു് നിർഗമിക്കുന്ന വിചാരഗതി അവസാനം ധ്വനിയായി മാറുന്നു. പാണിനീയശിക്ഷയിൽ ഈ പ്രക്രിയ വിശദമാക്കുന്നുണ്ടു്. ആത്മാവു് ബുദ്ധിയോടു് ചേർന്നു് അർത്ഥമറിയിപ്പാൻ ഇച്ഛിക്കുന്നു. അതിനു വേണ്ടി മനസ്സ് നിയുക്തമാകുന്നു. മനസ്സ് ശരീരത്തിലെ ചൂടു് (അഗ്നി) തട്ടി ഉണർത്തുന്നു. ആ ചൂടു് പ്രാണവായുവിനു് വീർപ്പുണ്ടാക്കുന്നു. അങ്ങനെ പ്രേരിതമായ പ്രാണവായു ഉരസ്സിലൂടെ നീങ്ങവേ മന്ദ്രസ്വരം ഉണ്ടാകുന്നു. അതു് മേല്പോട്ടു് ഉയർന്നു് മൂർധാവിൽ എത്തി വായുവിനെ വായ്ക്കുള്ളിലെത്തിക്കുന്നു. മുഖത്തിനുള്ളിലെത്തിയ വായു ധ്വനിയുണ്ടാക്കുന്ന അവയവങ്ങളിൽ തട്ടുമ്പോൾ വർണങ്ങൾ ജനിക്കുന്നു[30]. വർണങ്ങൾ ചേർന്നു പദവും പദങ്ങൾ ചേർന്നു വാക്യവും ശ്രവണവിഷയമായിത്തീരുന്നു. ഈ ചേർച്ച ബോധപൂർവമായ നിയമമനുസരിക്കാതെ പോയാൽ ഭാഷയാകയുമില്ല. ആ ഭാഷാരൂപത്തിൽ ഭാവം (ജ്ഞാനം) നിഹിതമാണു്. അങ്ഗചലനം പോലും ശ്രവണഗോചരമാകാത്ത നിലയിലുള്ള മനസ്സിലെ ഭാഷയാകുന്നു—ഭാഷയുടെ ചിഹ്നമാകുന്നു. ശിശുക്കളുടെ അങ്ഗാഭിന

---

[27] One hypothesis, originally sponsored by Darwin, is to the effect that speech was in origin nothing but mouth-pantomime in which the vocal organs unconsciously attempted to mime gesture by the sounds.

—Mario Pei : Story of Language, p. 18

[28] Language was not deliberately framed by man but sprung of necessity from his innermost nature.
—Jesperson. Language: Its Nature, Development and Origin. p. 27

[29] അന്തരേണ ഖല്വപി ശബ്ദപ്രയോഗം ബഹവോऽർത്ഥാ ഗമ്യന്തേ അക്ഷിനികോചൈഃ പാണിവിഹാരൈശ്ച.

—പതഞ്ജലിഃ മഹാഭാഷ്യം. 2. 1. 1.

[30] ആത്മാ ബുദ്ധ്യാ സമേത്യ അർത്ഥാൻ മനോ യുങ്ക്തേ വിവക്ഷയാ. മനഃ കായാഗ്നിമാഹന്തി സ പ്രേരയതി മാരുതം മാരുതസ്തൂരസി ചരൻ മന്ദ്രം ജനയതേ സ്വരം സോദീർണോ മൂർധ്ന്യഭിഹതോ വക്ത്രമാപദ്യ മാരുതഃ വർണാൻ ജനയതേ.

—പാണിനീയശിക്ഷാ.

KOTTAYAM PUBLIC LIBRARY KOTTAYAM.

യം മനസ്സിലുണ്ടാകുന്ന വിചാരത്തിന്റെയും ഇച്ഛയുടെയും പ്രവൃത്തിയുടെയും നിശ്ചിതമായ സങ്കേതമാണ്[31].

## അർത്ഥം (ഭാവം)

ഭാഷാപദം ശബ്ദത്തിന്റെ പര്യായമായി പ്രയോഗിച്ചതു് വെറും പ്രതിപാദന സൗകര്യത്തിനായാണ്. അതു പോലെ ഇപ്പോൾ ഭാവപദം അർത്ഥത്തിന്റെ പര്യായമായി പ്രയോഗിക്കുകയാണ്. രണ്ടു പ്രയോഗവും കേവലം വ്യാവഹാരികമാണെന്നേ കരുതാവൂ— താത്ത്വികമല്ല. വർണ്ണാത്മകമായ ധ്വനിയുടെ വസ്തു, ക്രിയ, പ്രയോജനം എന്ന മൂന്നു ലക്ഷ്യത്തെയും കുറിക്കുമാറുള്ള സാർത്ഥകമായ പ്രയോഗം ഭാഷയാകുന്നു. എന്താണീ സാർത്ഥകത്വം?

പതഞ്ജലി വ്യാകരണമഹാഭാഷ്യത്തിൽ (1.1.66) "ശബ്ദശ്ച ശബ്ദാദ് ബഹിർഭൂതഃ, അർത്ഥോഽബഹിർഭൂതഃ" (ശബ്ദത്തിൻെറ വെളിക്കുള്ള രൂപമാണ് ശബ്ദം, അകത്തുള്ളതാണ് അർത്ഥം) എന്നു് എഴുതുന്നു. അതായതു് അർത്ഥം ശബ്ദത്തിൻെറ അന്തരാത്മാവാകുന്നു. അതു കൊണ്ടു് ശബ്ദവും അർത്ഥവും വേറെ വേറെ അല്ല. അർത്ഥം രണ്ടു തരമുണ്ടു്: ഒന്നു് ശബ്ദത്തിൻെറ സ്വരൂപം; മററതു് അർത്ഥം. വ്യാകരണശാസ്ത്രത്തിൽ ശബ്ദം അതിൻെറ സ്വരൂപത്തിൻെറ ബോധമുണ്ടാക്കുന്നു. "അഗ്നേർഢക്" അഗ്നിയ്ക്കു് ഢക് പ്രത്യയം ഭവിക്കുന്നു എന്നു വിധിക്കുമ്പോൾ അഗ്നി തീയല്ല, "അഗ്നി" എന്ന ശബ്ദരൂപമാണ്. ആ രൂപത്തിനാണ് ഢക് പ്രത്യയം ഭവിക്കുന്നതു്. ആഗ്നേയം എന്ന രൂപം ഇങ്ങനെ ഉണ്ടാകുന്നു. എന്നാൽ ലോകവ്യവഹാരത്തിൽ അഗ്നി എന്ന ശബ്ദം തീ എന്ന പദാർത്ഥത്തിൻെറ ബോധമാണ് ഉണ്ടാക്കുന്നതു്. ശാസ്ത്രീയമായ ശബ്ദവും വ്യാവഹാരികമായ ശബ്ദവും സമാനാർത്ഥകമല്ലെന്നതാണ് ഇതിൽ നിന്നു കിട്ടുന്ന താത്പര്യമെന്നു ധരിക്കരുതു്. മറിച്ച്, ശബ്ദം അതിൻെറ സ്വരൂപബോധവും അർത്ഥബോധവും ഒരേ സമയത്തു് ഉണ്ടാക്കുന്നു എന്നതാണ് സാരം. ഒരു ശബ്ദം കേൾക്കുമ്പോൾ ഒന്നാമതു് അതിൻെറ സ്വരൂപത്തിൻെറ ബോധമുണ്ടാകുന്നു. ശബ്ദം ശരിയായി കേൾക്കാത്തപ്പോൾ അതിൻെറ സ്വരൂപബോധം കിട്ടുന്നില്ല. അപ്പോൾ അർത്ഥജ്ഞാനമുണ്ടാകുന്നതേ ഇല്ല[32]. "ഗോവിനെ കൊണ്ടുവരൂ, തൈരു ഭുജിക്കൂ" മുതലായ ഉച്ചരിച്ച ശബ്ദങ്ങൾ അതാതു പദാർത്ഥം കൊണ്ടുവരാനും അതാതു പദാർത്ഥം ഭുജിക്കാനും കാരണമാകുന്നു. ഇതു ലോകവ്യവഹാരത്തിലെ ശബ്ദാർത്ഥമാണ്. വ്യാകരണത്തിൽ ശബ്ദം അതിൻെറ സ്വരൂപത്തിൻെറ ബോധം ഉണ്ടാക്കുന്നു. ശബ്ദം കേവലം സത്താനിമിത്തം അർത്ഥം വെളിപ്പെടുത്തുകയില്ല. ശബ്ദത്തിൻെറ ഉപലബ്ധി കൊണ്ടു്, ഉള്ളതു പോലെ കേൾക്കുന്നതു കൊണ്ടു്, അർത്ഥബോധമുണ്ടാകുന്നു.[33] ശബ്ദത്തിൻെറ സ്വരൂപബോധം പ്രമാദരഹിതമായതിൽ പിന്നെ അർത്ഥത്തിൻെറ (വസ്തുവിന്റെ) ബോധം ലഭിക്കുന്നുവെന്നു സാരം.

---

31 The child's gestures are no longer merely passive signs of his mind's activities, but active indications of his feelings and desires.

—Dr. Parson quoted in The Meaning of Meaning, p. 163.

32 "ശബ്ദപൂർവകോ ഹ്യർത്ഥേ സംപ്രത്യയഃ" എന്ന പാതഞ്ജലമഹാഭാഷ്യവചനത്തിന്മേൽ കൈയടൻെറ വ്യാഖ്യാനം.

33 സ്വം രൂപം ശബ്ദസ്യാശബ്ദസംജ്ഞാ (പാണിനി. 1-1-67) എന്നതിൻെറ പാതഞ്ജലഭാഷ്യം "അസ്ത്യന്യദ് രൂപാത് സ്വം ശബ്ദസ്യേതി. കിം പുനസ്തത്? അർത്ഥഃ ശബ്ദേനോച്ചാരിതേനാർത്ഥോ ഗമ്യതേ. ഗാമാനയ, ദധ്യശാനേത്യർത്ഥ ആനീയതേ, അർത്ഥശ്ച ഭുജ്യതേ."

## അർഥത്തിൻെറ പ്രകാരങ്ങൾ

അർഥത്തിലുള്ള ശബ്ദത്തിൻെറ പ്രവൃത്തിനിമിത്തഭേദം നാലാണ്. അതായതു്, അർഥം നാലു പ്രകാരം ബോധമുണ്ടാക്കുന്നു: ജാതി, ഗുണം, ക്രിയാ, യദൃച്ഛ (ദ്രവ്യം)[34]. ഗോവു്, അശ്വം, മുതലായവ ജാതിയുടെയും; ശുക്ലം കൃഷ്ണം മുതലായവ ഗുണത്തിൻെറയും; പോകുന്നു, വേവിക്കുന്നു മുതലായവ ക്രിയയുടെയും ബോധം തരുന്നു. വിശിഷ്ടവ്യക്തി ഏതെങ്കിലുമൊന്നിനു പേരിടുമ്പോൾ അതു യദൃച്ഛാശബ്ദമായി വരുന്നു. അതാണ് ദ്രവ്യം. ഈ നാമശബ്ദം അങ്ങനെ വ്യക്തിയുടെയോ ദ്രവ്യത്തിൻെറയോ ബോധമുണ്ടാക്കുന്നു.

യദൃച്ഛാശബ്ദം പല തരമുണ്ട്. ഒരു വ്യക്തി കൊടുക്കുന്ന പേരൊന്ന്. വ്യക്തിവാചിയായ ശബ്ദങ്ങൾക്ക് വ്യക്തിയല്ലാതെ വേറെ പ്രവൃത്തിനിമിത്തമില്ല. ജാതിവാദം (അനേകതാവാദം) അനുസരിച്ച് വ്യക്തിസ്ഥായിയുള്ള സങ്കേതമല്ലാതെ, വ്യക്തിയിലൂടെ സങ്കേതിതമായ ജാതിയുടെ ബോധമാണ് ഈ യദൃച്ഛാശബ്ദപ്രകാരം ഉണ്ടാക്കാറു പതിവ്. ശബ്ദം വഴിക്ക് ബോധ്യമാകുന്ന വ്യക്തി അനന്തമാകയാൽ ഇതു ജാതിയുടെ ബോധമാണുണ്ടാക്കുന്നതു്[35].

യൂറോപ്പിലെ ഭാഷാശാസ്ത്രജ്ഞനായ ഹെർമൻ പോൾ യദൃച്ഛാശബ്ദത്തെപ്പറ്റി ഇങ്ങനെ എഴുതുന്നു[36]. "ശബ്ദങ്ങളുടെ ജന്മം ഒരു വ്യക്തിയുടെ കാര്യമാണ്. വേറെ വേറെ വ്യക്തികൾ ഒരു മാതിരി ശബ്ദം സൃഷ്ടിക്കാറുണ്ട്. അതായതു്, അനേകം ആളുകൾ ഒരേ പദാർഥത്തിൻെറ വേറെ വേറെ അവസ്ഥയിൽ ഒരേ പേരു് ആലോചിച്ച് കൊടുക്കാറുണ്ട്. എങ്കിലും നിർമാണത്തിലും നിർമിതമായ വസ്തുവിലും (ശബ്ദത്തിന്മേലും) വ്യക്തികളുടെ പ്രഭാവം ഒരു പ്രകാരത്തിലും പതിയാറില്ല. അനേകം ആളുകൾ ഒന്നിച്ചു യോഗം ചേർന്നിരുന്ന് എല്ലാവരുടെയും സമ്മിളിതമായ പ്രയത്നം വഴിക്ക് ഒന്നും (ശബ്ദമോ പേരോ) നിർമിക്കാറില്ല."

യാസ്കനും ഏതാണ്ട് സമാനമായ മതമാണുള്ളതു്. ഒരു പദാർഥത്തിൻെറ വേറെ വേറെ ഗുണങ്ങളിൽ ഏതെങ്കിലുമൊന്നു മാത്രം തെരഞ്ഞെടുത്തു്, ആ പദാർഥത്തിൻെറ പേരിൽ ആരോപിച്ച് അതു വ്യഞ്ജിപ്പിക്കുന്ന പേരിടാറുണ്ട്. എല്ലാ മനുഷ്യരും ഒരേ ഗുണം ആരോപിച്ചു എന്നു വരണമെന്നില്ല. അഗ്നിയുടെ പല ഗുണങ്ങളും പലരും പല പല അവസ്ഥകളിൽ കണ്ടിട്ട്, അവയിലേതെങ്കിലും തന്നിഷ്ടം പോലെ തെരഞ്ഞെടുത്തു് അതു അഗ്നി എന്ന നാമത്തിൽ ആരോപിക്കുന്നു. ഇങ്ങനെ ശബ്ദത്തിൻെറ അർഥത്തിലോട്ടുള്ള പ്രവൃത്തിനിമിത്തം വേറെ വേറെ ആണെന്നിരുന്നിട്ടും ഒരേ പേരാണ് ഓരോ വ്യക്തിയും ആവിഷ്കരിച്ചതു്. രാത്രി ഇരുട്ടിൽ നടക്കുന്നവൻെറ മുമ്പേ വഴി കാണിക്കുന്ന പ്രകാശമാണ് അഗ്നി എന്ന്

---

34 ചതുഷ്ടയീ ശബ്ദാനാം പ്രവൃത്തിഃ, ജാതിശബ്ദാഃ ഗുണശബ്ദാഃ ക്രിയാശബ്ദാഃ യദൃച്ഛാശബ്ദാഃ

—മഹാഭാഷ്യം, ആഹ്നികം 2

35 സ അനേകവിധഃ, ഏകവ്യക്തിസന്നിവേശിതോ ഡിത്ഥാദിരേകഃ, തത്ര ന കിഞ്ചിദതിരിക്തം പ്രവൃത്തിനിമിത്തമാനന്ത്യവ്യഭിചാരയോരഭാവാത്. അനേകത്വമതേ തജ്ജാത്യുപലക്ഷിതേ സാ. ടിഘട്ഭാദീനാം തു തത്തച്ഛക്യാനാമാനന്ത്യാത് തത് പദമേവ പ്രവൃത്തിനിമിത്തം. (നാഗേശൻെറ ഉദ്യോതം).

36 Hermann Paul: The Principles of the History of Language. (English translation by H. A. Strong and others, 1849) Introduction, p. 43.

ഒരുവൻ കണ്ടു. യജ്ഞം ചെയ്യുന്നവന്റെ മുമ്പെ ഇരിക്കുന്നതാണതെന്ന് വേറൊരുവൻ കണ്ടു. ഏതു വസ്തു അതിൽ വീഴുന്നുവോ അതിനെ എരിച്ചു തന്നോടു ചേർത്തു സ്വാംഗമാക്കുന്നതാണ് അഗ്നി എന്ന് മൂന്നാമൻ കണ്ടു. നനഞ്ഞതിനെ ഉണക്കുന്നതാണ് അഗ്നി എന്നു നാലാമൻ. എങ്കിലും എല്ലാവരും കൊടുത്ത പേർ ഒന്നു തന്നെ[37].

യദൃച്ഛാശബ്ദത്തിന് കൈയടനും നാഗേശനും ഐച്ഛികമെന്നാണ് അർഥം എഴുതുന്നത്. പതഞ്ജലിയും കാത്യായനനും ഭാഷാതത്ത്വത്തെപ്പററി ഗംഭീരമായി വിമർശിച്ചതിൽ പിന്നെ താത്ത്വികദൃഷ്ട്യാ യദൃച്ഛാശബ്ദത്തിന്റെ അസ്തിത്വം സ്വീകരിക്കാവുന്നതല്ലെന്നു നിർണയിക്കുന്നു. ശബ്ദത്തിന്റെ പ്രവൃത്തി മൂന്നാണെന്ന് അവർ തീരുമാനിക്കുന്നു—ജാതി, ഗുണം, ക്രിയ. ജാതിശബ്ദവും ഗുണശബ്ദവും ക്രിയാശബ്ദവുമല്ലാതെ യദൃച്ഛാശബ്ദമെന്നൊന്ന് ഇല്ല.[38] ഈ വചനത്തിന്മേൽ കൈയടൻ എഴുതുന്നു: "ഒരു വസ്തുവിനു പേരിടുന്നത് ഒരാളായാലും ഒരു സമുദായമായാലും വിചാരത്തിനു ശേഷമാണതു ചെയ്യുന്നത്. വിചാരം മനസ്സിലുണ്ടാകുന്ന ഭാവത്തെ അനുകരിച്ച് പേരിടാനുള്ള പ്രേരണയാണ്. ഇതു തീർച്ചയായും യദൃച്ഛയല്ല." യദൃച്ഛാശബ്ദം ദ്രവ്യവാചിയാണെന്നതു് ഓർത്തിരിക്കേണ്ടതാണ്. കൈയടന്റെ ഭാവം നാഗേശൻ ഇങ്ങനെ വിശദമാക്കുന്നു: പതഞ്ജലിയുടെയും കാത്യായനന്റെയും മതമനുസരിച്ച് ശബ്ദമെല്ലാം വ്യുത്പത്തിയുക്തമാണ്—യൗഗികമാണ്. ഗുണത്തിന്റെയോ ക്രിയയുടെയോ അംശമല്ലാത്ത ശബ്ദമില്ല. ശബ്ദം ഒന്നുകിൽ ഗുണത്തെയോ അല്ലെങ്കിൽ ക്രിയയെയോ അറിയിക്കുന്നു. എന്താണ് ഗുണം? എന്താണ് ദ്രവ്യം? ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവ അഞ്ചും ഗുണവും ബാക്കി ദ്രവ്യവുമാണ്. ഗുണത്തിൽ ഏതെങ്കിലും ഒന്നിന്റെ സ്വരൂപം ഇതാണ് എന്നു ചൂണ്ടിക്കാണിക്കാനാവില്ല; കാണിക്കാനാവുന്നതു് ദ്രവ്യത്തോടു ചേർന്ന നിലയാകുന്നു. ദ്രവ്യം പരിവർത്തനശീലവും ഭംഗുരവുമാണ്. ശർക്കര മധുരമാണെന്നു പറഞ്ഞാൽ മധുരരസം എന്താണെന്ന് ശബ്ദം വഴിക്ക് ആർക്കെങ്കിലും ആരെയെങ്കിലും മനസ്സിലാക്കാനാവുമോ? ആ ഗുണം സ്പഷ്ടമാക്കാൻ ശബ്ദത്തിനു ശക്തിയില്ല. അതു് ഒന്നുകിൽ അനുമാനഗമ്യമാണ്, അല്ലെങ്കിൽ സ്വാനുഭവഗമ്യം. അങ്ങനെ നോക്കിയാൽ ലോകത്തിലെ എല്ലാ ഭാവനകളും എല്ലാ ശബ്ദങ്ങളും ദ്രവ്യ (യദൃച്ഛാ) ശബ്ദമാണെന്നു വന്നുകൂടും. ഗുണത്തിന്റെയും ക്രിയയുടെയും ബോധമുണ്ടാക്കിക്കൊടുപ്പാനായി ഒരാളുടെ പ്രതിഭയിൽ ഏതു ശബ്ദം തോന്നിയോ അതു പ്രയോഗിച്ചു എന്നേ ഉള്ളൂ. ഇങ്ങനെ പറഞ്ഞാൽ എല്ലാ ശബ്ദവും ഐച്ഛികം തന്നെ. പരമാർഥദൃഷ്ട്യാ ലൗകികഭാഷയോ വ്യവഹാരത്തിലിരിക്കുന്ന ശബ്ദമോ സത്യമല്ല. ഗുണവും ക്രിയയും മാത്രമാണ് സത്യം. മഹാസത്തയുടെ വിവർത്തമാണ് ഗോവ്, അശ്വം മുതലായവ. ആശ്രയം മുതലായ സംബന്ധഭേദമാണ് ജാതിക്കു നിമിത്തം. ക്രമം ഉള്ളപ്പോഴം ക്രിയയും അതു സമാപിക്കുമ്പോഴം ദ്രവ്യ (സത്വ) വുമായി തീരുന്നു. അതിനാൽ അന്തിമമായ സത്തയുടെ വിവർത്തം ഗുണം, ക്രിയ, ക്രമം (ജാതി) ഈ മൂന്നുമാണ്. അർഥത്തിന്റെ താത്ത്വികമായ നില ശബ്ദത്തിന്റെ പ്രവൃത്തിനിമിത്തമായ ജാതി, ഗുണം, ക്രിയ എന്ന മൂന്നിലും നിന്നു ഗ്രഹിക്കേണ്ടതാണ്.

---

37 അഗ്നിഃ കസ്മാത് ? (1) അഗ്രണീർഭവതി (2) അഗ്രം യജ്ഞേഷു പ്രണീയതേ (3) അംഗം നയതി. . . . (4) അക്നോപനോ ഭവതി.

—യാസ്കന്റെ നിരുക്തം 7.14

38 ത്രയീ ച ശബ്ദാനാം പ്രവൃത്തിഃ. ജാതിശബ്ദാഃ, ഗുണശബ്ദാഃ, ക്രിയാശബ്ദാ ഇതി. ന സന്തി യദൃച്ഛാശബ്ദാഃ

—ഋലൃക്സൂത്രത്തിന്മേൽ മഹാഭാഷ്യം

# 4. ശബ്ദാർത്ഥസംബന്ധം

ശബ്ദത്തിൻെറയും അർത്ഥത്തിൻെറയും സംബന്ധത്തെപ്പററി അനേകം വാദങ്ങൾ പ്രചാരത്തിലുണ്ട്. ഓരോ വാദവും സൂക്ഷ്മമായ പര്യാലോചനയ്ക്കു വിഷയമായിട്ടുമുണ്ട്.

## നിത്യതാവാദം

ശബ്ദത്തിൻെറയും അർത്ഥത്തിൻെറയും അവിച്ഛേദ്യമായ സംബന്ധത്തിൻെറ വിവേചനം പ്രാചീനരും നവീനരുമായ ഭാഷാശാസ്ത്രജ്ഞന്മാരുടെ പ്രാമാണികമായ ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. മീമാംസകരുടെ മതത്തിൽ അർത്ഥം ശബ്ദത്തിൽ സ്വയമേവ ഉള്ളതാകുന്നു. ഈ സംബന്ധം എന്തെന്ന് ഉപദേശിക്കുന്നവരോ തീരുമാനിക്കുന്നവരോ ഇല്ല[39]. ശബ്ദത്തിനും അർത്ഥത്തിനും തമ്മിലുള്ള സംബന്ധം സ്വതഃസിദ്ധമാണ്—നിത്യമാണ്[40]. അർത്ഥത്തിന്റെ ബോധമുണ്ടാക്കുന്നതിനു വേണ്ടുന്ന യോഗ്യത എന്ന ശക്തി ശബ്ദത്തിൽ സ്വാഭാവികമാകുന്നു. ശബ്ദം ഉച്ചരിച്ചാൽ അർത്ഥം തത്ഫലമായി ഉപസ്ഥിതമാകുന്നു എന്നതാണ് ആ ശക്തിയുടെ പ്രയോജനം. ദ്രവ്യമാകുന്ന അർത്ഥം അനിത്യമാണെന്നു വരുകിലും ഈ സംബന്ധം നിത്യമാകുന്നു. എന്തു കൊണ്ടെന്നാൽ അർത്ഥബോധമുണ്ടാക്കുവാനുള്ള ശക്തി ശബ്ദത്തിലാണുള്ളത്. ശബ്ദം നിത്യവുമാകുന്നു[41]. ലോകത്തിലും വേദത്തിലും ശബ്ദത്തിനും അർത്ഥത്തിനും തമ്മിൽ സംബന്ധമുണ്ടാക്കുന്ന വ്യക്തി ഇല്ല. ശബ്ദം വഴിക്ക് ശബ്ദങ്ങളുടെ സംബന്ധം എങ്ങനെ ഉണ്ടാക്കാം?[42]

വ്യാകരണശാസ്ത്രത്തിൽ അർത്ഥമെന്ന പദം രണ്ടർത്ഥത്തിൽ പ്രയുക്തമാണ്. ''അർത്ഥ''ത്തിൻെറ ഒരർത്ഥം ശബ്ദാർത്ഥമെന്നാണ്; മററ അർത്ഥം വാച്യവസ്തു എന്നതാകുന്നു. ശബ്ദത്തിന് ശബ്ദാർത്ഥത്തോടുള്ള സംബന്ധം—അതായത് ഗോശബ്ദത്തിന്റെ അർത്ഥം ഗോവ് എന്ന വസ്തുവാണെന്ന സംബന്ധം—ഒന്നാമതു് സ്ഥാപിച്ചതു് ആരാണെന്ന്—ആ ശബ്ദം ആ അർത്ഥത്തിൽ ഒന്നാമതു പ്രയോഗിച്ചതാരാണെന്ന്—ആർക്കും നിശ്ചയമില്ല. അതു കൊണ്ട് ഇത്തരം പ്രയോഗം പരമ്പരാക്രമത്തിൽ അനാദിയാണ്—നിത്യമാണ്. ശബ്ദത്തിന്റെയും വസ്തുവിന്റെയും സംബന്ധം സ്വാഭാവികമാകുന്നു. ആ സംബന്ധം സ്വാഭാവികമല്ലെങ്കിൽ ശബ്ദമുച്ചരി

---

39 ഔത്പത്തികസ്തു ശബ്ദസ്യാർത്ഥേന സംബന്ധഃ തസ്യ ജ്ഞാനമുപദേശോ/ വ്യതിരേകശ്ചാർത്ഥേ/നുപലബ്ധേ തത് പ്രമാണം ബാദരായണസ്യാനപേക്ഷത്വാത്. —മീമാംസാസൂത്രം 1. 1. 5. (ശബരഭാഷ്യം)

40 സിദ്ധേ ശബ്ദേ അർത്ഥേ സംബന്ധേ ച, നിത്യോ ഹ്യർത്ഥവതാമർത്ഥൈരഭിസംബന്ധഃ

—മഹാഭാഷ്യം, ആഹ്നികം 1

41 അനിത്യേ/ർത്ഥേ കഥം ശബ്ദസ്യ നിത്യതേതി ചേദ്യോഗ്യതാ ലക്ഷണത്വാത് സംബന്ധസ്യ. തസ്യാശ്ച ശബ്ദശ്രവണാത് ശബ്ദസ്യ ച നിത്യത്വാത്.

—കൈയടന്റെ പ്രദീപം, മഹാഭാഷ്യം, ആ. 1 മേൽ

42 സംബന്ധസ്യ ന കർത്താസ്തി
ശബ്ദാനാം ലോകവേദയോഃ
ശബ്ദൈരേവ ഹി ശബ്ദാനാം
സംബന്ധഃ സ്യാത് കുതഃ കഥം —വാക്യപദീയം 1.26

ച്ചാൽ വസ്തുവിന്റെ ബോധമുണ്ടാകയില്ല. ശബ്ദം വഴിക്കു വസ്തുവിന്റെ ബോധമുണ്ടാകുന്നു എന്നതാണ് അനുഭവം. അതു കൊണ്ടു് ശബ്ദത്തിനും വസ്തുവിനും തമ്മിലുള്ള സംബന്ധം സ്വാഭാവികമാകുന്നു[43]. ശബ്ദാർത്ഥസംബന്ധം ലോകവ്യവഹാരം കൊണ്ടു സിദ്ധവുമാണ്. രണ്ടിന്റേയും സംബന്ധം സ്വാഭാവികമല്ലെങ്കിൽ ലോകവ്യവഹാരം നടക്കുകയില്ല. ഘടഃ (കുടം) എന്ന് ഉച്ചരിക്കുമ്പോൾ ശബ്ദത്തിനു് വസ്തുവുമായി ബന്ധമില്ലെങ്കിൽ, ഘടം (കുടം) എന്ന വസ്തുവിന്റെ ബോധമുണ്ടാകയില്ല[44]. വൃദ്ധവ്യവഹാരം വഴിക്കു് ശബ്ദാർത്ഥസംബന്ധം ജ്ഞാതമാണ്[45]. ബാലൻ ആവാപവും ഉദ്വാപവും കൊണ്ടു് ശബ്ദത്തിന്റെയും അർത്ഥത്തിന്റെയും (വസ്തുവിന്റെയും) സംബന്ധം ഗ്രഹിക്കുന്നു. ഒരു വൃദ്ധൻ മററൊരു വൃദ്ധനോട് "ഗാമാനയ" (ഗോവിനെ കൊണ്ടു വരൂ) എന്നു പറയുമ്പോൾ അയാൾ ഗോവിനെ കൊണ്ടു വരുന്നു. അതു പോലെ, "ഗാം നയ" (ഗോവിനെ കൊണ്ടു പോകൂ), "അശ്വമാനയ" (കുതിരയെ കൊണ്ടു വരൂ) എന്നിപ്രകാരം ആദേശം കേട്ടു് അതതു ശബ്ദത്തിനും വസ്തുവിനും തമ്മിലുള്ള സംബന്ധം ബാലൻ ഗ്രഹിക്കുന്നു. ഇവിടെ ഒരു തത്ത്വം വിശേഷമായി ഓർത്തിരിക്കണം. ശബ്ദം വഴിക്കു് അർത്ഥബോധമുണ്ടാകാൻ കാരണം ഈ സംബന്ധമാകുന്നു[46].

ശബ്ദമുച്ചരിക്കുമ്പോൾ മൂന്നു തത്ത്വങ്ങളുടെ പ്രതീതി സിദ്ധിക്കുന്നു. ഒന്ന്, ശബ്ദത്തിന്റെ സ്വരൂപബോധം. ഗോശബ്ദം പ്രയോഗിച്ചാൽ ഗോ ശബ്ദത്തിന്റെ രൂപം അറിയുന്നു; അശ്വശബ്ദത്തിന്റെ രൂപം അറിയുന്നില്ല. രണ്ടു്, ബാഹ്യമായ അർത്ഥത്തിന്റെ പ്രതീതി. ഗോവ് എന്ന ബാഹ്യജഗത്തിലെ പശുവിശേഷമാകുന്ന വസ്തുവിന്റെ ബോധം. മൂന്ന്, വക്താവിന്റെ അഭിപ്രായബോധം. ഇങ്ങനെ വക്താവു് ഗോവ് എന്ന വസ്തുവിന്റെ ബോധമുണ്ടാക്കാനായാണ് ഗോശബ്ദം പ്രയോഗിച്ചതെന്ന അറിവുണ്ടാകുന്നു. ശബ്ദസ്വരൂപം, ബാഹ്യാർത്ഥം, വക്താവിന്റെ അഭിപ്രായം ഇതു മൂന്നും ശബ്ദത്തോടൊന്നിച്ചുണ്ടായിരിക്കും. മൂന്നിന്റെയും വാസ്തവമായ സംബന്ധമില്ലെങ്കിൽ മൂന്നിന്റെയും നിയമിതമായ ബോധം ഉണ്ടാകയില്ല. അങ്ങനെയും സംബന്ധം സ്വാഭാവികമാണെന്നു സിദ്ധിക്കുന്നു[47].

---

43 സംബന്ധോ ഹി നിത്യഃ സ ഹി നേദംപ്രഥമതയാ ശക്യഃ കർത്തും, അർത്ഥാദേശനസ്യാശക്യ കർത്തവ്യത്വാത് കിന്തു ഔത്പത്തികഃ സ്വഭാവസിദ്ധോഽനാദിഃ പ്രാപ്താവിച്ഛേദ ഇതി നിത്യഃ —ഹരിവൃഷഭൻ, വാക്യപദീയം, 1.23
സംബന്ധസ്യാപി വ്യവഹാര പരംപരയാഽനാദിത്വാന്നിത്യതാ (പ്രദീപം, മഹാഭാഷ്യം, ആഹ്നി. 1)

44 കഥം ജ്ഞായതേ സിദ്ധഃ ശബ്ദോഽർത്ഥസ്സംബന്ധശ്ചേതി ലോകതഃ
—മഹാഭാഷ്യം, ആഹ്നി 1

45 തസ്മാദ് വൃദ്ധവ്യവഹാരാദേവ ശബ്ദാർത്ഥസംബന്ധവ്യുത്പത്തിഃ
—മഹാഭാഷ്യം, പ്രദീപം 2.1.1

46 ശബ്ദേനാർത്ഥ സ്യാഭിധാനേ സംബന്ധോ ഹേതുഃ
—ഹേലാരാജൻ, വാക്യപദീയം 3

47 ജ്ഞാനം പ്രയോക്തുർബാഹ്യോഽർത്ഥഃ
സ്വരൂപം ച പ്രതീയതേ
ശബ്ദൈരുച്ചാരിതൈസ്തേഷാം
സംബന്ധഃ സമവസ്ഥിതഃ —വാക്യപദീയം, കാ. 3
പ്രയേണാഭിജ്വലിതൈഃ ശബ്ദൈസ്ത്രിതയമവഗമ്യതേ ആത്മീയം രൂപമർത്ഥശ്ച ഫല സാധനഃ, പ്രയോക്തുരഭിപ്രായശ്ച. ന ചൈതദസതി സംബന്ധോ നിയമേന ഘടത ഇതി വാസ്തവഃ സംബന്ധാവസായഃ
—ഹേലാരാജന്റെ വ്യാഖ്യാനം.

## ആകൃതിയും അർഥബോധവും

ശബ്ദാർഥസംബന്ധം നിത്യമാണെന്നു നിർദേശിക്കുന്ന മീമാംസാസൂത്രത്തിന്റെ ഭാഷ്യത്തെ തുടർന്ന് മുന്നോട്ടു ചെന്നിട്ട് ശബരസ്വാമി പറയുന്നു: ശബ്ദം അതിന്റെ സാമാന്യമായ അർഥം (ആകൃതി) വെളിപ്പെടുത്തുന്നു. സാമാന്യമായ ശബ്ദാർഥമെന്നാൽ ദ്രവ്യവും ഗുണവും ക്രിയയുമാണല്ലോ[48]. സാമാന്യത്തിന്റെ ബോധമുണ്ടാക്കുവാൻ ശബരൻ ''ജാതി'', ''ആകൃതി'' എന്ന രണ്ടു പദമാണ് ഉപയോഗിക്കുന്നത്. ''ജാതി'', ''സാമാന്യം'', ''ആകൃതി''—മൂന്നും ഒന്നു തന്നെയാണെന്നു കുമാരിലഭട്ടനും ശ്ലോകവാർത്തികത്തിൽ പറഞ്ഞിട്ടുണ്ട്. നൈയായികന്മാർ ആകൃതിക്കു ''ജാത്യവഛിന്നവ്യക്തി'' എന്ന് അർഥമെഴുതുന്നു. അവഛിന്നമെന്നാൽ വിശിഷ്ടമാണ്. ഏതെങ്കിലും പദാർഥത്തിൽ അതിന്റെ ജാതി നിഹിതമാണെങ്കിൽ ആ പദാർഥം (വ്യക്തി) ജാത്യവഛിന്ന (ജാതിവിശിഷ്ട)മാണ്. ജാതിധർമമില്ലാത്ത പദാർഥമില്ല. ആകൃതി എന്നതു് ജാതിബോധമുണ്ടാക്കുന്ന വ്യക്തിവാചകമാണെന്നതാണ് ഇതിനർഥം. അപ്പോൾ ആകൃതി, വിശേഷമായ വസ്തുവിന്റെ രൂപമാകുന്നു. വ്യാഡിയുടെ മതമനുസരിച്ച് വൈയാകരണന്മാർക്കു അഭീഷ്ടമായ അർഥം ദ്രവ്യ (വ്യക്തി) വാചകമാണ്. വാജപ്യായനനും ഇതു തന്നെയാണ് അഭീഷ്ടം[49].

പാണിനീയാഷ്ടകം (അഷ്ടാധ്യായി) തുടങ്ങുന്നതു് ''അഥ ശബ്ദാനുശാസനം'' എന്നാണല്ലോ. ശബ്ദം വാസ്തവത്തിൽ ദ്രവ്യമാണെങ്കിൽ ''അഥ ദ്രവ്യാനുശാസനം'' എന്ന സൂത്രമുണ്ടാക്കാമായിരുന്നു. പതഞ്ജലി ഈ സൂത്രത്തിന്റെ ഭാഷ്യത്തിൽ ചോദിക്കുന്നു: ''അഥ ഗൗരിത്യത്ര കഃ ശബ്ദഃ?'' ഗോവ് ആകുന്നു എന്നിടത്തു് ഏതാണ് ശബ്ദം? പതഞ്ജലി സ്വയം ഉത്തരമെഴുതുന്നു: ഗോവ് എന്ന വസ്തു (ദ്രവ്യം) ശബ്ദമാണോ? ''യേനോച്ചാരിതേന സാസ്നാലാങ്ഗുലകകുഭഖുരവിഷാണാനാം സംപ്രത്യയോ ഭവതി സ ശബ്ദഃ'' ഏതൊന്നിന്റെ ഉച്ചാരണം കൊണ്ടു് സാസ്നാ (താട), വാല്, കകുഭം (പൂഞ്ഞ), കുളമ്പ്, കൊമ്പ് എന്നിവയുള്ളതിന്റെ ജ്ഞാനം കിട്ടുന്നുവോ അതാണിവിടെ ശബ്ദം. ക്ലാസ്സിൽ കുട്ടികൾ കോലാഹലം മുഴക്കുമ്പോൾ ''ശബ്ദമുണ്ടാക്കാതിരിപ്പിൻ'' എന്ന് അധ്യാപകൻ ആജ്ഞാപിക്കുന്നു. തൽക്ഷണം കുട്ടികൾ നിശ്ശബ്ദരാകുന്നു. ഇവിടെ ശബ്ദം ധ്വനിയാണ്[50]. വാസ്തവത്തിൽ ശബ്ദം ധ്വനിയാണോ? മഹാഭാഷ്യകാരൻ വിശദമാക്കുന്നു: ശബ്ദം ധ്വനിയല്ല. ധ്വനി ശബ്ദഗുണമാകുന്നു. പെരുമ്പറ അടിക്കുമ്പോൾ അതിലെ ശബ്ദം (മുഴക്കം) ഇരുപതു കോലോ ചിലപ്പോൾ മുപ്പതു കോലോ മററു ചിലപ്പോൾ നാല്പതു കോലോ ദൂരം വരെ പരക്കുന്നു. ഈ ലഘുത (അല്പത), വൃദ്ധി (മഹത്ത) മുതലായതു് ധ്വനി നിമിത്തമാണുണ്ടാകുന്നതു്. അതുപോലെ ശബ്ദത്തിനു രണ്ടു രൂപമുണ്ട്. ഒന്നു സ്ഫോടം, മററതു് ധ്വനി. ശ്രോതാവ് സ്ഫോടവും ധ്വനിയും ഗ്രഹിക്കുന്നു. മനുഷ്യൻ സംസാരിക്കുന്നതു് വർണാത്മകമായ ശബ്ദം വഴിക്കായതു കൊണ്ട് ധ്വനിയോടൊന്നിച്ച് സ്ഫോടവും ഗ്രഹി

---

48 ദ്രവ്യഗുണകർമണാം സാമാന്യമാകൃതിഃ (ശബരഭാഷ്യം, മീമാംസാസൂത്രം 1.3.33)

49 തത്ര വാജപ്യായനദർശനേന ജാതിം വിശേഷണഭൂതാം പദാർഥം വ്യവസ്ഥാപ്യ വ്യാഡിദർശനേന വിശേഷ്യരൂപം ദ്രവ്യമപി പദാർഥം വ്യവസ്ഥാപയിതും യഥാ ദർശനം തദേവ പര്യായാന്തരൈരുദ്ദിശതി.

—ഹേലാരാജൻ.

50 അഥവാ പ്രതീതപദാർഥകോ ലോകേ ധ്വനിഃ ശബ്ദ ഉച്യതേ, തസ്മാത് ധ്വനിഃ ശബ്ദഃ

—കൈയടന്റെ പൂർവപക്ഷം,

കുന്നു[51]. സ്ഫോടത്തിൽ നിന്ന് അർഥബോധമുണ്ടാകുന്നു[52]. സ്ഫോടത്തിന്റെ അവസ്ഥയിൽ ശബ്ദ (വാചക)വും അർഥ (വാച്യ) വും താദാത്മ്യസ്ഥിതിയിലായിരിക്കും. ജ്ഞാനം പ്രാണവായുവിനെയും മനസ്സിനെയും ആശ്രയമാക്കി വാഗ്രൂപത്തിൽ വെളിക്കു വരുമ്പോൾ മാത്രമേ വാച്യവാചകഭേദം ഉണ്ടാകുന്നുള്ളു. അപ്പോൾ ശബ്ദം സ്വരൂപബോധമുണ്ടാക്കിക്കൊണ്ട്, സ്വരൂപഭിന്നമായ അർഥത്തെ താദാത്മ്യസംബന്ധം വഴിക്ക് "ഗൗരയമർഥഃ" (ഇതു ഗോവ് എന്ന വസ്തുവാണ്) എന്ന ജ്ഞാനം തരുന്നു. വാച്യത്തിൽ വാചകശബ്ദത്തിന്റെ വർണങ്ങളുടെ ബോധമുണ്ടാകാത്തതിനു കാരണം വാച്യത്തിന്റെയും വാചകത്തിന്റെയും സംബന്ധം ബുദ്ധിയിലുണ്ടാകുന്നു എന്നതാണ്. ബുദ്ധിയിൽ ശബ്ദത്തിന്റെ സ്ഥൂലരൂപമായ ധ്വനിയുടെ വർണമാലാരൂപം ഉണ്ടായിരിക്കയില്ല. താലു മുതലായ ധ്വനിയുടെ സ്ഥാനങ്ങളിൽ തട്ടിയാലേ ശബ്ദം വർണരൂപമെടുക്കുകയുള്ളൂ. അതിനു മുമ്പ് വർണമില്ലല്ലോ[53].

മനുഷ്യേതരമായ പ്രാണിവർഗം വെറും ധ്വനിയേ ഗ്രഹിക്കാറുള്ളു. സ്ഫോടം ഗ്രഹിക്കാൻ അവയ്ക്കു ശക്തിയില്ല. വക്താവ് ഗോശബ്ദമുച്ചരിക്കുമ്പോൾ ആ ശബ്ദം (ധ്വനിയും സ്ഫോടവും) ശ്രോതാവിൽ എത്തുന്നു. ധ്വനികൾ ബുദ്ധിയിൽ പ്രവേശിക്കാനാവാതെ സ്ഫോടത്തെ തള്ളിവിട്ടിട്ട് ലോപിക്കുന്നു. ആ തള്ളൽ മൂലം സ്ഫോടത്തിൽ വിള്ളൽ ഉണ്ടാകുന്നു; തദ്വാരാ അർഥം വെളിപ്പെടുന്നു. അങ്ങനെ അർഥം വെളിപ്പെടുന്നതിന് ധ്വനി കാരണമായിത്തീരുന്നു. ബുദ്ധി ഗ്രഹിക്കുന്നതു് അർഥത്തിന്റെ ആകാരമല്ല, ആകൃതിയല്ല. പ്രത്യുത ആകൃതിയുടെ അന്തരാത്മാവായ ജ്ഞാനമാണ് ബുദ്ധി ഗ്രഹിക്കുന്നതു്. എപ്രകാരം സ്ഫോടത്തെ തട്ടി ഉണർത്തിയിട്ട് ധ്വനി സ്വയം നശിക്കുന്നുവോ അപ്രകാരം ജ്ഞാനം പ്രകാശിച്ചു കഴിയുമ്പോൾ ആകൃതി മറയുന്നു. ആകൃതി ഇന്ദ്രിയവിഷയവും ജ്ഞാനം ആത്മാവിന്റെ ബോധവിഷയവുമാണെന്നതാണ് ശബ്ദത്തിന്റെ ഈ പ്രവൃത്തിക്കു കാരണം. ഇങ്ങനെ നോക്കുമ്പോൾ, ശബ്ദവും അർഥവും ഭിന്നമല്ലെന്നും ശബ്ദാർഥസംബന്ധം ആ നിലയ്ക്ക് അനാദിയാണെന്നും കരുതാവുന്നതു തന്നെ.

---

51 ഏവം തർഹി സ്ഫോടഃ ശബ്ദഃ ധ്വനിഃ ശബ്ദഗുണഃ കഥം? ഭേര്യാഘാതവത്. സ്ഫോടസ്താവദേവ ഭവതി.

ധ്വനിഃ സ്ഫോടശ്ച ശബ്ദാനാം ധ്വനിസ്തു ഖലു ലക്ഷ്യതേ
അല്പോ മഹാംശ്ച തേഷാംചിദുഭയം തത്സ്വഭാവതഃ
—മഹാഭാഷ്യം, 1.1.70 സൂത്രഭാഷ്യം.

52 സ്ഫുടതി അർഥോ യസ്മാദിതി സ്ഫോടഃ
—വൈയാകരണസിദ്ധാന്തമഞ്ജൂഷാ.

53 പ്രതിപത്തിർഭവത്യർഥേ ജ്ഞാനേ വാ സംശയഃ ക്വചിത്
സ്വരൂപേഷൂപലബ്ധേഷു വ്യഭിചാരോ ന വിദ്യതേ
—വാക്യപദീയം, കാ. 3.

നനു വർണമാലാർഥേ സമുപലഭ്യതേ ദർശനാനഭിജ്ഞോ ദേവാനാം പ്രിയഃ ഇഹ ശബ്ദോ നാമ വാചകഃ സ ഉച്യതേ, യോ്യം ചിത്ശക്തേർ വാഗാത്മാ വ്യാപാരഃ. ശബ്ദനാപരപര്യായോ്ശ്രൂയമാണോ്പ്യപാംശുപ്രയോഗേ ശബ്ദ ഇതി വ്യവഹ്രിയതേ. പരതസ്തു പ്രാണവൃത്ത്യനുപ്രാണിതമനോഭൂമിസമലംബിതനിജസ്വഭാവസ്യ വാച്യവാചകരൂപഭിന്നശാഖാദ്വയാ്വലംബിനഃ സമവസ്ഥാനം. അസ്യാം ച മധ്യമാ്വസ്ഥായാം പരാമർശനാത്മാ വാചകശബ്ദഃ (ഹേലാരാജഃ).

## 5. ശബ്ദാർഥസംബന്ധത്തെപ്പററി വിവിധ വാദങ്ങൾ

### ശബ്ദാർഥദ്വൈതവാദം

ശബ്ദവും അർഥവും അഭിന്നമാണെന്ന സിദ്ധാന്തം സ്ഫോടതത്ത്വത്തിൽ അധിഷ്ഠിതമാണ്. ഭർത്തൃഹരിയുടെ വാക്യപദീയത്തിൽ ഈ സിദ്ധാന്തം സയുക്തികം സ്ഥാപിച്ചിട്ടുണ്ട്. ഇതു് ശബ്ദാർഥങ്ങളുടെ അദ്വൈതദർശനമാണെന്നു പറയാം. ശബ്ദബ്രഹ്മമാണ് അദ്വൈതതത്ത്വം. അതു് അർഥരൂപേണ വിവൃത്തമായിട്ട് പ്രപഞ്ചമായി പരിണമിക്കുന്നു. പ്രകൃതിപുരുഷതത്ത്വങ്ങൾ ഒന്നിച്ചിരിക്കും പോലെ ശബ്ദവും അർഥവും ഒന്നിച്ചിരിക്കുന്നു. പുരാണങ്ങളിലെ അർധനാരീശ്വരരൂപം ഈ തത്ത്വജ്ഞാനമാണ്. കാളിദാസൻ ഇതു് ആവർത്തിക്കുന്നുണ്ട്[54]. ഒരു ആത്മാവിന്റെ രണ്ടു വിഭാഗമാണ് ശബ്ദവുമർഥവുമെന്നു ഭർത്തൃഹരി പറയുന്നു[55].

ഭാരതീയരെപ്പോലെ യൂറോപ്പുകാരും ഈ അദ്വൈതവാദത്തിൽ വിശ്വസിക്കുന്നുണ്ട്. വിശ്വവിഖ്യാതനായ ഭാഷാതത്ത്വജ്ഞൻ സ്റ്റീൻഥാൾ ഈ സിദ്ധാന്തത്തിൽ ദൃഢമായി വിശ്വസിക്കുന്നു. അദ്ദേഹം പ്രഖ്യാപിക്കുന്നു: വാക്ക് സ്വയമേവ വിചാരമാണ്. ശബ്ദം തന്നെയാണ് ഭാവം (വിചാരം). വാക്യം സ്വയം നിർധാരണമാകുന്നു. ഇവയിൽ ഭാഷാശാസ്ത്രാത്മക (അർഥവിജ്ഞാനാത്മക) മായും ധ്വന്യാത്മകമായുമുള്ള ഏകത (അദ്വൈതം) സുസ്പഷ്ടമാണ്''[56].

ഭാരതീയമീമാംസകരിൽ അഭിഹിതാന്വയവാദികൾ വ്യസ്തശബ്ദത്തിൽ അർഥപ്രതീതി കാണുന്നു. ഇതു പോലെ റഷ്യൻഭാഷാശാസ്ത്രജ്ഞന്മാരും ഓരോ ശബ്ദത്തിനും അർഥമുണ്ടെന്നു പറയുന്നു. മാർസ് എന്ന ശാസ്ത്രകാരൻ ബൂർഷ്വാ ഭാഷാശാസ്ത്രീയപ്രക്രിയയെ ഖണ്ഡിച്ചു കൊണ്ടു് ഐതിഹാസിക ഭൗതികസിദ്ധാന്തവും വൈരുധ്യഭൗതികവാദവുമനുസരിച്ച് ഭാഷാതത്ത്വവിചാരത്തിനു തറക്കല്ലിട്ടു. മാർസിന്റെ ശിഷ്യൻ മെഷ്ചാനിനോവ് ഓരോ ശബ്ദത്തിനും അതിന്റേതായ അർഥമുണ്ടെന്നും വ്യർഥശബ്ദമേ ഇല്ലെന്നും സ്ഥാപിച്ചു[57].

---

54 വാഗർഥാവിവ സംപൃക്തൗ
വാഗർഥപ്രതിപത്തയേ
ജഗതഃ പിതരൗ വന്ദേ
പാർവതീപരമേശ്വരൗ

—രഘുവംശം 1.1.

55 ഏകസ്യൈവാത്മനോ ഭേദൗ
ശബ്ദാർഥൗ അപൃഥക്

—വാക്യപദീയം 2.31

56 H. Steenthal: Ein Leitung in die P'sychologie (1881) p. 46

57 "Each word has its own meaning and there is no word without meaning"

— Mescaninov quoted in Soviet Contribution to Linguistic Thought by W. K. Mathews.

(Archivum Linguisticiam Vol. II-2., p. 98)

ശബ്ദവും അർഥവും അഭിന്നമാണെന്ന ദാർശനികസിദ്ധാന്തം സ്ഥാപിക്കാനായി സുപ്രസിദ്ധ ജർമൻ ഭാഷാശാസ്ത്രജ്ഞൻ ഹംബോൾട് "ആഭ്യന്തരശബ്ദം" എന്ന സംജ്ഞ അർഥത്തിനു പകരം ആവിഷ്കരിച്ചു. വാസ്തവത്തിൽ അർഥം ശബ്ദത്തിൻെറ മാനസികസ്ഥിതിയാണ്[58].

ശബ്ദാർഥസംബന്ധത്തെപ്പററി ചെയ്യുന്ന ഗവേഷണത്തിൽ മുഖ്യമായി രണ്ടു പദ്ധതികൾ അനുസരിച്ചു കാണുന്നു: ഒന്ന് ദാർശനികം, മററതു് മനഃശാസ്ത്രീയം. മീമാംസകരും വൈയാകരണരും നൈയായികരും ആലങ്കാരികരിൽ ഏറിയ ഭാഗവും ദാർശനികപദ്ധതിയുടെ പക്ഷപാതികളാണ്. മനഃശാസ്ത്രീയപദ്ധതി അനുസരിക്കുന്നവർ ധ്വനിവാദികളാകുന്നു. അവരും വ്യഞ്ജനയെ സംബന്ധിച്ചിടത്തോളമേ ആ പദ്ധതി പ്രയോഗിക്കാറുള്ളു. അഭിധയുടെ വിഷയത്തിൽ മനഃശാസ്ത്രീയപദ്ധതിയുടെ പ്രയോഗം വിരളമായേ കാണുന്നുള്ളു. ദാർശനികപദ്ധതി വഴിക്ക് ശബ്ദത്തിൻെറയും അർഥത്തിൻെറയും അധ്യയനം കോശങ്ങളിലും വ്യാകരണത്തിലും കാണ്മാനുണ്ട്. എന്നാൽ ഈ അധ്യയനം ഭാവങ്ങളുടെ വിശദീകരണത്തെ സംബന്ധിച്ച അറിവു തരാൻ പര്യാപ്തമല്ല. ഫ്റഞ്ചുവിദ്വാനായ ഡെർമെസ്റ്റേതേ തൻെറ മഹനീയമായ "ല വീ ഡെ മോ" (ശബ്ദങ്ങളുടെ ജീവിതം) എന്ന ലഘുപുസ്തകത്തിൽ ഈ വാസ്തവം തുറന്നു പറയുന്നുണ്ട്[59]. ഇവിടെ ശബ്ദാർഥസംബന്ധത്തെപ്പററി പ്രസിദ്ധമായ മൂന്നു വാദങ്ങളുടെ ചർച്ച പ്രസക്തമാകുന്നു. ഉത്പത്തിവാദം, ജ്ഞപ്തിവാദം, സങ്കേതവാദം എന്ന് ഇവയ്ക്കു പേരിടാം.

## ഉത്പത്തിവാദം

ഭാവാത്മക (മാനസിക) മാണ് അർഥം. മനസ്സ് വാക്കിൻെറ ഉത്പാദക സത്തയാണെന്നതാണ് ഉത്പത്തിവാദം. ശബ്ദം (വാചികം) വാക്കാകുന്നു. മനസ്സാണ് ഭാവം. മനസ്സിൽ നിന്നു വാക്ക് ഉണ്ടാകുന്നു. ഋഗ്വേദത്തിലെ ഒരു

---

58 Willhelm von Hombolt: Der Ursprung der Sprache, p. 35

59 Dermesteter: Le vie de Mots. ch. i. p. 31. "ല വീ ഡെ മോ" വിൽ ശബ്ദങ്ങളുടെ അർഥപരിവർത്തനം രണ്ടു പരിസ്ഥിതിയിൽ നടക്കുന്നു എന്നു പറയുന്നു. ഒന്ന് ദാർശനികം, മററതു് മനഃശാസ്ത്രീയം. ഒന്നാമത്തെ പരിസ്ഥിതി "കൊംഡിശിഓങ് ലോജികേ ദ ഷാംജെമാം ദസാം" എന്ന രണ്ടാംപരിച്ഛേദത്തിൽ വിവരിക്കുന്നു. "ശബ്ദം ഭാവത്തിൻെറ പ്രതിമ (പ്രതിരൂപ) മാകുന്നു. ശബ്ദം കൂടാതെ ആർക്കും ഭാവം വെളിപ്പെടുത്താനാവില്ല. ശബ്ദമില്ലാത്തപ്പോൾ ഭാവം മനസ്സിലിരിക്കുന്നു. അതു ഭാഷയുടെ പ്രയോജനം നേടുന്നില്ല" (ch. ii. p. 37.) ഇവിടെ ലക്ഷണാപരമായ ശബ്ദപ്രയോഗം വിവരിക്കുന്നു. മൂന്നാംപരിച്ഛേദത്തിൽ ("ആക്ശിഓങ് സികാളെജികേ") മനഃശാസ്ത്രീയവിചാരം കാണുന്നു. മനോവികാരശാസ്ത്രത്തോടൊന്നിച്ച് (ശബ്ദങ്ങളുടെ മനഃശാസ്ത്രീയപ്രവൃത്തിയോടൊന്നിച്ച്) ഐതിഹാസികമായ പരിവർത്തനവും (ഷാജെമാം ഇസ്റ്റോരികേ) മനഃശാസ്ത്രീയസംസ്കാരവും (മെഡിഫികാശിഓങ് സീകൊളെജികേ) പരീക്ഷിക്കുന്നു. ഇതിൽ ശബ്ദങ്ങളുടെ അർഥപരിവർത്തനത്തെ സംബന്ധിച്ച വേറെ വേറെ മനഃശാസ്ത്രതത്ത്വങ്ങളുടെ വിവേചനമാണ് മുഖ്യം. ഈ പ്രതിപാദനം ഭാരതീയരായ ആലങ്കാരികന്മാരുടെതു പോലെ സൂക്ഷ്മവും ഗഹനവും ആകുന്നില്ല. എങ്കിലും നമ്മുടെ ശബ്ദശക്തിവിവേചനത്തിൻെറ മങ്ങിയ ഛായ പോലെ തോന്നുന്നുണ്ട്.

മന്ത്രത്തിൽ (ഋ. 10. 71. 2) ഈ മതത്തിൻെറ മൂലമുണ്ട്. മന്ത്രമിതാണ്:

സക്‌തുമിവ തിതഉനാ പുനന്തോ
യത്ര ധീരാ മനസാ വാചമക്രത
അത്രാ സഖായഃ സഖ്യാനി ജാനതേ
ഭദ്രൈഷാം ലക്ഷ്മീർ നിഹിതാധി വാചി.

അരിമാവ് അരിപ്പ കൊണ്ട് അരിച്ച് ശുദ്ധമാക്കും പോലെ വിദ്വാന്മാരായ ആദിപ്പുരുഷന്മാർ മനസ്സ കൊണ്ട് വാക്ക് (ശുദ്ധി ചെയ്തു) ഉണ്ടാക്കി. അപ്പോൾ അവർ (അന്യോന്യം) മിത്രങ്ങളായി, മൈത്രി അനുഭവിച്ചു (ഒന്നു ചേർന്നു സമാജമായിട്ട് സാമൂദായികജീവിതം തുടർന്നു). ഈ വാക്കിന്മേൽ ഭദ്രതയുടെ (യോഗക്ഷേമത്തിൻെറ) മുദ്ര പതിഞ്ഞിരുന്നു. ആദികാലത്ത് മനുഷ്യൻ മനസ്സിൽ നിന്ന് ഉദിച്ച ശബ്ദം പ്രയോഗിച്ചപ്പോൾ മനുഷ്യർ സ്നേഹബന്ധം അനുഭവിച്ചു; അങ്ങനെ നന്മയുള്ളതായി സമുദായം ഉടലെടുത്തു.

മനസ്സിൽ നിന്ന് വാക്ക് (ശബ്ദം) ഉണ്ടായി എന്നും അതു പ്രയോഗിച്ചാണ് മനുഷ്യർ ഭാഷ സംസാരിച്ചതെന്നും വാക്കുകൾ മാവ് അരിച്ചെടുക്കും പോലെ തെരഞ്ഞെടുത്ത് ഇണക്കി സാർഥകമായി കൈകാര്യം ചെയ്ത് സാമാജികജീവിതം ഭദ്രമാക്കി എന്നും ഈ ഋക്കു പറയുന്നു. "മനസാ വാചമക്രത" എന്ന അംശമാണ് ഉത്പത്തിവാദത്തിന്റെ മൂലം. മനസ്സിൽ ഉദിക്കുന്ന ജ്ഞാനം വെളിപ്പെടുത്താൻ ഇച്ഛിക്കുമ്പോൾ വായു അകത്തു നിന്ന് മേല്പോട്ടു വന്നു ധ്വനിയന്ത്രത്തിൽ മുട്ടുന്നു. ധ്വനിയന്ത്രത്തിന്റെ സ്ഥാനഭേദവും വായുവിന്റെ ഗതിയിലുണ്ടാകുന്ന പ്രയത്നഭേദവും കൊണ്ട് വിവിധമായ ധ്വനി പുറത്തു വരുന്നു. അവ ചേർന്ന് പദം, വാക്യം മുതലായവ ഉടലെടുക്കുന്നു. ആ പദവാക്യാദികൾ മുറയ്ക്ക് ശ്രോതാവിന്റെ ബുദ്ധിയിൽ പ്രവേശിച്ച് ജ്ഞാനമായി പരക്കുന്നു. വക്താവിൻെറ മനസ്സിലുദിക്കുന്ന ഭാവം ഇങ്ങനെ ശ്രോതാവിൽ കടക്കുന്നു[59A]. ഉത്പത്തിവാദത്തിന്റെ അർഥവും പ്രക്രിയയുമിതാണ്.

## വ്യക്തിവാദം

അർഥത്തിൻെറ വ്യഞ്ജകമാണ് ശബ്ദമെന്നതാണ് വ്യക്തിവാദം. വ്യക്തി എന്നാൽ തെളിച്ചമെന്നാണർഥം. പതഞ്ജലി മഹാഭാഷ്യത്തിൽ (1.1.2) എഴുതുന്നു: "ശ്രോത്രോപലബ്ധിർ ബുദ്ധിർനിർഗ്രാഹ്യഃ പ്രയോഗേണാഭിജ്വലിത ആകാശദേശഃ ശബ്ദഃ, ഏകം ച പുനരാകാശം." ശബ്ദത്തിൻെറ ഇരിപ്പിടം ആകാശമാണ്. ആകാശം അഖണ്ഡവുമാകുന്നു. ശബ്ദം ചെവിയിൽ കിട്ടുന്നു, ബുദ്ധി ഗ്രഹിക്കുന്നു, പ്രയോഗം വഴിക്കു തെളിഞ്ഞു പ്രകാശിക്കുന്നു. ശബ്ദത്തിന്റെ വിശേഷണമായി മൂന്നു പദമാണ് പതഞ്ജലി പ്രയോഗിക്കുന്നത്: (1) ശ്രോത്രോപലബ്ധിഃ=ശബ്ദം വർണരൂപേണ ശ്രോത്രാകാശത്തിൽ കിട്ടുന്നു. കയ്യടിച്ചു പുറപ്പെടുവിക്കുന്ന ശബ്ദവും ചെവിക്കു കിട്ടുന്നുണ്ടല്ലോ. അതു ശബ്ദമാണോ? അല്ല. എന്തുകൊണ്ട്? അത് ബുദ്ധിർനിർഗ്രാഹ്യഃ=ബുദ്ധി കൊണ്ട് ഗ്രഹിക്കുന്നത് അല്ല. ശബ്ദം ബുദ്ധി കൊണ്ടു ഗ്രഹിക്കുന്നതാവണം. വർണങ്ങൾ ധ്വനിരൂപേണ ശ്രോത്രത്തിൽ കിട്ടിയാൽ തത്ക്ഷണം തന്നെ ബുദ്ധിയിൽ ശബ്ദ (അർഥ) ബോധമുണ്ടാക്കിയിട്ട് ആ വർണങ്ങൾ നശിക്കുന്നു. കൂടാതെ, പ്രയോഗേണാഭിജ്വലിതഃ= ശബ്ദത്തിൻെറ പ്രയോഗം (വാക്യത്തിലോ അല്ലാതെയോ പ്രയോഗിക്കു) കൊണ്ട് പ്രകാശിച്ചു പരക്കുന്നു. ഈ വിശേഷണം മഹത്വമുററതാണ്. ശ്രോത്രോപലബ്ധമായ ശബ്ദം ബുദ്ധി കൊണ്ടു ഗ്രഹിച്ചാൽ മാത്രം പോരാ. വക്താവ് ശബ്ദം പ്രയോഗിച്ചാൽ അത് ശ്രോത്രാകാശത്തിലൂടെ ശ്രോതാവിൻെറ ബുദ്ധിയിൽ പ്രവേ

59A നിരുക്തം 1.2. ദുർഗടീകാ.

1194
KOTTAYAM PUBLIC LIBRARY KOTTAYAM

ശിച്ച് അവിടെ അതിൻെറ അർത്ഥം മിന്നിത്തിളങ്ങി പ്രകാശിക്കാൻ ഇടയാകുന്നു. അഭിജ്വലനം അഭിവ്യക്തിയാണ്. ഇതാണ് വ്യഞ്ജന. ശബ്ദം അർത്ഥത്തെ വ്യഞ്ജിപ്പിക്കുന്നു. അതിനാൽ ശബ്ദം അർത്ഥവ്യഞ്ജകമാണെന്നു സിദ്ധിച്ചു. വ്യക്തിവാദം വ്യഞ്ജനാവാദമാകുന്നു.

## ജ്ഞപ്തിവാദം

അർത്ഥത്തിൻെറ ജ്ഞാപകമാണ് ശബ്ദം എന്നതാണ് ഈ മതം. "അർത്ഥത്തിന്റെ ബോധമുണ്ടാക്കാനായാണ് ശബ്ദം പ്രയോഗിക്കുന്നത്. ഞാൻ അർത്ഥം ബോധപ്പെടുത്താമെന്നു കരുതിയാണ് ശബ്ദം പ്രയോഗിക്കാറുപതിവ്[60]. എല്ലാ ശബ്ദവും അർത്ഥബോധമുണ്ടാക്കാനായാണ് പ്രയോഗിക്കാറുള്ളത്"[61]. വാക്ക് മനസ്സിൻെറ ചരണമാണെന്നു ശങ്കരാചാര്യർ പറഞ്ഞിട്ടുണ്ട്. മനസ്സിനെ ഒരിടത്തു നിന്ന് മറെറാരിടത്തു് എത്തിക്കുന്ന പാദമാണ് വാക്ക്. മനസ്സ് (ഭാവം) ശബ്ദമാകുന്ന അടി (പാദം) മുറയ്ക്കു വെച്ചു് ശ്രോതാവിൽ എത്തുന്നു[62]. പദ് ധാതു ഗത്യർത്ഥകമാകുന്നു. നാമമോ ക്രിയയോ ആയ സാർത്ഥകശബ്ദമാണ് പദം. താത്വികമായി പറഞ്ഞാൽ പദവും ശബ്ദവും ഒന്നല്ല. പദം വിഭക്തിയുക്തമാകുന്നു[63]. ഏതൊന്ന് അർത്ഥത്തിലേക്കു നീങ്ങുന്നുവോ അതാണ് പദം[64]. ശബ്ദം (പദം) ഭാവ (അർത്ഥ) ത്തിൻെറ ചിഹ്നമാണ്—ജ്ഞാപകമാണ്[65]. ഭാവപ്രേഷണമാണ് ശബ്ദപ്രയോഗത്തിന്റെ ഉന്നം. ശബ്ദം അർത്ഥത്തിൻെറ സങ്കേതമാണെന്നതാണ് ജ്ഞപ്തിവാദം.

ഈ മതം സ്പഷ്ടമാകണമെങ്കിൽ ഭാവം, ശബ്ദം, അർത്ഥം ഈ മൂന്നിൻെറയും പരമാർത്ഥമായ സ്വരൂപം അറിഞ്ഞിരിക്കണം. ഭാവവും അർത്ഥവും താത്വികമായി ഒന്നല്ല. അർത്ഥം വസ്തുവാകുന്നു. വസ്തുവിൻെറ പ്രതീതി ഏതു ചെയ്യിക്കുന്നുവോ അതാണ് ഭാവം. വാസ്തവം ഇങ്ങനെ ആണെങ്കിലും ശബ്ദം (സങ്കേതം) അർത്ഥത്തെ വഹിക്കുന്നു എന്നാണ് നാം പറയാറു പതിവ്. ഈ സൂക്ഷ്മമായ ഭേദം ഒരു ഉദാഹരണം വഴിക്ക് വ്യക്തമാക്കാം: "തച്ചൻ മരം അറുക്കുന്നു" എന്നു പറയുമ്പോൾ നാം യഥാർത്ഥത്തിൽ സംഭവിക്കുന്നതിനു ഇണങ്ങുമാറാണോ ആ വാക്യം പ്രയോഗിച്ചതു്? മരം അറുക്കുന്നതു വാളാണ്. തച്ചൻ സാധനമാകുന്നു. അറുക്കുന്ന ക്രിയ അഥവാ അറുക്കുന്നു എന്ന നില മുഴുവൻ ഈ വാക്യം കൊണ്ടു തെളിയുന്നില്ല. ഉക്തമായ വാക്യം നമ്മുടെ മനസ്സിലെ മുഴുവൻ അർത്ഥത്തിൻെറ പൂർണമായ പ്രകാശനത്തിനു പര്യാപ്തമല്ല. ഇതു് അറിഞ്ഞിരുന്നിട്ടും നാം ആ വാക്യം തന്നെയാണ് പ്രയോഗിച്ചതു്. ഇതിൻെറ കാരണമെന്തു്? തച്ചൻ സാധനമാണെന്നറിഞ്ഞി

---

60 അർത്ഥഗത്യർത്ഥഃ ശബ്ദപ്രയോഗഃ അർത്ഥം സംപ്രത്യയിഷ്യാമീതി ശബ്ദഃ പ്രയുജ്യതേ
—മഹാഭാഷ്യം. 1.1.43

61 സർവോ ഹി ശബ്ദോഽർത്ഥപ്രത്യായനാർത്ഥേ പ്രയുജ്യതേ
—മീമാംസാസൂത്രം 1.3.8-ൻെറ തന്ത്രവാർത്തികം.

62 ത്രേധാ നിദധേ പദം (ഋ. 1.22.27) ത്രീണി പദാ വിചക്രമേ (ഋ. 1.22.28) മുതലായ ഋക്കിൽ പദം പാദം=അടി എന്ന അർത്ഥത്തിൽ പ്രയുക്തമാണ്. പദനിർവചനത്തിന് നിരുക്തം 2.7 നോക്കുക.

63 സുപ്തിങന്തം പദം (പാണിനി, 1.4.14)

64 പദ്യതേ ഗമ്യതേ ജ്ഞായതേ അനേന ഇതി പദം
—വാജസനേയീ പ്രാതിശാഖ്യടീകാ

65 All speech is intended to serve for the communication of ideas.
—Ogden and Richards: The Meaning of Meaning, p. 9

രുന്നിട്ടും ജഡമായ വാളിന്റെ പ്രയോക്താവാണ് തച്ചനെന്ന ഭാവം പ്രസ്തുത വാക്യം ഉച്ചരിക്കുന്ന ക്ഷണത്തിൽ നമ്മുടെ മനസ്സിലുദിച്ചതിനാൽ നാം അയാൾക്കു് (തച്ചന്) പ്രാധാന്യം നല്കി. ഇതു പോലെ ശബ്ദങ്ങളുടെ സാക്ഷാൽ സംബന്ധം ഭാവത്തോടാണെങ്കിലും, അങ്ങനെയാണ് പരമാർഥമെന്നറിഞ്ഞിരുന്നിട്ടും ശബ്ദം (സങ്കേതം) സംഭവങ്ങളെ പറയുന്നു എന്നും അതു തഥ്യം (അർഥം) വഹിക്കുന്നു എന്നും പറയാറുണ്ട്[66].

## സങ്കേതവും ശബ്ദാർഥസംബന്ധവും

സങ്കേതസിദ്ധാന്തം അനുസരിച്ച് ശബ്ദം തനിച്ചിരിക്കുമ്പോൾ അതിന് അർഥമില്ല. പ്രയോക്താവിന്റെ ഭാവമെന്തെന്നു വെളിപ്പെടുത്തുന്ന ചിഹ്നമാണ് (സിംബൽ) ശബ്ദമെന്നുള്ളതു കൊണ്ട് വക്താവിന്റെ ശബ്ദത്തിനാണ് അർഥമുള്ളത്. ആ നിലയ്ക്കു് ശബ്ദാർഥസംബന്ധം ഏകാന്തികമല്ല; അതു സങ്കേതാത്മകമാകുന്നു. ഏതെങ്കിലും ഒരു വസ്തുവിന്റെ പ്രാപ്തിക്കായി മനസ്സുണ്ടാക്കുന്ന ഭാവം മുഴുവൻ ശരിക്കു് അറിയിക്കാൻ വേണ്ടുന്ന കഴിവ് ശബ്ദത്തിനില്ലെന്നതാണ് ശബ്ദം അർഥത്തിന്റെ സങ്കേതമാണെന്നു പറഞ്ഞതിന്റെ താല്പര്യം. നൈയായികരുടെ പ്രസിദ്ധമായ ഒരു ഉദാഹരണം ഇവിടെ സഹായകമാകാം. ഘടഃ (കുടം) എന്ന ശബ്ദം സ്വയം കംബുഗ്രീവാദിമത്വം (ശംഖു പോലെ ഇടുങ്ങിയ കഴുത്തുള്ള പാത്രമെന്ന നില) മനസ്സിലുണ്ടാക്കുന്നതായ ഭാവത്തെ ദ്യോതിപ്പിക്കുവാൻ സമർഥമല്ലെങ്കിലും ലൗകികമായ വ്യവഹാരത്തിൽ ആ ശബ്ദം ആ വസ്തുവിന്റെ സങ്കേതമാണെന്നു കരുതി കൈകാര്യം ചെയ്തുവരാറുണ്ട്. സങ്കേതമാണ് ശബ്ദമെന്നു ധരിക്കുമ്പോൾ അതിൽ ശബ്ദം, ഭാവം, വസ്തു (അർഥം) എന്ന മൂന്നു തരം സംബന്ധം സിദ്ധിക്കുന്നു. ഭർത്തൃഹരി വാക്യപദീയത്തിൽ (3.3.1) പറയുന്നു:

> ജ്ഞാനം പ്രയോക്തുർബാഹ്യോऽർഥഃ
> സ്വരൂപം ച പ്രതീയതേ
> ശബ്ദൈരുച്ചാരിതൈസ്തേഷാം
> സംബന്ധഃ സമവസ്ഥിതഃ[67]

ശബ്ദമുച്ചരിക്കുമ്പോൾ അതിന്റെ സംബന്ധം മൂന്നു പ്രകാരമുണ്ടായിരിക്കും. ഒന്നു ജ്ഞാനം (ഭാവം), രണ്ടു് അർഥം (വസ്തു), മൂന്ന് ശബ്ദത്തിന്റെ സ്വരൂപം. ഈ മൂന്നു തരം പ്രതീതിയാണ് ഉണ്ടാവുക.

ഇങ്ങനെ ശബ്ദം, ഭാവം, അർഥം (വസ്തു) ഇവയിൽ രണ്ടു സംബന്ധം സങ്കല്പിക്കുന്നു: (1) ശബ്ദത്തിനും ഭാവത്തിനും തമ്മിലുള്ള സംബന്ധം. (2) ഭാവത്തിനും വസ്തുവിനും (അർഥത്തിനും) ഉള്ള സംബന്ധം. ഭാവത്തിനും ശബ്ദത്തിനും തമ്മിൽ ആകസ്മികമായ സംബന്ധമേ ഉള്ളൂ. എന്തു കൊണ്ടെന്നാൽ നാം പ്രയോഗിക്കുന്ന സങ്കേത (ശബ്ദ) ത്തിന്റെ ആലംബനം ആംശികമായ പ്രതിപാദ്യ (ഭാവ) മാണ്; ബാക്കി അംശം സമുദായത്തിന്റെയും മനഃശാസ്ത്രത്തിന്റെയും തത്ത്വമാകുന്നു. ഭാവത്തിനും വസ്തുവിനും (അർഥത്തിനും) തമ്മിലും

---

66 Ogden and Richards: The Meaning of Meaning ch. 1, p. 9

67 പ്രയോഗേണാഭിജ്വലിതൈഃ ശബ്ദൈരുസ്ഥിതയമവഗമ്യതേ ആത്മീയം രൂപമർഥശ്ച ഫലസാധനഃ പ്രയോക്തുരഭിപ്രായശ്ച· ന ചൈതദസതി സംബന്ധേ നിയമേന ഘടത ഇതി വാസ്തവഃ സംബന്ധസമയഃ

—ഹേലാരാജന്റെ ടീകാ.

**സംബന്ധഃ സമവസ്ഥിതഃ = സംബന്ധം സ്വഭാവേന സിദ്ധമാണ്; മനുഷ്യകൃതമല്ല—ഇതാണ് ഭർത്തൃഹരിയുടെ മതം.**

സംബന്ധമുണ്ട്. അതു ചിലപ്പോൾ മുഖ്യവും മററു ചിലപ്പോൾ ഗൗണവുമായിരിക്കും. സങ്കേത (ശബ്ദ) ത്തിനും വസ്തുവിനും (അർഥത്തിനും) തമ്മിൽ ഗൗണമായ സംബന്ധമേ ഉള്ളൂ. അതനുസരിച്ച് അർഥബോധം സാധിക്കുന്നു.

## സത്സങ്കേതവും അസത്സങ്കേതവും

ഭാവബോധം കൊടുപ്പാൻ തന്നിഷ്ടം പോലെ ഏതെങ്കിലും സങ്കേതം (ശബ്ദം) പ്രയോഗിച്ചുകൊള്ളാമെന്നല്ല ഇതിൽ നിന്നു മനസ്സിലാക്കേണ്ടതു്. ഗോവ് എന്ന ഭാവം ശാവ് എന്ന സങ്കേതം കൊണ്ടു വെളിപ്പെടുത്താനാവില്ല. അതു് സമാജവും മനഃശാസ്ത്രവും സ്വീകരിക്കയില്ല. അതിനാൽ സത്സങ്കേതം (യോഗ്യശബ്ദം) അസത്സങ്കേതം (അയോഗ്യശബ്ദം) എന്ന് ഭേദം സങ്കല്പിച്ചു. സത്സങ്കേതമെന്ന നിഷ്കർഷയാണ് മുകളിൽ ഉദ്ധരിച്ച വാക്യപദീയവചനത്തിൽ "സംബന്ധഃ സമവസ്ഥിതഃ" എന്ന പ്രയോഗത്തിൽ ധ്വനിക്കുന്നതു്. "അഗ്നിനാ സിഞ്ചതി" (തീ കൊണ്ടു നനയ്ക്കുന്നു) എന്ന ശബ്ദപ്രയോഗം അയോഗ്യസങ്കേതമാണ്. അതിനാൽ ആ പ്രയോഗത്തിൽ സമവസ്ഥിതമായ സംബന്ധമില്ല.

സങ്കേതത്തിനു് ഭാവം സമഗ്രമായി വെളിപ്പെടുത്താനാവുന്നില്ലെന്ന കാരണം ചൊല്ലി അവ തമ്മിൽ സംബന്ധമില്ലെന്നു ശഠിച്ചു കൂടാ. എല്ലാ ഭാവങ്ങളെയും വെളിപ്പെടുത്താൻ വേണ്ടത്ര ക്ഷമത സങ്കേത (ശബ്ദ) ത്തിനും ഇല്ലെന്നതു നേരാണ്[68]. നിരുക്തത്തിൽ യാസ്കൻ ഈ സിദ്ധാന്തം വിശദമാക്കുന്നുമുണ്ട്[69]. എത്ര ഭാവങ്ങളുടെ പ്രയോഗം ഉണ്ടാകുമോ അത്ര തന്നെ നാമങ്ങളും വേണമെന്നു വരുകിൽ ത്ധുണ് എന്നതിനോടു ചേർത്തു്, കുഴിയിൽ നിൽക്കുന്നതെന്നും ഉത്തരം താങ്ങുന്നതെന്നും കൂടെ പറയേണ്ടി വരും. അതു കൊണ്ടു് സങ്കേതം ഭാവത്തിൻെറ മുഖ്യമായ അംശം വെളിപ്പെടുത്തി തൃപ്തിപ്പെടുന്നു. ഇങ്ങനെ ഭാവത്തിൻെറ ഏകദേശമേ ശബ്ദത്തിനു വെളിപ്പെടുത്താൻ കഴിയൂ എന്നു വന്നു കൂടുന്നു. ഇതാണ് സങ്കേതത്തിൻെറ അപര്യാപ്തത[70].

## അഭാവാത്മകമായ ഭാവവും ശബ്ദവും

സങ്കേതം ഭാവത്തിൻെറ ഏകദേശം വെളിപ്പെടുത്തി സാർഥകമാകും പോലെ, അഭാവാത്മകമായ അർഥത്തിൻെറ ബോധമുണ്ടാകുന്ന പ്രയോഗവും ഉണ്ടല്ലോ. ശശവിഷാണം (മുയലിൻെറ കൊമ്പ്), ഖപുഷ്പം (ആകാശത്തിലെ പൂവ്), വന്ധ്യാപുത്രൻ (മലടിയുടെ മകൻ) മുതലായവ ഇല്ലാത്ത വസ്തുക്കളാണ്. എങ്കിലും അത്തരം പ്രയോഗം അർഥബോധമുണ്ടാക്കുന്നതായി കാണുന്നു. പറഞ്ഞതായ സ്ഥാനത്തു് അഭിപ്രേതമായ വസ്തുവിൻെറ സ്ഥിതി ഇല്ല; ഉണ്ടായിരുന്നില്ല; ഉണ്ടാകയുമില്ല. എന്നിട്ടും അഭാവാത്മകമായ അർഥം അർഥമാണെന്നു ധരിച്ചും ഗ്രഹിച്ചും വരുന്നുണ്ട്.

---

68 If every particular idea that we take in should have a distinct name, names must be endless.
—Locke, An Essay on Human Understanding, Book III. ch. i. p. 321

69 യാവദ്ഭിർ ഭാവൈഃ സംപ്രയുജ്യേത താവദ്ഭ്യോ നാമധേയപ്രതിലംഭഃ സ്യാത് തത്രൈവ സ്ഥൂണാ ദരശയാ വാ സഞ്ജനീ ച സ്യാത്
—നിരുക്തം 1.12

70 എന്നാൽ ആദിഭാഷ (വേദഭാഷ) യിൽ ഒരേ നാമം അനേകം ഭാവങ്ങളെ ഒന്നിച്ചു വെളിപ്പെടുത്താൻ കെൽപ്പുള്ളതാണ്. ധാതു അനേകാർഥകമാണെന്നതാണിതിനു് ഹേതു. വേദത്തിൽ അർഥസങ്കോചം തുടങ്ങിയിട്ടില്ലെന്നതാണ് ഓർത്തിരിക്കേണ്ടതായ നിയമം.

ന്യായദർശനത്തിലും വൈശേഷികദർശനത്തിലും അഭാവം ഒരു വിശേഷപദാർഥമാകുന്നു. ഘടാഭാവഃ, പടാഭാവഃ (കുടമില്ലായ്മ, മുണ്ടില്ലായ്മ) ഇത്യാദി ശബ്ദങ്ങളുടെ രൂപത്തിൽ സത്തയുണ്ടെന്നതാണ് അതത്തെ യുക്തി. അതിനാൽ കുടമില്ലാത്ത സത്തയെപ്പററി "ഘടാഭാവഃ" എന്നു വ്യവഹരിച്ചു. "ഘടപ്രതിയോഗീ ഘടാഭാവഃ" എന്നു തർക്കസംഗ്രഹത്തിൻെറ ദീപികാടീകയിൽ വ്യാഖ്യാനിക്കുന്നു. ഘടത്തിൻെറ ബോധത്തിൻെറ മറിച്ചുള്ള ബോധം അഭാവാത്മകമായ ശബ്ദത്തിൽ നിന്നു കിട്ടുന്നു. ന്യായദർശനത്തിൽ അഭാവത്തിൻെറ മഹത്ത്വത്തെപ്പററി ഇങ്ങനെ ഗൗതമൻ അരുളുന്നു: "ലക്ഷിതേഷ്വലക്ഷണലക്ഷിതത്വാത് അലക്ഷിതാനാം തത്പ്രമേയസിദ്ധിഃ" (ന്യായസൂത്രം, 2.76) ലക്ഷിതമായ പദാർഥങ്ങളിൽ ലക്ഷണത്തിലടങ്ങാത്ത കാര്യങ്ങളുണ്ടാവാം. അവയും വസ്തുവിൻെറ സമ്യഗ്ജ്ഞാനത്തിൻെറ വിഷയമാകുന്നു. ഇതിനോട് അടുപ്പമുള്ളതാണ് ബൗദ്ധരുടെ അപോഹസിദ്ധാന്തം. ഏതെങ്കിലും ശബ്ദം കൊണ്ട് ഏതെങ്കിലും പദാർഥത്തെ നിരാകരിച്ചിട്ട്, ആ വസ്തുവിൻെറ നില നേടുന്നു. ഗോ ശബ്ദം കൊണ്ട് ബൗദ്ധന്മാർ ഗോവ് അല്ലാത്ത എല്ലാററിൻെറയും നിരാകണം (അതദ്വ്യാവൃത്തത്വം) എന്ന അർഥം ഗ്രഹിക്കുന്നു. "ഉണ്ട്" എന്ന ബോധമുള്ളപ്പോഴം "ഇല്ല" എന്ന ബോധം അതിൽ നിന്നു തന്നെ, വിപരീതബോധം വഴിക്ക്, സിദ്ധിക്കുന്നു. ബ്രഹ്മത്തെപ്പററി ഉപനിഷത്കാരന്മാർ നേതി നേതി (അങ്ങനെയല്ല, ഇങ്ങനെയല്ല, അതല്ല, ഇതല്ല) എന്നിപ്രകാരം കേവലം നിഷേധപ്രയോഗം (അഭാവാത്മകമായ സങ്കേതം) വഴിക്ക് നിശ്ചിതബോധമുണ്ടാക്കുന്നുണ്ടെന്നതു് ഇവിടെ എടുത്തു കാണിക്കാവുന്ന ആദിമദൃഷ്ടാന്തമാണ്[71].

## നിഷ്കർഷം ശബ്ദാർഥസംബന്ധനിരാസമല്ല

ശബ്ദത്തിൻെറയും അർഥത്തിൻെറയും സംബന്ധത്തിൻെറ പ്രകാരഭേദത്തെപ്പററി എന്തൊക്കെ മതവൈഭിന്യമുണ്ടായിരുന്നാലും, ഒരു തരമല്ലെങ്കിൽ മറെറാരു തരം സംബന്ധം സമ്മതിക്കേണ്ടിവരുന്നു. ഭർത്തൃഹരി സങ്കേതവാദികളെ ഉദ്ദേശിച്ച് എഴുതുന്നു (വാക്യപദീയം. 3) :

> നിത്യേഃനിത്യേഃപി ബാഹ്യേഃർഥേ
> പുരുഷേണ കഥഞ്ചന
> സംബന്ധോഃ കൃതസംബന്ധഃ
> ശബ്ദൈഃ കർത്തും ന ശക്യതേ

ബാഹ്യമായ അർഥം നിത്യം (ജാതി) ആയാലും അനിത്യം (വ്യക്തി) ആയാലും ശബ്ദത്തിനും അർഥത്തിനും തമ്മിൽ മുമ്പിനാലെ തന്നെ സംബന്ധമുണ്ടായിരുന്നാൽ മാത്രമേ സങ്കേതസംബന്ധം സ്ഥാപിക്കാൻ പററുകയുള്ളു. ഭർത്തൃഹരിയുടെ ഈ സിദ്ധാന്തം അർഥവിജ്ഞാനത്തിൻെറ ശുദ്ധമായ പ്രക്രിയയാണ്. ഹേലാരാജൻ ഇങ്ങനെ ഈ മതം സ്ഫുടമാക്കുന്നു: സങ്കേതവാദത്തിൻെറ മൂലം കണ്ടെത്തുമ്പോഴം ഏതെങ്കിലും ശബ്ദത്തിൻെറ സ്വാഭാവികമായ യോഗ്യത അംഗീകരിക്കുവാൻ നാം വിവശരാകുമെന്നു തീർച്ചയാണ്. ശബ്ദത്തിൻെറയും അർഥത്തിൻെറയും സംബന്ധം കാലേ കൂട്ടി അറിഞ്ഞിരുന്നാലല്ലാതെ സങ്കേതം

---

71 . . Without negation, none of the contrasts could be defined, there would be no clearness with regard to values, no knowledge of heaven or hell, good or evil.
—Royce: Article 'Negation' in the Encyclopaedia of Religion and Ethics.

കാണിപ്പാൻ കഴിയുകയില്ല. ശബ്ദത്തിൻെറയും അർത്ഥത്തിൻെറയും സഹജമായ സംബന്ധം സ്വീകരിക്കുകയും അറിയുകയും ചെയ്യാതെ, സങ്കേതം തുടങ്ങാൻ പോലും കഴിയുകയില്ലെന്നു ഹേലാരാജൻ പറയുന്നു.

ശബ്ദമോ അർത്ഥമോ സ്വതന്ത്രസത്തയല്ല. ഓരോന്നിനും സ്വയംപര്യാപ്തമായ അസ്തിത്വമില്ല. അവ അന്യോന്യാശ്രിതമാണ്. ഈ സത്യം സംശയച്ഛേദകമായി ഗ്രഹിക്കുവാൻ ഭാഷാവിഷയകമായ പ്രതിപാദനത്തിൻെറയും ഭാഷക്ക് ആലംബമായ സാംസ്കാരികാനുസന്ധാനത്തിൻെറയും സാക്ഷാത്തായ അനുഭവം മതിയാകുമെന്ന് വിഖ്യാതനായ നരവംശശാസ്ത്രജ്ഞൻ മാലിനോവ്സ്കി പ്രഖ്യാപിച്ചിട്ടുണ്ട്[72]. ആധുനിക വിദ്വാന്മാരായ ഹെർമൻ പോൾ, സയ്സ്, ബർട്രണ്ട് റസ്സൽ, ഓഗ്ഡെനും റിച്ചാർഡ്സും, മററു പലരും താന്താങ്ങളുടെ ഏതദ്വിഷയകമായ അഭിപ്രായം വിശദമാക്കിയിട്ടുണ്ട്. ശബ്ദം അർത്ഥത്തിൻെറ സങ്കേതമാണെന്നു ഓഗ്ഡെനും റിച്ചാർഡ്സും പറയുന്നു. ശബ്ദത്തിനു അർത്ഥമുണ്ടെന്ന പഴയ ധാരണ തെററാണെന്നും പരമാർത്ഥത്തിൽ ശബ്ദത്തിന് ഒരർത്ഥവും ഇല്ലെന്നും അവർ പറയുന്നു. ഏതെങ്കിലും അർത്ഥത്തിൻെറ ബോധമുണ്ടാക്കുവാനായി ചിന്തകരിൽ ആരെങ്കിലും ശബ്ദം പ്രയോഗിക്കുമ്പോൾ മാത്രമേ അതിന് അർത്ഥമുണ്ടാകുന്നുള്ളു. ശബ്ദം അർത്ഥജ്ഞാനത്തിനുള്ള സാധനമാണെന്ന നിലക്ക്, അതിന് അർത്ഥമുണ്ടെന്നു വേണമെങ്കിൽ സമ്മതിക്കാം. വിചാരത്തിനും വസ്തുവിനും തമ്മിൽ സംബന്ധമുണ്ട്. ആ സംബന്ധം സാക്ഷാത്തായോ അസാക്ഷാത്തായോ വരാം. എന്നാൽ ശബ്ദത്തിനും വസ്തുവിനും തമ്മിൽ സാക്ഷാൽ സംബന്ധമില്ല—ഉള്ള സംബന്ധം അസാക്ഷാത്താണ്. എന്തു കൊണ്ടെന്നാൽ, അതു് ആരാനും പ്രയോഗിക്കുന്നതു് ഏതെങ്കിലും അർത്ഥത്തിൻെറ ബോധമുണ്ടാക്കുവാൻ വേണ്ടിയാണ്. അതിനാൽ ഈ സംബന്ധം സാങ്കേതികമാണ്—സിംബോളിക്കാണ്. ഇതോടൊന്നിച്ച് ഓഗ്ഡെനും റിച്ചാർഡ്സും എഴുതുന്നു: "ഈ ശബ്ദത്തിൻെറ അർത്ഥം ഇങ്ങനെയാണു് എന്നു് പറയുമ്പോൾ ശബ്ദത്തിനും അർത്ഥത്തിനും സ്വാഭാവികമായ സംബന്ധമുണ്ടെന്ന ഭാവമാണു് വെളിപ്പെടുന്നതു്"[73]. ഈ സമ്മതം "വദതോവ്യാഘാത"മാകുന്നില്ലയോ?

## 6. അർത്ഥബോധത്തിൻെറ സാധനവും പ്രക്രിയയും

ശബ്ദത്തെയും അർത്ഥത്തെയും ഇവയുടെ സംബന്ധത്തെയും പററി സാമാന്യമായി പ്രതിപാദിച്ചതിൽ നിന്നു് ശബ്ദം അർത്ഥബോധത്തിനുള്ള സാധനമാ

---

72 For the clear realization of the intimate connection between linguistic interpretation and the analysis of the cultures to which the language belongs shows convincingly that neither a word nor its meaning has an independent and self-sufficient existence.
—Bronislaw Malinowski, quoted in The Meaning of Meaning by Ogden & Richards, pp. 308—9

73 Ogden and Richards: The Meaning of Meaning. pp. 9—12
തുലനം ചെയ്യുക:
'അയമസ്യ പദസ്യാർത്ഥഃ' ഇതി കേചിത് സ തേന വാ
യോഽർത്ഥഃ പ്രതീയതേ സ തസ്യാർത്ഥഃ ഇതി സ്മൃതിഃ
—ജയന്തൻെറ ന്യായമഞ്ജരി

ണെന്ന് മനസ്സിലായിരിക്കുമല്ലോ ശബ്ദം സ്വപ്രകൃത്യാ തന്നെ അർത്ഥം ബോധിപ്പിക്കുന്നു എന്നു പറയുമ്പോൾ അർത്ഥബോധയോഗ്യമായ ശബ്ദം എങ്ങനെ ഇരിക്കും എന്ന് അറിയേണ്ടിയിരിക്കുന്നു. വർണ്ണം, പദം, വാക്യം എന്ന ഭാഷാരൂപങ്ങളിൽ ഏതാണ് അർത്ഥബോധയോഗ്യം ? മൂന്നും അർത്ഥമുള്ളതാണോ ? പ്രാചീനരായ ഭാരതീയഭാഷാശാസ്ത്രജ്ഞന്മാർ വർണ്ണസമൂഹമാണ് ശബ്ദമെന്നും ശബ്ദം അർത്ഥബോധകമാണെന്നും കരുതുന്നു. വർണ്ണം അർത്ഥമുള്ളതാണെന്നു മഹാഭാഷ്യകാരൻ (മഹാഭാഷ്യം, 1. 1.2) പറയുന്നു. "അർത്ഥവന്തോ വർണാഃ"= വർണ്ണങ്ങൾ അർത്ഥവത്താണ്. ഉദാഹരണത്തിന് കൂപം, യൂപം, സൂപം എന്ന പദങ്ങളെടുക്കാം. കൂ, യൂ, സൂ എന്ന മൂന്നു വർണ്ണങ്ങൾ "പ" കാരത്തിനു മുമ്പുള്ളപ്പോൾ വേറെ വേറെ മൂന്നർത്ഥം കിട്ടുന്നു. അതിനാൽ കൂപമെന്ന അർത്ഥം "ക" കാരത്തിലും യൂപമെന്ന അർത്ഥം"യ"കാരത്തിലും സൂപമെന്ന അർത്ഥം "സ"കാരത്തിലും സ്ഥിതമാണ്. പതഞ്ജലി എഴുതുന്നു: "വർണവ്യത്യയേ ച അർത്ഥാന്തരഗമനാന്മന്യാമഹേ അർത്ഥവന്തോ വർണാ ഇതി." വർണ്ണത്തിന്റെ മാററം ഉദ്ധരിച്ച മൂന്നു പദത്തിന്റെയും അർത്ഥത്തിൽ മാററം വരുത്തുന്നതിനാൽ വർണ്ണങ്ങൾ അർത്ഥമുള്ളവയാണെന്നു നാം കരുതുന്നു. ഈ വിഷയം അർവാചീനരായ ഭാഷാശാസ്ത്രജ്ഞന്മാരുടെ സ്വനിമ (ഫൊണീം) സിദ്ധാന്തത്തോട് സാദൃശ്യമുള്ളതാണ്.

## ശബ്ദത്തിന്റെ വാക്യരൂപത്വം

**അർത്ഥത്തിന്റെ സങ്കേതമാണ് ശബ്ദമെന്നു പറയുമ്പോൾ അർത്ഥബോധത്തിനുള്ള സാധനം ശബ്ദമാണെന്നു സ്പഷ്ടമാണല്ലോ. വർണ്ണം അർത്ഥയുക്തമാണെന്ന ആനുഷംഗികവിചാരം, അതു ശബ്ദമാണെന്ന സാമാന്യസിദ്ധാന്തത്തിനു പോഷകമായാലും അല്ലെങ്കിലും, മതിയാക്കിയിട്ട് അർത്ഥവിജ്ഞാനത്തിൽ ഏറെ** മഹത്വമുള്ളതാണെന്ന് കരുതിപ്പോരുന്ന പ്രശ്നത്തിന് സമാധാനം പറയാം. ശബ്ദം അതിന്റെ കേവലാവസ്ഥയിലാണോ അഥവാ വാക്യത്തിൽ അന്വിതമായി നിന്നുകൊണ്ടാണോ അർത്ഥപ്രത്യായകമാകുന്നതെന്നതാണ് പ്രശ്നം. ഇതിന് അത്യന്തം താത്ത്വികവും ഗംഭീരവുമായ സമാധാനമാണ് ഭർത്തൃഹരി നൽകുന്നത്. ശബ്ദം സ്വതന്ത്രമായ ഒരു കേവലസത്തയല്ല. അത് അർത്ഥപ്രതീതി തരുന്ന അഖണ്ഡ (വാക്യ) സത്തയാണ്. നാം ഒരു പദം ഉടച്ച് പ്രകൃതിപ്രത്യയങ്ങളെ വേറെ ആക്കി വ്യുത്പത്തി സാധിക്കും പോലെ, വാക്യമാകുന്ന ശബ്ദത്തിൽ നിന്ന് നാമം, ക്രിയ മുതലായവയെ അടർത്തിയെടുത്ത് വേർതിരിച്ച് ഓരോന്നിനും പദമെന്നു പേരിടുന്നു എന്നല്ലാതെ വേറെ ഒരു അർത്ഥവും ഖണ്ഡശബ്ദമായ പദത്തിന് ഇല്ല[74]. വ്യാവഹാരികദൃഷ്ട്യാ ശബ്ദം രണ്ടു തരമുണ്ട്: പദവും വാക്യവും[75].

അർത്ഥത്തിന്റെ സങ്കേതമാണ് ശബ്ദമെന്ന നിർവചനത്തിൽ നിന്ന് സിദ്ധിക്കുന്നതു്, അർത്ഥബോധമുണ്ടാക്കിയാലേ അതു ശബ്ദമാകയുള്ളു എന്നാണല്ലോ. ശബ്ദത്തിന് വാക്യമെന്നു പേരിട്ടതു് ഈ അർത്ഥത്തിലാണ്. ഇവിടെ ഭർത്തൃഹരി മനഃശാസ്ത്രത്തെ ആശ്രയിക്കുന്നു. വക്താവിന്റെ മനസ്സിൽ ഉദിക്കുന്ന ഭാവം പൂർണ്ണരൂപേണ സാർത്ഥകമാകണമെങ്കിൽ അതു് മനസാ ഉച്ചരിക്കുന്ന വാക്യമായിരുന്നേ

---

74 ദ്വിധാ കൈശ്ചിത് പദം ഭിന്നം
ചതുർത്ഥം പഞ്ചധാപി വാ
അപോദ്ധൃത്യൈവ വാക്യേഭ്യഃ
പ്രകൃതിപ്രത്യയാദിവത്

—വാക്യപദീയം 3-1

75 ദ്വിവിധോ ഹി ശബ്ദഃ പദവാക്യഭേദാത്

—വ്യക്തിവിവേകം-1

KOTTAYAM PUB... KOTTAYAM

തീരൂ. വ്യാകരണമഹാഭാഷ്യത്തിൽ പതഞ്ജലി ഈ സിദ്ധാന്തം ഇങ്ങനെ വിശദമാക്കുന്നുമുണ്ട്[76]. ''ഛന്ദോƒധീതേ'' (വേദം പഠിക്കുന്നു) എന്നതു് ''ശ്രോത്രിയഃ ഛന്ദോƒധീതേ'' (ഓതിക്കോൻ വേദമോതുന്നു) എന്നതിനു പകരം പ്രയുക്തമാണു്. എല്ലാ പദത്തിലും വാക്യത്തിന്റെ അർഥം നിഹിതമാണു്. വൃക്ഷം എന്നു പറഞ്ഞാൽ വൃക്ഷമുണ്ടു് എന്നാണർഥം[77]. ''ശബ്ദശക്തിപ്രകാശിക''യിൽ ജഗദീശൻ ഈ മതം വിവരിക്കുന്നു: വാക്യരൂപത്തിൽ പ്രകൃതിപ്രത്യയങ്ങൾ പ്രയുക്തമാകയും ബോധവിഷയമാകയും ചെയ്യുമ്പോൾ ശബ്ദബോധം കിട്ടുന്നു. നിരാകാംക്ഷമായ ശബ്ദത്തിന്റെ ബോധം കൊണ്ടു മാത്രം അർഥജ്ഞാനം സിദ്ധിക്കുന്നില്ല[78].

വാക്യമാണു് അർഥബോധകമെന്നു് പാശ്ചാത്യഭാഷാശാസ്ത്രജ്ഞന്മാർ മാത്രമല്ല, താർക്കികന്മാരും ദാർശനികന്മാരും കരുതുന്നു. കേവലമായ ശബ്ദം കോശകാരന്മാർക്കു പ്രയോജനപ്പെട്ടമെന്നല്ലാതെ അർഥപ്രത്യായകമാകയില്ല. വെറും ''പുസ്തകം'' എന്നു ഞാൻ പറഞ്ഞാൽ ''പുസ്തകം കൊണ്ടുവരൂ'', ''പുസ്തകം ഉണ്ടു്'', ''പുസ്തകം തരൂ''മുതലായ കഥനത്തിൽ വ്യക്തമാകുന്ന അർഥബോധമുണ്ടാകയില്ല. അതു കൊണ്ടു് ''പുസ്തകം'' എന്ന തനി ശബ്ദത്തിനു് ഒരു അർഥവുമില്ല; വാക്യത്തിലായാലേ അതിന്റെ അഭിധേയാർഥം സിദ്ധിക്കൂ. ''പുസ്തക''മെന്ന കേവലശബ്ദം ''ഇതു പുസ്തകമാണു്'' എന്ന അർഥം മനസാ സങ്കല്പിച്ചിട്ടു് അതിനു പകരം പ്രയുക്തമാണെന്നു ശ്രോതാവിനു് അറിവുള്ളതിനാൽ, ''ഇതു പുസ്തകമാണു്'' എന്ന വാക്യാർഥമാണു് ഗ്രഹിപ്പിക്കുന്നതു്. ശബ്ദത്തിനു് അതിന്റേതായ സത്തയില്ലെന്നും ഉള്ളതു് വാക്യം മാത്രമാണെന്നും ഭാവവിനിമയത്തിനു് നാം വാക്യമാണു് പ്രയോഗിക്കാറുള്ളതെന്നും പാശ്ചാത്യവിദ്വാന്മാർ പറയുന്നു. പാശ്ചാത്യരായ ഭാഷാതത്ത്വഗവേഷകന്മാർ ഈ പുതിയ സിദ്ധാന്തത്തെ ആധാരമാക്കി ധ്വനിവിഷയകമായ അധ്യയനം ആരംഭിച്ചിരിക്കയാണു്. അഖണ്ഡവാക്യരൂപമാണു് ഭാഷ എന്നതാണു് ഈ നവീനമതം. ഈ പുതിയ പദ്ധതിയനുസരിച്ചു് ധ്വനികളുടെ അധ്യയനം വാക്യത്തിന്റെ അഖണ്ഡവും സന്ധ്യാത്മകവുമായ രൂപത്തെ ആധാരമാക്കുന്നു. പഴയ ധ്വനിശാസ്ത്രമാകട്ടെ ശബ്ദങ്ങളുടെ വ്യസ്തതയെ ആസ്പദിച്ച അധ്യയനമാണു് ശാസിക്കുന്നതു്. ആസ്ട്രിയക്കാരനായ വിത്ഗൻസ്റ്റീൻ ഈ അധ്യയനപ്രകാരത്തിന്റെ പ്രമുഖവക്താവെന്ന നിലയ്ക്കു് എഴുതുന്നു: ''കഥനം തന്നെയും ഭാവാനചിതമാകുന്നു. കഥനത്തിന്റെ പ്രകരണത്തിൽ മാത്രമേ അർഥത്തിന്റെ അഭിധാനം നടക്കാറുള്ളൂ. ഭാവത്തെ വഹിച്ചു കൊണ്ടിരിക്കുന്ന കഥനത്തിന്റെ ഓരോ അംശത്തിനും അഭിവ്യക്തി (സങ്കേതം) എന്നു ഞാൻ പേരിടുന്നു. (കഥനം സ്വയം അഭിവ്യക്തിയാകുന്നു)''[79].

## വാക്യലക്ഷണം

ശബ്ദം സമൂഹരൂപേണ, അതായതു് വാക്യമായിട്ടു്, അർഥബോധമുണ്ടാക്കുന്ന

---

76 മഹാഭാഷ്യം 1. 1. 44
യോഗദർശനം വ്യാസഭാഷ്യം (3. 17) കൂടി നോക്കുക

77 സർവപദേഷു ചാസ്തി വാക്യശക്തിഃ, വൃക്ഷ ഇത്യുക്തേ അസ്തീതി ഗമ്യതേ
—യോഗസൂത്രം 3. 17. വ്യാസഭാഷ്യം

78 വാക്യഭാവമവാപ്തസ്യ
സാർഥകസ്യാവബോധതഃ
സംപദ്യതേ ശബ്ദബോധോ
ന തന്മാത്രസ്യ ബോധതഃ —ശബ്ദശക്തിപ്രകാശിക. 12

79 Witigenstien: Logische-Philosophische Abhandlung, p. 50

എന്നു പറയുമ്പോൾ വാക്യമെന്തെന്ന പ്രശ്നം ഉദിക്കുന്നു. കാത്യായനനും പതഞ്ജലിയും പ്രാചീനരായ ആചാര്യന്മാരുടെ വേറെ വേറെ എട്ടു വാക്യലക്ഷണം ഉദ്ധരിച്ചിട്ട്, വാക്യത്തിനു നാലു ലക്ഷണം നിർദേശിക്കുന്നു[80]. (1) ആഖ്യാതം സാവ്യയകാരകവിശേഷണം വാക്യം. വാക്യത്തിൽ ക്രിയ ഉണ്ടായിരിക്കണം. അതോടു കൂടെ അവ്യയം, കാരകം, വിശേഷണം ഇവയിൽ ഏതെങ്കിലുമൊന്നോ എല്ലാമോ ഉണ്ടായിരിക്കാം. "ഉച്ചൈഃ പഠതി" (ഉച്ചത്തിൽ വായിക്കുന്നു). ഇതു് ഒരു വാക്യമാണു്. ഇതിൽ ക്രിയ (പഠതി) ഉണ്ടു്; അവ്യയവും (ഉച്ചൈഃ) ഉണ്ടു്. "ഓദനം പചതി" (അരി വേവിക്കുന്നു). ഈ വാക്യത്തിൽ ഒരു ക്രിയയും (പചതി) ഒരു കർമവും (ഓദനം) ഉണ്ടു്. "ഓദനം മൃദു വിശദം പചതി" (അരി മൃദുവായും സ്വച്ഛതയോടും വേവിക്കുന്നു). ഈ വാക്യത്തിൽ ക്രിയയും കാരകവും അവ്യയവും വിശേഷണവുമുണ്ടു്. (2) സക്രിയാവിശേഷണം ച (മുകളിൽ കൊടുത്ത ലക്ഷണത്തിൽ ക്രിയാവിശേഷണവും ചേർക്കുക.) "സുഷ്ഠു പചതി" (നല്ലവണ്ണം വേവിക്കുന്നു). ഇവിടെ സുഷ്ഠു ക്രിയാവിശേഷണമാകുന്നു. (3) "ആഖ്യാതം സവിശേഷണം" (പറഞ്ഞ ലക്ഷണം ചുരുക്കി ക്രിയയാണു് വാക്യമെന്നാക്കിയിട്ടു് അതിനോടു് ഏതെങ്കിലും വിശേഷണം ചേർക്കുക. പറഞ്ഞതായ അവ്യയവും കാരകവും വിശേഷണവും എല്ലാം ക്രിയയുടെ വിശേഷണമാണു്. കൈയടന്റെ വ്യാഖ്യാനമനുസരിച്ചു് ഇവിടെ ആഖ്യാതശബ്ദത്തിന്റെ അർഥം ക്രിയാപ്രധാനമാകുന്നു. അതു കൊണ്ടു് തിങന്തത്തിനു പകരം ക്രിയാപ്രധാനമായ കൃദന്തക്രിയ പ്രയോഗിക്കുമ്പോൾ വാക്യമാകും. "ദേവദത്തേന ശയിതവ്യം" (ദേവദത്തനു് ഉറങ്ങുകയാണു് വേണ്ടതു്). ഇവിടെ ക്രിയ കൃദന്തമാണു്. ഇതും വാക്യം തന്നെ. (4) ഏകതിങ് (ഒരു തിങന്തക്രിയ വാക്യമാണു്) "ബ്രൂഹി, ബ്രൂഹി" (പറയൂ, പറയൂ). ഇവിടെ ഏകശബ്ദം ഒന്നു് എന്ന അർഥത്തിൽ പ്രയുക്തമല്ലെന്നു കൈയടൻ വിശദമാക്കുന്നു. സമാന (സദൃശ) മെന്നതാണു് ഏകശബ്ദത്തിന്റെ അർഥം. ഈ ലക്ഷണത്തിൽ ബഹുവ്രീഹിസമാസമാണു് കൈയടൻ കാണുന്നതു്. അപ്പോൾ ഏകാർഥമായ തിങന്തപദം ഏതു സമുദായത്തിലുണ്ടോ അതു വാക്യമാണെന്നു സിദ്ധിക്കുന്നു.

വാക്യത്തിൽ ക്രിയ കൂടിയേ തീരൂ എന്നാണു് ഈ ലക്ഷണങ്ങളുടെ സാരം. അരിസ്റ്റോട്ടലെസിന്റെ മതത്തിൽ വാക്യത്തിൽ ക്രിയ ഒഴിച്ചു കൂടാത്തതാണെന്നു് നിർബന്ധമില്ല."എല്ലാ വാക്യത്തിലും നാമമോ ക്രിയയോ കൂടിയേ തീരൂ എന്നില്ല. ക്രിയ ഇല്ലാതെയും പ്രയോജനം സിദ്ധിക്കാം. "മനുഷ്യന്റെ ലക്ഷണം" എന്ന വാക്യം ഇതിനു ദൃഷ്ടാന്തമാണു്"[81]. "മനുഷ്യൻ ജ്ഞാനവാൻ" എന്ന ലക്ഷണവാ

---

80 മഹാഭാഷ്യം 2. 1. 1.

81 കാവ്യകലയെപ്പററി (വേദബന്ധു 1967) p. 38

82 മിഥഃ സാകാംക്ഷശബ്ദസ്യ വ്യൂഹോ വാക്യം.

—ശബ്ദശക്തിപ്രകാശിക 13

83 ആഖ്യാതശബ്ദസംഘാതേ
ജാതിഃ സംഘാതവർത്തിനീ
ഏകോ ഽനവയവഃ ശബ്ദ:
ക്രമോ ബുധ്യനുസംഹൃതി:
പദമാദ്യം പൃഥക്‌സർവ-
പദം സാകാംക്ഷമിത്യപി
വാക്യം പ്രതി മതിർഭിന്നാ
ബഹുധാ ന്യായവാദിനാം

—വാക്യപദീയം 2.1—2

കൃത്തിൽ ക്രിയ ഇല്ലെന്നതാണ് അരിസ്റ്റോട്ടലിസിന്റെ വിവക്ഷ. ജഗദീശന്റെ ശബ്ദശക്തിപ്രകാശികയിൽ ആകാംക്ഷായുക്തമായ ശബ്ദസമുദായമാണ് വാക്യമെന്നു നിർവചിക്കുന്നു[82]. വാക്യപദീയത്തിൽ വാക്യത്തെയും വാക്യാർത്ഥത്തെയും പററി എട്ടു നിർവചനങ്ങൾ വിസ്തരിച്ചു നിരൂപിക്കുന്നു[83]. ഇവയാണ് വാക്യവിഷയകമായ പ്രാചീനമതം. (1) ക്രിയാത്മകമായ ശബ്ദം വാക്യമാണ്. (2) ക്രിയയും അതോടൊന്നിച്ച് കാരകം മുതലായവയുടെ സമൂഹവും വാക്യമാകുന്നു. (3) ക്രിയയും കാരകാദിസമൂഹത്തിലിരിക്കുന്ന ജാതിയും (അഖണ്ഡവും നിത്യവുമായ അംശം) വാക്യമാണ്. (4) ക്രിയ മുതലായവയുടെ ഒററ അഖണ്ഡ (നിത്യ) മായ സമൂഹശബ്ദം (സ്ഫോടം) വാക്യമാകുന്നു. (5) ക്രിയ മുതലായവയുടെ വിശേഷമായ ക്രമം വാക്യമാകുന്നു. (6) ക്രിയ മുതലായവയുടെ അഖണ്ഡനീയമായ ബുദ്ധിഗതസമന്വയം വാക്യമാകുന്നു. (7) ആകാംക്ഷായുക്തമായ ആദ്യത്തെ പദശബ്ദം വാക്യമാകുന്നു. (8) ആകാംക്ഷായുക്തമായ വേറെ വേറെ പദങ്ങളുടെ പേരാണ് വാക്യം. ഈ ലക്ഷണങ്ങളെപ്പററി അത്യന്തം വിജ്ഞാനപ്രദമായ പ്രതിപാദനം വാക്യപദീയത്തിന്റെ രണ്ടാം കാണ്ഡത്തിലുണ്ട്.

## വാക്യാർത്ഥവും പദാർത്ഥവും

യോഗ്യത, ആകാംക്ഷ, ആസത്തി ഇതു മൂന്നും വാക്യത്തിന്റെ അർത്ഥബോധത്തിനുള്ള സാധനമാകുന്നു[84]. യോഗ്യത=പദാർത്ഥങ്ങളുടെ പരസ്പര സംബന്ധത്തിൽ തടസ്സം ഇല്ലാതിരിക്കുക. വെറും പദങ്ങളുടെ ചേർച്ചയാണ് വാക്യമെന്നു വരുകിൽ, അവയുടെ അർത്ഥം തമ്മിൽ പൊരുത്തമില്ലാത്ത നിലയിലും പദസമൂഹം വാക്യമാണെന്നു വന്നു കൂടും. ‘‘അഗ്നിനാ സിഞ്ചതി’’ (തീ കൊണ്ടു നനയ്ക്കുന്നു) എന്ന രണ്ടു പദങ്ങളുടെ സമുദായത്തിൽ അഗ്നി എന്ന പദത്തിന്റെയും സിഞ്ചതി എന്ന പദത്തിന്റെയും അർത്ഥം ഒരു തരത്തിലും ചേരുവാൻ യോഗ്യത ഇല്ലാത്തതാണ്. അതിനാൽ അത്തരം പദസംഘാതം വാക്യമല്ല. ആകാംക്ഷ =പദങ്ങൾ തമ്മിൽ ചേർന്ന് അർത്ഥം വെളിപ്പെടുത്തണമെന്ന് സ്വയം അവയ്ക്കു തന്നെ ഇച്ഛ ഉണ്ടായിരിക്കുക. ശ്രോതാവിന്റെ ജിജ്ഞാസ ശമിപ്പിക്കയാണ് ആകാംക്ഷ. അശ്വം, ഗോവ്, പുരുഷൻ മുതലായ ശബ്ദങ്ങൾ മാത്രം കേവലാവസ്ഥയിൽ ശ്രോതാവിന്റെ ജിജ്ഞാസ ശാന്തമാക്കുവാൻ പോരാ. എന്തുകൊണ്ടെന്നാൽ ഈ ശബ്ദങ്ങൾ തമ്മിൽ ഒരു അർത്ഥം വെളിപ്പെടുത്തണമെന്ന ആകാംക്ഷയില്ല. അതിനാൽ അതൊന്നും വാക്യമല്ല. ആസത്തി=ശബ്ദങ്ങൾക്കും അർത്ഥങ്ങൾക്കുമിടയ്ക്കു വ്യവധാനമില്ലാത്ത നില. പദാർത്ഥത്തിന്റെ ഉപസ്ഥിതിയിൽ തടസ്സമില്ലാതിരിക്കുക എന്ന് നിഷ്കർഷിക്കാതിരുന്നാൽ ‘‘രാമൻ’’ എന്ന് ഉച്ചരിച്ചതിൽ പിന്നെ ഒരു ദിവസം കഴിഞ്ഞ് ‘‘പോകുന്നു’’ എന്നു പറഞ്ഞാൽ അതും വാക്യമായിത്തീരും.ഇവയിൽ ആകാംക്ഷയും യോഗ്യതയും അർത്ഥത്തിന്റെ ധർമ്മമാകുന്നു. ഗൗണരൂപേണ ഇവ പദസമൂഹത്തിന്റെ ധർമ്മമാണെന്നു പറയാം. ഈ മൂന്നു ഗുണവുമുള്ള പദസമൂഹം വാക്യവും ഈ മൂന്നു ഗുണവുമുള്ള വാക്യങ്ങളുടെ സമൂഹം മഹാവാക്യവുമാകുന്നു. അനേകം വാക്യങ്ങൾ ചേർന്നു മഹാവാക്യമുണ്ടാകുന്നു. ഒരു ശ്ലോകം വാക്യവും രാമായണം, മഹാഭാരതം, രഘുവംശം മുതലായ പുസ്തകങ്ങൾ മഹാവാക്യവുമാണ്.

അർത്ഥം സഫലമായും ചേരുംപോലെയും സമാപ്തമാകുന്നത് ഏതു പദസമൂഹത്തിലാണോ അതാണ് വാക്യം[85]. പദങ്ങളുടെ രൂപവും അർത്ഥവും വാക്യ

---

[84] വാക്യം സ്യാദ് യോഗ്യതാകാംക്ഷാസത്തിയുക്തഃ പദോച്ചയഃ
—സാഹിത്യദർപ്പണം 2 - 1

[85] പദസമൂഹോ വാക്യമർത്ഥപരിസമാപ്തൗ —നാഗേശൻ - മഞ്ജൂഷ

ത്തിൻെറ അർഥം വഴിക്കേ അറിയുകയുള്ളൂ[86]. അന്യഥാ അനേകം അർഥമുള്ള ഒരേ പദത്തിൻെറ അർഥം നിർണയിക്കുക സാധ്യമല്ല. പദത്തിൻെറ വ്യത്പത്തി വാക്യത്തിലെ അതിൻെറ സ്ഥിതിയിൽ മാത്രമേ സാധുവാകയുള്ളൂ[87]. അതു കൊണ്ടാണ് യാസ്കൻ "നൈകപദാനി നിർബ്രൂയാത്" (തനിച്ചിരിക്കുന്ന പദങ്ങൾക്കു നിർവചനം കൊടുത്തു കൂടാ) എന്നു ശാസിച്ചതു്. പല വിദ്വാന്മാരും ഭാഷയുടെ മൂലം ധാതുവാണെന്നു പറയാറുണ്ട്. ഇതു ശരിയല്ല. ഭാഷയുടെ ആദിമൂലം വാക്യമാണെന്നതാണ് ഭാരതീയാചാര്യന്മാരുടെ പ്രാചീനസിദ്ധാന്തം. ഋക് പ്രാതിശാഖ്യത്തിൽ വാക്യത്തിനു് സംഹിത എന്ന സംജ്ഞ പ്രയോഗിച്ചിരിക്കുന്നു. ഈ അർഥത്തിൽ യാസ്കനും പാണിനിയും സംഹിതാശബ്ദം പ്രയോഗിച്ചിട്ടുണ്ട്. "പരഃ സന്നികർഷഃ സംഹിതാ" (പാണിനി, 1.4.109) അത്യന്തമായ അവ്യവധാനം (സാമീപ്യം) സംഹിത (വാക്യം) ആകുന്നു. "പദപ്രകൃതിഃ സംഹിതാ" (ഋക്പ്രാതിശാഖ്യം, 2-1) പദങ്ങളുടെ മൂലം (പദാനാം പ്രകൃതിഃ) സംഹിത (വാക്യം) ആകുന്നു. ഈ രണ്ടു സൂത്രങ്ങളും നിരുക്തത്തിൽ (1.7) കാണുന്നുണ്ട്. ദുർഗാചാര്യൻ ഇതിന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു: ഒന്നാമതു് മന്ത്രദ്രഷ്ടാക്കളായ ഋഷികൾക്കു് മന്ത്രത്തിൻെറ ബോധം സംഹിത (വാക്യ) രൂപേണ കിട്ടുന്നു; പദരൂപേണ (ശബ്ദങ്ങളായിട്ട്) കിട്ടുന്നില്ല. അതിനാൽ ബ്രാഹ്മണരും അധ്യേതാക്കളും സംഹിതാരൂപത്തിൽ വേദം പഠിക്കുന്നു. യജ്ഞത്തിൽ വിനിയോഗിക്കുന്നതും മന്ത്രമാണ്—പദമല്ല[88]. ഭർത്തൃഹരി ഈ അർഥം സമർഥിക്കുന്നുമുണ്ട്[89].

ശബ്ദസംഘാതമാണ് വാക്യമെന്നതു കൊണ്ട്—വാക്യസ്ഥമായ ശബ്ദത്തിനു മാത്രമേ അർഥമുള്ളൂ എന്നു പറയുന്നതു കൊണ്ട്—ശബ്ദം സർവഥാ നിരർഥകമാണെന്നു സിദ്ധാന്തിക്കുന്നു എന്നു ധരിക്കരുതു്. വാക്യത്തിന്റെ ഏകാംശമായ ശബ്ദത്തിനും അർഥമുണ്ട്; അന്യഥാ, അതു വാക്യത്തിൽ പ്രയോഗിക്കുമ്പോൾ അർഥജ്ഞാനം ആകസ്മികമായി എവിടെ നിന്നു്, എങ്ങനെ ഉണ്ടാകുമെന്നു ആക്ഷേപിക്കാവുന്നതാണ്. വാക്യത്തിൽ പ്രയുക്തമായ ശബ്ദത്തിൻെറ അർഥമേ നിർണയിക്കാനാവൂ എന്നതാണ് വാക്യവാദികളുടെ താത്പര്യം. അർഥം നിർണീതമായാലേ അർഥബോധം കിട്ടുകയുള്ളൂ. വെറും വർണങ്ങൾക്കു പോലും അർഥമുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

## വാക്യാർഥബോധത്തിൻെറ സാധനം

വാക്യാർഥത്തിന്റെ പ്രതീതി തരുന്ന നിമിത്തമെന്താണെന്ന പ്രശ്നം ഇവിടെ പ്രസക്തമാകുന്നു. പദാദികളിൽ പ്രയുക്തമായ വർണം സ്വയമേവ അനുഭവം വഴിക്കു് അർഥപ്രതീതി തരുന്നുണ്ട്. ഇവിടെ ഒരു ക്രമമുണ്ടായിരിക്കും. സരഃ

---

86 പദാനാം രൂപമർഥോ വാ വാക്യാർഥാദേവ ജായതേ

—വ്യാഡിയുടെ സംഗ്രഹം (വാക്യപദീയവിവരണം)

87 വ്യുത്പത്തൗ വാക്യസ്ഥം പദം

—വാക്യപദീയം

88 മന്ത്രാഹ്യഭിവ്യജ്യമാനാഃ പൂർവമൃഷേർമന്ത്രദൃശഃ സംഹിതൈവാഭിവ്യജ്യന്തേ, ന പദൈഃ. അതശ്ച സംഹിതാമേവ പൂർവമധ്യാപയന്ത്യനൂചാനാ ബ്രാഹ്മണാ അധീയതേ ചാധ്യേതാരഃ. അപി ച യജ്ഞകർമണി സംഹിതയൈവ വിനിയുജ്യന്തേ മന്ത്രാഃ ന പദൈഃ

—നിരുക്തം, ദുർഗടീകാ, 1.17

89 പദാനാം സംഹിതാ യോനിഃ

—വാക്യപദീയം 2.59

KOTTAYAM PUBLIC LIBRARY

എന്നതിൽ സ, രഃ എന്ന ക്രമം കുളം എന്ന അർത്ഥം തരുന്നു. എന്നാൽ ആ ക്രമം മാററി രസഃ എന്നാക്കിയാൽ അർത്ഥഭേദമുണ്ടാകുന്നു. ഒരു വ്യക്തി (രാമൻ) "സ" എന്നും മറെറാരുവൻ (കൃഷ്ണൻ) "രഃ" എന്നുമാണു് ഉച്ചരിക്കുന്നതെങ്കിൽ അർത്ഥം പ്രകാശിക്കയുമില്ല. അതു കൊണ്ടു് ഒരേ വ്യക്തി ഒരേ സമയം രണ്ടു വർണ്ണങ്ങളുടെയും ക്രമം പാലിച്ചു കൊണ്ടു് ഉച്ചരിക്കുമെങ്കിൽ അർത്ഥപ്രതീതി ഉണ്ടാകും. ഏകവക്തൃത്വം അർത്ഥാനുഭവത്തിനു വേണ്ടുന്ന തത്ത്വമാകുന്നു. അതാണു് അർത്ഥജ്ഞാപകഹേതു. വാക്യത്തിൻെറയും പദത്തിൻെറയും അർത്ഥബോധം വർണസമൂഹത്തിലൂടെ മാത്രമേ ലഭിക്കൂ[90].

വാക്യത്തിലുള്ള വർണ്ണങ്ങൾ ഉച്ചരിക്കുമ്പോൾ ശ്രോതാവു് അതു ശ്രവിക്കുന്നു. ഒന്നോ അനേകമോ ശ്രുതവർണ്ണങ്ങൾ പദമെന്നവണ്ണം സംബദ്ധമാകുന്നില്ല. എന്തുകൊണ്ടെന്നാൽ ഒരേ നിമിഷം എല്ലാ വർണ്ണങ്ങളുടെയും ഉച്ചാരണമോ ശ്രവണമോ നടക്കുന്നില്ല. അതു കൊണ്ടു് ശ്രോതാവു് അവയെ ചേർത്തു പദവ്യാപാരം കൊണ്ടും സ്മൃതിയെ (ഓർമയെ) ആശ്രയിച്ചു കൊണ്ടും മററു പദങ്ങളുടെ അർത്ഥവുമായി ഇണക്കുന്നു. അങ്ങനെ പദങ്ങളുടെ പരസ്പരസംബന്ധം വരുത്തി വാക്യത്തിൻെറ പ്രതീതി നേടുന്നു. സംബദ്ധമായ പദാർത്ഥം ഗ്രഹിച്ചതിൽ പിന്നെ വാക്യാർത്ഥബോധം സാധിക്കുന്നു[91]. ഈ മതമനുസരിച്ചു് ശ്രോതാവു് ഒരേ സമയം ഒരു വാക്യവും മുഴുവൻ ശ്രവിക്കുന്നില്ല. വക്താവു് ഓരോ വർണത്തിൻെറയും ഉച്ചാരണം ഒന്നിനു ശേഷം മറെറാന്നു് എന്ന ക്രമത്തിൽ നിർവഹിക്കുന്നു. വർണം ക്ഷണഭംഗുരമാണു്; ആശുവിനാശിയാണു്. അതിനാൽ ഒന്നാമത്തെ ഉച്ചരിതവർണം, രണ്ടാമത്തെ വർണമുച്ചരിക്കുമ്പോൾ നശിക്കുന്നു. വാക്യത്തിൽ അന്തിമധ്വനിയേ ശ്രോതാവു് കേൾക്കുന്നുള്ളു. ഈ നിലക്കു്, ഒരു സംശയം സ്വാഭാവികമായി ഉദിക്കുന്നുണ്ടു്. പൂർവപൂർവപദങ്ങൾ മുറസ്സു മുറസ്സു് ലോപിച്ചു കൊണ്ടിരിക്കുമ്പോൾ, അന്തിമവർണം മാത്രം കേൾക്കുന്ന ശ്രോതാവിനു് മുഴുവൻ വാക്യത്തിൻെറ അർത്ഥബോധം കിട്ടുന്നതെങ്ങനെ? സമാധാനം പറയാം: പൂർവവർണവും പദവും പദാർത്ഥവും ലുപ്തമായിപ്പോകുന്നു എന്നതു ശരി തന്നെ. എന്നാൽ അവയുടെ ജ്ഞാനം സംസ്കാര (വാസനാ) രൂപേണ ചിത്തവൃത്തിയിലുണ്ടായിരിക്കും. അന്തിമവർണത്തിന്റെ ശ്രവണത്തോടൊന്നിച്ചു് ആ വാസന സ്മൃതിയായി ഉണർന്നു് വാക്യാർത്ഥത്തിന്റെ പ്രതീതി (വാക്യാർത്ഥധീ) ഉണ്ടാക്കുന്നു[92]. ഗൗഃ എന്ന ശബ്ദം ഗ് + ഔ + സ് (= ഃ) എന്നീ മൂന്നു വർണവും ചേർന്നുണ്ടാകുന്ന

---

90 ഏകഗോചരപദവാക്യാവസാധനീതിസ്ഥിതം, നാനാവയവമേകം വാക്യം വാക്യാർത്ഥസ്യ ബോധകമിതി.

—വാചസ്പതിമിശ്രൻ : തത്ത്വബിന്ദു.

91 വാക്യസ്ഥേഷു ഖലു വർണേഷൂച്ചരത്സു താവച്ഛ്രവണം ഭവതി ശ്രുതം വർണമേകമനേകം വാ പദഭാവേന ന പ്രതിസന്ധത്തേ പ്രതിസന്ധായ പദം വ്യവസ്യതി പദവ്യവസാനേന സ്മൃത്യാ പദാർത്ഥം പ്രതിപദ്യതേ പദസമൂഹപ്രതിസന്ധാനാച്ച വാക്യം വ്യവസ്യതി സംബദ്ധാംശ്ച പദാർത്ഥാൻ ഗൃഹീത്വാ വാക്യാർത്ഥം പ്രതിപദ്യതേ.

—ന്യായസൂത്രം 3.2.62 ൻെറ വാത്സ്യായനഭാഷ്യം.

92 സ ഖല്വയമന്ത്യോ വർണഃ പൂർവപൂർവവർണപദപദാർത്ഥവിജ്ഞാനജനിതവാസനാനിചയസചിവശ്രവണേന്ദ്രിയസമധിഗതജന്മഗ്രഹണസ്മരണരൂപസദസദ്വർണനിർഭാസപ്രത്യയവിപരിവർത്തീ പദവാക്യാർത്ഥധീഹേതുരുപേയതേ.

—തത്ത്വബിന്ദു.

എന്നു ഭഗവാൻ ഉപവർഷൻ അരുളിച്ചെയ്യുന്നു[93]. അതിപ്രാചീനനായ മീമാംസാചാര്യനാണ് ഉപവർഷൻ. അദ്ദേഹത്തിൻെറ മതത്തിൽ ശബ്ദം വർണ്ണാത്മകമാകുന്നു. വൃദ്ധന്മാർ ഏതു ശബ്ദം ഏതർഥത്തിൽ പ്രയോഗിച്ചുവോ അതു വഴിക്കാണ് നമുക്കു പദപദാർഥവും വാക്യവാക്യാർഥവും ജ്ഞാതമാകാറുള്ളതു്. വൃദ്ധന്മാർ ലോകവ്യവഹാരത്തിനു വേണ്ടി തനി പദം പ്രയോഗിക്കാറില്ല— എപ്പോഴും വാക്യമാണ് പ്രയോഗിക്കുക. ഈ വാക്യം അഖണ്ഡ (അനവയവ) മാകാൻ തരമില്ലല്ലോ. ആ നിലക്കു്, വാക്യം കേവലം സ്മൃതിയിലിരിക്കുന്ന വർണ്ണങ്ങളുടെ സമൂഹമേ ആയിരിക്കൂ[94]. വാക്യാർഥബോധത്തിന്റെ കാരണം ഈ വർണമാലയാണ്. ഈ കാരണം വാക്യാർഥബോധമാകുന്ന കാര്യം ഉത്പാദിപ്പിക്കുന്നു. പദപദാർഥജ്ഞാനം കേവലം നിമിത്തമാത്രമാണ്. വാക്യാർഥബോധത്തിന്റെ വാസ്തവമായ കാരണം വർണമാലയാണ്[95].

## അർഥബോധപ്രക്രിയ

ശബ്ദം വർണരൂപമായാലും പദരൂപമായാലും സാർഥകമാണെന്നു കരുതുന്നവർ പോലും ശബ്ദത്തിൻെറ വാക്യരൂപമായ നിലയിൽ മാത്രമേ അർഥം നിർണയിക്കാൻ കഴിയൂ എന്നു സമ്മതിക്കുന്നുണ്ടു്. നാം വാക്യം എഴുതുകയോ പറയുകയോ ചെയ്യുമ്പോൾ അതു വായിക്കുകയോ കേൾക്കുകയോ ചെയ്യുന്ന വ്യക്തി അതിൻെറ അർഥം എങ്ങനെ, എന്തു കൊണ്ടു് അറിയുന്നു? ഭാഷാതത്ത്വപരവും, ഭാഷാതത്ത്വവുമായി സംബദ്ധമായ മനസ്തത്ത്വപരവും ആയ ഏതു ക്രിയയാണ് അർഥബോധമുണ്ടാക്കുന്നതു്? ഈ വിഷയങ്ങളുടെ വിവേചനം അർഥവിജ്ഞാനത്തിൻെറ പ്രാണനാകുന്നു. ശബ്ദങ്ങളിൽ ആകാംക്ഷയും യോഗ്യതയും ആസത്തിയുമുണ്ടെങ്കിൽ വാക്യാർഥബോധമുണ്ടാകുമെന്നു പറഞ്ഞിട്ടുണ്ടല്ലോ. ചിലർ താൽപര്യവും അർഥബോധത്തിൻെറ സാധനമാണെന്നു പറയുന്നു. ശബ്ദം വാക്യസ്ഥമായിരിക്കുമ്പോൾ അർഥനിശ്ചിതി നടക്കുന്നു എന്നു പറയുന്നതിൽ നിന്നു് ശബ്ദാർഥവും വാക്യാർഥവും ഒന്നായിരുന്നേ തീരൂ എന്നില്ലെന്നു സിദ്ധിക്കുന്നു. അന്യഥാ ശബ്ദാർഥം തന്നെ അർഥനിശ്ചിതി തരണമെന്നില്ലാ. അർഥനിശ്ചയവും സാർഥകത്വവും പര്യായമല്ല. ആകാംക്ഷ, യോഗ്യത, ആസത്തി ഇവ ഹേതുവായിട്ടു് ശബ്ദങ്ങളുടെ അർഥം അന്വിതമാകുമ്പോൾ ആ അർഥങ്ങളിൽ നിന്നു്

---

93 വർണാ ഏവ തു ശബ്ദാ ഇതി ഭഗവാനുപവർഷഃ

—മീമാംസാഭാഷ്യം 1. 1. 5

അത്ര ഗൗരിത്യത്ര കഃ ശബ്ദഃ? ഗകാര-ഔകാര-വിസർജനീയാ ഇതി ഭഗവാനുപവർഷഃ

—യോഗസൂത്രവ്യാസഭാഷ്യം 3. 17

94 വൃദ്ധപ്രയോഗാധീനാവധാരണോ ഹി ശബ്ദാർഥസംബന്ധഃ. ന ച പദമാത്രം വ്യവഹാരാങ്ഗം പ്രയുഞ്ജതേ വൃദ്ധാഃ കിന്തു വാക്യമേവ, തച്ചാനവയവം ന്യഷേധീതി സ്മൃതിസമാരൂഢാ വർണമാലാ പരിശിഷ്യതേ സാ ച നൈമിത്തികം വാക്യാർഥബോധമാധത്തേ. പാരമാർഥികസ്തു പദതദർഥബോധോ നിമിത്തമാത്രേണാവതിഷ്ഠതേ വർണമാലൈവ വാക്യാർഥധീഹേതുരിതി

—തത്ത്വബിന്ദു.

95 വർണത്തിൻെറ അഭീഷ്ടാർഥം അക്ഷരസങ്കേത (letter) മല്ല, ധ്വനി (phoneme) ആകുന്നു. അക്ഷരം (syllable) ധ്വനിയാണ്. പ്രാചീനാചാര്യന്മാർ വർണശബ്ദം ധ്വനി അല്ലെങ്കിൽ അക്ഷരമെന്ന അർഥത്തിൽ പ്രയോഗിക്കാറുമുണ്ടു്. വർണമാലാ=a group of phonemes or syllables.

KOTTAYAM PUBLIC LIBRARY

പദാർത്ഥങ്ങളല്ലാത്ത വിശേഷമായ ഒരു അർത്ഥം തെളിയുന്നു. ആ വിശേഷമായ അർത്ഥം വാക്യാർത്ഥമാകുന്നു. ശബ്ദങ്ങളുടെ വാച്യാർത്ഥം തന്നെയാണ് വാക്യാർത്ഥമെന്നതു് വേറൊരു സിദ്ധാന്തമാണ്. ഒന്നാമത്തേതു് അഭിഹിതാന്വയവാദമാകുന്നു; രണ്ടാമത്തേതു് അന്വിതാഭിധാനവാദം[96].

ശബ്ദം അതിന്റെ അർത്ഥത്തിന്റെ ബോധമുണ്ടാക്കുന്നു. "മുണ്ടു് നെയ്യുന്നു" എന്ന വാക്യത്തിൽ "മുണ്ടു്" ഉടൽ മറയ്ക്കാനുപയോഗിക്കുന്ന പദാർത്ഥമെന്ന അർത്ഥബോധമുണ്ടാക്കുന്നു. "മുണ്ടു്" ഇവിടെ "മുണ്ടിനെ" എന്നതിനു പകരം നിൽക്കുന്നതിനാൽ "കർമത്വ"ത്തിന്റെ ബോധം തരുന്നു. "നെയ്യുന്നു" എന്ന ശബ്ദം "ക്രിയ"യുടെ ബോധമുണ്ടാക്കുന്നു. ഇങ്ങനെ ഉക്തമായ വാക്യത്തിന്റെ വാസ്തവമായ അർത്ഥം ഇതാണ്: "മുണ്ടിൽ ഒരു കർമത്വത്തിന്റെ നിലനില്പുണ്ടു്; അതു ക്രിയയ്ക്കു സഹായകമാണ്." ഈ "നിലനില്പി"ന്റെ ബോധം വാക്യത്തിലെ ഒരു ശബ്ദത്തിൽ നിന്നും കിട്ടുന്നില്ല. എന്നാൽ, വാക്യത്തിലെ ശബ്ദത്തിൽ നിന്നു കിട്ടാത്ത "കർമത്വസ്ഥിതി" മുഴുവൻ വാക്യവും ചേർന്നു തരുന്ന വാസ്തവികമായ അർത്ഥബോധമാകുന്നു. "കർമത്വസ്ഥിതി" അർത്ഥത്തിന്റെ പ്രകൃതിയല്ല; അതു് ആകാംക്ഷ, യോഗ്യത, ആസത്തി ഇവയിലൂടെ കിട്ടുന്ന "വിശേഷവപുസ്സായ" താത്പര്യമാണ്. നൈയായികന്മാരും കുമാരിലഭട്ടന്റെ അനുയായികളും ഇതിന് അഭിഹിതാന്വയവാദമെന്നു പേരിടുന്നു. ഇതിൽ ശബ്ദങ്ങളുടെ പരസ്പരമുള്ള അന്വയം അവയുടെ അർത്ഥം തെളിഞ്ഞതിൽ പിന്നെ അറിയാറാകുന്നു. പ്രഭാകരന്റെ സിദ്ധാന്തമായ അന്വിതാഭിധാനവാദമനുസരിച്ചു് ശബ്ദങ്ങളുടെ അർത്ഥത്തോടൊത്തു തന്നെ അവയുടെ പരസ്പരമുള്ള അന്വയവും തെളിയുന്നു. നമുക്ക് ശബ്ദത്തിന്റെ അർത്ഥബോധം പരമ്പരാക്രമത്തിൽ സിദ്ധിച്ചതാണ്. മാതാവിൽ നിന്നും പിതാവിൽ നിന്നും മററുള്ളവരിൽ നിന്നും ബാലൻ ശബ്ദാർത്ഥം ഗ്രഹിക്കുന്നു. "പുസ്തകം കൊണ്ടുവരൂ" എന്നു് ആശാൻ മറെറാരാളോടു പറയുന്നതും അയാൾ പുസ്തകം കൊണ്ടു വരുന്നതും കണ്ടും കേട്ടുമിരിക്കുന്ന ബാലനു് ആ വാക്യത്തിന്റെയും പുസ്തകശബ്ദത്തിന്റെയും അതിലെ കർമത്വത്തിന്റെ നിലനില്പിന്റെയും കൊണ്ടു വരുക എന്ന ക്രിയയുടെയും എല്ലാം ബോധം ഒരേ സമയം സിദ്ധിക്കുന്നുണ്ടല്ലോ. അന്വിതമായ പദാർത്ഥം തെളിയുന്നു എന്നല്ലാതെ താത്പര്യം വഴിക്ക് അതു തെളിയുന്നു എന്നു കരുതിക്കൂടെന്നതാണ് ഈ മതം. ഈ രണ്ടു മതവും മുമ്പു വ്യക്തമാക്കിയിട്ടുണ്ടല്ലോ.

അർത്ഥബോധപ്രക്രിയയിൽ മറെറാരു മുഖ്യപ്രശ്നം, ഒരു വസ്തുവിനെ കുറിക്കാൻ ഒരു ശബ്ദം ആരു്, എങ്ങനെ നിയോഗിച്ചു എന്നതാണ്. ഗോ ശബ്ദം ഉച്ചരിച്ചാൽ ഗോവെന്ന മൃഗവിശേഷത്തിന്റെ ബോധം ഉണ്ടാകണമെന്നു്, ആരു് എങ്ങനെ നിശ്ചയിച്ചു? ശബ്ദാർത്ഥസംബന്ധത്തെപ്പററി പ്രതിപാദിക്കവേ ഈ വിഷയം പര്യാലോചിച്ചിട്ടുണ്ടു്. ശബ്ദാർത്ഥങ്ങളുടെ ഈ സംബന്ധവ്യവസ്ഥക്ക് ശക്തി എന്നാണ് സംജ്ഞ. ശക്തി ഈശ്വരനിശ്ചിതമായ സങ്കേതമാണെന്നു്

---

96 ആകാംക്ഷായോഗ്യതാ സംനിധിവശാദ്വക്ഷ്യമാണ സ്വരൂപാണാം പദാർത്ഥാനാം സമന്വയേ താത്പര്യാർത്ഥോ വിശേഷവപുരപദാർത്ഥോഽപി

വാക്യാർത്ഥഃ സമുല്ലസതീത്യഭിഹിതാന്വയ വാദിനാം മതം, വാച്യ ഏവ വാക്യാർത്ഥഃ ഇത്യന്വിതാഭിധാന വാദിനഃ

—കാവ്യപ്രകാശഃ 2—1

നൈയായികർ പറയുന്നു[97]. കണാദൻ സങ്കേതത്തിനു പകരം "സമയ" സംജ്ഞ പ്രയോഗിക്കുന്നു[98]. അഭിധാനാഭിധേയങ്ങളെ സംബന്ധിച്ച നിയതത ഏർപ്പെടുത്തുകയാണ് "സമയ"മെന്നു ന്യായദർശനകാരൻ എഴുതുന്നു[99]. ശബ്ദം കേട്ടാലുടൻ സ്മൃതിയിൽ അർത്ഥബോധം ഉണ്ടാകുന്ന സ്ഥിതിയാണിതു്[100]. ഈശ്വരേച്ഛയാണു് സങ്കേതമെന്ന മതം ആധുനികരായ ഭാഷാശാസ്ത്രജ്ഞന്മാർക്കു സമ്മതമല്ല. എങ്കിലും അവരും മനുഷ്യകൃതമാണു് ശക്തി എന്നു തീർത്തു പറയാൻ ധൈര്യപ്പെടാറില്ല. ഡാർവിന്റെ വികാസസിദ്ധാന്തത്തിൽ വിശ്വസിക്കുന്നവർ ഈശ്വരേച്ഛ നിരസിക്കുന്നുണ്ടു്. അവർ പറയുന്നതു് സങ്കേതം സമുദായത്തിന്റെ ഇച്ഛയെ ആശ്രയിക്കുന്നു എന്നാണു്. മനുഷ്യന്റെ സമുദായനിഷ്ഠമായ അവസ്ഥ അവന്റെ സാമ്പത്തികസ്ഥിതിയെ ആശ്രയിക്കുന്നു. അതായതു്, ഉത്പാദനസാധനങ്ങളെയും പദ്ധതികളെയും ആശ്രയിച്ചു് മനുഷ്യന്റെ സാമുദായികസ്ഥിതി വികാസം നേടുന്നു. ശ്രമത്തെ ആധാരമാക്കി ചെയ്യുന്ന വർഗവിഭാഗമാണതിന്റെ ആധാരം[101]. ശബ്ദാർത്ഥത്തിനും മനുഷ്യജീവിതത്തിനും തമ്മിലുള്ള ബന്ധം പ്രതിക്രിയാത്മകമാകുന്നു. സമുദായത്തിന്റെ സ്ഥിതിഗതികൾ ശബ്ദാർത്ഥത്തിൽ പരിവർത്തനമുണ്ടാക്കും പോലെ, ശബ്ദാർത്ഥത്തിലെ മാറ്റം സമുദായസ്ഥിതിയിൽ പരിവർത്തനം വരുത്തുന്നു[102]. പ്രശ്നം ജടിലമാണെന്നറിഞ്ഞ നാഗേ

---

97 അസ്മാത് പദാദയമർത്ഥോ ബോദ്ധവ്യ ഇതീശ്വരസങ്കേതഃ ശക്തിഃ
—തർക്കസംഗ്രഹം

ഈശ്വരസങ്കേതഃ ശക്തിഃ
—ശക്തിവാദഃ

ശക്തിരീശ്വരേച്ഛാ, യാ സങ്കേത ഇത്യുച്യതേ
—അലങ്കാരശേഖരഃ

98 സാമയിക ശബ്ദാദർത്ഥപ്രത്യയഃ
—വൈശേഷികദർശനം 7.2.20

സാമയിക ഇതി സമയ ഈശ്വരസങ്കേതഃ അസ്മാച്ഛബ്ദാദയമർത്ഥോ ബോദ്ധവ്യ ഇത്യാകാരഃ യഃശബ്ദോ യസ്മിന്നർത്ഥേ ഭഗവതാസംകേതിതഃ സ തമർത്ഥം പ്രതി പാദയതി, തഥാ ച ശബ്ദാർത്ഥയോരീശ്വരേച്ഛൈവ സംബന്ധഃ സ ഏവ സമയസ്താവദധീന ഇത്യർത്ഥഃ
—ഉപനകാരം

99 ന സാമയികത്വാച്ഛബ്ദാർത്ഥസംപ്രത്യയസ്യ.
—ന്യായദർശനം, 2.1.55

കഃ പുനരയം സമയഃ, അസ്യ ശബ്ദസ്യ ഇദമർത്ഥജാതമഭിധേയമിതി അഭിധാനാഭിധേയനിയമനിയോഗഃ
—വാത്സ്യായനഭാഷ്യം

100 അർത്ഥസ്മൃത്യനുകൂലഃ പദപദാർത്ഥസംബന്ധഃ ശക്തിഃ —തർക്കദീപികാ

101 Karl Marx and Friederich Engels: Literature and Art, pp.1,3.

102 We saw that man's interaction with Nature was continuously enriched by economic production. Economic production requires association which in turn demands the words.. .... Hence, by means of words, man's association in economic production continualy generates changes in their perceptual private worlds and the common World, enriching both.
—Caudwell: Illusion and Reality, pp. 144-5

ശൻ ശബ്ദേന്ദുശേഖരത്തിൽ രണ്ടു തരം സങ്കേത (ശബ്ദ) മുണ്ടെന്നു പറയുന്നു. ആധുനികസങ്കേതങ്ങൾ മനുഷ്യനിർമിതമാണ്. ഭർത്തൃഹരിയുടെ ഒരു വചനം നാഗേശൻ ഉദ്ധരിക്കുന്നു: സങ്കേതം രണ്ടു തരമുണ്ട്: ആജാനികവും ആധുനികവും. നിത്യസങ്കേതമാണ് ആജാനികം. "നാസ്തി ജനിരുത്പത്തിര്യസ്യാസൗ അജനിഃ, അജനിരേവാജാനികഃ" ഉണ്ടാകാത്തതു് (അതായതു് എപ്പോഴുമുള്ളതു്, നിത്യം) അജനിയാണ്. അജനി തന്നെ ആജാനികം. ശാസ്ത്രകാരന്മാർ അവരുടെ ഭാവം വ്യക്തമാക്കാനായി ഉണ്ടാക്കുന്നവയാണ് ആധുനികം (ശബ്ദേന്ദുശേഖരം, 23).

ഒരു ശബ്ദം ഏതർഥത്തിന്റെ സ്വരൂപമാണ് പ്രകാശിപ്പിക്കുന്നതെന്നറിയാൻ എട്ടു സാധനമുണ്ടെന്ന് ജഗദീശൻ (ശബ്ദശക്തിപ്രകാശിക, 20) പറയുന്നു.

> ശക്തിഗ്രഹം വ്യാകരണോപമാന-
> കോശാപ്തവാക്യാദ് വ്യവഹാരതശ്ച
> വാക്യസ്യ ശേഷാദ് വിവൃതേർവദന്തി
> സാന്നിധ്യതഃ സിദ്ധപദസ്യ വൃദ്ധാഃ

ശബ്ദാർഥമറിയാനുള്ള പ്രക്രിയ എട്ടാണെന്നു പണ്ടുള്ളവർ പറയുന്നു.

1. വ്യാകരണം 2. ഉപമാനം 3. കോശം 4. ആപ്തവാക്യം
5. വ്യവഹാരം 6. വാക്യശേഷം (പ്രകരണം) 7. വിവരണം
8. ജ്ഞാതപദത്തിന്റെ സാഹചര്യം.

1. *വ്യാകരണം*: വാക്യപദീയത്തിൽ (1.4) ഭർത്തൃഹരി പറയുന്നു, അർഥം രണ്ടു തരമുണ്ടെന്ന്. ഒന്ന് അപോദ്ധാരപദാർഥം; മററതു് സ്ഥിതലക്ഷണം. "അപോദ്ധാരപദാർഥാ യേ യേ ചാർഥാഃ സ്ഥിതലക്ഷണാഃ" അപോദ്ധാരം=വിഭാജനം അല്ലെങ്കിൽ വിച്ഛേദം; "അപോദ്ധ്രിയന്തേ കല്പനാബുദ്ധ്യാ നിഷ്കൃഷ്യന്തേ". കല്പനയിലൂടെ പകുക്കുക എന്നു ഹേലാരാജന്റെ വ്യാഖ്യാനം. ഇതു് വ്യാകരണശബ്ദത്തിന്റെ യൗഗികാർഥമാണ്. വ്യാക്രിയയാണ് വ്യാകരണം=വേറെ വേറെയാക്കുന്ന ക്രിയ. വാക്യത്തെ ഉടച്ച് പദങ്ങളാക്കുക (വാക്യവിച്ഛേദം) പദങ്ങളെ ഉടച്ച് പ്രകൃതി വേറെ പ്രത്യയം വേറെ ആക്കുക (പദവിച്ഛേദം)--- ഇതു രണ്ടും അപോദ്ധാരം ആകുന്നു. അപോദ്ധാരാർഥം, പദവിച്ഛേദം വഴിക്കു കിട്ടുന്ന പദാർഥവും പദാർഥങ്ങൾ ചേർന്നു കിട്ടുന്ന വാക്യാരഥവുമാകുന്നു. സ്ഥിതലക്ഷണമെന്നാൽ ഏതൊന്നിൻെറ സ്വരൂപം നിശ്ചിതമാണോ ആ അർഥം. പൊതുവെ ഇതു് വാക്യാർഥമാകുന്നു. "പ്രഥമശക്തിഗ്രഹോ വാക്യഏവ" (മഞ്ജൂഷ). അർഥജ്ഞാനം ഒന്നാമതു് വാക്യത്തിൽ നിന്നു സിദ്ധിക്കുന്നു എന്നു നാഗേശൻ എഴുതുന്നു. സ്ഥിതലക്ഷണമെന്ന അർഥപ്രകാരം കൊണ്ടാണ് ലോകവ്യവഹാരം നടക്കുക. അപോദ്ധാരാർഥം ശബ്ദത്തിന്റെ പരമാർഥം കണ്ടെത്തുവാൻ സഹായിക്കുന്നു.

2. *ഉപമാനം*: ജ്ഞാതമല്ലാത്ത അർഥത്തിന്റെ ബോധം ഉപമാനം കൊണ്ടു നേടാം. ഗോശബ്ദത്തിന്റെ അർഥം അറിഞ്ഞാൽ ഗവയശബ്ദത്തിൻെറ അർഥം അറിയാനുള്ള ഇച്ഛ ഉണ്ടാകുന്നു. നീലഗോവ് എന്താണ്? ഗോസദൃശഃ ഗവയഃ ഗോവ് പോലെ തന്നെ ഗവയം. ഗോവിനു തുല്യമാണെന്നറിഞ്ഞതിനാലാണ് ഗവയം എന്നു പേരിട്ടതു്. ഉപമാനം വഴിക്കു നിശ്ചിതവും താത്ത്വികവുമായ അർഥം ജ്ഞാതമാകുന്നില്ലെങ്കിലും, അപ്രത്യക്ഷവസ്തുവിന്റെ സാമാന്യമായ സ്വരൂപബോധം ഉപമാനം കൊണ്ടു നേടാം.

3. *കോശം*: ശബ്ദത്തിന്റെ അർഥമറിയാതെ പോയാൽ കോശം നോക്കി അർഥം മനസ്സിലാക്കുക പതിവാണ്. കോശഗ്രന്ഥങ്ങളിൽ ശബ്ദങ്ങളുടെ പര്യായം കൊടുത്തു് അർഥം വിശദമാക്കാറുണ്ട്. ഏതേതു് അവസ്ഥയിൽ ഒരു ശബ്ദത്തിന്റെ പ്രയോഗം ഏതേതു് സ്ഥാനത്തു് ഏതേതു് അർഥത്തിൽ നടക്കുന്നു

എന്നു കോശഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു[103]. കോശം അർഥങ്ങളുടെ സംഗ്രഹം മാത്രമാണെന്നതു മറക്കരുതു്. അവയുടെ പ്രയോഗം പ്രകരണത്തിലും ലോകവ്യവഹാരത്തിലും പ്രചരിച്ചിരിക്കുന്നതു പോലെയാണു് കോശങ്ങളിൽ നിന്നു മനസ്സിലാകുന്നതു്. ശബ്ദത്തിന്റെ സാമാന്യമായ അർഥമാണിതു്.

4. *ആപ്തവാക്യം:* ആപ്തനായ വ്യക്തി ഏതെങ്കിലുമൊരു പദാർഥത്തിനു ഒരു പേരിടുന്നു. അതു് സ്വാനുഭവം വഴിക്കു വസ്തുതത്വമറിഞ്ഞിട്ടുന്ന പേരാണു്. ആപ്തൻ രാഗദ്വേഷമോ ഭ്രമമോ ഇല്ലാത്തവനാകയാൽ ആ വസ്തുവിനു അന്യഥാ പേരിടാനാർക്കമാവില്ല. ആപ്തനെന്നാൽ വിശ്വാസയോഗ്യനെന്നർഥം. ബാലന്റെ ആപ്തൻ പിതാവോ ഗുരുവോ മാതാവോ ആകുന്നു. ബാലൻ ആ ആപ്തന്മാരെ പൂർണമായി വിശ്വസിക്കുന്നു. അങ്ങനെ അർഥബോധമുണ്ടാകുന്നു. ഗൗതമന്റെ ന്യായസൂത്ര(2-1-52)ത്തിൽ പറയുന്നു:"ആപ്തോപദേശസാമർഥ്യാദർഥസംപ്രത്യയഃ"=ആപ്തോപദേശത്തിന്റെ ശക്തി നിമിത്തം അർഥബോധം സിദ്ധിക്കുന്നു. ധർമം, അധർമം (അപൂർവം), ദേവത, സ്വർഗം, (സമാഖ്യേയം) പാപം, പുണ്യം, ആത്മാവ് മുതലായ തത്വങ്ങളെപ്പററി ആപ്തരിൽ നിന്നു മാത്രമേ അറിയാൻ കഴിയൂ[104].

5. *വ്യവഹാരം (ലോകവ്യവഹാരം):* ബാലൻ ഒന്നാമതു് ലോകവ്യവഹാരം അഥവാ വൃദ്ധവ്യവഹാരം വഴിക്കു് അർഥം ഗ്രഹിക്കുന്നു. ആവാപോദ്വാപവും അന്വയവ്യതിരേകവും ആശ്രയിച്ചാണു് ഇതു നടത്തുന്നതു്. ആവാപം =പദാന്തരപ്രക്ഷേപം, വാക്യത്തിൽ പുതിയ ശബ്ദത്തിന്റെ സമ്മിശ്രണം. ഉദ്വാപം = ഉള്ള പദത്തിന്റെ പരിത്യാഗം; അതായതു് വാക്യത്തിലുള്ള ശബ്ദം അതിൽ നിന്നു വേർപെടുത്തുക. ബാലന്റെ സാന്നിധ്യത്തിൽ പിതാവു് മാതാവിനോടു പറയുന്നു"വിളക്കു കൊളുത്തു".മാതാവു് വിളക്കു കൊളുത്തുന്നു. ഇതു നേരിട്ടു കണ്ട ബാലൻ, വിളക്കിന്റെയും കൊളുത്തുന്നതിന്റെയും അർഥം ഗ്രഹിക്കുന്നു. പിന്നീടു് പിതാവു് "വിളക്കു കെടുത്തു" എന്നു പറയുന്നു. ഇവിടെ "കൊളുത്തു" എന്ന ശബ്ദം പരിത്യക്തമായിട്ടു "കെടുത്തു" എന്ന ശബ്ദം കൊണ്ടു വന്നു. ഇങ്ങനെ രണ്ടിന്റെയും ഭേദം ബാലൻ അറിയുന്നു. ലോകവ്യവഹാരത്തിനു അർഥബോധമുണ്ടാക്കുവാനുള്ള ശക്തി സ്വതന്ത്രമാണു്[105].

6. *വാക്യശേഷം (പ്രകരണം):* ഒരു ശബ്ദം അനേകം അർഥമുള്ളതാകുമ്പോൾ അർഥം സന്ദിഗ്ധമാകാം. അവിടെ വാക്യഗതമായ ചിഹ്നം അതായതു് പ്രകരണം വഴിക്കു് അർഥബോധം കിട്ടുന്നു. "സൈന്ധവ" ശബ്ദത്തിനു ഉപ്പെന്നും കുതിര എന്നും അർഥമുണ്ടു്. ഊണുകഴിച്ചുകൊണ്ടിരിക്കുന്നവൻ "സൈന്ധവമാനയ" "സൈന്ധവം കൊണ്ടു വരൂ" എന്നു പറഞ്ഞാൽ കുതിരയെ ഒരുക്കി നിറുത്തുന്നതു പ്രകരണത്തിനു ചേരുന്നതല്ല. യുദ്ധത്തിനിറങ്ങുന്നവൻ അതേ വാക്യം ഉച്ചരിച്ചാൽ ഉപ്പു കൊണ്ടു വരുന്നതു പ്രകരണവിരുദ്ധമാകും. അതു കൊണ്ടു്, പ്രകരണം നോക്കി സൈന്ധവത്തിന്റെ നേരായ അർഥം ഗ്രഹിക്കാം.

7. *വിവരണം:* ശബ്ദത്തിന്റെ അർഥം ജ്ഞാതമല്ലാത്തപ്പോൾ അതു വിവരിച്ചു വെളിപ്പെടുത്താറുണ്ടു്, "പചതി" എന്നതിന്റെ അർഥം ജ്ഞാതമല്ലെങ്കിൽ "പാകം കരോതി" എന്നു വിവരിച്ചാലതു തെളിയുന്നു. എല്ലാത്തരം അർഥവും വെളിപ്പെടുത്താൻ വിവരണത്തിനു സാമർഥ്യമുണ്ടു്.

---

103 Ogden and Richards: The Meaning of Meaning, p. 207
വാക്യപദീയം 2.121; 2.144

104 Ogden and Richards: The Meaning of Meaning, p. 197

105 പ്രധാന പ്രത്യയാർഥവചനമർഥസ്യാന്യപ്രമാണത്വാത്
(അന്യപ്രമാണത്വാത്=വ്യവഹാരമൂലത്വാത്) —പാണിനി, 1.2.56

8. *സിദ്ധപദത്തിൻെറ സാന്നിധ്യം (ജ്ഞാതപദത്തിൻെറ സാഹചര്യം)*: ''ഇഹ സഹകാരതരൗ മധുരം പികോ രൗതി'' (ഈ മാവിൽ കുയിൽ മധുരരവം മുഴക്കുന്നു). ഈ വാക്യത്തിൽ പികശബ്ദത്തിൻെറ അർത്ഥം ജ്ഞാതമാകുകൊണ്ടു് മററു ശബ്ദങ്ങൾ അതിനോടൊത്തിരിക്ക നിമിത്തം ആ അജ്ഞാതശബ്ദങ്ങളുടെ അർത്ഥം ജ്ഞാതമാകുന്നു.

ഇവിടെ വിവരിച്ച എട്ടു പ്രകാരത്തിൽ അർത്ഥബോധം ഉണ്ടാകുന്നു. ശബ്ദത്തിന്റെ അർത്ഥമറിയാനുള്ള പ്രക്രിയ ഇവിടെ അവസാനിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ശബ്ദം നാനാർത്ഥകമാകുന്നു—ഒരേ ശബ്ദത്തിനു് അനേകം അർത്ഥം വെളിപ്പെടുത്താൻ കഴിവുണ്ടു്. അതിനർത്ഥം ഒരു ശബ്ദത്തിനു് അനേകം ശക്തിയുണ്ടെന്നാണല്ലോ. നാടോടിഭാഷയിൽ ''കഴുത'' എന്ന ശബ്ദത്തിനു ഒന്നിലധികം അർത്ഥം കാണുമാനുണ്ടു്. നാം ആ നാനാർത്ഥങ്ങൾ ലോകവ്യവഹാരത്തിൽ സാധുത്വം നേടി കണ്ടുവരുന്നുമുണ്ടു്. ''കഴുത'' ഒരു ജന്തുവിശേഷത്തിന്റെ പേരാണു്. ഇതു് ''വാച്യാർത്ഥ''മാകുന്നു. എന്നാൽ ഒരു വ്യക്തിയെ ''കഴുത''യാക്കി പറയുന്ന പതിവുമുണ്ടു്. അവിടെ നമുക്കു കിട്ടുന്ന അർത്ഥം ''പുരുഷവിശേഷ''മാണു്. ഈ അർത്ഥം ''ലക്ഷ്യാർത്ഥ''മാകുന്നു. മൂന്നാമത്തെ അർത്ഥം അജ്ഞനെന്നതാണു്—മൂഢനെന്നതാണു്. ഇതു് ''വ്യംഗ്യാർത്ഥ''മാകുന്നു. ''കഴുത''യ്ക്കു് ''ജന്തുവിശേഷം'', ''പുരുഷവിശേഷം'', ''മൂഢൻ'' എന്ന മൂന്നു് അർത്ഥം സിദ്ധിക്കുന്നുണ്ടു്. കഴുത എന്ന ശബ്ദത്തിനു് ഇങ്ങനെ മൂന്നു ശക്തിയുണ്ടെന്നു വന്നുകൂടുന്നു. വ്യുത്പത്തി നിമിത്തവും പ്രവൃത്തിനിമിത്തവും വേറെ വേറെ ആണെന്ന നിയമം ശബ്ദത്തിൻെറ അർത്ഥബോധപ്രക്രിയയെ സംബന്ധിച്ചിടത്തോളം അത്യന്തം മുഖ്യമായ ഭേദനിദാനമാണെന്നു് ഓർത്തിരിക്കേണ്ടതാണു്. ഇതു് മുമ്പു തന്നെ വിശദമാക്കിയിട്ടുമുണ്ടു്.

# 7. ശബ്ദശക്തിവിചാരം

## ശക്തി അഥവാ വൃത്തി; അതിൻെറ ഭേദങ്ങൾ

അർത്ഥബോധപ്രക്രിയയിൽ മുഖ്യമായ തത്ത്വം, ശബ്ദമായാലും വാക്യമായാലും അവയുടെ പൗർവാപര്യം അല്ലെങ്കിൽ സാർത്ഥകമായ സംഘാതം എങ്ങനെ എവിടെ നടക്കുന്നു എന്നതാണു്. പതഞ്ജലി ഇതിൻെറ സമാധാനം ഇങ്ങനെ നല്കുന്നു: ശബ്ദങ്ങളുടെ പൗർവാപര്യമെന്ന ക്രമം നിശ്ചയിക്കുന്നതു ബുദ്ധിയാണു്. ഒരാൾ ഒരു വസ്തുവിനെ വെളിക്കു കാണുന്നു. അപ്പോൾ അയാൾ ''ഇ്ൗ അർത്ഥത്തിനു വേണ്ടി ഈ സങ്കേതം പ്രയോഗിക്കയാണു വേണ്ടതെ''ന്നു തീരുമാനിക്കുന്നു. ഈ തീരുമാനം ബുദ്ധിയിലാണു നടക്കുന്നതു്. അവിടെ വർണങ്ങളുടെ പൗർവാപര്യം നിർണയിച്ചു് പദവും, പദങ്ങളുടെ പൗർവാപര്യം നിർണയിച്ചു വാക്യവും രൂപമെടുക്കുന്നു. അതാണു് സങ്കേതം വഴിക്കു വെളിപ്പെടുന്നതു്[106].

---

106 ബുദ്ധിവിഷയമേവ ശബ്ദാനാം പൗർവാപര്യം: ഇഹ യ ഏഷ മനുഷ്യഃ പ്രേക്ഷാപൂർവകാരോ ഭവതി സ പശ്യതി അസ്മിന്നർത്ഥേ്യയം ശബ്ദഃ പ്രയോക്തവ്യഃ അസ്മിംസ്താവച്ഛബ്ദേ്യയം താവദ്വർണഃ തതോയം തതോയമിതി.

ബുദ്ധൗ കൃത്വാ സർവാശ്ചേഷ്ടാഃ കർത്താ ധീരസ്തത്വന്നീതിഃ
ശബ്ദേനാർത്ഥാൻ വാച്യാൻ ദൃഷ്ട്വാ ബുദ്ധൗ കുര്യാത് പൗർവാപര്യം.
—മഹാഭാഷ്യം 1.4.4

സങ്കേതത്തിന്റെ സ്ഥിതി വെളിക്കാണ്; സങ്കേതത്തിന്റെ ഹേതുവായ ആശ്രയം ബുദ്ധിയിലും. ബുദ്ധിയിലുള്ളതു മുഴുവൻ സങ്കേതം വഴി വെളിക്കു വരുന്നുണ്ടോ എന്ന പ്രശ്നം ഇവിടെ ഉദിക്കുന്നു.

ഒരു വ്യക്തിയുടെ വിചാരം മുഴുവൻ ഉള്ളതു പോലെ മറ്റൊരു വ്യക്തിയിൽ എത്തിക്കുക സുകരമല്ല. നമ്മുടെ മനസ്സിൽ ഏതെങ്കിലും വിചാരത്തിന്റെ ബോധം ഏതു തരത്തിൽ എത്രത്തോളം ഉണ്ടാകുന്നുവോ ആ ബോധത്തെ ആശ്രയിച്ച് മറ്റേ ആളിന്റെ മനസ്സിൽ, അതേ തരത്തിൽ അത്രത്തോളം വിചാരബോധമുണ്ടാകുന്നുവെന്ന് അനുമാനിച്ച് ആശ്വസിക്കുകയേ നാം സങ്കേതപ്രേഷണം വഴിക്കു ചെയ്യുന്നുള്ളൂ. ശ്രോതാവിൽ നമ്മുടേതു പോലെ വിചാരബോധമുണ്ടാകാതിരിക്കയും ചെയ്യാമല്ലോ[107]. ശബ്ദത്തിൽ പ്രേഷണീയതാശക്തി പൂർണമല്ല. അതുകൊണ്ട് മനുഷ്യൻ സംസാരിക്കുമ്പോൾ സ്വഭാവേന ആംഗ്യവും അഭിനയവും കൂട്ടിച്ചേർത്ത് തന്റെ ഭാവാഭിവ്യക്തിക്കു കൂടുതൽ തെളിച്ചം കൊടുക്കാൻ ശ്രമിക്കുന്നുണ്ട്[108]. വക്താവ് തന്റെ ഭാവത്തിന്റെ ശബ്ദരൂപമായ സങ്കേതം തരുന്നു. ഈ സങ്കേതം പരമ്പരാസിദ്ധമാണ്. പ്രകരണം, പരിസ്ഥിതി, വക്താവിനെപ്പറ്റി നമുക്കുള്ള അറിവ്, ശബ്ദവുമായി നമുക്കുള്ള അർജിതസംബന്ധം ഇവയെ ആശ്രയിച്ച് അർഥം ഗ്രഹിക്കുന്നു[109]. ഈ അർഥബോധപ്രക്രിയയിൽ വക്താവിനും ശ്രോതാവിനുമിടയ്ക്കു തടയുണ്ടെന്ന് ഇതിൽ നിന്നു തെളിയുന്നു. ശ്രോതാവ് വക്താവിനെപ്പോലെ സംസ്കാരസമ്പന്നനും വിദ്യാവ്യസനിയും ആണെങ്കിൽ ഈ തട അകന്നുവെന്നോ കുറഞ്ഞുവെന്നോ വരാം. വക്താവിന്റെയും ശ്രോതാവിന്റെയും ദേശവും കാലവും സംസ്കാരവും വിദ്യാഭ്യാസവും ശീലവും മനഃസ്ഥിതിയും ആചാരവിചാരങ്ങളും മറ്റും എത്രകണ്ടു സമാനമായിരിക്കുന്നുവോ അർഥബോധവും അത്രകണ്ട് പൂർണമായിരിക്കും[110]. വക്താവ് ശ്രോതാവിലുണ്ടാക്കുന്ന ഭാവസമുത്തേജനമാണ് അർഥമെന്ന് ഇപ്പോൾ വ്യക്തമായല്ലോ[111]. ശബ്ദത്തിന്റെ ഭാവജാഗരണസാമർഥ്യത്തിനു കൊടുക്കുന്ന സംജ്ഞയാണ് വൃത്തി അഥവാ ശക്തി.

ദർശനഗ്രന്ഥങ്ങളിൽ ശബ്ദശക്തിക്കു പകരം വൃത്തി എന്ന സംജ്ഞ പ്രയുക്തമാണ്. ശബ്ദബോധത്തിന് ഹേതുവാകുന്ന ശബ്ദാർഥത്തിന്റെ ഉപസ്ഥിതിക്ക് അനുകൂലമായ ശബ്ദാർഥസംബന്ധമാണ് വൃത്തി. ശക്തി, ഭക്തി, വ്യക്തി എന്നു മൂന്നു തരം വൃത്തിയുണ്ട്. ഇവിടെ ശക്തിക്കർഥം സാക്ഷാൽ അഭിധാനം എന്നാകുന്നു. അഭിധാവൃത്തിയെന്നും ശക്തിയെ കുറിക്കാറുണ്ട്. ഭക്തി, ലക്ഷണയാകുന്നു. വ്യക്തിയാണ് വ്യഞ്ജന. അഭിധാ വഴിക്ക് പ്രതീതമാകുന്ന അർഥത്തിന് ശക്യം, വാച്യം, അഭിധേയം, മുഖ്യാർഥം എന്നു നാലു നാമാന്തരമുണ്ട്. ലക്ഷണയിലൂടെ കിട്ടുന്ന അർഥത്തിന് ലക്ഷ്യം, ലാക്ഷണികം, ഭാക്തം, ഔപചാരികം എന്നു നാലു പേരുണ്ട്. വ്യഞ്ജനയിലൂടെ കിട്ടുന്ന അർഥത്തിന് വ്യംഗ്യം, ഗമ്യം, പ്രതീത്യം, ധ്വനിതം, പ്രതീയമാനം എന്ന അഞ്ചു സംജ്ഞകളുണ്ട്. ഇതു പോലെ ദാർശനികസംജ്ഞാവലിയിൽ, അർഥത്തിന്റെ മൂന്നു പ്രകാരത്തെ തുടർന്ന് ശബ്ദവും മൂന്നു തരമുണ്ട്. ഒന്നാമത്തേത് വാചകം, ശക്

---

107 Hermman Paul: Principles of the History of Language.

108 Ogden and Richards: The Meaning of Meaning.

109 J. B. Greenough and G. L. Kittredge: Words and their Ways in English Speech, p.264

110 L. Bloomfield: Language p. 139

111 Ogden and Richards: The Meaning of Meaning, pp.10-11

തം അല്ലെങ്കിൽ അഭിധായകം; രണ്ടാമത്തേതു് ലക്ഷണം, ലാക്ഷണികം അല്ലെങ്കിൽ ഔപചാരികം. മൂന്നാമത്തേതു് വ്യഞ്ജകം, ദ്യോതകം അല്ലെങ്കിൽ പ്രത്യായകം. ശബ്ദത്തിന്റെ ഒന്നാമത്തെ വൃത്തിക്കു് അഭിധാ, ശക്തി, മുഖ്യ എന്നും രണ്ടാമത്തേതിനു് ഭക്തി, ലക്ഷണ, ഉപചാരം എന്നും മൂന്നാമത്തേതിനു് വ്യഞ്ജന, ദ്യോതന, വ്യക്തി എന്നും പേരിട്ടിരിക്കുന്നു.

ശബ്ദസമുദായത്തിനു് എല്ലാ ഭാവവും പൂർണമായി അറിയിക്കാൻ ശക്തിയില്ലെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ശബ്ദത്തിന്റെ ഈ അപര്യാപ്തത നിമിത്തം നാം വ്യവഹാരത്തിൽ നടപ്പുള്ള ശബ്ദം പ്രയോഗിക്കുവാൻ നിർബദ്ധരാകുന്നു. ശബ്ദം അതിന്റെ സാക്ഷാൽ സങ്കേതിതമായ അർഥം അറിയിക്കുമ്പോൾ അതു് അഭിധാവൃത്തി വഴിക്കു് അർഥബോധം തരുന്നു. അപ്പോൾ ആ അർഥപ്രതീതിക്കു കാരണം ശബ്ദത്തിന്റെ അഭിധാവ്യാപാരമാണു്. അങ്ങനെ കിട്ടുന്ന അർഥം അഭിധേയം അല്ലെങ്കിൽ വാച്യമാണു്. ഒരു ശബ്ദം മുഖ്യാർഥത്തിന്റെ ബോധമുണ്ടാക്കാതെ അതുമായി ബന്ധമുള്ള ഏതെങ്കിലും മററു് അർഥത്തിന്റെ ബോധമുണ്ടാക്കുമ്പോൾ, ആ വ്യാപാരം ലക്ഷണാവ്യാപാരവും, തദ്വാരാ പ്രതീതമാകുന്ന അർഥം ലക്ഷ്യം അല്ലെങ്കിൽ ലാക്ഷണികവുമാകുന്നു. വാച്യാർഥത്തിന്റെയും ലക്ഷ്യാർഥത്തിന്റെയും പ്രതീതി മുഖ്യരൂപേണ ഉണ്ടാക്കാതെ സർവഥാ നവീനമായ അർഥത്തിനു് അധികം മഹത്വം നൽകുന്ന വ്യാപാരം വ്യഞ്ജനാവ്യാപാരവും തദ്വാരാ കിട്ടുന്ന ബോധം വ്യങ്ഗ്യാർഥവുമാണു്. ഇതിനു് പ്രതീയമാനമെന്നും പേരുണ്ടു്.

കൂടാതെ നാലാമതൊരു വൃത്തികൂടിയുണ്ടു്. അതാണു് താത്പര്യവൃത്തി. താത്പര്യവൃത്തി വാക്യത്തിൻേറതാണു്—ശബ്ദശക്തിയല്ല. അഭിധയും ലക്ഷണയും വ്യസ്തപദങ്ങളുടെ അർഥബോധം തരുന്നു. അഭിധ വഴിക്കു് പ്രതിപാദിക്കുന്ന അർഥങ്ങളെ അന്വിതമാക്കി (ചേർത്തിണക്കി) ഒരു പുതിയ (വിശേഷവപുസ്സ്) അർഥപ്രതീതി ഉണ്ടാക്കുന്ന വ്യാപാരമാണു് താത്പര്യവൃത്തി. ഇതു് വാച്യാർഥങ്ങളുടെ യോഗം (ചേർച്ച) മാത്രമല്ലാതെ, വിലക്ഷണമായ ''വാക്യാർഥം'' (അപദാർഥോപി വാക്യാർഥഃ) ആകുന്നു. ഇതു് ശബ്ദശക്തിയല്ല, വാക്യശക്തിയാണു്.

### അഭിധാവൃത്തി

അതു കൊണ്ടു് വൈയാകരണന്മാർ മൂന്നു വൃത്തികൾക്കേ പ്രാധാന്യം കൊടുക്കുന്നുള്ളു[112]. ശക്തി (അഭിധ), ലക്ഷണ, വ്യഞ്ജന എന്ന മൂന്നു ശബ്ദശക്തികളിൽ മുഖ്യം അഭിധയാണു്. അഭിധയ്ക്കു് കാരണം സങ്കേതഗ്രഹമാകുന്നു. അർഥത്തെപ്പററി ഒരുവനിൽ അജ്ഞത നീക്കി ജ്ഞാതൃതാധർമമുണ്ടാക്കുക സങ്കേതത്തിൻെറ പ്രയോജനമാകുന്നു. ഈ ജ്ഞാതൃതാധർമത്തിൻെറ ആശ്രയം വ്യവഹാരമാണു്. ''കൂർത്ത ഇരുമ്പുമുന പിടിപ്പിച്ച കോല്''' എന്നു് ബോധം തരുന്ന ആയുധത്തിൻെറ പേരു് ''കുന്തം'' എന്നാണു്. അഭിധാനമാണു് പേരു്. ഞാൻ ജനിച്ചു വളർന്നു കഴിയുന്ന സമുദായത്തിൽ കുന്തമെന്ന അഭിധാനം ഈ അർഥത്തിൽ വ്യവഹൃതമാണു്. എത്രയോ തലമുറയായി ഈ അഭിധാനം ഇതേ അർഥത്തിൽ തുടരുന്നു. കുന്തശബ്ദത്തിലെ അഭിധാവ്യാപാരം ഈ അർഥബോധം എന്നിലുണ്ടാക്കുന്നതിനു കാരണം എൻെറ സമുദായത്തിൽ ഞാൻ എപ്പോഴും കേട്ടും പഠിച്ചും അറിഞ്ഞും വരുന്ന വ്യവഹാരം തന്നെയാണു്. വ്യാവഹാരികമായ അർഥബോധം കുന്തശബ്ദത്തിൻെറ വാച്യാർഥമാണു്. വാച്യാർഥത്തിൻെറ വാചകമാണു് കുന്തം. വാചകശബ്ദം എപ്പോഴും വാച്യാർഥത്തിന്റെ ബോധമുണ്ടാക്കുന്നു.

ഭർത്തൃഹരിയുടെ അഭിധാശക്തിവിവേചനവും അതിന്മേലുള്ള പുണ്യരാജന്റെ

---

[112] സാ ച വൃത്തിസ്ത്രിധാ, ശക്തിർലക്ഷണാ വ്യഞ്ജനാ ച.

—നാഗേശന്റെ മഞ്ജൂഷാ

വ്യാഖ്യാനവും സൂക്ഷ്മവും താത്ത്വികവുമാകുന്നു. അവരുടെ പ്രതിപാദനം മൗലികമായിട്ടുണ്ട്. ശബ്ദം ഒന്നും അർഥം അനേകവുമാകുന്നു. വക്താവ് ഏതെങ്കിലും നിശ്ചിതമായ അർഥത്തിൽ അതു പ്രയോഗിക്കുമ്പോൾ ആ ശബ്ദം ആ അർഥം വെളിപ്പെടുത്തുന്നു. വിനിയോഗം കൂടാതെ ശബ്ദം അതിന്റെ അർഥം വെളിപ്പെടുത്തുന്നില്ല. അർഥത്തോടുള്ള ശബ്ദത്തിന്റെ സംബന്ധം ഉക്തി(ഭാഷണം) വഴിക്കേ സിദ്ധിക്കുന്നുള്ളു. അർഥപ്രതിപാദനത്തിനുള്ള ശബ്ദത്തിന്റെ യോഗ്യത ഉക്തിയിലൂടെ മാത്രമേ ഉണ്ടാകുന്നുള്ളൂ എന്ന് പുണ്യരാജൻ പറയുന്നു[113].

ഭർത്തൃഹരിയുടെ കഥനം വ്യാഖ്യാനിക്കുന്ന പുണ്യരാജൻ ഇവിടെ ഒരു പൂർവപക്ഷം കൊണ്ടുവരുന്നു. ശബ്ദത്തിനും അർഥത്തിനും തമ്മിലുള്ള സ്വാഭാവിക സംബന്ധം വക്താവിന്റെ വാക്കിലൂടെയല്ലാതെ അർഥബോധം ഉണ്ടാക്കുകയില്ലെന്നു പറയുമ്പോൾ, വൈയാകരണരുടെ സിദ്ധാന്തം ഖണ്ഡിതമാകുമല്ലോ. വക്താവിന്റെ ഉക്തിവഴിക്കാണ് അർഥം വെളിപ്പെടുന്നതെങ്കിൽ അർഥം മുഖാപേക്ഷിയായി വരും[114]. ഈ സന്ദേഹത്തിന് ഭർത്തൃഹരിയും പുണ്യരാജനും ഇങ്ങനെ സമാധാനം പറയുന്നു: ഏതെങ്കിലും വസ്തുവിന്റെ ദർശനം സാധിപ്പിക്കുന്ന സ്വാഭാവികമായ ശക്തി കണ്ണിനുണ്ട്. എങ്കിലും മനസ്സിന് കണ്ണുമായി സംബന്ധമുണ്ടായിരുന്നാലേ ദർശനം സഫലമാകൂ. ദർശകന് ദർശിക്കണമെങ്കിൽ മനസ്സിന്റെ സംബന്ധം കണ്ണിനോട് (പ്രണിധാനം, ഏകാഗ്രത) ഉണ്ടായിരുന്നേ തീരൂ. ഇതു പോലെ ശബ്ദത്തിന് അർഥബോധം തരുവാനുള്ള സ്വാഭാവികമായ യോഗ്യത ഉണ്ടെന്നിരുന്നാലും, അതിന് വക്താവുമായി സംബന്ധം ആവശ്യമാകുന്നു. അങ്ങനെ വക്താവിന്റെ ഉക്തിയിലൂടെ ശബ്ദത്തിൽ വിശേഷമായ അർഥത്തിന്റെ സംബന്ധം സ്ഥാപിതമായാൽ മാത്രമേ അതിന് അർഥബോധമുണ്ടാക്കുവാൻ കഴിയൂ[115].

അഭിധയിൽ മൂന്നു തത്ത്വമാണ് പൊതുവെ സ്വീകരിച്ചു കാണുന്നത്. ഒന്ന് അഭിധാനം (വാചകം), രണ്ട് അഭിധേയം (വാച്യം), മൂന്ന് രണ്ടിന്റെയും സംബന്ധം (വാച്യവാചക സംബന്ധം). സുപ്രസിദ്ധമായ തത്ത്വം ഈ മൂന്നുമായിരിക്കെ, വിനിയോഗം (നിയുക്തി), ഉക്തി (ഭാഷണം), അഭിസന്ധാനം (സംബന്ധമുണ്ടാക്കുക), അഭിധാ (ശക്തി) എന്ന നാലു തത്ത്വങ്ങൾ കൊണ്ടുവരുന്നത് അപ്രസിദ്ധവും വിചിത്രവുമാണെന്ന ആക്ഷേപം ഉന്നയിച്ചിട്ട് പുണ്യരാജൻ സമാധാനം പറയുന്നു: ഇതിൽ വൈചിത്ര്യമോ അസംഗതിയോ ഇല്ല. അഭിധാനവും അഭിധേയവും (ശബ്ദവും അർഥവും) വാച്യവാചകമെന്ന നിലയ്ക്കു സംബദ്ധമാണ്. ഈ സംബന്ധം അഭിധാ എന്ന ശബ്ദശക്തി കൊണ്ട് നിയമിതമാകുന്നു.[116] കാരകം (കർമം, കരണം മുത

113 വിനിയോഗാദൃതേ ശബ്ദോ
ന സ്വാർഥസ്യ പ്രകാശകഃ
അർഥാഭിധാന സംബന്ധ-
മുക്തിദ്വാരം പ്രചക്ഷതേ —വാക്യപദീയം 2.406

114 പുണ്യരാജൻ, വാക്യപദീയം 2. 407 ff.

115 യഥാ പ്രണിഹിതം ചക്ഷുർ-
ദർശനായോപകല്പതേ
തഥാഽഭിസംഹിതഃ ശബ്ദോ
ഭവത്യർഥസ്യ വാചകഃ —പുണ്യരാജൻ 2. 407 ff.

116 ക്രിയാവ്യവേതഃ സംബന്ധോ ദൃഷ്ടഃ കരണ കർമണോഃ
അഭിധാ നിയമസ്തസ്മാ-ദഭിധാനാഭിധേയയോഃ
—പുണ്യരാജൻ, വാക്യപദീയം 2. 408

ലായവ) ഇരുമ്പുകമ്പി പോലെ പരസ്പരസംബന്ധമില്ലാത്തതാണ്. ഇവയിൽ ക്രിയയുടെ വ്യവധാനം (പ്രക്രിയയുടെ ആശ്രയം) കണ്ട് സംബന്ധം കൽപിക്കുന്നു. അതു പോലെ ശബ്ദാർഥങ്ങളിൽ അഭിധാശക്തി വഴിക്ക് നിയമം സിദ്ധിക്കുന്നു. ഒരേ ശബ്ദം (ശബ്ദതത്ത്വം) ഗോവ് മുതലായ അനേകം വസ്തുക്കളെ പറയുന്നു. എല്ലാ വസ്തുക്കളും സജാതീയം (ഒരു ശബ്ദ തത്ത്വമാകുന്ന ജാതിയുമായി സംബദ്ധം) ആകകൊണ്ട് ഒരൊററ അർഥം (അർഥതത്ത്വം) വെളിപ്പെടുത്തുന്നതിനു വേണ്ടി പ്രയോക്താവ് ആ ശബ്ദത്തെ ആ അർഥത്തിന്റെ വാചകമാക്കുന്നു[117]. തനി സങ്കേതവാദികൾ സങ്കേതത്തിന് (ശബ്ദത്തിന്) സ്വന്തമായ അർഥമുണ്ടെന്നു സമ്മതിക്കുന്നില്ലല്ലോ. വക്താവാണ് സങ്കേതത്തിനും അർഥം ഉണ്ടാക്കുന്നതെന്ന് അവർ കരുതുന്നു. ഭർത്തൃഹരിയെപ്പോലെ അവരും പ്രയോക്താവിന് അഭിധാവ്യാപാരത്തിൽ പ്രാധാന്യം സമ്മതിക്കുന്നുണ്ട്[118].

അഭിധാവ്യാപാരത്തിൽ സങ്കേതം പ്രധാനമാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ സങ്കേതം വഴിയ്ക്ക് ഉണ്ടാകുന്ന ജ്ഞാതൃതസ്സ് ശബ്ദം കാരണമാണെന്നപോലെ, തദ്ഗതമായ ക്രിയയും കാരണം തന്നെ. ആ ക്രിയയാണ് അഭിധാ അഥവാ ശക്തി. അഭിധയ്ക്ക് യോഗം, രൂഢം, യോഗരൂഢമെന്ന മൂന്നു ഭേദമുണ്ട്. പ്രകൃതിയുടെയും പ്രത്യയത്തിൻെറയും, രണ്ടിൻെറയും ആശ്രയം കൂടാതെ വെറും സമുദായശക്തി വഴിക്ക് വാച്യാർഥത്തിൻെറ ബോധമുണ്ടാക്കുന്ന ശബ്ദം രൂഢമാകുന്നു. പ്രകൃതിയുടെയും പ്രത്യയത്തിൻെറയും രണ്ടിൻെറയും ആശ്രയത്തോടു കൂടെ വാച്യാർഥം വെളിപ്പെടുത്തുന്നത് യോഗരൂഢിയാണ്. പ്രകൃതിയുടെയും പ്രത്യയത്തിൻെറയും ചേർച്ച കൊണ്ടു മാത്രം അർഥം വെളിപ്പെടുത്തുന്ന ശബ്ദം യൗഗികമാണ്. കുന്തശബ്ദത്തിനു (കു=ഭൂമി, ഉനത്തി= ക്ലേദയതി) നിലം നനയ്ക്കുന്നതെന്ന അർഥമാകാമെങ്കിലും, സങ്കേതഗ്രഹം മൂലം "ഇരുമ്പുമുന പിടിപ്പിച്ച കോല്" എന്ന അർഥത്തിൽ അതു് ഉറച്ചുപോയി (രൂഢമായിക്കഴിഞ്ഞു). ഈ അഭിധാശക്തി മൂലമുണ്ടാകുന്ന അർഥം രൂഢമാകുന്നു. പങ്കജത്തിനു (പങ്കം=ചേറു്, അതിൽ ജനിച്ചതു്) ചേററിൽ ഉണ്ടായതു് എന്നു് പ്രകൃതിപ്രത്യയങ്ങൾ ചേർന്ന അർഥം കൊണ്ട് ആമ്പൽ, പായൽ എന്നൊക്കെ അർഥമാകാമെങ്കിലും പ്രകൃതിപ്രത്യയങ്ങളെ അപേക്ഷിച്ചു തന്നെ പങ്കജം താമരയുടെ അഭിധാനമായി ഉറച്ചുപോയി. കുന്തത്തിൻെറ അഭിധാശക്തിവ്യാപാരം രൂഢാർഥദ്യോതകമാകുന്നു; പങ്കജത്തിൻെറതു് യോഗരൂഢമാകുന്നു. "പാചക" ശബ്ദം ഒരു വ്യക്തിയെയോ ജാതിയെയോ കുറിക്കുന്ന നാമമല്ല. ആരു് വേവിക്കുന്നുവോ അവൻ പാചകനാണ്. ഇവിടെ പ്രകൃതിയും പ്രത്യയവും ചേർന്നതിനാൽ, കേവലം ആ ചേർച്ചയിൽ നിന്നു് അർഥബോധമുണ്ടാകുന്നു. ഇതു് യൗഗികമായ അഭിധയാണ്. ഇങ്ങനെ മൂന്നു തരം അഭിധയുണ്ട്.

## ലക്ഷണാവൃത്തി

ചില സ്ഥാനങ്ങളിൽ, ചില സന്ദർഭങ്ങളിൽ, മുഖ്യാർഥം പൊരുത്തപ്പെടാ

---

117 ബഹുഷ്വേകാഭിധാനേഷു സർവേഷ്വേകാർഥകാരിഷു
യത്പ്രയോക്താഭിസന്ധത്തേ ശബ്ദസ്തത്രാവതിഷ്ഠതേ
—വാക്യപദീയം 2. 409.

118 Words, as everyone now knows, 'mean' nothing by themselves.... It is only when a thinker makes use of them that they stand for anything, or in one sense, have 'meaning'. They are instruments.
—Ogden and Richards: The Meaning of Meaning pp. 9–10.

റില്ല. അവിടെ മുഖ്യാർഥവുമായി സംബന്ധമുള്ള വേറെ അർഥം ഗ്രഹിക്കാറുണ്ട്. ശക്യത്തോടു ചേർന്ന്, സഹകരിച്ച് നിൽക്കുന്ന വൃത്തിയുടെ വ്യാപാരമാണ് ഇതിനു ഹേതു. ലക്ഷണാവൃത്തിയെന്ന് ഇതിനു പേരിട്ടിരിക്കുന്നു. ഇതു ശബ്ദത്തിന്റെ വ്യാപാരമായതു കൊണ്ട് ശബ്ദനിഷ്ഠമാകുന്നു. ലക്ഷണയ്ക്കു മൂന്നു തത്ത്വം ഉണ്ടായിരിക്കണം: (1) മുഖ്യാർഥബാധഃ =മുഖ്യാർഥം സംഗതമല്ലാതിരിക്കുക; (2) തദ്യോഗഃ =വാച്യാർഥവുമായി ലക്ഷ്യാർഥത്തിന്റെ വേഴ്ച ഉണ്ടായിരിക്കുക; (3) രൂഢി അഥവാ പ്രയോജനം =ലക്ഷ്യാർഥത്തിന്റെ പ്രയോഗം നടന്നു വരുക അഥവാ ലാക്ഷണികപ്രയോഗം കൊണ്ടു വക്താവിനു വിശേഷമായ പ്രയോജനമുണ്ടായിരിക്കുക[119]. ലക്ഷ്യാർഥം ശബ്ദത്തിന്റെ വാസ്തവികാർഥമല്ല, ആരോപിതാർഥമാകുന്നു എന്ന് ഈ ലക്ഷണത്തിൽ നിന്ന് സ്പഷ്ടമാണല്ലോ. ഉദാഹരണമായി "കർമണി കുശലഃ" (അവൻ ജോലിയിൽ കുശലനാണ്), "ഗംഗായാം ഘോഷഃ"(ഗംഗയിൽ ഇടയരുടെ ഗ്രാമമുണ്ട്)എന്ന രണ്ടു വ്യാക്യത്തിലെ"കുശല", "ഗംഗായാം" എന്ന രണ്ടു ശബ്ദമെടുക്കാം. ഗംഗായാം (ഗംഗയിൽ, ഗംഗയുടെ ഒഴുക്കിൽ) എന്ന ശബ്ദം ഇടയരുടെ ഗ്രാമവുമായി ഇണങ്ങുന്നില്ല. ഗംഗയുടെ ഒഴുക്കിൽ ഗ്രാമം ഉണ്ടായിരിക്കയില്ല. അതിനാൽ ഗംഗായാം എന്ന ശബ്ദത്തിന്റെ മുഖ്യാർഥം ഇവിടെ തടയുന്നു, സംഗതമാകുന്നില്ല. അപ്പോൾ മുഖ്യാർഥവുമായി ബന്ധമുള്ള അർഥം (ഗംഗയുടെ കരയിൽ) സ്വീകരിക്കേണ്ടിവരുന്നു. "പുത്തൻ കച്ചേരി മെയിൻറോഡിലാണ്" എന്നു പറഞ്ഞാൽ റോഡിൽ കച്ചേരിക്കെട്ടിടം ഉണ്ടായിരിക്കില്ലെന്നു അറിയാവുന്നവൻ തത്ക്ഷണം റോഡരുകെയാണ് "പുത്തൻ കച്ചേരി" എന്നു മനസ്സിലാക്കുന്നു. ഇവിടെ മെയിൻറോഡിന്റെ അർഥം ലക്ഷ്യമാണ്. കുശലശബ്ദത്തിന്റെ മുഖ്യാർഥം ദർഭപ്പുല്ല് കാട്ടിൽ നിന്നു പിഴുതു കൊണ്ടു വരുന്നവൻ എന്നാണ്. എന്നാൽ ഇവിടെ ചതുരൻ (മിടുക്കൻ) എന്നാണ് കുശല ശബ്ദത്തിന്റെ ലക്ഷ്യാർഥം. "ഗംഗായാം ഘോഷഃ" എന്ന ഉദാഹരണത്തിലെ ലക്ഷ്യാർഥം ഗംഗയുടെ പാവനത മുതലായ പ്രയോജനത്തെ ലാക്കാക്കുന്നു. "കുശല" ശബ്ദം രൂഢിയെ ആധാരമാക്കുന്നതാണ്.

ലക്ഷണാവ്യാപാരത്തിൽ എപ്പോഴും മുഖ്യാർഥത്തിന്റെ തിരസ്കാരം നടക്കുന്നു. ഈ തിരസ്കാരത്തിന്റെ ഏററക്കുറച്ചിൽ പോലെ ലക്ഷണകൾക്കു പിരിവ് നിർണയിക്കുന്നുണ്ട്. എവിടെ മുഖ്യാർഥം മുഴുവൻ തിരസ്കൃതമാകുന്നില്ലയോ അവിടെ മുഖ്യാർഥത്തോട് എന്തെങ്കിലും ചേർക്കുന്നു. ഇവിടെ ശബ്ദം അതിന്റെ വാസ്തവമായ അർഥം വിടാതെ (അജഹത്) മറെറാരു അർഥം ഗ്രഹിക്കുന്നു (ഉപാദാനം). അതിനാൽ ഇതു് "അജഹല്ലക്ഷണ" (ഉപാദാനലക്ഷണ) യാകുന്നു. ഏതു ലക്ഷണയിൽ മുഖ്യാർഥം മുഴുവൻ തിരസ്കൃതമായിട്ട് ലക്ഷ്യാർഥം വെളിപ്പെടുന്നുവോ അതു് "ജഹല്ലക്ഷണ" (ലക്ഷണലക്ഷണ) ആകുന്നു. ഇവിടെ ശബ്ദം അതിന്റെ വാസ്തവമായ അർഥം വിട്ട് (ജഹത്) കേവലം വേറെ ലക്ഷ്യാർഥം (ലക്ഷണം) വെളിപ്പെടുത്തുന്നു. ഉപചാരത്തെ ആധാരമാക്കി ലക്ഷണയ്ക്ക് ശുദ്ധ, ഗൗണി എന്നു രണ്ടു ഭേദമുണ്ടാകുന്നു. ഗൗണിയിൽ ഉപചാരം (സാധർമ്യം) ഉണ്ടായിരിക്കും. "ആ കുട്ടി സിംഹമാണ്" എന്നു പറയുമ്പോൾ ഗൗണീലക്ഷണ വഴിക്ക് സിംഹം കുട്ടിയുടെ ലക്ഷ്യാർഥമായ്വരും. ഇവിടെ

---

119 മുഖ്യാർഥബാധേ തദ്യോഗേ
രൂഢിതോऽഥ പ്രയോജനാത്
അന്യോऽർഥോ ലക്ഷ്യതേ യത് സാ
ലക്ഷണാऽऽരോപിതാ ക്രിയാ

—കാവ്യപ്രകാശം 2. 4

അതിശയമായ സാദൃശ്യം ലക്ഷിതമാണ്[120]. സാധർമ്മ്യമല്ലാത്ത സംബന്ധത്തെ ആശ്രയിക്കുന്ന ലക്ഷണ ശുദ്ധയാണ്. ഇവയുടെ പ്രകാരഭേദം ഇങ്ങനെ ചിത്രീകരിക്കാം:




ഈ ലക്ഷണാഭേദങ്ങളുടെ വിസ്തൃതമായ പ്രതിപാദനം അലങ്കാരഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്.

## വ്യഞ്ജനാവൃത്തി

ശക്യവും ലക്ഷ്യവുമല്ലാത്ത വൃത്തിയാണ് വ്യഞ്ജന. മുഖ്യാർത്ഥം തടയാതെ, ശക്യാർത്ഥത്തിന്റെയും, യഥാസംഭവം ലക്ഷ്യാർത്ഥത്തിന്റെയും ബോധമുണ്ടായതിൽ പിന്നെ വ്യഞ്ജന തെളിയുന്നു. "ഗതോഽയമർക്കഃ" (സൂര്യൻ അസ്തമിച്ചു) എന്ന് കൂലിവേലക്കാരോട് കങ്കാണി പറഞ്ഞാൽ, "ഇനി വേല മതിയാക്കി വീട്ടിലേക്കു പോകാം" എന്നായിരിക്കും അതിൽ നിന്നു കിട്ടുന്ന അർത്ഥബോധം. അതേ വാക്യം വാധ്യാൻ ബ്രഹ്മചാരികളോടു പറഞ്ഞാൽ, "ഉണ്ണികളേ, പോയി ഊക്കു കഴിപ്പിൻ" എന്നായിരിക്കും ബ്രഹ്മചാരികൾ ഗ്രഹിക്കുന്ന അർത്ഥം. നിരത്തിനരികെ, നടപ്പാതയ്ക്കടുത്ത് സാമാനം നിരത്തിവച്ചു കച്ചവടം ചെയ്യുന്നവൻ തന്റെ കയ്യാളിനോടാണ് ഈ വാക്യം പറയുന്നതെങ്കിൽ, "സാമാനങ്ങൾ അടുക്കിക്കെട്ടി വീട്ടിലേക്കു മടങ്ങാ"മെന്നാണ് ഭൃത്യൻ മനസ്സിലാക്കുക. ഈ അർത്ഥമൊന്നും തന്നെ മുഖ്യാർത്ഥത്തിലൂടെ കിട്ടുന്നതല്ല. എങ്കിലും മുഖ്യാർത്ഥം ഗ്രഹിക്കാൻ തട ഇല്ലതാനും. അതിനാലിവിടെ ലക്ഷണാവ്യാപാരം നടക്കുന്നില്ല. അഭിധാർത്ഥവും ലക്ഷ്യാർത്ഥവും സംഗതമല്ലായ്കയാൽ വ്യഞ്ജനാവൃത്തിയുടെ വ്യാപാരം നടക്കുന്നു എന്നു സിദ്ധിക്കുന്നു.

വ്യഞ്ജനാവൃത്തിയുടെ വ്യാപാരം കാവ്യത്തിലാണ് നടക്കുക, ശാസ്ത്രത്തിലല്ല. കാവ്യപ്രകാശത്തിൽ മമ്മടൻ എഴുതുന്നു: "സ്യാദ് വാചകോ ലാക്ഷണികഃ ശബ്ദോഽത്ര വ്യഞ്ജകസ്ത്രിധാ". "അത്രേതി കാവ്യേ, ശാസ്ത്രേ വ്യഞ്ജകശബ്ദോ ന പ്രസിദ്ധ ഇത്യത ഉക്തമത്രേതി" എന്നു വ്യാഖ്യാനം (കാവ്യപ്രകാശം, 2.1). സമാനമായ സിദ്ധാന്തം പാശ്ചാത്യസാഹിത്യമർമജ്ഞനായ റിച്ചാർഡ്സ് വ്യക്തമാക്കുന്നുണ്ട്: "സങ്കേതാത്മകമായ ഭാഷ സത്യാസത്യത്തെ നികഷമാക്കി പരീക്ഷിക്കാവു

---

120 ഉപചാരോ ഹി നാമ അത്യന്തം വിശകലിതയോഃ സാദൃശ്യാതിശയമഹിമ്നാ ഭേദപ്രതീതിസ്ഥഗനമാത്രാ.

—സാഹിത്യദർപ്പണം

ന്നതാണ്. ശബ്ദത്തിൻെറ ശാസ്ത്രീയമായ പ്രയോഗമാണിതു്. സംവേഗം അഥവാ വികാരം ഉത്തേജിപ്പിക്കുവാനും ഭാഷ(ശബ്ദം=സങ്കേതം)പ്രയോഗിക്കാം. ഇതു് ശബ്ദത്തിന്റെ സംവേഗാത്മകമായ പ്രയോഗമാകുന്നു"[121]. കാവ്യത്തിൽ ശബ്ദത്തിന്റെ വികാരപ്രചോദകമായ പ്രയോഗത്തെപ്പററി റിച്ചാഡ്സ് ചെയ്യുന്ന പ്രതിപാദനം സങ്കേതാത്മകശബ്ദത്തിന്റെ പ്രയോഗത്തെ സംബന്ധിച്ച പ്രതിപാദനം പോലെ ശാസ്ത്രീയമാണ്[122]. വ്യവഹാരത്തിൽ ശബ്ദത്തിന്റെ പ്രയോഗം സൗകര്യാർഥം രണ്ടു തരം നടക്കുന്നു എന്നു സങ്കല്പിക്കാം. സങ്കേതാത്മകമായ ഭാഷ സത്യത്തിന്റെ ബോധം തരുന്നു. വികാരപ്രചോദകമായ ശബ്ദത്തിന്റെ പ്രയോഗം, അതായതു് സംവേഗാത്മകമായ ഭാഷ, വികാരമോ അനുഭൂതിയോ വൃത്തിയോ അഭിപ്രായമോ ഉണർത്തുന്നു[123]. ഭാഷയുടെ ഈ പ്രയോജനമാണ് വ്യഞ്ജന കൊണ്ടു നേടുന്നതു്[124]. വ്യഞ്ജനയുടെ പ്രകാരഭേദങ്ങൾ താഴെ കൊടുക്കുന്നു:

- വ്യഞ്ജന
  - ശാബ്ദീ വ്യഞ്ജന
    - അദിധാമൂല
    - ലക്ഷണാമൂല
  - ആർഥീ വ്യഞ്ജന
    - വാച്യാർഥ സംഭവ
    - ലക്ഷ്യാർഥ സംഭവ
    - വ്യംഗ്യാർഥ സംഭവ

ഇവയുടെ വിശദീകരണം സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്.

അർഥബോധപ്രക്രിയയിൽ ഈ വിഷയം (ശബ്ദശക്തിവിചാരം) അനപേക്ഷണീയമാകുന്നു എന്നുള്ളതിനാൽ സംക്ഷേപത്തിൽ ഇതു കൂടി സൂചിപ്പിച്ചതാണ്. വാസ്തവത്തിൽ നിഷ്കൃഷ്ടമായ സങ്കേതാത്മകഭാഷ ഉണർത്തുന്ന ഭാവാത്മകമായ പ്രഭാവം, ആ സങ്കേതം ഗൗണമായാലും പ്രധാനമായാലും, അവയുടെ പ്രയോഗവുമായി വേഴ്ച ഇല്ലാത്തതാണെന്നു വരുമ്പോഠം[125] അർഥബോധപ്രക്രിയയിൽ വൃത്തികളുടെ വിവേചനത്തിനുള്ള പ്രസക്തി സ്പഷ്ടമാണല്ലോ.

---

121 I. A. Richards: The Principles of Literary Criticism p. 267.

122 Ogden & Richards: The Meaning of Meaning: 2nd Edition Preface p. XII.

123 Ibid: pp. 149–50.

124 അനേകാർഥസ്യ ശബ്ദസ്യ
വാചകത്വേ നിയന്ത്രിതേ
സംയോഗാദ്യൈരവാച്യാർഥ-
ധീകൃദ് വ്യാപൃതിരഞ്ജനം
—കാവ്യപ്രകാശം

125 In strict symbolic language the emotional effects of the words whether direct or indirect, are irrelevant to their employment.
—Ogden and Richards: The Meaning of Meaning. p. 235

# 8. അർഥപരിവർത്തനം

ഒരു ശബ്ദം ഒരേ ഒരു അർഥത്തിൻെറ ബോധമേ തരുന്നുള്ളു എന്നു ധരിക്കരുതു്. ശബ്ദത്തിൻെറ അർഥം നിയമിതമല്ലെന്നു മുമ്പു തന്നെ സൂചിപ്പിച്ചിട്ടുണ്ടു്; വക്താവിൻെറയും ബോദ്ധാവിൻെറയും വിവക്ഷ പോലെ ഒരേ ശബ്ദം വിശേഷമായ ഭാവാഭിവ്യക്തിക്കു വേണ്ടി വേറെ വേറെ അർഥത്തിൽ വ്യവഹരിച്ചു വരുന്നുണ്ടല്ലോ. ഒരു ശബ്ദം ഒരു അർഥത്തിലേ പ്രയോഗിക്കാവൂ എന്നു നിയമമുണ്ടെങ്കിൽ അർഥത്തെപ്പററി സംശയം തോന്നാൻ ഒരിക്കലും ഇട വരുകയില്ല. എന്നാൽ അനുഭവമതല്ല. ഒരു ശബ്ദം ഒരു അർഥത്തിലേ പ്രയോഗിക്കൂ എന്ന നിയമമില്ല [126]. അതാണു് അർഥത്തെപ്പററി സംശയമുണ്ടാകാൻ കാരണം. പ്രകൃതിയുടെയും പ്രത്യയത്തിൻെറയും അർഥം നിയതമേ അല്ല [127]. ഒരേ ശബ്ദത്തിനു് പല അർഥവുമുണ്ടു് [128]. ഒരു ശബ്ദത്തിൻെറ അർഥത്തിനു് സങ്കോചം, വിസ്താരം, അന്യാർഥബോധകത്വം മുതലായ മാററങ്ങൾ വരുന്നതു് അർഥപരിവർത്തനമാകുന്നു. ഒരു ശബ്ദം നാനാർഥകമാകാമെന്നതു പോലെ, അനേകം ശബ്ദങ്ങൾ ഏകാർഥകവുമാകാറുണ്ടു്. പരിവർത്തനമെന്ന പദം അർഥവിസ്താരം, അർഥസംകോചം, അർഥാദേശം എന്ന മൂന്നു തരം മാററത്തെയും കുറിക്കുന്നു. യജുർവേദത്തിൽ (40.1) പറയും പോലെ, ''യത്കിഞ്ച ജഗത്യാം ജഗത്''—ഈ ജഗത്രയത്തിൽ എന്തൊക്കെ ഉണ്ടോ അതെല്ലാം ഗതിശീലമാകുന്നു. ഭാഷയുടെ മുഖ്യമായ സംബന്ധം മനുഷ്യനുമായാണു്. മനുഷ്യൻ ചരനാണു് —അവനിൽ മാററം നിരന്തരമാകുന്നു. മനുഷ്യൻ വിശ്വത്തിലെ പദാർഥങ്ങളുമായി വേഴ്ചയുള്ളവനാണു താനും. അവയും ജങ്ഗമങ്ങളാണു്; അചലമായൊന്നുമില്ല. അതുകൊണ്ടു് ഭാഷയും, ഭാഷയുടെ ശബ്ദവും അർഥവുമെന്ന പിരിവും പരിവർത്തനശീലമാകുന്നു.

## അർഥത്തിൻെറ വ്യാപകത്വം

ശബ്ദം നാനാർഥകമാണു്. ഏകാർഥകമായ ശബ്ദങ്ങളുണ്ടു്. എന്നാൽ ആദിമാവസ്ഥയിൽ ശബ്ദത്തിൻെറ അർഥം വ്യാപകവും ബഹുമുഖവുമായിരുന്നു. നിരുക്തത്തിൽ യാസ്കൻ ഈ തത്ത്വം ഒരു ഉദാഹരണം വഴിക്കു് വിശദമാക്കുന്നുണ്ടു്. ''ഗൗഃ'' എന്ന നാമം ''ഗമനക്രിയ''യുള്ള പദാർഥത്തിൻെറ സങ്കേതമാകുന്നു. ഭൂമി, വാക്കു്, ഇഷു, സൂര്യൻ, രശ്മി മുതലായ അർഥം ഗോശബ്ദത്തിനുണ്ടു്. സാധർമ്യമാണു് ഈ നാനാർഥത്തിനു് ആധാരം. എങ്കിലും ലോകപ്രസിദ്ധമായ അർഥം പശുവിശേഷമെന്നാകുന്നു. മുഖ്യാർഥത്തെ ആസ്പദിച്ചു് ചർമാസനം, ചർമം,

---

126 യദ്യേകഃ ശബ്ദ ഏകസ്മിന്നർഥേ നിയതഃ സ്യാത്, തത ഏതദ് യുജ്യതേ വക്തും, യതസ്ത്വനിയമഃ തതഃ പ്രകൃതേരേവ സർവേ അർഥാഃ സ്യുഃ

—കൈയടൻ, പ്രദീപം 1-2.45

127 പ്രകൃതിപ്രത്യയോരർഥവത്തായാ അനൈയത്യം ദർശയതി

—ഉദ്യോതം, മഹാഭാഷ്യം 1-2-45

128 ഏകശ്ച ശബ്ദോ ബഹ്വർഥഃ

—മഹാഭാഷ്യം 1-2-45

കൊഴപ്പ്, പാല്, സ്നായു മുതലായ ഗൗണാർഥങ്ങളുമുണ്ട്[129]. വേദമന്ത്രങ്ങളിൽ ഗോശബ്ദം ഇപ്രകാരം പല പല അർഥത്തിലും പ്രയുക്തമാണെന്നു യാസ്കൻ ദൃഷ്ടാന്തസഹിതം സ്ഥാപിക്കുന്നു.

നാമമായാലും ക്രിയയായാലും ശബ്ദത്തിന്റെ പ്രവൃത്തിനിമിത്തം ക്രിയയാണെന്നാണ് ഇതിൽ നിന്നു സിദ്ധിക്കുന്നത്. "തത്ര നാമാന്യാഖ്യാതജാനീതി ശാകടായനോ നൈരുക്ത സമയശ്ച" (നിരുക്തം, 1-12) (പദസമൂഹത്തിൽ നാമങ്ങളും എല്ലാം ക്രിയയിൽ നിന്നുണ്ടായവയാണെന്ന് വൈയാകരണരും നൈരുക്തികരും കരുതുന്നു). ഘടഃ എന്ന ശബ്ദത്തിനു് അർഥത്തിലുള്ള പ്രവൃത്തിനിമിത്തം ഘടന എന്ന ക്രിയയാണ്, ഘടത്വമെന്ന ജാതി (സാമാന്യം) അല്ല. ഘടം എന്ന ശബ്ദത്തിന്റെ അർഥത്തിലുള്ള പ്രവൃത്തിക്കു നിമിത്തമായി ഘടത്വജാതി ഉണ്ടെന്നു വാദിക്കുന്നവർ പോലും ഘടനക്രിയയുടെ പ്രവൃത്തിനിമിത്തത്വം നിരസിക്കുന്നില്ല. ഘടത്വജാതി തുടർന്നുണ്ടായിരുന്നാൽ തന്നെയും ഘടനക്രിയ ഇല്ലാതെയും ഘടസ്വരൂപം നേടാതെയും ഘടശബ്ദം കൊണ്ട് ഘടമെന്ന വ്യവഹാരം സിദ്ധിക്കയില്ല. ഘടനക്രിയ ഇല്ലാത്തതിനും ഘടമെന്ന പേരാകാമെങ്കിൽ, പടത്തിനും ആ പേരു് എന്തു കൊണ്ട് സംഗതമല്ല? ഘടനക്രിയയുടെ അഭാവം ഘടത്തിലും പടത്തിലുമുള്ളതിനാൽ രണ്ടും സമാനധർമികളാണ്. അതുപോലെ ഗമനക്രിയയാണ് ഗൗ ശബ്ദത്തിന്റെ അർഥത്തിലുള്ള പ്രവൃത്തിനിമിത്തം. ശബ്ദത്തിന്റെയും അർഥത്തിന്റെയും ആദിമമായ സ്ഥിതി ഇത്ര വ്യാപകമായിരുന്നു. തന്മൂലം വ്യസ്തശബ്ദത്തിന്റെ അർഥം നിർണയിക്കാൻ എളുപ്പമല്ല. അതു കൊണ്ട്, വാക്യത്തിൽ, പ്രകരണമനുസരിച്ചും, വക്താവിന്റെ അറിവും സംസ്കാരവും പുരസ്കരിച്ചും അർഥം അനുമാനിക്കാൻ കഴിയും. ഈ നില ഭാഷയുടെ തരളാവസ്ഥയാണെന്നു കരുതുന്നവരുണ്ട്. വ്യവഹാരത്തിൽ അർഥത്തിന്റെ പരപ്പു ചുരുങ്ങി തരളാവസ്ഥ നീങ്ങി ഘനീഭവിക്കാതിരുന്നാൽ ശബ്ദപ്രയോഗം നടക്കാൻ കഴിയുകയില്ലല്ലോ. അതു കൊണ്ട് ക്രമേണ അർഥസങ്കോചം തുടങ്ങുന്നു. ഗോ ശബ്ദത്തിന്റെ സങ്കുചിതാർഥമാണ് പശുവിശേഷം. യാസ്കന്റെ ഈ പ്രകരണം ചിലർ അർഥവികാസത്തിൽ ഇണക്കാൻ ശ്രമിക്കുന്നുണ്ട്. അവരുടെ മതത്തിൽ ഗൗ ശബ്ദം പശുവിശേഷമായി ആരംഭിച്ചിട്ട്, അർഥത്തിന്റെ മൂല

---

129 നിരുക്തം. 2-5-6.
ഗൗരിതി പൃഥിവ്യാ നാമധേയം, യദ് ദൂരം ഗതാ ഭവതി, യച്ചാസ്യാം ഭൂതാനി ഗച്ഛന്തി . . . . . അഥാപി പശുനാമേഹ ഭവതേ്യതസ്മാദേവ. അഥാപ്യസ്യാം തദ്ധിതേന കൃത്സ്നവന്നിഗമാ ഭവന്തി. "ഗോഭിഃ ശ്രീണീത മത്സരം" (ഋഗ്വേദം, 9. 76. 4) ഇതി പയസഃ . . . ."അംശും ദുഹന്തോ അധ്യാസതേ ഗവി" (ഋ 10.94.9) ഇത്യധിഷവണചർമണഃ.. .. അഥാപി ചർമ ച ശ്ലേഷ്മാ ച. "ഗോഭിഃ സന്നദ്ധോ അസി വീലയസ്വ"(ഋ. 6.46.26). ഇതി രഥസ്തുതൗ. . . ."ഗോഭിഃ സന്നദ്ധാ പതതി പ്രസൂതാ" (ഋ. 6. 75. 11). ഇതീഷുസ്തുതൗ. സ്നാവ ച ശ്ലേഷ്മാ ച. . . .ആദിത്യോപി ഗൗരുച്യതേ"ഉതാദഃ പരുഷേ ഗവി" (ഋ.6.56. 3)...."സുഷുമ്ണഃ സൂര്യരശ്മിശ്ചന്ദ്രമാ ഗന്ധർവ :" (യജു. 18. 40) ഇത്യപി നിഗമോ ഭവതി. സോfപി ഗൗരുച്യതേ. ഗോശബ്ദത്തിനു മഹാഭാരതം വജ്രഃ എന്നർഥം ചേർക്കുന്നു: "ഗോഭിർഭാസയതേ മഹീം"(മഹാഭാരതം, 3. 352). കൂടാതെ സ്വർഗം, ജലം, നയനം മുതലായ വിവിധാർഥങ്ങൾ ഗോശബ്ദത്തിനു പ്രസിദ്ധമാണ്. ഹലായുധകോശത്തിൽ എഴുതുന്നു :

"ദൃഗ്, ദൃഷ്ടി, ദീധിതി, സ്വർഗ, വജ്ര, വാഗ്, ബാണ, വാരിഷു ഭൂമൗ പശൗ ച ഗോശബ്ദഃ വിദ്വദ്ഭിർദശസു സ്മൃതഃ",

മായ "ഗമന" മെന്ന ധർമം ഏതിലെല്ലാം ഇണക്കാമോ അതിലോരോന്നിലും മുറയ്ക്ക് ഇണക്കി അർഥവിസ്താരം നേടി. എന്നാൽ ഈ ഊഹം സയുക്തികമല്ല. മനുഷ്യൻ സാമാന്യത്തിൽ നിന്നു വിശേഷത്തിലേക്കു നീങ്ങുകയാണ് പതിവ്. അതാണ് വിജ്ഞാനം അഥവാ വിവേകം എന്നു വ്യവഹാരകുശലന്മാർ പറഞ്ഞിട്ടുണ്ട്[130].

## അർഥസങ്കോചം

ഒരു ശബ്ദം അതിൻെറ അർഥത്തിൻെറ വിഷയത്തിൽ പ്രവൃത്തിനിമിത്തമായി ക്രിയയെയാണ് ആശ്രയിക്കേണ്ടതെങ്കിൽ വ്യവഹാരം സുകരമാകയില്ല. അതു കൊണ്ട് വ്യാപകവും നാനാരൂപവുമായ അർഥത്തിൽ നിന്ന് ശബ്ദം താഴോട്ടു വന്ന്, ലോകവ്യവഹാരസൗകര്യമാകുന്ന ഇടുങ്ങിയ കുഴലിലൂടെ കടന്ന് ഏതെങ്കിലും ഒരു അർഥത്തിൽ ഉറയ്ക്കുന്നു. ലോകം മററ് അർഥങ്ങൾ മറക്കുന്നില്ലെങ്കിലും, വ്യവഹാരത്തിൽ പ്രയോഗിക്കുവാൻ കഷ്ടത അനുഭവിക്കനിമിത്തം അവയെ പുറകോട്ടു തള്ളിക്കളയുന്നു. ഈ അർഥസങ്കോചമാണ് രൂഢാർഥത്തിൻെറ മൂലം. യാസ്കൻ ഈ വിഷയം ഇങ്ങനെ ചർച്ചചെയ്യുന്നു: ഒന്നാമതു് ഗാർഗ്യൻെറ പേരിൽ പൂർവപക്ഷമുന്നയിക്കുന്നു. എല്ലാ നാമശബ്ദങ്ങളും ക്രിയയിൽ നിന്ന് ഉടലെടുക്കുന്നു എന്നു പറയുകയാണെങ്കിൽ ആരു് എന്തു വേല ചെയ്യുന്നുവോ ആ വേലയ്ക്കൊത്തതായ പേരു് അവന് നല്കേണ്ടതായിവരും. അപ്പോൾ മരം അറക്കുന്നവരെല്ലാരും തക്ഷർ അഥവാ തച്ചരായിത്തീരും! വഴിനടക്കുന്നവരെല്ലാരും "കുതിര"കൾ ആയേക്കും. നശിപ്പിക്കപ്പെടുകയോ ഭക്ഷിക്കപ്പെടുകയോ ചെയ്യുന്നതു് എല്ലാം തൃണമാകും.* ഈ പൂർവപക്ഷത്തിനു യാസ്കൻ സമാധാനം പറയുന്നു: ഒരേ തരം കർമത്തിലേർപ്പെടുന്നവർക്കെല്ലാവർക്കും ആ കർമത്തെ കുറിക്കുന്ന പേരു് കൊടുക്കാറില്ല എന്നു നാം ലോകത്തിൽ കാണുന്നു. ചിലർക്കേ ആ പേരു കൊടുക്കാറുള്ളു. ഇതാണ് വ്യവഹാരത്തിലിരിക്കുന്ന ഭാഷയുടെ വിശേഷത[131]. യാസ്കൻ അർഥസങ്കോചത്തിലോട്ടുള്ളതായ പ്രവൃത്തിയാണിവിടെ സൂചിപ്പിക്കുന്നതു്. ക്രിയാശ്രിതമായ അർഥം പലതാണെന്നിരുന്നാലും ലോകം അർഥസങ്കോചം വരുത്തിക്കൊള്ളുമെന്നു പറയുന്നതിൽ നിന്ന് ആ ശബ്ദത്തിന്റെ അർഥത്തിൽ ക്രിയയുടെ ലേശവും ശേഷിക്കുന്നില്ലെന്നു സിദ്ധിക്കുന്നില്ല. ഈ വിഷയത്തെപ്പററി മഹാഭാഷ്യത്തിൽ പതഞ്ജലി എഴുതുന്നു: ശബ്ദങ്ങളുടെ പ്രയോഗം രൂഢമായ അർഥത്തിൽ ചെയ്യുക യുക്തമാണോ? അതേ, യുക്തം തന്നെ. ലൗകികവ്യവഹാരത്തിൽ അങ്ങനെ കാണുന്നുണ്ട്[132]. അർഥസങ്കോചം ലോകവ്യവഹാരത്തിൽ നടക്കുന്നുണ്ടെന്നു താത്പര്യം. അതായതു്, അർഥത്തിന്റെ

---

130 Louis H. Gray: Foundations of Language, p. 251

* 131-ാം അടിക്കുറിപ്പു നോക്കുക.

131 അഥ ചേത് സർവാണ്യാഖ്യാതജാനി നാമാനി സ്യുഃ, യഃ കശ്ച തത് കർമ കുര്യാത് സർവം തത് സത്ത്വം തഥാചക്ഷീരൻ. യഃ കശ്ചാധ്വാനമശ്നുവീതാശ്വഃ, സ വചനീയഃ സ്യാത്, യത്കിഞ്ചിത്തൃന്ദ്യാത്തൃണം തത്.

—നിരുക്തം 1.12

[വഴി പ്രാപിക്കുന്ന ക്രിയയെ (അശ്നോതി) ആസ്പദിച്ച് "അശ്വ" ശബ്ദവും, നശിപ്പിക്കുന്ന ക്രിയയെ (തൃദിര്) ആസ്പദിച്ച് തൃണശബ്ദവും ഉണ്ടായി]. "പശ്യാമഃ സമാനകർമണാം നാമധേയപ്രതിലംഭമേകേഷാം നൈകേഷാം, യഥാ തക്ഷാപരിവ്രാജകോ ജീവനോ ഭൂമിജ ഇതി."

—നിരുക്തം 1.14

132 യുക്തം പുനർയത് നിയതവിഷയാ നാമശബ്ദാഃ സ്യുഃ ബാഢം യുക്തം. അന്യത്രാപി തദ്വിഷയദർശനാത്. —മഹാഭാഷ്യം 2.2.29

മൂലസ്വരൂപം എന്തായിരുന്നാലും മനുഷ്യൻ സൗകര്യാർത്ഥം അർത്ഥത്തിൻെറ വ്യാപ്തി കുറച്ചു് ഏതെങ്കിലും ഒരു പദാർത്ഥത്തിൽ ഉറപ്പിക്കുന്നു.

ശബ്ദത്തിൻെറ ശക്തി അനന്തമാണു്. ശബ്ദം സർവാർത്ഥബോധകമാണു്. എങ്കിലും ഒരു ശബ്ദം വിശേഷമായ അർത്ഥത്തിൽ വ്യവഹാരത്തിനു വേണ്ടി നിയന്ത്രിക്കുമ്പോൾ ആ അർത്ഥത്തിന്റെ ബോധമുണ്ടാകുന്നു, മറെറാന്നിന്റെയും ബോധമുണ്ടാകുന്നില്ല[133]. രൂഢിശബ്ദങ്ങളിൽ ക്രിയയുടെ ബോധം അവയുടെ വ്യുത്പത്തിയുടെ അറിവിനായാണു് ഉണ്ടാകുന്നതു്. "ഗഛതീതി ഗൗഃ" (ഗമനശീലമാണു് എന്നതിനാൽ ഗോ നാമം ഉണ്ടായി) എന്ന അർത്ഥബോധം വാസ്തവത്തിൽ രൂഢസംജ്ഞ കിട്ടിയതോടു കൂടി അവസാനിക്കുന്നു. ഗമനക്രിയയുടെ അഭാവത്തിലും അതു ഗോവു തന്നെ, ഗമനക്രിയ ഉള്ള മററു വസ്തുക്കൾ ഗോവ് അല്ലതാനും[134]. അതു കൊണ്ടു്, ഗമനക്രിയയെ ആശ്രയിച്ചു് മനുഷ്യനെ ഗൗഃ എന്നു പറയാററില്ല. പ്രക്ഷരണക്രിയയെ (പശയൊഴുകൽ) കാരണമാക്കി ന്യഗ്രോധത്തെ (പേരാൽ) പ്ലക്ഷ (അരയാൽ)മെന്നു പറയാറുമില്ല. രൂഢിയായാലുടൻ വ്യുത്പത്യാത്മകമായ അർത്ഥം പിന്മാറുന്നു[135]. ഇതാണു് അർത്ഥസങ്കോചം. നാഗേശന്റെ പരിഭാഷേന്ദുശേഖരത്തിൽ, "അവയവപ്രസിദ്ധേഃ സമുദായ പ്രസിദ്ധിർബലീയസീ" (പരിഭാഷാ, 107) (പ്രകൃതിയും പ്രത്യയവുമാണു് ശബ്ദത്തിൻെറ അവയവങ്ങൾ. അവ ചേർന്നു് ഉണ്ടാകുന്ന അർത്ഥത്തെക്കാൾ ബലവത്തായ അർത്ഥം ശബ്ദത്തിന്റെ വ്യവഹാരസിദ്ധമായ അർത്ഥമാകുന്നു) എന്നു പറയുന്നു. ഇതു് അർത്ഥസങ്കോചത്തിൻെറ പ്രസിദ്ധിയ്ക്കു താങ്ങാണു്. പാലു് തരുന്ന എല്ലാ നാൽക്കാലികൾക്കും സമാനമായിരുന്നു ധേനു എന്ന പേരു്. സമുദായത്തിൽ ഗോവിൻെറ പാലിനു് കൂടുതൽ മതിപ്പും പ്രചാരവും ഉണ്ടായപ്പോൾ ധേനു എന്ന ശബ്ദത്തിന്റെ അർത്ഥം ചുരുങ്ങി കേവലം ഗോവിൽ വന്നുറച്ചു (വാക്യപദീയം, 2. 317 പുണ്യരാജൻ). "ന" എന്ന ശബ്ദം വേദത്തിൽ ഉപമാർത്ഥകവും നിഷേധാർത്ഥകവുമാകുന്നു. എന്നാൽ ലോകഭാഷയിൽ അതു വെറും നിഷേധാർത്ഥകമാണു്. "നേതി പ്രതിഷേധാർത്ഥീയോ ഭാഷായാം, ഉഭയമന്വധ്യായം" (നിരുക്തം, 1.4).

അർത്ഥസങ്കോചം പല പ്രകാരമുണ്ടു്. സമാസത്തിൽ അർത്ഥത്തിനു വിശേഷമായ സ്ഥിതി സിദ്ധിക്കുന്നു: അബ്ഭക്ഷഃ വായുഭക്ഷഃ (വെള്ളം അഥവാ വായു ഭുജിച്ചു കഴിയുന്നവർ), കർണ്ണേജപഃ (പിശുനൻ), പശ്യതോഹരഃ (സ്വർണ്ണകാരൻ, തട്ടാൻ), ത്ര്യംബകഃ, ത്ര്യക്ഷഃ, കണ്ഠേകാലഃ (ശിവൻ) ഇവ ദൃഷ്ടാന്തമായി മഹാഭാഷ്യകാരൻ(ആഹ്നികം 1) ഉദ്ധരിക്കുന്നു. ഉപസർഗം അർത്ഥസങ്കോചം ഉണ്ടാക്കാറുണ്ടു്. ഹൃ ധാതുവിൽ നിന്നുണ്ടാകുന്ന ആഹാരം, വിഹാരം, പ്രഹാരം, സംഹാരം, പരിഹാരം മുതലായ ശബ്ദങ്ങളുടെ അർത്ഥം വേറെ വേറെയാണെന്നു സ്പഷ്ടമാണല്ലോ. നീ ധാതുവിൽ നിന്നു് പ്രണയം, അനുനയം, വിനയം, നിർണയം മുതലായവയും ഭൂ ധാതുവിൽ നിന്നു പ്രഭാവം, അനുഭാവം, അനു

---

133 സർവാർത്ഥാഭിധാനശക്തിയുക്തഃ ശബ്ദോ യദാ വിശിഷ്ടേ ഽർത്ഥേ സംവ്യവഹാരായ നിയമ്യതേ, തദാ തത്രൈവ പ്രതീതിം ജനയതി നാന്യത്ര.
—കൈയടൻ, മഹാഭാഷ്യം 1.2.22

134 രൂഢിശബ്ദേഷു ക്രിയാ കേവലം വ്യുത്പത്യർത്ഥമാശ്രീയതേ, ഗച്ഛതീതി ഗൗരിതി. തേന ഗമനക്രിയാരഹിതോപി ഗൗർഭവതി, ഗോപിണ്ഡാച്ചാന്യോർത്ഥോ ഗമനവിശിഷ്ടോപി ഗൗർ ന ഭവതി.
—നാഗേശൻ, മഹാഭാഷ്യം 3.2.56

135 രൂഢത്വാച്ച ലൗകികസ്യാർത്ഥസ്യ പ്രക്ഷരണമാത്രാദ്ന്യഗ്രോധഃ പ്ലക്ഷോ നോച്യതേ. നഹി ഗമനാദ് ഗൗരീതി പുരുഷോപി ഗൗരിത്യഭിധീയതേ.
—ഹേലാരാജൻ, വാക്യപദീയം, കാ. 3

ഭവം, സംഭവം, പ്രഭവം മുതലായവയും അർത്ഥസങ്കോചത്തിന് ഉദാഹരണമാക്കാം. ഇവിടെ ഉപസർഗമാണ് വിശേഷാർത്ഥമുണ്ടാക്കുന്നത്. കൃഷ് ധാതുവിന്റെ സാമാന്യാർത്ഥം "വലിച്ചിഴക്കുക" എന്നാണ്. അതേ ധാതുവിന് ഉപസർഗം ചേർന്നാൽ അർത്ഥം ചുരുങ്ങുകയോ മാറുകയോ ചെയ്യും: നിഷ്കർഷം, പ്രകർഷം, സംകർഷം, വികർഷം. വിശേഷണപദങ്ങൾ ഏകാർത്ഥകമായാൽ തന്നെയും വിശേഷ്യം നിയമതമായിരുന്നാലേ ആ അർത്ഥം കിട്ടുകയുള്ളു. രക്തം, ലോഹിതം, ശോണം എന്നിവ പര്യായമാണ്. എങ്കിലും ചുവന്ന കുതിരയെപ്പററി "അശ്വഃ ശോണഃ" എന്നേ പറഞ്ഞു കൂടൂ. ശോണശബ്ദം അശ്വത്തിന്റെ വിശേഷണമായാലേ അർത്ഥം തരുകയുള്ളു. ഗോവിന്റെ കാര്യത്തിൽ ലോഹിത പദം ഉപയോഗിക്കണം. ഇതു പോലെ കറുത്ത കുതിരക്ക് "അശ്വഃ ഹേമഃ" എന്നേ പറയുകയുള്ളു. ഗോവിന്റെ വിഷയത്തിൽ "ഗൗഃ കൃഷ്ണഃ" എന്നു പ്രയോഗിക്കണം. വെളുത്ത തെന്ന അർത്ഥത്തിൽ ഗോവു "ശ്വേത"മാകുമ്പോൾ അശ്വം "കർക്ക"മാണ്[136]. ഏതു ശബ്ദത്തിനു ഏതു ശബ്ദമാണ് ഇണങ്ങുന്നതെന്നു വ്യവഹാരം വഴി നിയമിതമായിട്ടുണ്ട്. അന്യഥാ ശബ്ദം അർത്ഥം തരുന്നില്ല. അശ്വത്തിനുള്ള വിശേഷണവും ഗോവിനുള്ള വിശേഷണവും സമാനമല്ല. എങ്കിലും ആ വിശേഷണങ്ങൾ മൂലാർത്ഥത്തിൽ സമാനമാണ്.

ആദിമാർത്ഥം സാമാന്യമാണ്—വ്യാപകമാണ്. വ്യവഹാരത്തിൽ അതു ചുരുങ്ങുന്നു, വിശേഷമായിവരുന്നു[137]. ഇതാണു രൂഢം. വാസ്തവത്തിൽ സാമാന്യമായ—വ്യാപകമായ—അർത്ഥത്തെയും വിശേഷമായ—ചുരുങ്ങിയ—രൂഢാർത്ഥത്തെയും വേർതിരിച്ച് പ്രതിപാദിക്കുക സാധ്യമല്ല. രണ്ടു തരം അർത്ഥവും കാണിക്കാത്ത ശബ്ദത്തിന്റെ ഇതിഹാസം ഭാഷയിൽ ഉണ്ടായിരിക്കയില്ല[138]. യൗഗികാർത്ഥം(വ്യുത്പത്തിനിമിത്തമായ അർത്ഥം) നിശ്ശേഷം ലോപിച്ച രൂഢാർത്ഥം (പ്രവൃത്തിനിമിത്തമായ അർത്ഥം) കണ്ടുപിടിക്കാവതല്ല. യൗഗികാർത്ഥത്തിൽ നിന്നു് രൂഢിയിൽ എത്തുന്ന ശബ്ദഗതി സൂക്ഷ്മമായി പഠിച്ചാൽ തത്ഭാഷയുമായി വേഴ്ചയുള്ള സംസ്കാരമെന്തെന്ന് അറിയാൻ കഴിയും[139]. ഒരു ശബ്ദം സാധർമ്യം നിമിത്തം നാനാർത്ഥത്തിൽ പ്രയുക്തമായിരിക്കുമ്പോൾ അവിചാരിതമായി ഏതെങ്കിലും ഒരർത്ഥത്തിൽ ആ ശബ്ദം വ്യവഹൃതമാവാൻ ഇടയായെന്നു വന്നുകൂടായ്കയില്ല. ഈ വ്യവഹാരം മൂലം ആ ശബ്ദത്തിന് പുതിയ അർത്ഥത്തിൽ പ്രചുരപ്രചാരമുണ്ടാവാം. അപ്പോൾ ആ ശബ്ദത്തിന്റെ അർത്ഥസങ്കോ

---

136 അന്യത്രാപി ഹി നിയതവിഷയാഃ ശബ്ദാ ദൃശ്യന്തേ. തദ്യഥാ, സമാനേ രക്തേ വർണേ ഗൗർലോഹിത ഇതി ഭവതി, അശ്വഃ ശോണ ഇതി, സമാനേ ച കാലേ വർണേ ഗൗഃ കൃഷ്ണ ഇതി ഭവതി, അശ്വോ ഹേമ ഇതി, സമാനേ ച ശുക്ലേ വർണേ ഗൗഃ ശ്വേത ഇതി ഭവതി, അശ്വഃ കർക്ക ഇതി.

—മഹാഭാഷ്യം 2.2.2.

(കർകം = വെളുത്തതു്. ഹേമം = കറുത്തതു്).

137 For the most part, the meaning of the words, at first general and perhaps vague, tends to become more and more specific.

—Louis H. Gray: Foundations of Language, p. 252

138 J. B. Greenough, G. L. Kittredge: Words and Their Ways in English Speech, p. 241

139 Bloomfield: Language, p. 151

ചം രൂഢിയായി പരിണമിക്കുന്നു[140]. മറെറാരു പ്രകാരത്തിലും അർത്ഥസങ്കോചനിയമം സങ്കല്പിക്കാവുന്നതാണു്. ഭാവത്തിൻെറ ചില മാററങ്ങൾ മുമ്പിനാലെ പ്രയോഗിച്ചുവന്ന എല്ലാ ശബ്ദങ്ങളിലൂടെയും പ്രകാശിച്ചുകൊണ്ടിരിക്കെ ആ മാററങ്ങൾ ചില ശബ്ദങ്ങൾ വഴിക്കു് അഥവാ ഒരു ശബ്ദം വഴിക്കു കൂടി വെളിപ്പെടുകയും, ആ ശബ്ദം മാററത്തിൻെറ മുഴുവൻ ക്രിയയും തന്നിൽ നിഹിതമാക്കുകയും ചെയ്താൽ, ആ പരിവർത്തനത്തിൽ അർത്ഥസങ്കോചനിയമം ചരിതാർത്ഥമായെന്നു തീരുമാനിക്കാം[141].

നാമപദങ്ങളെല്ലാം തന്നെ അർത്ഥസങ്കോചത്തിന്റെ ഉദാഹരണമാകുന്നു. യൌഗികാർത്ഥമനുസരിച്ചു് ഓരോ സംജ്ഞയും വളരെ പരന്ന അർത്ഥമാണു തരുന്നതു്. എന്നാൽ വ്യാപകമായ അർത്ഥം ഗ്രഹിച്ചാൽ അവ്യാപ്തിയും അതിവ്യാപ്തിയും ഇല്ലാത്ത പേരു് ഒരു വസ്തുവിനും നൽകാൻ കഴിയാതെ പോകും. അതിനാൽ നാമകരണം മൂലത്തിൽ അർത്ഥസങ്കോചമാണു്. വ്യാകരണം (വിഭാജനം, അപോദ്ധാരം) പ്രകൃതിപ്രത്യയങ്ങളുടെ വിഭാജനത്തെ ആധാരമാക്കി വ്യാകരണശാസ്ത്രത്തിൽ ഉറച്ചു. സാഹിത്യം (സഹിതസ്യ ഭാവഃ), ദർശനം (തത്ത്വദർശനം), വേദം (ജ്ഞാനം), നിരുക്തം (നിർവചനശാസ്ത്രം), ഉപനിഷത്തു് (അടുത്തിരിക്കുക) മുതലായ നാമങ്ങൾ യൌഗികാർത്ഥം പുറകിൽ തള്ളിയിട്ടു് രൂഢമായ പേരു് വരിച്ചു. സംസ്കാരം എന്നാൽ ശുദ്ധീകരണമെന്നാണു് അർത്ഥം. സംസ്കാരവിശേഷങ്ങൾക്കായി (ചടങ്ങുകൾക്കു പകരം) സംസ്കാരശബ്ദം പ്രയുക്തമായി. ഇതു് അർത്ഥസങ്കോചമാണു്. നിഷ്ക്രമണം (ഇറങ്ങിപ്പോവുക), ഉപനയനം (അടുത്തു കൊണ്ടുവരുക), സമാവർത്തനം (മടങ്ങിവരുക), പുളികുടി (പുളിഞ്ചാറു കുടിക്കുക), പൊടകൊട (പുടവ—മുണ്ടു്—കൊടുക്കുക) മുതലായവ രൂഢിയായി തീർന്നിരിക്കുകയാണു്—യൌഗികാർത്ഥം ഇവയ്ക്കു ചേരുന്നില്ല. പാണിനിയും പതഞ്ജലിയും തദ്ധിതപ്രകരണത്തിലും കൃദന്തപ്രകരണത്തിലും ഈ വിഷയം വിവരിക്കുന്നു. തദ്ധിതപ്രത്യയങ്ങളും കൃദന്തപ്രത്യയങ്ങളും ചേർന്നു രൂഢമായി തീരുന്ന ശബ്ദങ്ങളുടെ ദൃഷ്ടാന്തം ആ പ്രകരണത്തിൽ കാണിക്കുന്നുണ്ടു്. ഘൃ ധാതുവിൻെറ സാമാന്യമായ അർത്ഥം സേചനവും ദീപ്തിയുമാണു്. എന്നാൽ അതിൽ നിന്നു നിഷ്പന്നമാകുന്ന ഘൃതം (നെയ്യു്), ഘൃണ (ദയ, കൃപ), ഘർവം (ഉഷ്ണം, ഗ്രീഷ്മമൃതു) മുതലായ ശബ്ദങ്ങളുടെ അർത്ഥം വിശേഷമാണു്. രാശി, രശ്മി, രശനാ—ഈ മൂന്നും രശ് ധാതുവിൽ നിന്നുണ്ടായെങ്കിലും ഭിന്നാർത്ഥകങ്ങളാണു്. മന് (മനനം ചെയ്യു) എന്ന ധാതുവിൽ നിന്നു് മതി, മാനം, മനനം,

---

140 When a word is equally applicable to a number of different objects which resemble each other in some respects, or to a vague or general category of ideas, it may at any moment become specialised by being used to name 'one' of those objects or to express 'one' of those ideas. And if this application gains currency in the language, a new and specialised sense is the result.

—Bloomfield: Language, p. 248

141 ....if certain modifications of thought expressed primarily by all words, are little by little restricted to a small number of words, or even to a single word, which takes upon itself along the whole function, we say that specialisation is the 'law' that has presided over these changes.

—Michael Breal: Semantics, pp. 11-2.

മനസ്, മതം മുതലായ ശബ്ദങ്ങൾ വിശിഷ്ടാർഥത്തിൽ രൂപമെടുക്കുന്നു. സപ്തപദം (ഏഴ് ചുവട്) എന്നതിൽ നിന്ന് സപ്തപദീ (വിവാഹത്തിലെ ഒരു ചടങ്ങ്) എന്ന ശബ്ദം നിഷ്പന്നമായി. ഇതു രൂഢമാണ്. എന്നാൽ "സാപ്തപദീത" ശബ്ദം മിത്രതാർഥകമാണ്! ഛത്രം (കുട, ചൂടും മഴയും തടയുന്ന സാധനം) ഛാത്ര (ശിഷ്യൻ) പദത്തിന്റെ മൂലമാണ്! ആസ്തികൻ, നാസ്തികൻ, ശ്രോത്രിയൻ, ക്ഷേത്രിയൻ, സാക്ഷി, ഇന്ദ്രിയം മുതലായ ശബ്ദങ്ങൾ വിശേഷാർഥകങ്ങളാകുന്നു. വ്യവഹാരത്തിൽ പ്രസംഗത്തെയും സാമർഥ്യത്തെയും ആധാരമാക്കി വിശിഷ്ടമായ അർഥത്തിന്റെ ബോധമുണ്ടാകുന്നു. ചില ശബ്ദങ്ങൾ അതിന്റെ ഭാവത്തെ മുൻനിർത്തി വിശേഷത്തിന്റെ ബോധമുണ്ടാക്കുന്നുണ്ട്. അവയോടു "സ്വ" എന്ന ശബ്ദം ചേർത്തു വാക്യം ചമയ്ക്കേണ്ട ആവശ്യം നേരിടുന്നില്ല. മാതാവിനോട് ഇപ്രകാരം പെരുമാറണം, പിതാവിനോട് ഇപ്രകാരം പെരുമാറണം ഇങ്ങനെയുള്ള വാക്യങ്ങളിൽ പിതാവിനോടും മാതാവിനോടും "സ്വ" ചേർത്ത് അവനവന്റെ മാതാപിതാക്കളോട് എന്ന അർഥമുണ്ടാക്കേണ്ടതില്ല. അല്ലാതെ തന്നെ ആ അഭിഷ്ടാർഥം കിട്ടിക്കൊള്ളും[142].

വാസ്തവത്തിൽ അർഥസങ്കോചത്തിന്റെ വിശദപ്രതിപാദനം സുകരമല്ല. എന്തുകൊണ്ടെന്നാൽ ഓരോ ശബ്ദരൂപത്തിന്റെയും ആകൃതി ലോകവ്യവഹാരത്തിന്റെ ഓരോ വിശേഷപരിസ്ഥിതിയെയും സാഹചര്യത്തെയും ആശ്രയിക്കുന്നു. അതു കൊണ്ട് ആ രൂപം അഥവാ ആകൃതി അർഥത്തിന്റെ എല്ലാ ഭാവത്തെയും യഥാർഥമായി തന്നിൽ ഒതുക്കുന്നില്ല[143]. എങ്കിലും അർഥസങ്കോചത്തിന്റെ നിഷ്കൃഷ്ടാധ്യയനം പ്രാചീനഗ്രന്ഥങ്ങളുടെ ആശയം അറിവാൻ അനുപേക്ഷണീയമാകുന്നു. വേദത്തിലെ ശബ്ദങ്ങൾ ഓരോന്നും തന്നെ വ്യാപകമായ അർഥത്തിൽ പ്രയുക്തമാണ്. അവ ക്രമേണ അർഥസങ്കോചം വരിച്ച് സാധാരണ ജനങ്ങൾക്കു വ്യവഹരിക്കാൻ തക്ക സങ്കേതമായി തീർന്നു. ആ സങ്കേതം ഭാഷയിൽ ഉറച്ചപ്പോൾ ആദിമാർഥം അറിഞ്ഞു് പുതിയ അർഥം വന്നുകൂടി. ശബ്ദത്തിന്റെ ഈ ജീവിതം ഒരു പ്രവാഹമാണ്—തുടർച്ചയാണ്. ആ പ്രവാഹത്തിന്റെ ധാരയിൽ കൂടെ പുറകോട്ടു പോകുവാൻ കഴിയുന്നവർക്കേ വേദാർഥം കണ്ടെത്തുവാൻ കഴിയൂ.

## അർഥവിസ്താരവും അർഥാദേശവും

അർഥപരിവർത്തനത്തിൻെറ മറെറാരു രൂപമാണ് അർഥവിസ്താരവും അർഥാദേശവും. ചിലേടത്തു് അർഥത്തിൻെറ ഗുണപ്രധാനമായ ഭാവം വിവക്ഷിതമായിരിക്കയില്ല; ചിലേടത്തു് അർഥത്തിൻെറ സാന്നിധ്യം ജ്ഞാനഹേതുവായിരിക്കയില്ല; ചിലേടത്തു് ശബ്ദം കൊണ്ടു് സംഗ്രഹിക്കാത്തതിൻെറ ബോധമുണ്ടാകുന്നു; മററു ചിലേടത്തു പ്രധാനമായ അർഥം തന്നെ അന്യാർഥത്തിൻെറ

---

142 സംബന്ധിശബ്ദൈർവാ തുല്യം. മാതരി വർത്തിതവ്യം, പിതരി വർത്തിതവ്യം, ന ചോച്യതേ സ്വസ്യാം മാതരി, സ്വസ്മിൻ പിതരി. സംബന്ധാച്ചൈതദ് ഗമ്യതേ, യാ യസ്യ മാതാ യോ യസ്യ പിതേതി

—മഹാഭാഷ്യം. 1-1-70

Specialization frequently results from the omission of some adjective or other modifier.

—J. B. Greenough, G. L. Kittredge: Words and Their Ways in English Speech, p. 252.

143 Ibid, p. 250

ബോധം തരുന്നു[144]. അതായതു്, അർഥത്തെപ്പററി നാലു കാര്യങ്ങൾ നിർദേശിക്കാം: (1) ഗുണപ്രധാനതയുടെ വിപര്യയം. (2) പദാർഥൈകദേശത്തിന്റെ അവിവക്ഷ. (3) മുഴുവൻ പദാർഥത്തിന്റെയും അവിവക്ഷ. (4) ഉപാത്തമായ അർഥം പരിത്യജിക്കാതെ തന്നെ വേറെ അർഥം ഗ്രഹിക്കുക[145]. ഇവയിൽ ഒന്നാമത്തേതും മൂന്നാമത്തേതും അർഥാദേശം നിർദേശിക്കുന്നു. രണ്ടാമത്തേതും നാലാമത്തേതും അർഥവിസ്താരത്തിന്റെ നിർദേശമാണു്.

അർഥാദേശം ഇങ്ങനെ നിർവചിക്കാം: (1) ഏതൊന്നു ശബ്ദത്തിന്റെ മുഖ്യമായ അർഥമായിരുന്നുവോ, അതു മുഖ്യമായ അർഥമല്ലാതായിട്ടു് ഗൗണമായിരുന്ന അർഥത്തിനു് മുഖ്യാർഥത്തിന്റെ സ്ഥാനം കിട്ടുന്നു. (2) ഏതൊന്നു ശബ്ദത്തിന്റെ വാസ്തവികാർഥമായിരുന്നുവോ അതു് അവിവക്ഷിതമായിട്ടു്, അർഥമല്ലാത്തതു് ഉയർന്നു വരുന്നു. അർഥവിസ്താരം ഇങ്ങനെ സിദ്ധിക്കുന്നു: (1) ശബ്ദാർഥത്തിന്റെ ഒരംശം അവിവക്ഷിതമായിട്ടു്, ആ അവിവക്ഷ വഴിക്കു് ശബ്ദാർഥം വിസ്തരിക്കുക. (2) സ്വാർഥത്തിന്റെ ബോധമുണ്ടാക്കിക്കൊണ്ടു് സംബദ്ധമായ അന്യാർഥത്തിന്റെ ബോധം കൂടെ ഉണ്ടാക്കുക.

വിശേഷത്തിന്റെ അവിവക്ഷയും സാമാന്യത്തിന്റെ വിവക്ഷയും നിമിത്തം അർഥവിസ്താരം സിദ്ധിക്കുന്നു എന്നും പതഞ്ജലി മഹാഭാഷ്യത്തിൽ എഴുതുന്നു: "വിശേഷസ്യാവിവക്ഷിതത്വാത് സാമാന്യസ്യ വിവക്ഷിതത്വാത് സിദ്ധം" (മഹാഭാഷ്യം 1, 2—68). ഇരുട്ടത്തു കിടക്കുന്ന ഒരു വിശേഷവസ്തു കാണ്മാനായി വിളക്കു ഉപയോഗിക്കവേ, ആ വിശേഷവസ്തുവിന്റെ സാമീപ്യവും സാഹചര്യവും നിമിത്തം അന്യവസ്തുക്കളും കൂടെ കാണാവുന്നതു പോലെ, ഒരു അർഥത്തിന്റെ ബോധമുണ്ടാക്കാനായി പ്രയോഗിക്കുന്ന ശബ്ദം അതിന്റെ സാഹചര്യം കൊണ്ടു് അന്യാർഥം വെളിപ്പെടുത്തുന്നു. അതോടൊന്നിച്ചു് ശബ്ദം അതിന്റെ മുഖ്യാർഥവും വെളിപ്പെടുത്തും; എന്നാൽ വിവക്ഷിതമല്ലാത്ത അർഥവും അതിന്റെ സാന്നിധ്യം നിമിത്തം വെളിപ്പെടുന്നു[146]. ശബ്ദം സമാനതയെ ആശ്രയിച്ചും തദനുരൂപമായ അർഥം വെളിപ്പെടുത്താറുണ്ടു്.[147]

---

144 കേചിദ് ഗുണപ്രധാനത്വമർഥാനാമവിവക്ഷിതം
കേചിത് സാന്നിധ്യമപേക്ഷ്യാം പ്രതിപത്താവകാരണം
യച്ചാനുപാത്തം ശബ്ദേന തത് കസ്മിംശ്ചിത് പ്രതീയതേ
ക്വചിത് പ്രധാനമേവാർഥോ ഭവത്യന്യസ്യ ലക്ഷണം

—ഭർത്തൃഹരി, വാക്യപദീയം 2. 306, 327

145 അത്ര ച ഗുണപ്രധാനതാവിപര്യയഃ, പദാർഥൈകദേശാവിവക്ഷാ, സകലപദാർഥാവിവക്ഷാ ഉപാത്തപദാർഥാപരിത്യാഗേനൈവാദ്യാർഥോപലക്ഷണം, ഇതി പ്രകാരചതുഷ്ടയസ്യോദ്ദേശഃ കൃതഃ

—പുണ്യരാജൻ, വാക്യപദീയവ്യാഖ്യാനം 2.306—327

146 സംസർഗിഷു തഥാഽർഥേഷു ശബ്ദോ യേന പ്രയുജ്യതേ
തസ്മാത് പ്രയോജകാനന്യാനപി പ്രത്യായയത്യസൗ
യഥാ ശബ്ദോഽപി കസ്മിംശ്ചിത് പ്രത്യായ്യാർഥോ വിവക്ഷതേ
അവിവക്ഷിതമപ്യർഥം പ്രകാശയതി സന്നിധേഃ

—വാക്യപദീയം 2, 300—303

147 കിഞ്ചിത് സാമാന്യമാശ്രിത്യ സ്ഥിതേ തു പ്രതിപാദനം

—വാക്യപദീയം 3

കൈയടൻ അർത്ഥവിസ്താരത്തിന്റെ ഏതാനും ഉദാഹരണം നൽകുന്നു. പ്രവീണഃ=പ്രകൃഷ്ടോ വീണായാം. വീണ വായിക്കുന്നതിൽ സമർത്ഥനാണു് പ്രവീണൻ. എന്നാൽ ഈ ശബ്ദം അതിന്റെ സങ്കുചിതാർത്ഥമായ വീണവായനയുടെ വിശേഷത വെടിഞ്ഞിട്ടു്, ഏതു കൃത്യത്തിലും കൗശലത്തിന്റെ തികവു് എന്ന അർത്ഥവിസ്താരം വരിച്ചു. ഇതു പ്രയോഗം വഴി നടന്ന അർത്ഥവിസ്താരമാണു്. അതിന്റെ മുഖ്യാർത്ഥം വിസ്താരം നേടുക നിമിത്തം വീണയിൽ ചതുരൻ എന്ന അർത്ഥത്തിന്റെ ബോധമുണ്ടാകുവാനായി "വീണായാം പ്രവീണഃ" (വീണ വായിക്കുന്നതിൽ പ്രവീണൻ) എന്നു പ്രയോഗിക്കാനിടയായി. ഈ പ്രയോഗത്തിനു കാരണം പ്രവീണശബ്ദം വീണ വായിക്കുന്നതിൽ സമർത്ഥനെന്ന മുഖ്യാർത്ഥത്തിൽ നില്ലാതെ പോയതാണു്. "കൗശലം തസ്യ പ്രവൃത്തി നിമിത്തം, തേന വീണായാം പ്രവീണ ഇത്യപി ഭവതി." (മഹാഭാഷ്യം, 5.2.29)—അർത്ഥവിസ്താരം നിമിത്തം പ്രവീണശബ്ദത്തിന്റെ പ്രവൃത്തി കൗശലമെന്ന അർത്ഥത്തിലേയ്ക്കു നീങ്ങി. അതിനാൽ വീണയിൽ പ്രവീണനെന്ന പ്രയോഗം നടപ്പിൽവന്നു. കുശലശബ്ദത്തിന്റെ മുഖ്യാർത്ഥം "ദർഭ ഛേദിക്കുന്നതിനുള്ള യോഗ്യത" ആയിരുന്നു. അർത്ഥവിസ്താരം നിമിത്തം പൊതുവേ യോഗ്യത (സാമർത്ഥ്യം) എന്ന അർത്ഥം അതിനു കിട്ടി. വിശേഷാർത്ഥമായ കുശച്ഛേദനം ഉപേക്ഷിച്ചു് സാമാന്യാർത്ഥമായ യോഗ്യതയെ ആശ്രയിച്ചു് കുശലശബ്ദത്തിന്റെ അർത്ഥവിസ്താരം നടന്നു. ഗോഷ്ഠം, തൈലം, ഗോയുഗം, കടം, പടം ഇത്യാദി ശബ്ദങ്ങൾ വിശേഷാർത്ഥത്തിന്റെ ബോധം തന്നിരുന്നു; മുഖ്യാർത്ഥമായിരുന്നു അതിനാധാരം. പിന്നീടു് ഇവ മുഖ്യാർത്ഥം വിട്ടു്, സാമ്യത്തെ ആശ്രയിച്ചു് മററു് അർത്ഥങ്ങളും സമാനരൂപേണ വെളിപ്പെടുത്തിവന്നു. മുഖ്യാർത്ഥം ശുദ്ധമല്ലാതിരുന്നതിനാൽ "വീണാപ്രവീണൻ" എന്ന പ്രയോഗം നടപ്പായതു പോലെ, വീണ്ടും മുഖ്യാർത്ഥത്തിനു വേണ്ടി വിശേഷണങ്ങൾ പ്രയുക്തമായി. ഗോഷ്ഠം (ഗോക്കൾക്കുള്ള സ്ഥാനം—തൊഴുത്തു്) സാമ്യമൂലകമായ അർത്ഥവിസ്താരം നിമിത്തം "വസിക്കാനുള്ള സ്ഥാനം" എന്ന അർത്ഥത്തിൽ മാറി; ഇങ്ങനെ വിശേഷമായ ഗോശബ്ദത്തിന്റെ അർത്ഥം വിവക്ഷിതമല്ലാതായി. അതു കൊണ്ടു്, അവിഗോഷ്ഠം (ആടു കിടക്കുന്ന സ്ഥാനം) എന്ന പ്രയോഗം ഉണ്ടായി. അങ്ങനെ ഗോഷ്ഠശബ്ദത്തിന്നു്* അർത്ഥവിസ്താരം വരുകയാൽ ഗോ കിടക്കുന്ന സ്ഥാനമെന്ന സ്പഷ്ടമായ അർത്ഥം വെളിപ്പെടുത്താനായി "ഗോ ഗോഷ്ഠം" എന്നു പ്രയോഗിക്കേണ്ടി വന്നു. "എരുത്തിൽ" (തൊഴുത്തു്) എന്ന മലയാളശബ്ദം "ഏരുതു്" (കാള, മൂരി) കിടക്കുന്ന സ്ഥാനമാണു് കുറിക്കുന്നതു്. എന്നാൽ ഇപ്പോൾ "പശു എരുത്തിൽ", "കാള എരുത്തിൽ" എന്നു് എടുത്തു കാണിക്കുന്ന നടപ്പുമുണ്ടു്. ഇതിനു കാരണം എരുത്തിലിന്റെ വിശേഷാർത്ഥം സാമാന്യാർത്ഥമായി പരന്നതിനാൽ വിശേഷാർത്ഥം വീണ്ടും ദ്യോതിപ്പിക്കേണ്ട ആവശ്യം നേരിട്ടതാണു്. ഗോയുഗം രണ്ടു ഗോക്കൾ എന്ന വിശേഷാർത്ഥമാണു് ആരംഭത്തിൽ വെളിപ്പെടുത്തിയതു്. പിന്നീടു് സാമാന്യവചനത്വം നിമിത്തം വെറും "യുഗ്മം" എന്ന അർത്ഥത്തിൽ വിസ്താരം നേടി. ഉഷ്ട്രഗോയുഗം, (ഒട്ടകയുഗളം), ഖരഗോയുഗം (ഗർദഭയുഗളം) മുതലായ പ്രയോഗങ്ങൾ പ്രചരിച്ചു. അങ്ങനെ ഗോയുഗ്മമെന്ന അർത്ഥം വിട്ടു "ഗോ യുഗം" കേവലം യുഗ്മമെന്ന അർത്ഥത്തിൽ വിസ്താരം പ്രാപിച്ചു. കട ശബ്ദത്തിന്റെ മുഖ്യാർത്ഥം കയറു്, നാരിന്റെ സമൂഹം എന്നാണു്. പിന്നീടു് നാരു് എന്ന അർത്ഥം മറഞ്ഞിട്ടു് വെറും സമൂഹമെന്ന അർത്ഥത്തിൽ കട ശബ്ദം പ്രചരിച്ചു. അവികടഃ (ആട്ടിൻകൂട്ടം), ഉഷ്ട്രകടഃ (ഒട്ടകത്തിൻ കൂട്ടം) ഇങ്ങനെ

* ഗോത്രശബ്ദത്തിനും പശുത്തൊഴുത്തു്, പശുക്കൂട്ടം എന്നാണു് മൗലികമായ അർത്ഥം. എന്നാൽ ഇന്നത്തെ വംശാർത്ഥം അഥർവവേദകാലത്തു തന്നെ പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. (അഥ. V. 21.3)—പ്രസാ.

സമൂഹാർത്ഥത്തിൽ കട ശബ്ദത്തിന്റെ പ്രയോഗം നടപ്പിൽ വന്നു. പടശബ്ദത്തിന്റെ മുഖ്യാർത്ഥം മുണ്ട് എന്നാണ്. സാദൃശ്യം നിമിത്തം അതു് സാമാന്യാർത്ഥവാചകമായിട്ട് വെറും "വിസ്താര"മെന്ന അർത്ഥത്തിൽ പരന്നു. അവിപടഃ (ആടുകളുടെ വിസ്താരം), ഉഷ്ട്രപടഃ (ഒട്ടകങ്ങളുടെ കൂട്ടം) എന്നിങ്ങനെ പ്രയോഗം പ്രചരിച്ചു. "തില"ത്തിന്റെ (എള്ളിന്റെ) സാരാംശമാണ് തൈലം. മുഖ്യാർത്ഥമായ "തില" ശബ്ദം വിട്ട് സാമാന്യവാചകമായ സ്നേഹം (ദ്രവം) എന്ന് അർത്ഥവിസ്താരം പ്രചാരത്തിൽ വന്നു. ഇപ്പോൾ എല്ലാററിന്റെയും എണ്ണയ്ക്കു തൈലം എന്ന പേരു് പ്രസിദ്ധമാണല്ലോ. മലയാളത്തിൽ തിലം എള്ളാണ്. "എൾ" (എള്ള്) എന്നതിന്റെ "നെയ്" (എൾ+നെയ്) "എണ്ണ" എന്നു വ്യുത്പത്തി. ഈ മുഖ്യാർത്ഥം ഇന്നു വിസ്താരം പ്രാപിച്ചിട്ട് എല്ലാത്തരം എണ്ണയുടെയും സാമാന്യനാമമായി. കടുകെണ്ണ, നിലക്കടല എണ്ണ, ആവണക്കെണ്ണ, എള്ളെണ്ണ മുതലായ പദങ്ങൾ പ്രചാരത്തിലുണ്ട്.

പുംഗവൻ (ഗോവിന്റെ പുരുഷരൂപം), വൃഷഭം, ഋഷഭം ഇവ പര്യായമാണ്. ഇവിടെ മുഖ്യാർത്ഥം കാള എന്നാണല്ലോ. എന്നാൽ ശ്രേഷ്ഠത, ഉത്കൃഷ്ടത എന്ന ഗുണം അവയിലുള്ളതിനാൽ ആ ഗുണത്തെ മാത്രം സാമാന്യാർത്ഥത്തിൽ വരിച്ചിട്ട് ശ്രേഷ്ഠനെന്ന അർത്ഥം വെളിപ്പെടുത്താൻ വേണ്ടി നരപുംഗവൻ (നരശ്രേഷ്ഠൻ), ഭരതർഷഭൻ (ഭരതന്മാരിൽ ശ്രേഷ്ഠൻ) എന്നൊക്കെ പ്രയോഗിക്കാറുണ്ട്. ലാക്ഷണികപ്രയോഗം അർത്ഥവിസ്താരത്തിനു കാരണമാകാം. ലക്ഷണയെപ്പററി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. മുററത്തു് ധാന്യമുണക്കിയിട്ട് ഭൃത്യനോട് കാക്ക വരാതെ നോക്കിക്കൊള്ളാൻ പറഞ്ഞാൽ, കാക്ക മാത്രമല്ല ആടോ മാടോ നായോ കോഴിയോ മറേറതെങ്കിലും പ്രാണിയോ വരാതെ (ധാന്യം തിന്നാതെ) സൂക്ഷിക്കണമെന്നാണർത്ഥം. "കാക്കയിൽ നിന്നു് ധാന്യം രക്ഷിക്കണമെന്നു പറഞ്ഞതിന്റെ മുഖ്യാർത്ഥമല്ല, സാമാന്യാർത്ഥമാണ് അഭീഷ്ടം"[148]. ഇവിടെ കാക്ക വെറും ഉപലക്ഷണമാണ്. പ്രയോജനം ധാന്യത്തിന്റെ രക്ഷയാണല്ലോ. അതു കൊണ്ട് കാക്ക മുതലായ എല്ലാ ജന്തുക്കളെയും ഗ്രഹിക്കുകയാണ് കാക്ക എന്ന ശബ്ദം കൊണ്ടു സാധിക്കുന്നതു്.

അർത്ഥാദേശവും അർത്ഥാരോപവും ഒരേ അർത്ഥത്തിൽ പ്രയുക്തമാണ്. അർത്ഥാദേശത്തിന്റെ സ്വരൂപം വിവേചിക്കുമ്പോൾ അർത്ഥവിസ്താരവും അർത്ഥസങ്കോചവും ഏറെക്കുറെ അർത്ഥാദേശത്തിൽ അന്തർഗതമാണെന്നു തോന്നാതിരിക്കയില്ല. ഇങ്ങനെ അർത്ഥാദേശത്തിന്റെ അതിരു് ഏറെ വ്യാപകമായിവരുന്നു. ഒരു അർത്ഥം മറെറാരു അർത്ഥത്തിന്റെ സ്ഥാനത്തു് വരുന്നതാണ് അർത്ഥാദേശം അഥവാ അർത്ഥാരോപം. ഭാവ (വിചാര) ങ്ങളുടെ സമ്പർക്കം മൂലം പ്രായേണ ഒരു ശബ്ദത്തിന്റെ ഗൗണാർത്ഥം അറിയാതെ തന്നെ ആ ശബ്ദവുമായി സംപൃക്തമാകയും ക്രമേണ ആ ഗൗണാർത്ഥം പ്രധാനാർത്ഥമായിത്തീരുകയും ചെയ്യുന്നു[149]. കവിശബ്ദം ക്രാന്തദർശി എന്ന അർത്ഥത്തിൽ വൈദികർ പ്രയോ

---

148 സർപ്പിഷഃ കാകേഭ്യോ രക്ഷണമത്ര വിശിഷ്ടമേവ വിഹിതമപി ഉപഘാതമാത്രനിവാരണഫലം പര്യവസ്യതീതി തദേവ തത്ര പ്രയോജകം ബോദ്ധവ്യം.
—പുണ്യരാജൻ, വാക്യപദീയം 2.314 ff.

149 Owing to association of ideas it often happens that a secondary sense attaches itself (originally unconsciously) to a word and gradually that secondary sense comes to be itself regarded as primary. Thus there is a transfer of meaning from one sense to another.
—J. S. Taraporewala: Elements of the Science of Language, p. 88

ഗിച്ചുവന്നു (യജുർവേദം, 40.8). മഹാഭാഷ്യത്തിലും ആ അർത്ഥം പ്രസിദ്ധമാണ് (മഹാഭാഷ്യം, 4. 1. 63). എന്നാൽ ലോകത്തിൽ കാവ്യം ചമയ്ക്കുന്നവനെന്ന അർത്ഥത്തിൽ ആ ശബ്ദം ഉറച്ചു. ഇതു് അർത്ഥാദേശമാണ്. മൃഗശബ്ദം വേദത്തിൽ എല്ലാ പശുവർഗത്തെയും കുറിക്കുന്നു. വാല്മീകിരാമായണത്തിൽ മൃഗം സിംഹമാണ്. എന്നാൽ ലോകത്തിൽ ഇന്നു മൃഗം ഹരിണമെന്ന അർത്ഥത്തിൽ പ്രചരിയ്ക്കുന്നു. പശുശബ്ദം സംസ്കൃതത്തിൽ എല്ലാ മൃഗങ്ങളുടെയും പേരാണെങ്കിലും മലയാളത്തിൽ ഗോശബ്ദത്തിന്റെ അർത്ഥാദേശം പശുവിനെ മാത്രം ആശ്രയിച്ചതാണ്. അർത്ഥാദേശത്തിന്റെ (അർത്ഥാരോപത്തിന്റെ) ഒരു മുഖ്യകാരണം അമൂർത്തമായ ഭാവങ്ങളെ മൂർത്തമാക്കി പറയുവാനുള്ള പ്രവണതയാണ്. വേദത്തിലെ ദേവതകൾ കേവലം ഗുണാർത്ഥകമായിരുന്നു—അമൂർത്തമായിരുന്നു. പുരാണങ്ങളിൽ അവയ്ക്കു മൂർത്തിത്വം (രൂപം) ആരോപിച്ചു. ഓരോ ഭാഷയിലും ശബ്ദം വഴിക്കു് ഗുണങ്ങളെയും ക്രിയകളെയും സംബന്ധിച്ച ബോധം അമൂർത്തരൂപത്തിൽ ഉണ്ടാക്കുവാൻ തക്ക വിധിയുണ്ടു്. അമൂർത്തങ്ങളുടെ ആരോപം മൂർത്തമായ അർത്ഥത്തിന്മേൽ നടക്കുമ്പോൾ, അത്തരം സ്ഥിതി വേർപെടുത്തി നോക്കുന്നതിനുള്ള ആഗ്രഹം ഉണ്ടാകയും അതിനെ മൂർത്തനാമം കൊണ്ടു വ്യവഹരിക്കാനുള്ള ശ്രമം നടക്കുകയും ചെയ്യുന്നു[150]. മനുഷ്യന്റെ ആയുസ്സ് അവസാനിക്കുന്നതു് കാലത്തിലാണ്. അതിനാൽ കാലം അന്തകമാണ്. ഇതു ക്രിയയോ ഗുണമോ ആകുന്നു. എന്നാൽ കാലൻ, അന്തകൻ എന്നിവർ മൂർത്തികളാണ്. സൃഷ്ടി, സ്ഥിതി, സംഹാരം എന്ന ക്രിയകളാണ് (അഥവാ തദാശ്രിതമായ ഗുണങ്ങളാണു്) ബ്രഹ്മത്വം, വിഷ്ണുത്വം, ശിവത്വം എന്നിവയിലടങ്ങുന്നതു്. ഇവ ബ്രഹ്മാ, വിഷ്ണു, ശിവൻ എന്ന ത്രിമൂർത്തികളായി. അർത്ഥാരോപത്തിന്റെ ഈ ദൃഷ്ടാന്തം ഏവർക്കും അറിയാമെന്നിരുന്നാലും ത്രിമൂർത്തികളെ മൂർത്തമായ അർത്ഥത്തിലേ നാം ഗ്രഹിക്കാറും പറയാറുമുള്ളു. ചില ഭാഷാശാസ്ത്രജ്ഞന്മാരുടെ മതമനുസരിച്ച് മൂർത്തമായ അർത്ഥത്തിൽ നിന്നു് അമൂർത്തമായ അർത്ഥത്തിന്റെ ഉദയം താരതമ്യേന കൂടുതലാണ്[151]. "തല" എന്നതു മൂർത്തമായ അർത്ഥമാണ്. തലയിലെഴുത്തു് എന്നതിനു പകരം "ഭാഗ്യം" എന്ന അമൂർത്തമായ അർത്ഥം പ്രചരിക്കുന്നുണ്ടല്ലോ. ആരംഭത്തിൽ അമൂർത്തമായ അർത്ഥം വെളിപ്പെടുത്തിവന്ന ശബ്ദങ്ങൾ ഇപ്പോൾ ആ അർത്ഥമല്ല വെളിപ്പെടുത്തുന്നതു്. "ജനത"യുടെ അർത്ഥം(ജന+താ=ജന+ത്വം) മനുഷ്യത്വമെന്നായിരുന്നു. ഇന്നു് ജനസമൂഹമെന്നാണതിനർത്ഥം. ദേവതയുടെ (ദേവ+താ=ദേവ+ത്വം) പഴയ അർത്ഥം മാറി ഇപ്പോൾ ദേവൻ എന്നായിട്ടുണ്ടു്[152].സാധാരണക്കാരൻ(കോമൺ മാൻ)എന്ന പുതിയ പ്രയോഗം ഈ മാററത്തിൽ കുടുങ്ങിവരികയാണ്. അമൂർത്തമായ അർത്ഥത്തിന്റെ ബോധകമായ ശബ്ദം, അതിന്റെ അമൂർത്തമായ അർത്ഥം വഹിക്കാതെ—ഏതെങ്കിലും

---

150 One of the commonest transformations in language is from an abstract meaning to a concrete. Every language has machinery to make words signifying qualities or actions in the abstract but no sooner are these formed than thought tends to consider each case of the occurrence of the quality or action in the abstract as a separate entity, and to use to name as a concrete noun. —J. B. Greenough, G. L. Kittredge: Words and Their Ways in English Speech, p. 256.

151 Bloomfield: Language, p. 429

152 J. B. Greenough, G. L. Kittredge: Words and Their Ways in English Speech, p. 256

കർമം, ഗുണം, പരിതസ്ഥിതി എന്നിവയുടെ പ്രതിനിധിയായിരിക്കാതെ—ഏതെങ്കിലും പദാർത്ഥം അഥവാ വസ്തുവിന്റെ പേരായി മാറാറുണ്ട്. നമ്മുടെ ഭാഷ എത്ര പഴയതാണോ അത്ര തന്നെ പഴയതാണ് ഈ പരിവർത്തനവും[153]. ഭാവവാചകമായ ശബ്ദം ദ്രവ്യവാചകമായി മാറുന്നു എന്നാണിതിനർത്ഥം. "ഭവന" ശബ്ദം ഭാവവാചകമാണ്; ഇന്ന് അതിന്റെ അർത്ഥം "ഗൃഹം" എന്നാകുന്നു. "വസനം" ഭാവവാചകമാണെങ്കിലും "വസ്ത്ര"മെന്ന ദ്രവ്യാർത്ഥത്തിൽ അതു മാറിയിരിക്കുന്നു. ആഹാരം, വിഹാരം മുതലായവയുടെയും നില ഇതു തന്നെ. ഇന്ദ്രിയവിഷയമല്ലാത്ത, ബോധഗമ്യമല്ലാത്ത, അമൂർത്താർത്ഥങ്ങളാണ് നിരാകാരനിർഗുണബ്രഹ്മാദി ശബ്ദങ്ങൾ. അവയെ ഇന്ദ്രിയവിഷയമാക്കി ഭഗവാൻ, ഈശ്വരൻ എന്നു നാം മാററുന്നു[154].

അർത്ഥാദേശത്തിന്റെ വേറെയും പ്രകാരങ്ങളുണ്ട്. ഉദാഹരണം, വ്യക്തിവാചകമായ അർത്ഥത്തിന്മേൽ ജാതിവാചകമായ അർത്ഥത്തിന്റെ ആരോപം. കാളിദാസൻ വ്യക്തിവാചകമാണ്; കേരള കാളിദാസൻ ജാതിവാചകമാണ്. ഗാന്ധി വ്യക്തിവാചകവും, അതിർത്തിഗാന്ധി ജാതിവാചകവുമാകുന്നു. ബാഹ്യലക്ഷണത്തിന്റെ അർത്ഥത്തിന്മേൽ മുഴുവൻ വ്യക്തിയുടെ അർത്ഥം ആരോപിക്കാം. ചെങ്കൊടിയെ ലക്ഷണമാക്കി കമ്മ്യൂണിസ്റ്റിനെ അറിയാനും, ചെങ്കുപ്പായത്തെ ലക്ഷണമാക്കി അബ്ദുൾ ജാഫർഖാന്റെ അനുയായികളെ അറിയാനും ശബ്ദപ്രയോഗം നടക്കുന്നുണ്ട്. സമുദായവാചകമായ അർത്ഥത്തിന്മേൽ അവയവവാചകമായ അർത്ഥത്തിന്റെ ആരോപം വരും. എല്ലാററിനുമായി പ്രയുക്തമാകുന്ന ശബ്ദം അവയവത്തിന്റെയും ബോധമുണ്ടാക്കുന്നു. ഉദാ: ഉത്തരഭാരതീയൻ, ദക്ഷിണഭാരതീയൻ, പൂർവപാക്കിസ്ഥാനി, പശ്ചിമപാക്കിസ്ഥാനി. ഭാരതീയ ശബ്ദം കൊണ്ടു തന്നെ ഭാരതീയനെന്ന അർത്ഥം കിട്ടുന്നു. ഉത്തര-ദക്ഷിണ ശബ്ദം ചേർത്തു എന്നേ ഉള്ളൂ. തൈലം, ഘൃതം, ശുക്ലം, നീലം, കപിലം, കൃഷ്ണം ഇവ സമുദായത്തിനും അവയവത്തിനും വേണ്ടി പ്രയുക്തമാകുന്നു[155]. സാധനത്തിന്റെ അർത്ഥത്തിന്മേൽ സാധ്യത്തിന്റെ അർത്ഥം ആരോപിക്കുന്നുണ്ട്. "ഫോൺ" കിട്ടി എന്നു പറഞ്ഞാൽ "ഫോണിൽ വർത്തമാനം വന്നു" എന്നാണർത്ഥം. സാധ്യം വർത്തമാനമാണ്, ഫോൺ സാധനമാണ്. ഫോൺ എന്നതിനിവിടെ വർത്തമാനമാണെന്നർത്ഥം. ഒരു ഇന്ദ്രിയം വഴിക്കു ലഭിക്കുന്ന ഗുണത്തിന്റെ ബോധനത്തിനു വേണ്ടി ഉപയോഗിക്കുന്ന അർത്ഥത്തിന്മേൽ മററു ഇന്ദ്രിയത്തിന്റെ ഗുണബോധകമായ ശബ്ദത്തിന്റെ ആരോപം കാണാം. "ദൃശ്യം"

---

153 …. . an abstract word, instead of keeping its abstract sense, instead of remaining the exponent of an action, a quality, or a state, becomes the name of a material object. . . .This phenomenon goes as far back as the history of our languages and continues under our eyes.

—Michael Breal: Semantics, p. 134

154 . . . .There is a strong tendency to use concrete sensuous terms for abstract supra-sensuous ideas.

—E. H. Sturtevant: Linguistic Changes, p. 91

155 സമുദായേഷു ഹി ശബ്ദാഃ പ്രവൃത്താ അവയവേഷ്വപി വർത്തന്തേ. തദ്യഥാ പൂർവപാഞ്ചാലാഃ, ഉത്തരപാഞ്ചാലാഃ, തൈലം ഭുക്തം, ഘൃതം ഭുക്തം, ശുക്ലോ നീലഃ കപിലഃ കൃഷ്ണ ഇതി. ഏവമയം സമുദായേ വ്യാകരണശബ്ദഃ പ്രവൃത്തോഽവയവേഷ്വപി വർത്തതേ.

—മഹാഭാഷ്യം. 1.1.1

നയനേന്ദ്രിയവിഷയമാണ്. ഇവിടെ "സുന്ദര"മായ എന്ന വിശേഷണം യുക്തമാണ്. "സ്വരം" ശ്രവണേന്ദ്രിയവിഷയമാണെങ്കിലും "സുന്ദരസ്വരം" എന്നു പ്രയോഗിക്കാറുണ്ട്. "മധുരം" രസനാവിഷയമാണ്. "മധുരഗാനം", "മധുരദൃശ്യം" മുതലായ ആരോപം ദുർല്ലഭമല്ല[156]. ഒന്നാം യുദ്ധകാലത്ത് "യംഡൻ" എന്ന ഒരു കപ്പൽ മദിരാശിക്കടുത്തു ബോംബിട്ടു. അതിന്റെ കപ്പിത്താൻ മഹാവിരുതനാണെന്ന് ആളുകൾ വാഴ്ത്തി. മലയാളഭാഷയിൽ അതിസമർഥനും മിടുക്കനും വിരുതനുമായവൻ എന്ന അർഥത്തിൽ വ്യക്തിയെ "യംഡൻ" എന്നു പറയാറുണ്ട്. കപ്പലിന്റെ പേരാണ് കപ്പിത്താനെന്ന അർഥത്തിൽ ആരോപിച്ചത്. വീണ്ടും അത് വിശേഷമായ വ്യക്തിയുടെ മേൽ ആരോപിച്ചു. ഇങ്ങനെ നോക്കിടപ്പോയാൽ അർഥാദേശത്തിന്റെ (അർഥാരോപത്തിന്റെ) കാരണവും പ്രകാരവും അസംഖ്യമാണെന്ന് ഗ്രഹിക്കാൻ ബുദ്ധിമുട്ടില്ല.

## അർഥോത്കർഷവും അർഥാപകർഷവും

മതം, സംസ്കാരം, ആചാരം മുതലായവയുടെ പ്രഭാവം നിമിത്തം ചില ശബ്ദങ്ങളുടെ അർഥം നല്ലതിൽ നിന്ന് ചീത്തയിലോട്ട് മാറാറുണ്ട്; നേരെ മറിച്ചും സംഭവിക്കാറുണ്ട്. അപകൃഷ്ടമായ അർഥം ഉത്കൃഷ്ടമായി മാറിയാൽ അതിന് അർഥോത്കർഷമെന്നും ഉത്കൃഷ്ടമായത്, അപകൃഷ്ടമായാൽ അതിന് അർഥാപകർഷമെന്നും പേർ പറയാം. ഈ പരിവർത്തനത്തിനു കാരണം മനഃശാസ്ത്രീയമാണ്. വിനയത്തിൽ സംസ്കാരസമ്പന്നത ഉണ്ടെന്നു വിശ്വസിച്ച കാലത്ത് എത്ര വലിയ ആൾ പോലും ചെറിയ ആൾക്ക് എഴുതുന്ന കത്തിനടിക്ക് "താങ്കളുടെ ആജ്ഞാപാലകൻ" എന്ന് എഴുതുക പതിവായിരുന്നു. "താങ്കളുടെ ആശ്രിതൻ", "സേവകൻ" മുതലായ പ്രയോഗങ്ങൾ വാസ്തവത്തിൽ മുഖ്യാർഥമല്ല വെളിപ്പെടുത്താനുദ്ദേശിക്കുന്നത്. രണ്ട് ഉറ്റ മിത്രങ്ങൾ തമ്മിൽ സ്നേഹാധിക്യം പ്രദർശിപ്പിക്കാനായി "അപശബ്ദം" പ്രയോഗിച്ചു സംബോധന ചെയ്യുന്ന പതിവ് നാട്ടിൻപുറങ്ങളിൽ പോലും നടപ്പുണ്ട്. അത്തരം ശബ്ദങ്ങൾ നൽകുന്ന അർഥം അപകൃഷ്ടമായ മുഖ്യാർഥമല്ല; ഉത്കൃഷ്ടമായ അർഥമാണത്[157]. സാഹസമെന്ന ശബ്ദത്തിന്റെ ജ്ഞാതമായ (പ്രസിദ്ധമായ) അർഥം വേണ്ടാത്തതു ചെയ്യുക എന്നാണല്ലോ. സാഹസത്തിന്റെ പ്രാചീനമായ അർഥം വേദത്തിൽ കാണുന്നത് "ബലം" എന്നാണ്. അതിനാലാവാം സത്സാഹസം എന്ന വ്യവഹരിക്കാനിടയായത്. "മനുഷ്യമാരണം, സ്തേയം, പരദാരാഭിമർഷണം, പാരുഷ്യം, അനൃതം ചൈവ സാഹസം പഞ്ചധാ സ്മൃതം" എന്നാണ് പഴയ കോശകാരന്മാരുടെ വ്യാഖ്യാനം. ഇതെല്ലാം സ്വയമേവ അപകർഷാർഥകമാണ്. എന്നാൽ "സാഹസം നിമിത്തം പ്രസാദിച്ചു" എന്നിടത്ത് സാഹസം "സ്ഥിരവ്രത"ത്തിന്റെയും, "കാണേണമെന്നുള്ള സാഹസമുണ്ടെങ്കിൽ" എന്ന കൃഷ്ണഗാഥാപ്രയോഗത്തിൽ "ഉറച്ച ശ്രദ്ധ"യുടെയും പര്യായമാണ്. ഇവിടെ അപകർഷാർഥകമായ ശബ്ദം ഉത്കർഷാർഥകമായി മാറുന്നു.

ധർമശാസ്ത്രാശ്രിതമായ ധാരണ നിമിത്തം അർഥാപകർഷമുണ്ടാകാമെന്ന് ഡച് ഭാഷാശാസ്ത്രജ്ഞനായ ഷ്റീജ്ഞഹ്വൻ പറഞ്ഞിട്ടുണ്ട്. സാമുദായികമായ പരി

---

[156] Terms belonging to the sphere of one sense are often made to apply to the objects of another.

E. H. Sturtevant: Linguistic Changes, p. 91

[157] Michael Breal: Semantics, p. 102

വർത്തനം അർത്ഥോത്ക്കർഷത്തിന്നും അർത്ഥാപകർഷത്തിനും കാരണമാകുന്നു[158]. മനുഷ്യരെ പോലെ തന്നെ ശബ്ദവും നന്മയിൽ നിന്നു തിന്മയിലോട്ടു പോകാൻ കൂടുതൽ പ്രവണത കാണിക്കാറുണ്ടു്[159]. ഋഗ്വേദത്തിൽ "അസുര"ശബ്ദം പരമാത്മാവിന്റെ വാചകമാണ്. അസു = പ്രാണൻ. പ്രാണനിൽ നിറഞ്ഞിരിക്കുന്നവനാണ് അസുരൻ. ആദിമമായ ഈ ഉത്കൃഷ്ടാർത്ഥം ക്രമേണ അപകൃഷ്ടമാകാൻ ഇടയായി. ഒരുവൻ ഈശ്വരാംശമാണെന്ന ധാരണ അന്നുണ്ടായിരുന്നു. ധർമപരമായ ധാരണയിൽ പരിവർത്തനം വരാൻ തുടങ്ങി. ദേവന്മാരും അല്ലാത്തവരും തമ്മിൽ ഒരു ഗൃഹകലഹം തുടങ്ങുന്ന ഉപാഖ്യാതം ചമച്ചു. പരമാത്മാവിനു (പ്രജാപതിക്കു്) ദേവന്മാരെന്നും അസുരന്മാരെന്നും രണ്ടു സന്തതികളുണ്ടെന്ന കഥ ഉപനിഷത്തിലുമുണ്ടു്. ദേവാസുരസംഗ്രാമം ഉണ്ടായി. അപ്പോൾ അസുരന്റെ അർത്ഥം ദേവശബ്ദത്തിന്റെ അർത്ഥത്തിനു വിപരീതമാകാതെ തരമില്ലല്ലോ. അങ്ങനെ അസുരശബ്ദത്തിനു അർത്ഥാപകർഷം വന്നു. അപ്പോൾ അസുരനല്ലാത്തവൻ സുരനായി. സുരശബ്ദത്തിന്നു ദേവനെന്ന അർത്ഥം എങ്ങനെ വന്നു എന്നു് ഇന്നും ചിന്ത്യമാണ്. (അ + സുര = അസുര). അസുരശബ്ദത്തിന്റെ ഈ അർത്ഥാപകർഷം ഭാഷാശാസ്ത്രത്തിലെ കൗതുകകരമായ ഒരു വിഷയമാണെന്നു കാണാം.

അർത്ഥപരിവർത്തനത്തിന്റെ ഹേതുക്കൾ അസംഖ്യമാണ്. അവ എല്ലാം ക്രമമൊപ്പിച്ചും നിയമിതമായും പ്രതിപാദിക്കുക സുകരമല്ല. അതു കൊണ്ടു് പാശ്ചാത്യഭാഷാശാസ്ത്രജ്ഞന്മാർക്കു അർത്ഥപരിവർത്തനനിയമം നിർധാരണം ചെയ്യാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല, ഇനി കഴിയുമെന്നും തോന്നുന്നില്ല[160]. അതിനാൽ അർത്ഥം വ്യാവഹാരികമാണ്, ശാസ്ത്രീയമല്ല, എന്നു ഭർത്തൃഹരി പറയുന്നു[161]. അർത്ഥത്തിന്റെ ബോധം തരാനുള്ളതാണ് ശബ്ദം; അതു് ലോകവ്യവഹാരത്തിന്റെ കാരണമാണെന്നതാണ് സത്യം. അർത്ഥത്തിന്റെ ഗൗണത്വവും മുഖ്യത്വവും അതു ശിഥിലമോ അശിഥിലമോ എന്ന വ്യവസ്ഥയെ അശ്രയിച്ചാണ് നിർണയിക്കേണ്ടതു്. സ്ഖലദ്ഗതിയുള്ള അർത്ഥം ഗൗണവും അസ്ഖലദ്ഗതിയുള്ളതു മുഖ്യവുമാണ്. പ്രചലിതമായ അർത്ഥം മുഖ്യം, അപ്രചലിതമായതു് ഗൗണം. ശബ്ദത്തിൽ ഉള്ള ശക്തി അർത്ഥത്തിന്റെ ശക്തിയെ സ്പർശിക്കുവാൻ പര്യാപ്തമല്ല. ശബ്ദത്തിന്റെ ശക്തി നിയമിതമാണ്—അർത്ഥത്തിന്റെ ശക്തി അനന്തമാണ്. ശബ്ദശക്തി അർത്ഥശക്തിയെ മുഴുവൻ സ്പർശിക്കുന്നില്ല[162].

---

158 . . . . We may agree with the Dutch Linguist Mgr. Schrijuen, that ethical concepts tend towards pejoration; whereas in modification of meaning based upon social transformations, pejoration and melioration show approximately equal frequency

—Louis H. Gray: Foundations of Language, p. 261

159 Ibid. p. 259

160 Laws of meaning-change are not yet discovered and are probably undiscoverable.

—F. G. Tucker: Introduction to Natural History of Language, p. 373

161 ശബ്ദാ ലോകനിബന്ധനാ: —വാക്യപദീയം, 2. 229

162 വസ്തുപലക്ഷണം ശബ്ദോ നോപകാരസ്യ വാചകഃ
ന സ്വശക്തിഃ പദാർത്ഥാനാം സംസ്പ്രഷ്ടും തേന ശക്യതേ
—വാക്യപദീയം, 2. 442
(പുണ്യരാജന്റെ വ്യാഖ്യാനവും നോക്കുക.)

മാനവസുലഭമായ സ്ഖലനമാണ് അർഥപരിവർത്തനത്തിന്റെ കാരണം. മനുഷ്യൻ തത്ത്വദർശിയല്ല; അവൻ അൽപജ്ഞനാണ്. അവന്റെ അറിവിൽ കുറവും തെററുമുണ്ട്. അതിനാൽ അവന്റെ കഥനത്തിലും തെററും അപൂർണതയും കാണും. മാനവന്റെ ജ്ഞാനവും വചനവും അപൂർണവും അവ്യവസ്ഥിതവും ദോഷയുക്തവുമായിരിക്കും. ലോകവ്യവഹാരം, വസ്തുനിരൂപണം, ഭാഷണം, പരസ്പരസംഭാഷണം മുതലായവയെ സംബന്ധിച്ചിടത്തോളം ബാലനും പണ്ഡിതനും സമാനരാകുന്നു. അതു കൊണ്ട് അജ്ഞാനം, തെററായ ധാരണ, ഓർമക്കുറവ്, അസ്പഷ്ടമായ ഭാഷണം, മിഥ്യാജ്ഞാനം, അശുദ്ധപ്രയോഗം, പ്രമാദം, ആലസ്യം മുതലായവ നിമിത്തം ശബ്ദത്തിന്റെ അർഥത്തിൽ അന്തരം ഉണ്ടാകാവുന്നതു തന്നെ. ജ്ഞാനം ആലേഖം (വിഷയരൂപമായ ദോഷം, പ്രമാദം മുതലായവ) നിമിത്തം അശുദ്ധമായിത്തീരുന്നു. ഇതു പോലെ അർഥവും അതിന്റെ സ്വരൂപം വിട്ടു ദൂരത്തു പോകുന്നു[163]. ഇതാണ് അർഥപരിവർത്തനം.

## 9. അർഥപരിവർത്തനത്തിന്റെ കാരണങ്ങൾ

അർഥപരിവർത്തനം ബഹുമുഖമാണെന്ന് ഇപ്പോൾ വ്യക്തമായല്ലോ. അതിന്റെ കാരണവും അനേകമാണ്.

### 1. ശബ്ദങ്ങളുടെ പ്രയോഗാധിക്യം

ശബ്ദങ്ങളുടെ അധികമായ പ്രയോഗം നിമിത്തം അതിന്റെ ശക്തി കുറയുന്നു. ആദ്യം ഏതു് അർഥത്തിൽ അതിൻെറ പ്രയോഗം നടക്കുന്നുവോ ആ അർഥത്തിന്റെ മഹത്വം ഇടിയുന്നു. "കവിരാജൻ" എന്ന പദം കാവ്യം ചമയ്ക്കുന്നവരിൽ പരമ ശ്രേഷ്ഠനെന്ന അർഥത്തിലാണ് ഒന്നാമതു് പ്രയോഗിച്ചതെന്ന് ഊഹിക്കാം. എന്നാൽ ഇന്ന് "കവിരാജ്" ശബ്ദം ആയുർവേദവൈദ്യശ്രേഷ്ഠനെന്ന അർഥത്തിൽ പ്രയുക്തമാണ്. "വിദ്യ"യാണ് "വിദ്വാ"ന്റെയും "വൈദ്യ"ന്റെയും മൂലം. വൈദ്യന്റെ വിദ്യക്ക് അർഥം സങ്കുചിതമാണ്. "യജമാന"ശബ്ദം "യജ്ഞം ചെയ്യുന്ന" ആളിൻെറ വാചകമായിരുന്നു. യജ്ഞം ചെയ്യിക്കുന്നവനും യജമാനനാണ്. തന്മൂലം വലിയ ആളാണ് യജമാനൻ. ഇപ്പോൾ, ആ അർഥം പ്രചുരമായി പ്രചരിച്ചുപോയതിനാൽ യജമാനൻ ഭൃത്യന്മാരുടെ മേലാവ് എന്നു മാറിയിരിക്കുന്നു. യജ്ഞം ഒരു ധാർമികകർമമായിരുന്നു. ഇന്നാകട്ടെ ചർക്കാ യജ്ഞം,നൂൽനൂൽപുയജ്ഞം, സൈക്കിൾയജ്ഞം, ഉപവാസയജ്ഞം, സത്യാഗ്രഹ യജ്ഞം മുതലായതു് യജ്ഞമായിട്ടുണ്ട്. സർപ്പയജ്ഞം മഹാഭാരതത്തിൽ നടക്കു മ്പോൾ തന്നെ യജ്ഞശബ്ദത്തിൻെറ അർഥം പരിവർത്തിതമായിരുന്നു! ഇനി ഘെരാവോയജ്ഞവും മററും ഉണ്ടായിക്കൂടായ്കയില്ല!

### 2. അലങ്കാരപ്രയോഗം

അർഥാഭിവ്യക്തി സുകരവും ഹൃദയംഗമവുമാക്കുവാനായി അലങ്കാരങ്ങൾ (ഉപമ മുതലായവ) പ്രയോഗിക്കുക പതിവാണ്. അലങ്കാരം സാഹിത്യത്തിന്റെ

---

[163] യഥാ ച ജ്ഞാനമാലേഖാ - ദശുദ്ധൗ വ്യവതിഷ്ഠതേ
തഥോപാശ്രയവാനർഥഃ; സ്വരൂപാദ് വിപ്രകൃഷ്യതേ.
—വാക്യപദീയം. 3.151

വിഷയമാണ്. ഭാവസാമ്യം, ധർമസാമ്യം മുതലായതു് ഈ പ്രക്രിയയിൽ ഗണനീയമാകുന്നു. "കഴുത" എന്ന ജന്തുവിനു ബുദ്ധിശക്തി കുറവായതു കൊണ്ടു് മനുഷ്യനെ ബുദ്ധിഹീനനാക്കി പരിഹസിക്കാനോ പഴിക്കാനോ, "അവൻ കഴുതയാണെ"ന്നു പറയാറുണ്ടു്. ഭീമൻ എന്ന ശബ്ദം വലുതെന്ന അർഥത്തിൽ പ്രയുക്തമാകാറുണ്ടു്. പാണ്ഡവന്മാരിൽ ശക്തനും ആകാരത്തിൽ വലിയവനും ഭീമനാണു്! കുറെ ദശകങ്ങൾക്കു മുമ്പു് തിരുവനന്തപുരത്തെ ലോ കോളേജ് കെട്ടിടത്തിനു "ഭീമൻ കോളേജ്" എന്ന പേരു് പ്രചരിച്ചിരുന്നു. ഇന്നു് അതിലും വലുതായ കെട്ടിടങ്ങളുള്ളതിനാൽ ആ പേർ ലോപിച്ചു പോയി! "ഹിമാലയമാത്തരം" (ഹിമാലയൻ ബ്ളണ്ടർ) പ്രസിദ്ധമായ പ്രയോഗമാണല്ലോ.

## 3. ഗുണസാമ്യം

പരിചിതമായ പദാർഥങ്ങളുടെ ഗുണം മറെറാന്നിലുണ്ടെന്നു കണ്ടിട്ടു് നാമധേയം മാററുക പതിവാണു്. "തൊട്ടാവാടി" (തൊട്ടാൽ വാടുന്നതു്) ഒരു തരം പുൽച്ചെടിയാണു്. ഈ പേരു് വാടുന്ന ഗുണത്തെ ആശ്രയിച്ചുസിദ്ധിച്ചു. ലജ്ജ കൊണ്ടു ചുരുളുന്ന കാമിനിയെ "തൊട്ടാവാടി" എന്നു് ഉപമിക്കുന്ന ഗ്രാമീണരായ വിടന്മാരെ കണ്ടിട്ടുണ്ടു്. ഒരു ഗ്രീക്കു വ്യംഗ്യകവിയെ "തേളു്" എന്നു് വിളിക്കുന്നു. ആ കവിയുടെ വ്യംഗ്യം തേറം കൊട്ടിയാലെന്ന പോലെ ഏറെ നേരം കുത്തുവേദന ഉണ്ടാക്കിക്കൊണ്ടിരിക്കുമത്രേ.

## 4. പ്രയോഗത്തിൽ അവധാനക്കുറവു്

കളങ്കരഹിതൻ "ശുദ്ധനാ"ണു്. എന്നാൽ "മണ്ടൻ", "വിഡ്ഢി", "വങ്കൻ" മുതലായ പദങ്ങൾ ശുദ്ധന്റെ പര്യായമായി ചിലപ്പോൾ പ്രയോഗിച്ചുപോകുന്നുണ്ടു്.

## 5. അജ്ഞാനം

ഒരു ശബ്ദത്തിന്റെ അർഥത്തെപ്പററി പൂർണമായ അറിവില്ലാത്തപ്പോൾ അർഥം തെററി പ്രയോഗിച്ചേക്കാം. ആ പ്രയോഗം പ്രചരിച്ചാൽ ആ ശബ്ദത്തിന്റെ അർഥം പരിവർത്തിതമാകും. "പാഷണ്ഡ"ശബ്ദം അശോകന്റെ കാലത്തു് "ബൗദ്ധഭിക്ഷു"വിനെ കുറിച്ചിരുന്നു. പിന്നീടു് ബുദ്ധമതവിരോധികൾ, "നാസ്തികൻ", "കപടസന്യാസി", "വെളിവേഷം കൊണ്ടു ജനങ്ങളെ വഞ്ചിക്കുന്നവൻ", "പിത്തലാട്ടക്കാരൻ" എന്ന പല അർഥത്തിലും പാഷണ്ഡശബ്ദം പ്രയോഗിച്ചു. തന്മൂലം ഇന്നു് അതിന്റെ സത്യാർഥം മാറിപ്പോയി.

## 6. അന്ധവിശ്വാസം

സ്ത്രീകൾ ഭർത്താവിന്റെ പേരു് ഉച്ചരിക്കാറില്ല. ഭർത്താവു് ഭാര്യയുടെ പേരു് ഉച്ചരിക്കാൻ മടിക്കുന്നു. പേരു് ഉച്ചരിക്കുന്നതു് ആയുസ്സു കുറച്ചേക്കുമെന്നാണു് അവരുടെ വിശ്വാസം. "ഓമനയുടെ അച്ഛന്റെ ഷർട്ടു് ഇങ്ങെടുക്കാൻ" വേലക്കാരിയോടു പറയുന്ന വീട്ടമ്മമാരുണ്ടല്ലോ. അതു പോലെ "കൃഷ്ണന്റെ അമ്മേ, ചെല്ലം ഇങ്ങോട്ടു കൊടുത്തയയ്ക്കു" എന്നു് കൃഷ്ണൻകുട്ടിയുടെ അച്ഛൻ പറയുന്നതു കേട്ടിട്ടുണ്ടു്. ഇത്തരം പ്രയോഗം മററു ഭാഷകളിലുമുണ്ടു്.

## 7. കാലഗതി

കാലത്തിന്റെ മാററംപോലെ അർഥവും മാറുന്നുണ്ടു്. ദുഹിതൃ ശബ്ദം വേദത്തിൽ പശുവിനെ കറന്നു പാലു് തയാറാക്കുന്നവളെന്ന അർഥത്തിൽ പ്രയുക്തമാണു്. ഇന്നു് പുത്രി (കന്യ) എന്നാണർഥം.

8. ദേശഭേദം 9. ശുഭവും അശുഭവുമായ പ്രയോഗം 10. വ്യംഗ്യം
11. സ്നേഹാതിശയം 12. ഈർഷ്യാലുത 13. പ്രകരണം
14. ഭാഷാഭേദം 15. പ്രയത്നലാഘവം 16. പുനരുക്തി
17. അന്യഭാഷയിൽ നിന്നു പകർത്തിയതിൻെറ ഭാഷാന്തരം.

ഇതു പോലെ വേറെയും പല കാരണങ്ങളും അർത്ഥപരിവർത്തനമുണ്ടാക്കാം. മദിരാശിയിൽ ''ബാർബേർസ് ബ്രിജ്''' എന്ന ഒരു ചെറിയ പാലമുണ്ട്. ഈ പേരു് എങ്ങനെ ഉണ്ടായെന്ന വൃത്താന്തം അർത്ഥപരിവർത്തനത്തിൻെറ പ്രവൃത്തികളുള്ള വ്യാഖ്യാനമാണ്. ''ഹാമിൽട്ടൺ'' എന്ന ഒരു സായ്പിന്റെ പേരിൽ ''ഹാമിൽട്ടൺ ബ്രിജ്''' എന്നാണിതിനു് ആദ്യം ഇട്ട പേരു്. അതു് ഉച്ചാരണത്തെററിനാൽ ''ഹംഡൻബ്രിജും'', ക്രമത്തിൽ ''അമ്പട്ടൻ ബ്രിജു''മായി. അമ്പട്ടൻ എന്ന തമിഴ് വാക്കു് ഇംഗ്ലീഷിൽ ''ബാർബർ'' എന്ന അർത്ഥമാണു് തരുന്നതു്. അങ്ങനെ അമ്പട്ടൻ പാലം ബാർബേർസ് ബ്രിജ് ആയിത്തീർന്നു.

## 18. സ്വരഭേദം

''അവൻ നല്ലവനാണു''' എന്ന വാക്യത്തിലെ സ്വരഭേദം മൂലം ''അവൻ ദുഷ്ടനാണെ''ന്ന അർത്ഥം വരുത്താവുന്നതാണു്.

ചുരുക്കത്തിൽ പരിവർത്തനം പല കാരണംകൊണ്ടുമുണ്ടാകാം; രൂപപരിവർത്തനം, ധ്വനിപരിവർത്തനം, സ്ഥാനപരിവർത്തനം, ദേശപരിവർത്തനം, പ്രയോക്തൃപരിവർത്തനം, ശ്രോതൃപരിവർത്തനം മുതലായ കാരണങ്ങൾ ഊഹിച്ചു് അർത്ഥപരിവർത്തനവുമായി ഇണക്കി ഗ്രഹിച്ചുകൊള്ളണം.

അർത്ഥപരിവർത്തനത്തിൻെറ, ഇതും ഇതു പോലുള്ള മററു പ്രകാരങ്ങളും പ്രായേണ എല്ലാം തന്നെ, വേദം തൊട്ടു് അർവാചീന സംസ്കൃത സാഹിത്യം വരെയുള്ള ശബ്ദങ്ങളുടെ അർത്ഥവിജ്ഞാനത്തിൽ സഫലമായി പ്രയോഗിക്കാവുന്നവയാകുന്നു. വേദത്തിലെ ശബ്ദങ്ങൾ മുറയ്ക്കു ബ്രാഹ്മണോപനിഷത്തുക്കളിലും ദർശനങ്ങളിലും പുരാണങ്ങളിലും ധർമശാസ്ത്രങ്ങളിലും ലൗകികസംസ്കൃത വാങ്മയത്തിലും കൂടെ ഒഴുകി നമുക്കു കിട്ടിയതിൻെറ ഇതിഹാസം അർത്ഥവിജ്ഞാനപ്രക്രിയ അനുസരിച്ചു് സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ ഭാരതീയ സംസ്കാരത്തിന്റെയും ഭാരതീയസമുദായത്തിന്റെയും സർവാങ്ഗീണമായ സ്വരൂപം ഹസ്താമലകം പോലെ ദർശിക്കുവാൻ കഴിയും. യാസ്കനും പാണിനിയും പതഞ്ജലിയും ഭർത്തൃഹരിയും ഈ വിദ്യ (അർത്ഥവിജ്ഞാനം) വിശദത്തിൽ മററാരും ചെയ്യിട്ടില്ലാത്ത മാതിരി, വ്യാവഹാരികവും പാരമാർത്ഥികവുമായ രണ്ടു തരത്തിലും ശാസിച്ചിട്ടുണ്ടു്.

## സാങ്കേതികപദസൂചി


അജഹല്ലക്ഷണ 46
അദ്വൈതവാദം 22
അനേകതാവാദം 16
അന്വിതാഭിധാനവാദം 37
അപോദ്ധാരം 39
അപോഹസിദ്ധാന്തം 28
അഭിധ 23, 42, 43, 45
അഭിധ (മൂന്നു തത്വങ്ങൾ) 44
അഭിധ(തദ്വാരാ കിട്ടുന്ന അർത്ഥത്തിന്റെ 4 പേരുകൾ) 42
അഭിധാമൂല (വ്യഞ്ജന) 48
അഭിധേയം 42
അഭിവ്യക്തി(സങ്കേതം) 31
അഭിസന്ധാനം 44
അഭിഹിതാന്വയവാദം 37
അഭിഹിതാന്വയവാദികൾ 22
അർത്ഥം 5, 15, 16, 18
അർത്ഥം (രണ്ടു തരം) 39
അർത്ഥം (നാലു കാര്യങ്ങൾ) 56
അർത്ഥബോധത്തിന്റെ നാലു പ്രകാരം 16
അർത്ഥപരിവർത്തനം 62
അർത്ഥപരിവർത്തനം (3 തരം) 49
അർത്ഥപരിവർത്തനം (കാരണങ്ങൾ) 63— 65
അർത്ഥവിജ്ഞാനം 6, 7, 9, 11, 12
അർത്ഥവിസ്താരം 10, 49, 55, 56, 57
അർത്ഥസങ്കോചം 10, 49, 51, 52, 53, 54, 55
അർത്ഥാദേശം 49, 55, 56, 59, 61
അർത്ഥാദേശം (നിർവചനം) 56
അർത്ഥാദേശം(പല പ്രകാരങ്ങൾ) 60
അർത്ഥാപകർഷം 10, 61, 62
അർത്ഥാരോപം (അർത്ഥാദേശം) 58
അർത്ഥോൽകർഷം 10, 61
അസൽസങ്കേതം 27

ആകാംക്ഷ 33, 36, 37
ആകൃതി 20, 21
ആജാനികം (സങ്കേതം) 39
ആധുനികം(സങ്കേതം) 39
ആപ്തവാക്യം 39, 40
ആർത്ഥി (വ്യഞ്ജന) 48
ആലേഖം 63
ആവാപം 40
ആസത്തി 33, 36, 37

ഉപചാരം 43, 46
ഉപചാരമിശ്ര (ലക്ഷണ) 47
ഉപമാനം 39
ഉപാദാനലക്ഷണ 46, 47
ഉൽപത്തിവാദം 23, 24
ഉദ്വാപം 40

ഔപചാരികം 42

കല്പം 10, 11
കല്പന 12
കംപാരററീവ് ഗ്രാമർ 8
കോശം 39

ഗമ്യം 42
ഗൗണാർഥം 62
ഗൗണീലക്ഷണം 46, 47
ഗൗണോപചാര(ലക്ഷണ) 47

ചോദന 6

ഛന്ദസ്സ് 11

ജഹല്ലക്ഷണ 46
ജാതി 16, 20
ജാതിവാദം(അനേകതാവാദം) 16
ജ്ഞപ്തിവാദം 23, 25

താല്പര്യവൃത്തി 43

ദ്യോതകം 43
ദ്യോതന 43

ധ്വനി 20, 21
ധ്വനി(ഫൊണീം) 36
ധ്വനിതം 42
ധ്വനിപരിവർത്തനം 10
ധ്വനിശാസ്ത്രം(ശിക്ഷ) 10

നിത്യതാവാദം 18

പ്രകരണം 10, 40
പ്രതിഭ 3, 4, 5, 12, 17
പ്രതീത്യം 42
പ്രതീയമാനം 42
പ്രത്യായകം 43

ഫിലോളജി 8

ഭക്തി 42, 43
ഭാക്തം 42
ഭാവം 25, 26

മഹാവാക്യം 33

യദൃച്ഛാശബ്ദം 16, 17
യോഗം 45
യോഗരൂഢം 45
യോഗ്യത 18, 33, 36, 37
രൂഢം 45
രൂഢി 46
സെമടോളജി 9

ലക്ഷണ 42, 43, 46
ലക്ഷണ(അതിന്റെ മൂന്നു തരങ്ങൾ) 46
ലക്ഷണ(വിഭാഗപ്പട്ടിക) 47
ലക്ഷണ(തദ്വാരാ കിട്ടുന്ന അർഥത്തിന്റെ 4 പേരുകൾ) 42
ലക്ഷണലക്ഷണ 46
ലക്ഷണാമൂല(വ്യഞ്ജന) 48
ലക്ഷ്യം 42, 47
ലക്ഷ്യാർഥസംഭവ(വ്യഞ്ജന) 48
ലാക്ഷണികം 42, 43
ലിംഗ്വിസ്റ്റിക്സ് 8

വർണം 30, 35, 36
വർണമാല 36
വാക്ക് 2
വാക്യം 30, 31, 32, 34, 41
വാക്യം(8 നിർവചനങ്ങൾ) 33
വാക്യലക്ഷണം(4 എണ്ണം) 32
വാക്യവാദികൾ 34
വാക്യശേഷം(പ്രകരണം) 39
വാച്യം 42
വാച്യാർഥസംഭവ(വ്യഞ്ജന) 48
വിനിയോഗം 44
വിവർത്തം 12, 17
വിവരണം 39

വൃത്തി(3 തരം) 42

വ്യക്തി 42, 43
വ്യക്തിവാദം 24
വ്യംഗ്യം 42
വ്യംഗ്യാർഥസംഭവ(വ്യഞ്ജന) 48
വ്യഞ്ജന 23, 42, 47
വ്യഞ്ജന(വിഭാഗങ്ങൾ) 48
വ്യഞ്ജന(തദ്വാരാ കിട്ടുന്ന അർഥത്തിന്റെ 5 പേരുകൾ) 42

ശക്തി 3, 37, 41, 42, 43, 52, 62
ശക്തി(മൂന്നു വിധം) 41
ശക്യം 42, 47
ശബ്ദം 13, 14, 15, 30, 31
ശബ്ദം(മൂന്നു തരം) 42—43
ശബ്ദബ്രഹ്മം 3
ശബ്ദാർത്ഥം(അറിയാനുള്ള പ്രക്രിയ) 39
ശാബ്ദി(വ്യഞ്ജന) 48
ശിക്ഷാശാസ്ത്രം 10
ശുദ്ധ(ലക്ഷണ) 46, 47
ശുദ്ധോപചാര(ലക്ഷണ) 47

സങ്കേതം 25, 26, 27, 30, 37, 41, 42, 45
സങ്കേതം(രണ്ടു തരം) 39
സങ്കേതവാദം 23
സൽസങ്കേതം 27
സമയം 38
സാരോപ(ലക്ഷണ) 47
സാധ്യവസാന(ലക്ഷണ) 47
സംസ്കാരം 35
സംഹിത(വാക്യം) 34
സിംബോളിക് 29
സിമടോളജി 9
സിമൻറോളജി 9
സിമസിയോളജി 9
സിമാന്റിക്സ് 9
സിമാന്റിക്സ്(നാമാന്തരങ്ങൾ) 9
സ്ഥിതലക്ഷണം 39
സ്വാനിമം 30
സ്ഫോടം 20, 21, 23, 33

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. M.412 Acc. No. RM 1194

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 23 APR 2018 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

ന
412
VED- A

Rm 1194

വേദ ബന്ധം

അർത്ഥ വിജ്ഞാനം